വേർപാട് ദർശനം

# ബൈബിൾ ക്വിസ്



മിസിസ് ശാന്താ ജോൺസൺ

ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്നത് ക്രിസ്തീയ ജീവിത വിജയത്തിനു ഒഴിച്ച് കൂടാനാവാത്ത ഒന്നാണ്. ബൈബിൾ പഠിക്കുന്നതിനു പലവിധ ഉപാധികൾ ദൈവഭക്തരായ വിശ്വാസികൾ കാലാകാലങ്ങളിൽ മനസ്സിലാക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കഥകൾ, ഉപന്യാസങ്ങൾ, പ്രസംഗകുറിപ്പുകൾ, ബൈബിൾ ക്വിസ് തുടങ്ങി പല ഉപാധികൾ വചന പഠനത്തിൽ നാം അവലംബിച്ച് വരുന്നു. ഇതിൽ ഏറ്റവും ലളിതവും സുഗമവുമായ രീതി ബൈബിൾ ക്വിസ് ആണെന്ന് പറയാം. കാരണം ബൈബിൾ വായനയിൽ നാം പലപ്പോഴും അധികം ശ്രദ്ധിക്കാതെ പോകുന്ന വിഷയങ്ങളും, പ്രാധാന്യം കൊടുക്കാത്ത വിഷയങ്ങളും ബൈബിൾ ക്വിസിൽ ശ്രദ്ധിക്കപ്പെടും. ഒരു വിഷയത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ഉയരുന്നതിനാൽ വചന പഠനത്തിനു ഏറെ സഹായകമായ ഒരു രീതിയാണ് ബൈബിൾ ക്വിസ്. ബൈബിളിലെ 66 പുസ്തകങ്ങളിൽ കൂടി സഞ്ചരിച്ചു, ശ്രദ്ധാപൂർവ്വം തയ്യാറാക്കിയിരിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഈ പുസ്തകത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്. ലളിതമായ ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങിയിരിക്കുന്നതിനാൽ കൊച്ചു കുട്ടികൾക്ക് പോലും ഏറെ പ്രയോജനകരമാകുന്ന ഒരു പുസ്തകമാണിത്.

₹ 400/-

പ്രസാധകർ
ലോഗോസ് ലിറ്ററേച്ചർ സർവ്വീസ്, മണീട്

വേർപാട് ദർശനം

ബൈബിൾ ക്വിസ്




മിസിസ് ശാന്താ ജോൺസൺ

വേർപാട് ദർശനം

# ബൈബിൾ ക്വിസ്

**മിസിസ് ശാന്താ ജോൺസൺ**

ലോഗോസ് ലിറ്ററേച്ചർ സർവ്വീസ്, മണീട്

Verpad Darshanam

# BIBLE QUIZ

(Malayalam)

**Author**
Mrs. Santha Johnson

**Year of Publishing**
2023

**Published by**

Logos Literature Service
Maneed
Ernakulam

**Typesetting and Layout**

Apt Designs

**Price**
Rs. 400

# ഗ്രന്ഥകാരിയുടെ മറ്റു കൃതികൾ

1. രക്ഷകനും രക്തസാക്ഷികളും
2. നമ്മെ അറിയുന്ന ദൈവം
3. God is with us
4. God Loves us
5. ദ്വിഭാഷാ ബൈബിൾ വായനാ കലണ്ടർ
6. ജീവപുസ്തകത്തിൽ പേരുണ്ടോ?
7. നമ്മെ തേടിവന്ന ദൈവം
8. എങ്ങനെ ദൈവമക്കളാകാം
9. കർത്താവിനായി കത്തിജ്വലിച്ച ചില ജീവിതങ്ങൾ
10. വിശ്വാസ ജീവിത വീഥി

## ലഘുലേഖകൾ

1. യഥാർത്ഥ സ്നേഹിതൻ
2. തിരഞ്ഞെടുപ്പ്
3. കഷ്ടതയിലും പുഞ്ചിരി തൂകാൻ

# മുഖവുര

ആത്മീക ജീവിതത്തിനു ഒഴിച്ചു കൂടാൻ കഴിയാത്ത ഒന്നാണ് വേദ പുസ്തക പരിജ്ഞാനം. വേദപരിജ്ഞാനം പ്രാപിക്കുവാൻ വിശ്വാ സികൾക്കു സഹായകമാകണം എന്ന ലക്ഷ്യത്തോടെയാണ് ഈ ബൈബിൾ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്.

ഈ നിലയിൽ ഒരു പുസ്തകം തയ്യാറാക്കുവാൻ എന്നെ സഹാ യിച്ച ത്രിയേക ദൈവത്തിന് ഞാൻ സകല മഹത്വവും അർപ്പിക്കു ന്നു. ദൈവകൃപ ഒന്നു കൊണ്ട് മാത്രമാണ് ഈ പുസ്തക രചന പൂർത്തിയാക്കുവാൻ സാധിച്ചത്.

വേർപാട് ദർശനം മാസികയിൽ ക്രമമായി പ്രസിദ്ധീകരിച്ചു വന്ന ക്വിസ് പംക്തി, പുസ്തക രൂപത്തിൽ തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ, എഡിറ്റിംഗും പ്രൂഫ് റീഡിംഗും ചെയ്ത ഡോ. സനീഷ് ചെറിയാനോടും നന്ദി അറിയിക്കുന്നു.

വേർപാട് മാസികയിൽ പ്രസിദ്ധീകരിച്ചു വന്ന ബൈബിൾ ക്വിസിൽ പങ്കെടുത്ത സഹോദരീ സഹോദരന്മാർ നൽകിയ പിന്തുണയും പ്രോത്സാഹനവും നിർദ്ദേശങ്ങളും ക്വിസ് പംക്തിയെ വിജയകര മാക്കി. അവരിൽ ചിലർ ഇന്നു നിത്യതയിൽ വിശ്രമിക്കുന്നു. എങ്കിലും അവർ ചെയ്ത സേവനത്തെ നന്ദിയോടെ സ്മരിക്കുന്നു.

വേർപാട് ദർശനം മാസികയിൽ ക്വിസ് പംക്തി എഴുതുവാനും തുടർന്നു അതു പുസ്തകരൂപത്തിലാക്കുവാനും എന്നെ പ്രോത്സാ ഹിപ്പിക്കുകയും എല്ലാ വിധ പിന്തുണ നൽകുകയും ചെയ്ത എന്റെ ഭർത്താവ് ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ സേവനത്തെയും പ്രത്യേകം സ്മരിക്കുന്നു.

ഇത്ര വലുതും ഗൗരവമുള്ളതുമായ ഒരു ശുശ്രൂഷയിൽ പങ്കാളിത്തം നൽകിയ വേർപാട് മാസികയോടും അതിന്റെ മാനേജ്മെന്റിനോടും നന്ദി അറിയിക്കുന്നു.

മിസിസ് ശാന്താ ജോൺസൺ

# പ്രസാധക കുറിപ്പ്

ബൈബിൾ പഠനം ഏതൊരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചും അതിപ്രധാനമായ ഒന്നാണ്. രക്ഷയിൽ ശിശുക്കളായവർക്ക് പാൽ ആയും വളർച്ച പ്രാപിച്ചവർക്ക് കട്ടിയുള്ള ആഹാരമായും, ലളിതവും ഗഹനവുമായ വിഷയങ്ങൾ ബൈബിളിൽ ഉൾക്കൊള്ളുന്നു. തിരുവെഴുത്തിലെ ആഴമേറിയ സത്യങ്ങൾ മനസ്സിലാക്കുവാൻ വചനത്തോട് ഒരു ആഗ്രഹം നമുക്ക് ഉണ്ടാകണം. ബൈബിളിലെ എല്ലാ വിഷയങ്ങളും തുല്യപ്രാധാന്യമുള്ളത് ആകയാൽ അവയെ എളുപ്പം മനസ്സിലാക്കാവുന്ന നിലയിൽ എങ്ങനെ കൈകാര്യം ചെയ്യാം എന്നതാണ് ക്വിസ് രൂപത്തിലുള്ള പഠനത്തിലേക്ക് നമ്മെ നയിക്കുന്നത്. വേർപാട് ദർശനം മാസികയിൽ ക്രമമായി പ്രസിദ്ധീകരിച്ചുവന്ന ക്വിസ് പംക്തി പുസ്തകരൂപത്തിൽ ആവശ്യമാണെന്ന് അനേകർ ആവശ്യപ്പെട്ടതിനാൽ 'വേർപാട് ദർശനം ബൈബിൾ ക്വിസ്' എന്ന പേരിൽ തന്നെ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ പുസ്തകം വചനം പഠിക്കുവാൻ താല്പര്യപ്പെടുന്ന എല്ലാവർക്കും പ്രയോജനകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ക്വിസ് ചോദ്യങ്ങൾ ആദ്യഭാഗത്തും ഉത്തരങ്ങൾ രണ്ടാം ഭാഗത്തുമാണ് നൽകിയിരിക്കുന്നത്.

**ഡോ. സനീഷ് ചെറിയാൻ**
മാനേജിംഗ് എഡിറ്റർ

# 01
# ഉല്പത്തി പുസ്തകം

1, അവകാശം ഉള്ളവൻ വരുവോളം ചെങ്കോൽ നീങ്ങിപ്പോകാത്തതാരുടെ?
2. വേദപുസ്തകത്തിൽ ആദ്യം പറഞ്ഞിരിക്കുന്ന അലൗകിക ജീവി ഏത്?
3. ഊസിന്റെ പിതാവ് ആര്?
4. ഭൂമിയിലെ ആദ്യത്തെ വീരൻ ആര്?
5. കൂലി കൊടുക്കുവാൻ ഇല്ലാത്തത് കൊണ്ട് പണയം വാങ്ങി. ആര്? ആരുടേത്?
6. സമ്മാനം കൊടുത്ത് സ്നേഹം നേടുവാൻ നോക്കിയവൻ ആര്?
7. യാരെദിന്റെ ആയുഷ്ക്കാലം എത്ര?
8. വസ്ത്രം കീറി അരയിൽ രട്ടുശീല ചുറ്റി ഏറിയ നാൾ മകനെ കുറിച്ച് ദുഃഖിച്ചത് ആര്?
9. ബൈബിളിൽ ആദ്യമായി പണമിടപാട് നടത്തിയ വ്യക്തി?
10. നിനക്ക് എന്ത് ? നീ ഭയപ്പെടേണ്ട. ആര് ആരോട് പറഞ്ഞു?
11. തുടയുടെ ഉളുക്ക് നിമിത്തം മുടന്തി നടന്നതാര്? എവിടെ വച്ചാണ് ഉളുക്ക് ഉണ്ടായത്?
12. യെഗർ- സാഹദൂഥാ എന്ന പേരിന്റെ അർത്ഥം എന്ത്?

✶✶✶

# 02
# പുറപ്പാട് പുസ്തകം

1, സ്വന്തം സഹോദരന്മാരെയും സ്നേഹിതന്മാരെയും വാൾ കൊണ്ട് വെട്ടി കൊന്നിട്ട് ഒരു ശിക്ഷയും കിട്ടാത്തത് ആർക്ക്?
2. ഒരു വെറും മനുഷ്യനെ ദൈവം ഒരു ചക്രവർത്തിയുടെ ദൈവമാക്കി. ആരെയാണ്?

3. ദൈവത്തെ കണ്ട് ഭക്ഷണപാനീയങ്ങൾ കഴിച്ചവർ ആര്?

4. എന്തുകൊണ്ടാണ് താമ്ര തൊട്ടിയുണ്ടാക്കിയത്? അത് എവിടെ നിന്നാണ് ലഭിച്ചത്?

5. വേദപുസ്തകത്തിൽ ആദ്യമായി അധികാരവിഭജനം (Social Hierarchy) എന്ന ആശയം കൊണ്ടുവന്ന വ്യക്തി ആര്?

6. 'ഇത് ദൈവത്തിന്റെ വിരൽ' ആര് ആരോടു പറഞ്ഞു?

7. യവം കതിരായും ചണം പൂത്തും ഇരുന്നതെവിടെ?

8. ന്യായവിധിപതക്കത്തിന് അകത്ത് വെച്ചിരിക്കുന്ന വസ്തുക്കൾ എന്ത്? ആര് ധരിക്കേണം? എവിടെ ധരിക്കേണം? എപ്പോൾ ധരിക്കേണം?

9. പിറുപിറുപ്പ് എല്ലാം ആരുടെ നേരെയാണ്?

10. കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ച് കളയുകയും ചെയ്യുന്നതെന്ത്?

11. ഗോമേദകക്കല്ലിൽ (ഓർമ്മക്കല്ല്) എന്താണ് എഴുതിയിരിക്കുന്നത്? അത് എവിടെയാണ് വച്ചിരിക്കുന്നത്?

12. യിസ്രായേൽ മക്കളുടെ എണ്ണം അറിയുവാൻ എന്ത് ചെയ്യേണം?

★★★

# 03

# ലേവ്യാ പുസ്തകം

1, കല്ലെറിഞ്ഞു കൊല ചെയ്യപ്പെട്ടയാളിന്റെ അമ്മയുടെ പേരെന്ത്? എന്തിനാണ് കല്ലെറിഞ്ഞു കൊന്നത്?

2. ഏത് ആടിനെയാണ് മരുഭൂമിയിൽ കൊണ്ടു വിടേണ്ടത്?

3. യഹോവയുടെ സന്നിധിയിൽ മരിച്ചുപോയവരുടെ ജഡം പാളയത്തിനു പുറത്ത് കൊണ്ടുപോയത് ആര്? ആരുടെയൊക്കെ ജഡമാണ് പുറത്ത് കൊണ്ടുപോയത്?

4. ദശാംശം വീണ്ടെടുക്കണമെങ്കിൽ എന്തു ചെയ്യണം?

5. 20 വയസു മുതൽ 60 വയസു വരെയുള്ള പുരുഷന്റെയും സ്ത്രീയുടെയും മതിപ്പ് വില എത്ര?

6. അശുദ്ധമായ മൃഗത്തിന്റെ കടിഞ്ഞൂലിനെ എന്തു ചെയ്യണം?

7. തിന്നരുത് എന്നുള്ളത് നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും തലമുറ തലമുറയായി എന്നേയ്ക്കുമുള്ള ചട്ടം ആയിരിക്കേണം? തിന്നരുതാത്ത് എന്താണ്?

8. മൃഗങ്ങളിൽ ഏതു തരത്തിലുള്ളവയാണ് തിന്നാവുന്നത്?

9. വൃക്ഷം നട്ട് ഫലം ഉണ്ടായ ശേഷം എത്രാമത്തെ വർഷമാണ് ഫലം കഴിക്കാവുന്നത്?

10. യിസ്രായേൽ മക്കളുടെ ഓരോ അമ്പതാമത് വർഷത്തിന് ഒരു പ്രത്യേക പേര് പറയുന്നു. പേരെന്ത്?

11. അധരങ്ങൾ കൊണ്ട് അറിയാതെ പാപം ചെയ്താൽ എന്ത് ചെയ്യേണം?

12. പുരോഹിതന്റെ മകൾ ദുർന്നടപ്പ് ചെയ്താൽ എന്ത് ചെയ്യേണം?

✶✶✶

## 04
## സംഖ്യാപുസ്തകം 1–18

1. വീഞ്ഞും മദ്യവും വർജ്ജിക്കേണം. തലമുടി വെട്ടുകയും അരുത്? ഇത് ആർക്കുള്ള നിയമമാണ്?

2. മത്സരികൾക്ക് ഒരു അടയാളമായി സാക്ഷ്യപെട്ടകത്തിൽ വച്ചിരിക്കുന്നത് എന്ത്?

3. ദശാംശത്തിന്റെ ദശാംശം കൊടുത്തത് ആര്?

4. മിസ്രയീം ദേശത്തുനിന്ന് പുറപ്പെട്ടതിനു ശേഷം എവിടെ വച്ചാണ് യിസ്രായേൽ മക്കളുടെ എണ്ണം എടുത്തത്? എണ്ണപ്പെട്ടവർ എത്ര പേരുണ്ടായിരുന്നു? ആരുടെ എണ്ണമാണ് എടുക്കാതിരുന്നത്?

5. യിസ്രായേൽ മക്കൾ ആദ്യമായി പെസഹ ആചരിച്ചത് എവിടെ വച്ച്?

6. മോശ ഉണ്ടാക്കിയ വെള്ളിക്കാഹളങ്ങൾ എത്ര? ഒരു കാഹളം മാത്രം ഊതിയാൽ കൂടിവരേണ്ടത് ആര്?

7. യഹോവയുടെ തീ കത്തിയ സ്ഥലത്തിന്റെ പേരെന്ത്? എന്ത് കാരണത്താലാണ് തീ കത്തിയത്?

8. യഹോവയുടെ പെട്ടകം പുറപ്പെടുമ്പോൾ മോശ പറയുന്ന വാചകം എന്ത്?

9. എത്ര ദിവസം കൊണ്ടാണ് കനാൻ ദേശം ഒറ്റു നോക്കിയത്. അവിടെ നിന്ന് എന്തൊക്കെ കൊണ്ടു വന്നു?

10. ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതി സൗമ്യൻ എന്ന് പഴയനിയമത്തിൽ വിശേഷിപ്പിക്കുന്നതാരെ?

11. മിസ്രയീമിൽ നിന്ന് പുറപ്പെട്ടവരിൽ 20 വയസിന് മുകളിലുള്ള ആരെല്ലാം കാനാൻ നാട്ടിൽ പ്രവേശിച്ചു.

12. സമാഗമന കൂടാരത്തിലെ യാഗപീഠം പൊതിയുവാൻ ഉപ യോഗിച്ചിരുന്ന താമ്രം എവിടെ നിന്ന്?

★★★

## 05
## സംഖ്യാപുസ്തകം 19–36

1. ഗിലെയാദ് ദേശം പിടിച്ചടക്കി അമോര്യരെ ഓടിച്ചു കളഞ്ഞത് ആര്?

2. എന്തുകൊണ്ടാണ് മോശയ്ക്കും അഹരോനും കനാൻ നാട്ടിൽ പ്രവേശിപ്പാൻ കഴിയാതെ പോയത്?

3. ഞാൻ അവരുടെ പട്ടണങ്ങൾ ശപഥാർപ്പിതമായി നശിപ്പിക്കും എന്ന് ഏത് പട്ടണത്തെക്കുറിച്ചാണ് പറഞ്ഞത്? ആരാണ് പറ ഞ്ഞത്? ആ സ്ഥലത്തിന്റെ പേരെന്ത്?

4. ആര് ആരോട് പറഞ്ഞു. "അവൻ സ്വന്തപാപത്താൽ അത്രേ മരിച്ചത്. അവന് പുത്രന്മാർ ഉണ്ടായിരുന്നതുമില്ല".

5. അബദ്ധവശാൽ കൊല ചെയ്തവർ ഓടി പോകേണ്ട പട്ടണ ങ്ങൾക്കു പറയുന്ന പേരെന്ത്? ഓടിപ്പോയവൻ എത്ര നാൾ അവിടെ തന്നെ പാർക്കണം?

6. എവിടെയൊക്കെ നിന്നാണ് ബിലെയാം യിസ്രായേൽ മക്കളെ കണ്ടത്?

7. ഏത് മലയിൽ വെച്ചാണ് മോശ കനാൻ ദേശം കണ്ടത്?
8. അഹരോനും, മിര്യാമും മരിച്ച സ്ഥലങ്ങൾ ഏവ? അഹരോൻ എത്രാം വയസ്സിലാണ് മരിച്ചത്?
9. ജനശ്രേഷ്ഠന്മാർ ചെങ്കോൽ കൊണ്ടും ദണ്ഡുകൾ കൊണ്ടും കുത്തിയ കിണർ ഉണ്ടായിരുന്നതെവിടെ?
10. ഭക്തന്മാർ മരിക്കും പോലെ മരിക്കാൻ ആഗ്രഹിച്ച വ്യക്തിയുടെ പേരെന്ത്? അദ്ദേഹം എങ്ങനെയാണ് മരിച്ചത്?
11. ഫിനെഹാസ് ആരെ ഒക്കെയാണ് കൊന്നത്? കൊല്ലുവാൻ കാരണം എന്ത്? അതുകൊണ്ട് ഫിനെഹാസിന് എന്തു ലഭിച്ചു?
12. ഒരു സഹോദരൻ തന്റെ സ്വന്തം സഹോദരന്റെ വസ്ത്രം ഊരി സഹോദരന്റെ മകനെ തന്നെ ധരിപ്പിച്ചു - ഏത് സഹോദരനാണ് അതു ചെയ്തത്? ആരെയാണ് ധരിപ്പിച്ചത്? ആരുടെ വസ്ത്രമാണ് ഊരിയത്?

★★★

# 06
# ആവർത്തനപുസ്തകം 1–17

1. ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ യഹോവ ശിക്ഷിച്ചു വളർത്തിയത് ആരെയാണ്? ആ കാര്യം നീ എന്ത് ചെയ്യേണം?
2. ഇരുമ്പു കൊണ്ടുള്ള മഞ്ചം ഉണ്ടായിരുന്നത് ആർക്കാണ്?
3. യിസ്രായേലിലെ ഒരു രാജാവിന് എന്തൊക്കെ കാര്യങ്ങൾ പാടില്ല?
4. തേനീച്ചയെപോലെ യിസ്രായേൽ മക്കളെ പിന്തുടർന്നതാര്?
5. അതിനോട് കൂട്ടരുത് അതിൽ നിന്ന് കുറെക്കയും അരുത് എന്നു പറഞ്ഞിരിക്കുന്നത് എന്തിനെക്കുറിച്ചാണ്?
6. നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പ് എന്താണ്?
7. മോശെ ആദ്യത്തെ പലക എന്തു ചെയ്തു? രണ്ടാമത്തെ പലക എവിടെയാണ് വച്ചത്?

8. മിസ്രയീമിൽ നിന്ന് പുറപ്പെട്ടവരിൽ കാലേബും യോശുവയും ഒഴികെയുള്ളവർ മരിച്ചുപോയത് എത്ര സംവത്സരം കൊണ്ടാണ്?

9. പട്ടണവാതിലിനു പുറത്തുകൊണ്ട് പോയി കല്ലെറിഞ്ഞു കൊല്ലേണ്ടതാരെയാണ്?

10. ആരാണ് കല്പലകയിൽ എഴുതിയത്? എത്ര കല്പലകയുണ്ടായിരുന്നു?

11. എത്രാമത്തെ വർഷമാണ് അടിമയെ സ്വതന്ത്രനായി വിടേണ്ടത്? സ്വതന്ത്രമായി പോകാൻ ഇഷ്ടമില്ലാത്ത അടിമയെ എന്തു ചെയ്യണം?

12. യഹോവയുടെ സന്നിധിയിൽ 40 രാവും 40 പകലും വീണു കിടന്നത് ആര്? എന്തിനാണ് വീണു കിടന്നത്?

★★★

# 07
# ആവർത്തനപുസ്തകം 18–34

1. പടിയും പറയും എങ്ങനെയുള്ളതായിരിക്കണം?

2. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആർക്കുള്ളതാണ്? വെളിപ്പെട്ടിരിക്കുന്നവ ആർക്കുള്ളതാണ്?

3. കള്ളസാക്ഷ്യം പറഞ്ഞവനെ എന്തു ചെയ്യണം?

4. ഏതു പർവ്വതത്തിലാണ് അനുഗ്രഹിക്കുവാൻ നിൽക്കേണ്ടത്? ഏതു പർവ്വതത്തിലാണ് ശപിക്കുവാൻ നിൽക്കേണ്ടത്?

5. യുദ്ധത്തിനു പോകുന്നതിന് മുമ്പ് ആരെയെല്ലാം വീട്ടിൽ പറഞ്ഞുവിടണം?

6. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ആരാണ്? അവന്റെ ശവം മരത്തിൽ എത്രനേരം ഇരിക്കരുത്?

7. ആരെയാണ് വാലല്ല തല ആക്കുന്നത്?

8. പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്. അതിന്റെ കാരണം എന്ത്?

9. എന്തുകൊണ്ടാണ് ഹിത്യർ, അമോര്യർ, പെരിസ്യർ, കനാന്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരെ ശപഥാർപ്പിതമായി സംഹരിക്കേണം എന്നു പറഞ്ഞത്?
10. ആരുടെ വസ്ത്രമാണ് പണയം വാങ്ങരുതാത്തത്?
11. എബാൽ പർവ്വതത്തിൽ എന്താണ് നാട്ടിയത്? അതിൽ എന്താണ് എഴുതിയത്?
12. വ്യർത്ഥകാര്യമല്ല അത് ജീവൻ തന്നെയാകുന്നു. അതു എന്താണ്? അതു പ്രാപിച്ചാൽ എന്തുണ്ടാകും? ഇതു ആര് ആരോട് പറഞ്ഞു?

★★★

## 08
## യോശുവ 1–16

1. ഏതു പർവ്വതത്തിൽ വെച്ചാണ് ന്യായപ്രമാണം വായിച്ചത്? അവിടെ എന്താണ് സ്ഥാപിച്ചിരിക്കുന്നത്? അവിടെ എന്താണ് പണിതത്?
2. ജീവനു വേണ്ടി യോശുവയുടെ മുമ്പാകെ ഉപായം പ്രയോഗിച്ചവർ ആരാണ്?
3. ഏതു നദിയുടെ നടുവിലാണ് കല്ലു നാട്ടിയിരിക്കുന്നതായി വേദപുസ്തകം പറയുന്നത്? എത്ര കല്ലുകളാണ് നാട്ടിയിരിക്കുന്നത്?
4. യഹോവ ആകാശത്തു നിന്ന് കൽമഴ പെയ്യിച്ച് കൊന്നതാരെ?
5. യഹോവയുടെ ഉഗ്രകോപം മാറിയ താഴ്‌വരയുടെ പേരെന്ത്?
6. യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ട് അനുസരിച്ച ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല. ഏതു ദിവസമായിരുന്നു അത്? ആരുടെ വാക്കാണ് കേട്ടത്?
7. മന്ന നിന്നുപോയത് എപ്പോഴാണ്?
8. യിസ്രായേൽ മക്കൾ എത്ര തവണ യെരിഹോ പട്ടണത്തെ ചുറ്റി നടന്നു?
9. യോർദ്ദാൻ കടക്കുമ്പോൾ പെട്ടകവും ജനവും തമ്മിൽ എത്ര മുഴം അകലം ഉണ്ടായിരിക്കണം?

10. യിസ്രായേൽ മക്കളുടെ ഹൃദയം ഉരുകി വെള്ളം പോലെ ആയിത്തീർന്നതെപ്പോൾ?
11. പട്ടണം പിടിക്കയും ഭാര്യയെ പ്രാപിക്കയും ചെയ്തതാര്?
12. ദൈവം ഇസ്രായേൽ മക്കളോടു കൂടെയിരിക്കും? എന്നാൽ അവരിൽ ഒരു കാര്യമുണ്ടെങ്കിൽ കൂടെയിരിക്കില്ല. എന്തു കാര്യം?
13. ആരുടെ അസ്ഥികളാണ് മിസ്രയീമിൽ നിന്നു കൊണ്ടു വന്നത്? അതു എവിടെ അടക്കം ചെയ്തു?

★★★

## 09
## യോശുവ 17–ന്യായാധിപന്മാർ 8

1. കൈകാലുകളുടെ പെരുവിരൽ മുറിക്കപ്പെട്ട 70 രാജാക്കന്മാർ എന്റെ മേശയിൻ കീഴിൽ നിന്നു പെറുക്കിത്തിന്നു എന്നു പറഞ്ഞതാരാണ്?
2. എന്തുകൊണ്ടാണ് യഹോവ ആ ജാതികളെ വേഗത്തിൽ നീക്കിക്കളയാതെയും യോശുവയുടെ കയ്യിൽ ഏൽപ്പിക്കാതെയും ഇരിക്കുന്നത്?
3. യാഗപീഠത്തിന്റെ പ്രതിരൂപം ഉണ്ടാക്കിയത് ആര്? ആ യാഗപീഠത്തിന് ഇട്ട പേരെന്ത്? അതിന്റെ അർത്ഥം എന്ത്?
4. ആർക്കൊക്കെയാണ് അവകാശ ദേശം ചീട്ടിട്ട് വിഭാഗിച്ച് കൊടുത്തത്? അതു എവിടെ വെച്ചായിരുന്നു?
5. ഏതൊക്കെ ഗോത്രക്കാരുടെ പട്ടണങ്ങളിലാണ് അഹരോന്റെ മക്കൾക്ക് പട്ടണങ്ങൾ/ അവകാശങ്ങൾ കിട്ടിയത്?
6. ഏശാവിന്റെ അവകാശദേശം ഏത്? യോശുവയ്ക്ക് അവകാശമായി കിട്ടിയ പട്ടണം ഏത്?
7. എവിടെ വച്ചാണ് യോശുവ ജനവുമായി നിയമം ചെയ്തത്? അവിടെ യോശുവ എന്താണ് നാട്ടിയത്?
8. യിസ്രായേലിൽ മാതാവായി എഴുന്നേറ്റത് ആര്? അവളുടെ ഭർത്താവിന്റെ പേരെന്ത്? അവൾ എവിടെയാണ് പാർത്തത്?

9. ഗിദയോന് തന്റെ പിതാവിട്ട പേരെന്ത്? അതിന്റെ അർത്ഥം എന്ത്? ഗിദയോനും അവന്റെ കുടുംബത്തിനും ഒരു കെണി യായി തീർന്നതെന്ത്?

10. ഒരു ഭക്ഷണ പദാർത്ഥം ഒരിക്കൽ പാളയത്തിലേക്ക് ഉരുണ്ടു വന്നു കൂടാരം വരെ എത്തി അതിനെ തള്ളിയിട്ടതായി ഒരു വൻ സ്വപ്നം കണ്ടു. എന്താണ്? ആരാണ് കണ്ടത്? ആരെ ക്കുറിച്ചാണ് കണ്ടത്?

11. യിസ്രായേൽ മക്കളിൽ ഗോത്രങ്ങളിൽ ഓരോന്നിൽ നിന്നും എത്ര പേരെ വീതമാണ് ദേശം കണ്ടെടുത്തു നടത്തേണ്ടതിന് അയച്ചത്?

★★★

# 10
# ന്യായാധിപന്മാർ 9 മുതൽ രൂത്ത് 4 വരെ

**ആര് ആരോട് പറഞ്ഞു? (1–6)**

1. “നിനക്കു സമാധാനം നിനക്കു വേണ്ടതൊക്കെയും ഞാൻ തരും”

2. അവർ എന്നോടു ചെയ്തതു പോലെ ഞാൻ അവരോടും ചെയ്തു?

3. യഹോവ നിന്നെ അനുഗ്രഹിക്കട്ടെ എന്ന് അവർ അവനോട് പറഞ്ഞു.

4. നിങ്ങൾ തെരഞ്ഞെടുത്ത ദേവന്മാരോട് നിലവിളിപ്പിൻ അവർ നിങ്ങളുടെ കഷ്ടകാലത്ത് നിങ്ങളെ രക്ഷിക്കട്ടെ.

5. എന്റെ പേർ ചോദിക്കുന്നതതെന്ത്? അത് അതിശയമുള്ളത്”

6. “നീ എന്നെ വ്യസനിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ”

7. കൈമാറ്റവും വീണ്ടെടുപ്പും സംബന്ധിച്ചുള്ള കാര്യം ഉറപ്പാ ക്കുവാൻ യിസ്രായേലിൽ എന്തായിരുന്നു ചെയ്തത്?

8. യഹോവ എനിക്കു വിരോധമായി സാക്ഷീകരിക്കുകയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കയും ചെയ്തു എന്നു പറ ഞ്ഞതാർ?

9. അമ്മേയിൽ നിന്നും മോഷ്ടിച്ച മകന്റെ പേരെന്ത്? എന്താണ് മോഷ്ടിച്ചത്? അതു തിരിച്ചുകൊടുത്തപ്പോൾ അമ്മ എന്തു ചെയ്തു?

10. ആരാണ് ദാൻ ഗോത്രക്കാർക്ക് പുരോഹിതന്മാരായിരുന്നത്?

11. മനോഹയുടെ മകൻ ആര്? അവൻ ഗർഭം മുതൽ ദൈവത്തിന് എന്തായിരിക്കണം? അവനെ എവിടെ വച്ചാണ് യഹോവയുടെ ആത്മാവ് ഉദ്യമിപ്പിച്ച് തുടങ്ങിയത്?

12. രാജാവില്ലാതിരുന്ന സമയത്ത് യിസ്രായേലിൽ എന്ത് സംഭവിച്ചു?

★★★

## 11
## 1 ശമുവേൽ 1–18

1. ഒരു സൈന്യാധിപന് 10 പാൽക്കട്ട കൊടുത്തയച്ച വ്യക്തി ആര്?

2. യഹോവയേക്കാൾ അധികം പുത്രന്മാരെ ബഹുമാനിച്ച വ്യക്തി ആര്? അദ്ദേഹത്തിനും മക്കൾക്കും എന്തു സംഭവിച്ചു?

3. ക്ഷണിക്കപ്പെടാതെ ചെന്നവർക്കു ക്ഷണിക്കപ്പെട്ടവരുടെ ഇടയിൽ പ്രധാന സ്ഥലം കൊടുത്തു. ആർക്കാണ് കൊടുത്തത്? ആരാണ് കൊടുത്തത്?

4. അധികം കൊണ്ടോ അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവയ്ക്കു പ്രയാസമില്ല. ഇത് ആര് ആരോട് പറഞ്ഞു?

5. മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. ഇത് ആര് ആരെക്കുറിച്ച് ആരോടു പറഞ്ഞു?

6. കല്ലിന് പേരിട്ട പ്രവാചകൻ ആര്? എന്ത് പേരാണ് ഇട്ടത്? അതിന്റെ അർത്ഥം എന്ത്?

7. പാപികളെ നിർമ്മൂലമാക്കുവാൻ അയക്കപ്പെട്ടവൻ പാപികളുടെ തലവനെ രക്ഷിച്ചു. ആര് ആരെയാണ് രക്ഷിച്ചത്?

8. യഹോവയ്ക്കു മനസ്താപവും ഉണ്ടായി തനിക്കു വ്യസനം വരികയും ചെയ്തതുകൊണ്ട് രാത്രി മുഴുവനും യഹോവ

യോടു നിലവിളിച്ചു. ആരാണ് നിലവിളിച്ചത്? ആർക്കുവേണ്ടിയാണ് നിലവിളിച്ചത്? യഹോവയ്ക്കു വ്യസനം ഉണ്ടാകാൻ കാരണം എന്ത്?

9. ഈ പരിശുദ്ധ ദൈവമായ യഹോവയുടെ മുമ്പാകെ നിൽക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞതാര്? അവരിൽ എത്ര പേർ സംഹരിക്കപ്പെട്ടു? എന്തുകൊണ്ടാണ് അവർ സംഹരിക്കപ്പെട്ടത്?

10. ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരുന്നാൽ യഹോവയോട് പാപം ചെയ്‌വാൻ ഇടവരരുത്. ഇത് പറഞ്ഞതാര്?

11. ആരുടെ മക്കളാണ് ദ്രവ്യാഗ്രഹത്താൽ കൈക്കൂലി മേടിച്ചത്? അവരുടെ ജോലി എന്തായിരുന്നു?

12. നിലത്തു വീണു പ്രസവിച്ച സ്ത്രീ ആര്? അവൾ മകന് ഇട്ട പേരെന്ത്? അർത്ഥം എന്ത്? അങ്ങനെ പേരിടാൻ കാരണം എന്ത്?

✶✶✶

# 12

# 1 ശമുവേൽ 19 മുതൽ 2 ശമുവേൽ 4 വരെ

1. സ്വന്തം വായ് കൊണ്ട് മരണം വരുത്തിയവൻ ആര്?

2. ബിംബത്തെ വസ്ത്രം കൊണ്ട് മൂടുകയും ബിംബത്തിന്റെ തലയ്ക്ക് മുടി ധരിപ്പിക്കുകയും ചെയ്തത് ആര്?

3. കാട്ട്  കലയെപ്പോലെ ശീഘ്രഗാമി ആര്?

4. വെള്ളച്ചാട്ടം പോലെ ശത്രുക്കളെ തകർത്തത് എവിടെ വെച്ച്?

5. പഞ്ഞിനൂൽ കൊണ്ട് ഏഫോദ് ധരിച്ച എത്ര പുരോഹിതന്മാർ കൊല്ലപ്പെട്ടു? അവരെ കൊല്ലാൻ കാരണമെന്ത്? കൊല നടത്തിയത് ആരാണ്? ആരാണ് അവരിൽ നിന്ന് ഓടി രക്ഷപ്പെട്ടത്?

6. യഹോവ ദണ്ഡിപ്പിച്ചതിനാൽ മരിച്ചുപോയ ധനികൻ ആര്?

7. രാജാഭിഷേകം പ്രാപിച്ചവനെങ്കിലും ഇന്ന് ബലഹീനനാകുന്നു

എന്ന് പറഞ്ഞവൻ ആര്? ബലഹീനനാകുവാൻ കാരണം എന്ത്?

8. പാറയിലുള്ള ഗുഹയിൽ വെച്ച് വസ്ത്രാഗ്രം മുറിച്ചു. ആര് ആരുടെ വസ്ത്രാഗ്രമാണ് മുറിച്ചത്? ഏതു പാറയിൽ വെച്ചാണ് മുറിച്ചത്?

9. യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവച്ചിട്ട് ആർ ശിക്ഷ അനുഭവിക്കാതെ വരും. ഇത് ആര് പറഞ്ഞു? എവിടെ വെച്ചാണ് പറഞ്ഞത്? ആരെക്കുറിച്ച് പറഞ്ഞു?

10. യഹോവയോട് ചോദിച്ചിട്ടും ഊറീം കൊണ്ടോ സ്വപ്നം കൊണ്ടോ പ്രവാചകന്മാരെക്കൊണ്ടോ ഉത്തരം കിട്ടാഞ്ഞത് ആർക്കാണ്?

11. ദാവീദ് സിക്ലാഗ് ആക്രമിച്ചു കൊള്ളയിട്ടതു മുതൽ യിസ്രാ യേലിനു ഒരു ചട്ടവും നിയമവും നടപ്പിലായി. അത് ഏത്?

12. ശൗലിന്റെ പുത്രന്മാരിൽ ഫെലിസ്ത്യർ കൊന്നത് ആരെയെ ല്ലാമാണ്? അവരുടെ അസ്ഥികളെ കുഴിച്ചിട്ടതെവിടെ? ആരാണ് കുഴിച്ചിട്ടത്?

★★★

## 13
## 2 ശമുവേൽ 5–24

1. ആരുടെ ആലോചനയെ അബദ്ധമാക്കണമെന്നാണ് ദാവീദ് പ്രാർത്ഥിച്ചത്? ആ പ്രാർത്ഥന ദൈവം കേട്ട് ഉത്തരമരുളിയോ?

2. ആരാണ് ദാവീദിനെ ശപിച്ചത്? ശാപം കേട്ടപ്പോൾ ദാവീദിന്റെ പ്രതീകരണം എന്തായിരുന്നു? ഭൃത്യന്മാർ പ്രതികരിച്ചത് എങ്ങനെ?

3. ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീരുവാൻ കാരണം എന്ത്? ബാൽ പെരിസിം എന്ന വാക്കിന്റെ അർത്ഥമെന്ത്?

4. കിണറ്റിൽ ഒളിച്ചിരുന്നത് ആരെല്ലാമായിരുന്നു?

5. യിസ്രായേലിന്റെ മധുരഗായകൻ ആര്?

6. അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി. എന്ന്?

7. നാം യഹോവയുടെ കൈയ്യിൽ തന്നെ വീഴുക. ഇത് ആര് ആരോട് പറഞ്ഞു?

8. അടി തൊട്ട് മുടി വരെ ഒരു ഊനവും ഇല്ലാതിരുന്നതു ആർക്ക്? അവൻ എങ്ങനെയാണ് മരിച്ചത്?

9. എനിക്ക് ഒരു ചെലവുമില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവയ്ക്ക് യാഗം കഴിക്കയില്ല എന്ന് ആര് ആരോട് പറഞ്ഞു?

10. അവിവേകം മൂലം ദൈവം സംഹരിച്ചത് ആരെ? ആ സ്ഥലത്തിന്റെ പേരെന്ത്?

11. യുദ്ധത്തിൽ ജയിച്ചിട്ടും തോറ്റിട്ട് നാണിച്ച് വരുംപോലെ ജനം പട്ടണത്തിലേക്ക് ഒളിച്ച് കടന്നു. അത് ആര് ? ആരുമായിട്ടുള്ള യുദ്ധത്തിലാണ് സംഭവിച്ചത്?

12. ദാവീദ് രാജാവ് പോയ ദിവസം മുതൽ കാലിന് രക്ഷ ചെയ്യുകയോ താടി ഒരുക്കുകയോ വസ്ത്രം അലക്കുകയോ ചെയ്യാതിരുന്നത് ആര്?

★★★

# 14

# 1 രാജാക്കന്മാർ 1–18

1. ആരുടെ ആലോചനയാണ് രെഹബെയാം സ്വീകരിച്ചത്? അതിന്റെ ഫലം എന്തായിരുന്നു?

2. ഈ കാര്യം പാപഹേതുവായിത്തീർന്നു. ഏതു കാര്യം?

3. ശലോമോൻ വയോധികനായപ്പോൾ എന്തു സംഭവിച്ചു?

4. എന്തിന്റെ നിവൃത്തിയായിട്ടാണ് അബ്യാഥാരിനെ ശലോമോൻ പൗരോഹിത്യത്തിൽ നിന്ന് നീക്കിക്കളഞ്ഞത്?

5. യാഗപീഠത്തെക്കുറിച്ച് പ്രവചിച്ചത് എന്താണ്? പ്രവചിച്ച ദൈവപുരുഷനു എന്തു സംഭവിച്ചു? അതിന്റെ കാരണം എന്ത്?

6. യാഗപീഠത്തിന്റെ കൊമ്പുകളിൽ പിടിച്ച അവസ്ഥയിൽ വെട്ടിക്കൊന്നത് ആരെ?
7. എവിടെവെച്ചാണ് ആദ്യമായി യഹോവ ശലോമോനു പ്രത്യക്ഷനായത്? ശലോമോൻ എന്തു വരമാണ് ചോദിച്ചത്?
8. നിയമപെട്ടകത്തിൽ എന്താണ് ഉണ്ടായിരുന്നത്?
9. എന്നാണ് ആലയം പണിയുവാൻ തുടങ്ങിയത്? എന്നാണ് പൂർത്തിയായത്?
10. ഏതു പ്രവാചകനാണ് ബയെശെയ്ക്ക് വിരോധമായി പ്രവചിച്ചത്? ബയെശയ്ക്കും അവന്റെ കുടുംബത്തിനും എന്തു സംഭവിച്ചു?
11. ക്ഷാമകാലത്ത് 100 പ്രവാചകന്മാരെ പോറ്റിയത് ആര്? അവന്റെ അടുക്കൽ ഏതു പ്രവാചകനാണ് വന്നത്?
12. രണ്ട് പ്രാവശ്യം യഹോവ പ്രത്യക്ഷനാകയും അന്യദേവന്മാരെ ചെന്ന് സേവിക്കരുത് എന്ന് കല്പിച്ചിട്ടും അനുസരിക്കാതിരുന്നത് ആര്?

★★★

## 15

## 1 രാജാക്കന്മാർ 19 മുതൽ 2 രാജാക്കന്മാർ 15

1. അവർ തിന്നുകയും ശേഷിപ്പിക്കുകയും ചെയ്യും എന്ന് യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു. ഇത് ആര് ആരോട് പറഞ്ഞു. അവരുടെ കൈയ്യിൽ എന്തുണ്ടായിരുന്നു. എത്ര പേർ തിന്നു?
2. ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവ് തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നിവ മേടിപ്പാനും ഇതാകുന്നുവോ സമയം. ഇതു ആര് ആരോട് പറഞ്ഞു?
3. 400 പ്രവാചകന്മാർ പ്രവചിച്ചതിന് എതിരായി പ്രവചിച്ച പ്രവാചകൻ ആരാണ്? ആരാണ് അദ്ദേഹത്തെ അടിച്ചത്?
4. ഉപവാസത്തിൽ ജനത്തിന്റെ ഇടയിൽ ഇരിപ്പിടം കിട്ടി എങ്കിലും ഉപവാസത്തോടെ മരിക്കേണ്ടി വന്ന വ്യക്തി ആര്?

5. ആദ്യജാതനെ ദഹനയാഗം കഴിച്ച രാജാവ് ആര്?

6. ചൂരച്ചെടിയുടെ ചുവട്ടിലിരുന്നു മരിക്കാൻ ഇച്ഛിച്ച പ്രവാചകൻ ആര് ?

7. 6 വർഷം ഒളിച്ചു പാർത്ത ബാലന്റെ പേര്? ആരാണ് ഒളിപ്പിച്ചത്? അവൻ പിന്നീട് ആരായിത്തീർന്നു?

8. നാബോത്ത് എന്തുകൊണ്ടാണ് തന്റെ മുന്തിരിത്തോട്ടം ആഹാബിന് കൊടുക്കാതിരുന്നത്?

9. അപ്പന്മാർക്ക് പകരം മക്കൾ മരണശിക്ഷ അനുഭവിക്കരുത്? ഇതനുസരിച്ച് ആ രാജാവ് പ്രവർത്തിച്ചു. ആ രാജാവിന്റെ പേരെന്ത്? ആ രാജാവ് എന്താണ് ചെയ്തത്?

10. ഏലീശാ ഏലിയാവിനോട് ചോദിച്ചതെന്താണ്? അദ്ദേഹത്തിന് കിട്ടിയത് എന്താണ്? അതുകൊണ്ട് അദ്ദേഹം ആദ്യം ചെയ്ത പ്രവൃത്തി എന്താണ്?

11. യഹോവ ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാക്കിയാലും ഈ കാര്യം സാധിക്കുമോ? ഇത് ആര് ആരോട് പറഞ്ഞു. അങ്ങനെ സംഭവിച്ചുവോ? പറഞ്ഞവന് എന്തു സംഭവിച്ചു?

12. യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്യുവാൻ തന്നെത്താൻ വിറ്റുകളഞ്ഞ അവനെപ്പോലെ ആരും ഉണ്ടായിട്ടില്ല. ഇതു ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തെ അതിനായി ഉത്സാഹിപ്പിച്ചത് ആരാണ്?

✶✶✶

# 16

## 2 രാജാക്കന്മാർ 16 മുതൽ 1 ദിനവൃത്താന്തം 9 വരെ

1. ഭൂമിയിലെ ആദ്യത്തെ വീരൻ ആര്? അദ്ദേഹത്തിന്റെ പിതാവ് ആര്?

2. ഒരു യിസ്രായേൽ രാജാവ് അന്യജാതിക്കാരുടെ ബലിപീഠത്തിന്റെ മാതൃകയിൽ യാഗപീഠം പണിയുവാൻ ഒരു പുരോഹിതനോട് കല്പിച്ചു. രാജാവിന്റെയും പുരോഹിതന്റെയും പേരുകൾ എന്ത്? ഏതു രാജ്യത്തിന്റെ ബലിപീഠമാണ് പണിതത്?

3. യിസ്രായേൽ യഹോവയിൽ വിശ്വസിക്കാതിരുന്ന തങ്ങളുടെ പിതാക്കന്മാരെപ്പോലെ എന്താണ് കാണിച്ചത്? എന്തിനെ അവർ പിന്തുടർന്നു? എന്തിനായാണ് അവർ തങ്ങളെത്തന്നെ വിറ്റു കളഞ്ഞത്? ദൈവം അവരോട് എന്തു ചെയ്തു?

4. അവനെപ്പോലെ ഒരു രാജാവ് മുമ്പുണ്ടായിട്ടില്ല. പിമ്പ് ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല. ആ രാജാവിന്റെ പേരെന്ത്? ഏതു കാര്യത്തെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്?

5. ഏതു പുരോഹിതനാണ് ശലോമോൻ പണിത ദേവാലയത്തിൽ പുരോഹിത ശുശ്രൂഷ ചെയ്തത്?

6. ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്ന് പറഞ്ഞ അമ്മ ആര്? എങ്ങനെയുള്ളവനായിരുന്നു. അവൻ അപേക്ഷിച്ചതിന് ഉത്തരം കിട്ടിയോ?

7. പുരോഹിതന്മാരെ അതതു ഉദ്യോഗത്തിലാക്കിയത് ആര്?

8. ഇതു കഷ്ടവും ശാസനയും നിന്ദയും ഉള്ള ദിവസമത്രേ. കുഞ്ഞുങ്ങൾ ജനിപ്പാറായിരിക്കുന്നു പ്രസവിപ്പാനോ ശക്തിയില്ല. ഇത് ആര് ആരോട് പറഞ്ഞു?

9. രൂബേന്റെ ജ്യേഷ്ഠാവകാശം ലഭിച്ചതാർക്കാണ്?

10. മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെ ഉടച്ചുകളഞ്ഞത് ഏതു രാജാവാണ്? എന്തുകൊണ്ടാണ് ഉടച്ചുകളഞ്ഞത്? (ഏതു കാരണത്താൽ) അതിന്റെ പേരെന്ത്?

11. റബ്ശാക്കേയുടെ വചനം കേട്ടപ്പോൾ അന്നത്തെ യെഹൂദ രാജാവ് എന്തു ചെയ്തു? ആ രാജാവ് മൂപ്പന്മാരെ ഒരു പ്രവാചകന്റെ അടുക്കൽ അയച്ചു. ആ പ്രവാചകന്റെ പേരെന്ത്?

12. തന്റെ സഹോദരന്മാരേക്കാൾ പ്രബലനായിത്തീർന്നതാരാണ്?

13. സ്വന്തം മകനെ അഗ്നിപ്രവേശം ചെയ്ത രാജാവ് ആര്?

14. ഒരാൾ മുഖം ചുമരിന്റെ നേരെ തിരിച്ചു പ്രാർത്ഥിച്ചു. അത് ആരാണ്. പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടിയോ?

15. ഒരു രാജാവിന്റെ അപ്പനും മകനും യഹോവയ്ക്ക് പ്രസാദകരമല്ലാത്തതു ചെയ്തു. എന്നാൽ അദ്ദേഹം യഹോവയിൽ

ആശ്രയിച്ചു. അവന്റെ കല്പനകളെ പ്രമാണിച്ചു. ആ രാജാവിന്റെ പേരെന്ത്? ആ രാജാവിന്റെ കാലത്ത് ദേവാലയത്തിൽ നിന്ന് എന്തോ കിട്ടി. അത് എന്തായിരുന്നു?

★★★

# 17

## 1 ദിനവൃത്താന്തം 10 മുതൽ 29 വരെ

1. യഹോവയുടെ ആലയത്തിനായി ദാവീദ് എന്താണ് സ്വരൂപിച്ചത്?
2. ആശ്വസിപ്പിക്കുവാൻ ചെന്നവരെ അപമാനിച്ചു വിട്ടതാരാണ്? എങ്ങനെയാണ് അവരെ അപമാനിച്ചത്?
3. ശൗൽ മരിക്കാനും രാജത്വം ദാവീദിനു കൊടുക്കാനും കാരണം എന്ത്?
4. ദാവീദിന് ആലയം പണിയുവാൻ കഴിയാത്തതിന്റെ കാരണം എന്ത്? ദാവീദ് ആർക്കാണ് ആലയം പണിയണം എന്ന കല്പന കൊടുത്തത്?
5. ആലയം പണിയുവാൻ ശലോമോന് എന്തു കൊടുക്കണമെന്നാണ് ദാവീദ് ദൈവത്തോട് പ്രാർത്ഥിച്ചത്?
6. എന്തുകൊണ്ടാണ് ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീർന്നത്?
7. യഹോവയോ തനിക്ക് ഇഷ്ടമായത് ചെയ്യുമാറാകട്ടെ. ഇത് ആര് ആരോട് പറഞ്ഞു?
8. ദാവീദ് ദൈവത്തെ ഭയപ്പെടുവാൻ കാരണം എന്ത്?
9. ബാൽ- പെരാസിം എന്ന പേരിന്റെ അർത്ഥം എന്ത്?
10. യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ തോന്നിപ്പിച്ചതാര്? എണ്ണിയത് കാരണം എത്ര പേർ മരിച്ചു?
11. ദാവീദ് ലേവ്യരിൽ നിന്ന് ശുശ്രൂഷകന്മാരെ നിയമിച്ചത് എന്തിനായിരുന്നു. അവരുടെ തലവൻ ആരായിരുന്നു?
12. എന്റെ ഗൃഹവും എന്തുള്ളു. ഇതു ആര് ആരോട് പറഞ്ഞു?

13. നിങ്ങൾ എന്നെ സഹായിപ്പാൻ സമാധാനത്തോടെ വന്നിരിക്കുന്നു എങ്കിൽ എന്റെ ഹൃദയം നിങ്ങളോട് ചേർന്നിരിക്കും. ഇതു ആര് ആരോട് പറഞ്ഞു?

14. എന്നെ അയച്ചവനോട് എന്തൊരു മറുപടി പറയേണം എന്ന് ആലോചിച്ചു നോക്കുക. ആര് ആരോടു പറഞ്ഞു?

15. നിനക്കുള്ളത് ഞാൻ യഹോവയ്ക്കായിട്ട് എടുക്കുകയില്ല. ചെലവു കൂടാതെ ഹോമയാഗം കഴിക്കയില്ല. ഇത് ആര് ആരോട് പറഞ്ഞു?

★★★

## 18
## 2 ദിനവൃത്താന്തം 1–18

1. ദൈവത്തിന്റെ സമാഗമനകൂടാരം എവിടെ ആയിരുന്നു? അതു അവിടെ നിന്നും ശലോമോൻ എവിടേയ്ക്കാണ് കൊണ്ടു വന്നത്?

2. തനിക്ക് പ്രത്യക്ഷനായ ദൈവത്തോട് ശലോമോൻ എന്താണ് ചോദിച്ചത്? അതിനു മറുപടിയായി ദൈവം എന്തെല്ലാം കൊടുത്തു?

3. ശലോമോന്റെ ദേവാലയത്തിൽ കൊത്തിയിരുന്ന വൃക്ഷരൂപം ഏത്?

4. ശലോമോൻ എവിടെയാണ് യഹോവയുടെ ആലയം പണിയുവാൻ തുടങ്ങിയത്?

5. പ്രാർത്ഥിച്ച് ആകാശത്തു നിന്ന് തീ ഇറക്കിയ രാജാവ് ആര്?

6. ശലോമോന്റെ ആലയത്തിൽ സ്ഥാപിക്കപ്പെട്ട പെട്ടകത്തിൽ ഉണ്ടായിരുന്നതെന്ത്?

7. ദർശകനോട് കോപിച്ച് ജനത്തിൽ ചിലരെ പീഡിപ്പിച്ചവൻ ആര്?

8. ശലോമോന്റെ വൃത്താന്തങ്ങൾ എവിടെയാണ് എഴുതിയിരിക്കുന്നത്?

9. ലേവ്യരെ പൗരോഹിത്യത്തിൽ നിന്നും നീക്കിക്കളഞ്ഞ രാജാവ് ആര്?

10. സ്വന്തം മാതാവിനെ രാജ്ഞി സ്ഥാനത്തു നിന്നും നീക്കിക്കള ഞ്ഞതാര്? അതിനുള്ള കാരണം എന്ത്?

11. യഹോവയുടെ കണ്ണ് ഭൂമിയിലെല്ലായിടവും ഊടാടിക്കൊണ്ടി രിക്കുന്നത് എന്തിന്?

12. ഇതിൽ നീ ഭോഷത്വം പ്രവർത്തിച്ചിരിക്കുന്നു. ഇനി നിനക്ക് യുദ്ധങ്ങൾ ഉണ്ടാകും എന്ന് ആര് ആരോടു പറഞ്ഞു?

13. ദൈവവചനം യെഹൂദനഗരങ്ങളിൽ ഉപദേശിക്കുവാനായി ലേവ്യരെയും പുരോഹിതരെയും അയച്ച രാജാവ് ഏത്? ലേവ്യ രുടെ കൈയ്യിൽ എന്തുണ്ടായിരുന്നു?

14. നാം അരുളപ്പാട് ചോദിക്കേണ്ടതിന് ഇവിടെ യഹോവയുടെ പ്രവാചകനായിട്ട് ഇനി ആരും ഇല്ലയോ? ആര് ആരോടു പറഞ്ഞു?

15. യഹോവേ, ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടാ യാൽ സഹായിപ്പാൻ നീയല്ലാതെ മറ്റാരുമില്ല എന്നു പറഞ്ഞ താര്?

★★★

# 19

## 1 ദിനവൃത്താന്തം 19–36

1. ദുഷ്ടത പ്രവർത്തിക്കുവാൻ മകന് ആലോചന പറഞ്ഞുകൊ ടുത്ത അമ്മ ആര്? അമ്മയുടെ അപ്പന്റെ പേര്? മകന്റെ പേര്?

2. ഏത് പാർസി രാജാവാണ് യഹോവയുടെ ആലയം പണിവാൻ വിളംബരം പുറപ്പെടുവിച്ചത്? ആ രാജാവിന്റെ എത്രാം ആണ്ടി ലാണ്?

3. ബെരാഖാ താഴ്‌വര എന്നു പറയുവാൻ കാരണം എന്ത്?

4. ഉസ്സിയാവ് ചെയ്ത തെറ്റ് എന്ത്? അവന് എന്തു സംഭവിച്ചു?

5. ആഹാബിന്റെ മകൾ അവന് ഭാര്യയായിരുന്നുവല്ലോ? ആർക്ക്? അതുകൊണ്ട് അവൻ എങ്ങനെ നടന്നു?

6. കഷ്ടതയിൽ ആയപ്പോൾ തന്റെ ദൈവമായ യഹോവയോട് അപേക്ഷിച്ചവൻ ആര്? അവനെ എവിടെയാണ് കൊണ്ടുപോ

യത്? എങ്ങനെയാണ് കൊണ്ടുപോയത്? അവന്റെ അപേക്ഷ യഹോവ കേട്ട് ഉത്തരമരുളിയോ?

7. അങ്ങനെ യെഹൂദ്യരൊക്കെയും അവരുടെ കുഞ്ഞുങ്ങളോടും ഭാര്യമാരോടും മക്കളോടും കൂടെ യഹോവയുടെ സന്നിധിയിൽ നിന്നു. അപ്പോൾ യഹോവയുടെ ആത്മാവ് ആരുടെ മേലാണ് വന്നത്. അവൻ ആരായിരുന്നു?

8. ധാത്രിയോടൊപ്പം ശയനഗൃഹത്തിൽ ഒളിപ്പിക്കപ്പെട്ട രാജകുമാരൻ ആര്?

9. തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ ഇടത്തോട്ടോ വലത്തോട്ടോ മാറാതെ നടന്നവൻ ആര്?

10. ചങ്ങലകളാൽ ബന്ധിതനായി ബാബേലിലേക്ക് കൊണ്ടുപോകപ്പെട്ടവനാര്? ആരാണ് കൊണ്ടുപോയത്?

11. ഏറ്റവും ചെറുപ്രായത്തിൽ രാജാവായത് ആരാണ്? അവൻ എത്ര സംവത്സരം രാജാവായി വാണു?

12. യെഹൂദ്യയിൽ ഒക്കെയും ഉപവാസം പ്രസിദ്ധമാക്കിയ രാജാവ് ആര്?

13. ഒരു രാജാവിന് ഒരു പ്രവാചകന്റെ എഴുത്തു വന്നു. ആർക്ക് ആരുടെ എഴുത്താണ് വന്നത്?

14. കുടലിൽ പൊറുക്കാത്ത വ്യാധിയുണ്ടായി. കുടൽ പുറത്തു ചാടി മരിച്ചവൻ ആര്?

15. അപ്പൻ ചെയ്ത നന്മകളെ മറന്ന് മകനെ കൊന്ന രാജാവ് ആര്? ആരെയാണ് കൊന്നത്? ആ രാജാവിന് എന്തു സംഭവിച്ചു?

✶✶✶

## 20

## 1 രാജാക്കന്മാർ - 2 ദിനവൃത്താന്തം

1. ശലോമോൻ രാജാവിനു ശേഷം യിസ്രായേൽ യെഹൂദ എന്നീ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ട യെഹൂദന്മാരുടെ ചരിത്രം ദിനവൃത്താന്ത പുസ്തകത്തിലും രാജാക്കന്മാരുടെ പുസ്തക

ത്തിലും നാം കാണുന്നു. ഈ രണ്ടു രാജ്യങ്ങളിലെയും നല്ല വരായ രാജാക്കന്മാർ ആരെല്ലാം? മോശം രാജാക്കന്മാർ ആരെല്ലാം? യെഹൂദയിലെയും യിസ്രായേലിലെയും നല്ലവരും മോശക്കാരുമായ രാജാക്കന്മാരുടെ പേരുകൾ പ്രത്യേകം പ്രത്യേകമായി എഴുതുക.

✶✶✶

## 21

## എസ്രാ

1. ആരു മുഖാന്തരം ആരുടെ അരുളപ്പാട് നിവൃത്തിയാകേണ്ട തിന് ആരുടെ മനസ്സാണ് ഉണർത്തിയത്?
2. അറയിൽ ചെന്ന് ദുഃഖിച്ചുകൊണ്ട് അപ്പം തിന്നാതെയും വെള്ളം കുടിക്കാതെയും രാപാർത്തവൻ ആര്? ആരുടെ അറ യിൽ ചെന്നാണ് രാപാർത്തത്?
3. ആരാണ് എന്തിനാണ് യെരുശലേമിലേക്ക് പുറപ്പെട്ടത്?
4. യെരുശലേമിലേക്ക് കൊണ്ടുപോകുവാൻ ആരുടെ കൈവശ മാണ് ഏൽപ്പിച്ചത്? അത് എത്ര ഉണ്ടായിരുന്നു? ആരുടെ കൂടെ യാണ് അവർ യെരുശലേമിലേക്ക് പോയത്?
5. യിസ്രായേൽ മക്കൾ വിവാഹം കഴിച്ച അന്യജാതിക്കാരത്തി കളോട് വേർപെടുവാൻ എസ്രാ ജനങ്ങളെ ആഹ്വാനം ചെയ്ത പ്പോൾ വിരോധം പറഞ്ഞവർ ആരെല്ലാം? അവരെ താങ്ങിപ്പറ ഞ്ഞവർ ആരെല്ലാം?
6. തങ്ങളുടെ വംശാവലി രേഖ അന്വേഷിച്ചു കണ്ടുകിട്ടാത്തതി നാൽ അശുദ്ധരെന്നെണ്ണി നീക്കിക്കളയപ്പെട്ടവർ ആര്? എന്തിൽ നിന്നാണ് അവരെ നീക്കിയത്?
7. ആരൊക്കെ ചേർന്നാണ് യാഗപീഠം പണിതത്? എവിടെ എഴു തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പണിതത്?
8. ജനത്തിൽ സന്തോഷത്തിന്റെ ശബ്ദവും കരച്ചിലിന്റെ ശബ്ദവും തിരിച്ചറിയാതിരുന്നതു എപ്പോൾ?
9. തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കാമെന്ന് കൈയ്യടിച്ച പുരോ ഹിതപുത്രന്മാർ ആരെല്ലാം?

10. ആര് ആരോട് പറഞ്ഞു? “ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഞങ്ങൾ ഇന്നു വരെ വലിയ കുറ്റക്കാരായിരുന്നു”

11. ദേവാലയം പണിയുന്നു എന്നു കേട്ടപ്പോൾ ശത്രുക്കളുടെ ആദ്യത്തെ അപേക്ഷ എന്തായിരുന്നു? അതു യോശുവ സ്വീകരിച്ചോ? കാരണം എന്ത്?

12. ശത്രുക്കളുടെ അന്യായ പത്രം മുഖാന്തരം ദൈവാലയത്തിന്റെ പണിക്ക് എന്നു വരെ, എന്തു സംവിച്ചു?

13. എന്നാണ് ദേവാലയത്തിന്റെ പണി തീർന്നത്? അതിനുശേഷം ആരെല്ലാം കൂടി, എന്തു ചെയ്തു?

14. പണി മുടങ്ങിക്കിടന്നപ്പോൾ ആരൊക്കെ പ്രവചിച്ചു? അതിന്റെ ഫലം എന്തായിരുന്നു?

15. ദാര്യാവേശിന്റെ കൽപ്പന മാറ്റിയാൽ എന്തു ചെയ്യും എന്നാണ് രാജാവ് പറഞ്ഞത്? കൂടാതെ ദൈവവും അവരോട് എന്തു ചെയ്യുമെന്നുമാണ് രാജാവ് ഓർപ്പിച്ചത്?

✶✶✶

## 22

## നെഹമ്യാവ്

1. യെരുശലേമിന്റെ അവസ്ഥ എന്താണ് ? അതിനെക്കുറിച്ച് നെഹമ്യാവോട് പറഞ്ഞതാര്? അപ്പോൾ നെഹമ്യാവ് എന്തു ചെയ്തു?

2. രാജാവിന്റെ വനവിചാരകന്റെ പേരെന്ത്? അവനു എഴുത്തു നൽകണമെന്ന് നെഹമ്യാവ് ഏതു രാജാവിനോടാണ് അപേക്ഷിച്ചത്? രാജാവ് അതു നൽകുവാൻ കാരണം എന്ത്?

3. മതിൽ പണി തുടങ്ങിയപ്പോൾ ആരാണ് അവരെ നിന്ദിച്ചത്? ആരാണ് ആട്ടുവാതിൽ പണിതത്?

4. ആരുടെ പുത്രിമാരാണ് അറ്റകുറ്റം തീർത്തത്?

5. അവർ യെരുശലേം മതിലിന്റെ അറ്റകുറ്റം തീർത്തു. എന്നാൽ അവരുടെ ശ്രേഷ്ഠന്മാർ കർത്താവിന്റെ വേലയ്ക്കു ചുമൽ കൊടുത്തില്ല. ആര്?

6. യിസ്രായേൽ ജനം കേൾക്കെ എസ്ര മോശെയുടെ ന്യായപ്രമാണ പുസ്തകം വായിച്ചത് എവിടെ വെച്ച്?

7. നെഹമ്യാവ് അർത്ഥഹ്ശഷ്ടാ രാജാവിന്റെ അടുക്കൽ മടങ്ങിപ്പോയപ്പോൾ തോബിയാവിന് ദൈവാലയത്തിന്റെ പ്രാകാരത്തിൽ അറ ഒരുക്കി കൊടുത്ത പുരോഹിതൻ ആര്?

8. തോബിയാവിനോടും സൻബല്ലത്തിനോടും കൂടി നെഹമ്യാവിനെ ഭയപ്പെടുത്താൻ നോക്കിയ പ്രവാചകി ആര്?

9. നെഹമ്യാവ് ഭണ്ഡാരഗൃഹത്തിന് മേൽ വിചാരകന്മാരായി നിയമിച്ചവർ ആരെല്ലാം?

10. നെഹമ്യാവും ആളുകളും എത്ര ദിവസം കൊണ്ടാണ് യരുശലേമിന്റെ മതിൽ പണിതത്?

11. ദൈവത്തിന്റെ ആലയത്തിലെ ഭണ്ഡാരഗൃഹത്തിലേക്ക് ദശാംശത്തിന്റെ ദശാംശം കൊടുത്തത് ആര്?

12. നെഹമ്യാവ് തന്റെ അടുക്കൽ നിന്ന് ഓടിച്ചു കളഞ്ഞത് ആരെ? അവൻ സൻബല്ലത്തിന്റെ ആരായിരുന്നു?

13. യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ? ഇത് ആര് ആരോട് പറഞ്ഞു?

14. അന്യജാതിക്കാരായ സ്ത്രീകളെ വിവാഹം കഴിച്ചവരെ അടിക്കുകയും അവരുടെ തലമുടി പറിക്കുകയും ചെയ്തതാര്?

✶✶✶

## 23
## എസ്ഥേർ

1. എസ്ഥേറിന്റെ പുസ്തകത്തിൽ ഇന്ത്യയ്ക്ക് പറഞ്ഞിരിക്കുന്ന പേര് എന്ത്?

2. മോർദ്ദേഖായിയുടെ പിതാവ് ആര്? മൊർദ്ദേഖായിയും എസ്ഥേറും തമ്മിലുള്ള ബന്ധം എന്ത്?

3. അഹശ്വരേശ് തൂക്കിക്കൊന്ന 3 വ്യക്തികളുടെ പേരെഴുതുക?

4. യെഹൂദന്മാരുടെ ശത്രു എന്ന് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? അദ്ദേഹത്തിന് എന്തു സംഭവിച്ചു?

5. ശൂശൻ രാജധാനിയിൽ യെഹൂദന്മാർക്ക് വിരോധമായി കല്പന പരസ്യം ചെയ്തതറിഞ്ഞപ്പോൾ മോർദ്ദേഖായി എന്തു ചെയ്തു?

6. രാത്രിയിൽ ഉറക്കം വരാഞ്ഞപ്പോൾ ദിനവൃത്താന്ത പുസ്തകം വായിച്ചു കേൾപ്പിക്കുവാൻ ആവശ്യപ്പെട്ടതാര്?

7. ചണം കൊണ്ടുള്ള രക്താംബരം ധരിച്ചവൻ ആര്?

8. രാജാവ് ബഹുമാനിക്കുവാൻ ഇച്ഛിച്ച പുരുഷൻ ആരായിരുന്നു? അവന് രാജാവ് എന്തെല്ലാമാണ് ചെയ്തത്?

9. ഏതെല്ലാം ദിവസങ്ങളെയാണ് യെഹൂദന്മാർ ദുഃഖം അവർക്ക് സന്തോഷമായും വിലാപം ഉത്സവമായും തീർന്ന ദിവസങ്ങളായി ആചരിക്കുന്നത്?

10. സ്വയം ഉണ്ടാക്കിയ കഴുമരത്തിൽ തൂക്കപ്പെട്ടവൻ ആര്?

**ആര് ആരോട് പറഞ്ഞു?**

11. ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ.

12. നിന്റെ അപേക്ഷ എന്ത്? അത് നിനക്ക് ലഭിക്കും.

13. നീ പറഞ്ഞതിൽ ഒന്നും കുറച്ചു കളയരുത്.

14. രാജാവ് അവളുടെ രാജ്ഞീ സ്ഥാനം അവളേക്കാൾ നല്ലവളായ മറ്റൊരുത്തിക്ക് കൊടുക്കേണം.

15. നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യെഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തു നിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും.

★★★

# 24

# ഇയ്യോബ് 1–20

1. ആരുടെ ആഹാരമാണ് കുടലിൽ പരിണമിച്ച് ഉള്ളിൽ സർപ്പ വിഷമായിത്തീരുന്നത്?
2. ഇയ്യോബിന്റെ ഗുണങ്ങൾ എന്തെല്ലാം?
3. അവർ അകലെ വച്ച് നോക്കിയാറെ അവനെ തിരിച്ചറിഞ്ഞില്ല, ആരെയാണ് തിരിച്ചറിയാത്തത്? ആരാണ് തിരിച്ചറിയാത്തത്?
4. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിത നായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. ഇത് പറഞ്ഞത് ആര്?
5. പുത്രന്മാരുടെ സംഖ്യക്ക് ഒത്തവണ്ണം ഹോമയാഗങ്ങളെ കഴി ച്ചവൻ ആര്?
6. കഷ്ടത ഗർഭം ധരിച്ച് അനർത്ഥത്തെ പ്രസവിക്കുന്നത് ആര്?
7. ആയുഷ്ക്കാലം ഓട കൊണ്ടുള്ള വള്ളം പോലയും ഇരയെ റാഞ്ചുന്ന കഴുകനെപ്പോലെയും കടന്നു പോകുന്നു എന്നു പറഞ്ഞതാരാണ്?
8. അവൻ ജ്ഞാനിയും മഹാ ശക്തനുമാകുന്നു. അവനോട് ശഠിച്ചിട്ട് ഹാനി വരാത്തവൻ ആര്? ഇതു ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
9. ആരുടെ ശരണത്തെയാണ് ചിലന്തിവലയോട് താരതമ്യപ്പെടു ത്തിയിരിക്കുന്നത്?
10. ഭോഷനെ കൊല്ലുന്നതും മൂഢനെ ഹിംസിക്കുന്നതും എന്താണ്?

**ആര് ആരോട് പറഞ്ഞു.**

11. “നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കു ന്നുവോ?”
12. ഞാൻ പേടിച്ചതു തന്നെ എനിക്കു നേരിട്ടു. ഞാൻ ഭയപ്പെട്ടി രുന്നതു എനിക്കു ഭവിച്ചു.
13. ഇപ്പോൾ നിനക്കത് ഭവിച്ചിട്ട് നീ വിഷാദിക്കുന്നു. നിനക്കത് തട്ടീട്ട് ഭ്രമിച്ചു പോകുന്നു.

14. ഇതാ അവൻ നിന്റെ കൈയ്യിൽ ഇരിക്കുന്നു. അവന്റെ പ്രാണനെ മാത്രം തൊടരുത്.

15. നാം ദൈവത്തിന്റെ കൈയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു.

★★★

## 25

## ഇയ്യോബ് 21–42

1. യഹോവ ചുഴലിക്കാറ്റിൽ ഉത്തരം അരുളിയത് ആർക്ക്?
2. എന്തിന്റെ എല്ലുകളാണ് ഇരുമ്പഴി പോലെയിരിക്കുന്നത്?
3. അതു തുമ്മുമ്പോൾ വെളിച്ചം മിന്നുന്നു. അതിന്റെ ഹൃദയം കല്ലുപോലെ ഉറപ്പുള്ളത് . ഇത് ഏതു ജീവിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
4. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും. ഇതു പറഞ്ഞത് ആര്?
5. നീലരത്നത്തിന്റെ ഉൽപ്പത്തി സ്ഥാനം ഏത്?
6. ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു. പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെങ്ങനെ. ഇതു പറഞ്ഞത് ആര്?
7. പ്രായം സംസാരിക്കയും വയോധിക്യം ജ്ഞാനം ഉപദേശിക്കയും ചെയ്യട്ടെ എന്നിങ്ങനെ ഞാൻ വിചാരിച്ചു. ഇതു പറഞ്ഞത് ആര്?
8. എന്റെ അധരം നീതികേട് സംസാരിക്കയില്ല. എന്റെ നാവ് വ്യാജം ഉച്ചരിക്കയില്ല. ഇതു പറഞ്ഞതാര്?
9. സ്ത്രീ പ്രസവിച്ചവൻ എങ്ങനെ നിർമ്മലനാകും. ചന്ദ്രനു പോലും ശോഭയില്ലല്ലോ. ഇതു പറഞ്ഞതാര്?
10. മുഖസ്തുതി പറവാൻ എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെ ചെയ്താൽ എന്റെ സ്രഷ്ടാവ് ക്ഷണത്തിൽ എന്നെ നീക്കിക്കളയും. ഇതു പറഞ്ഞതാര്?
11. ഇയ്യോബിന്റെ പുത്രിമാരുടെ പേരുകൾ ഏവ. ആർക്കാണ് സഹോദരന്മാരോടു കൂടെ അവകാശം ലഭിച്ചത്?

12. സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ സ്വന്തം സ്ഥിതിക്ക് ഭേദം വന്നതാർക്ക്?

13. യഹോവ തേമ്യനായ ഏലീഫസിനോടും അവന്റെ സ്നേഹിതന്മാരോടും എന്തു ചെയ്യാനാണ് പറഞ്ഞത്?

**ആര് ആരോടു പറഞ്ഞു?**

14. ഒരു വട്ടം ഞാൻ സംസാരിച്ചു. ഇനി ഉത്തരം പറകയില്ല. രണ്ടു വട്ടം ഞാൻ ഉര ചെയ്തു. ഇനി മിണ്ടുകയില്ല.

15. നീ പുരുഷനെപ്പോലെ അര മുറുക്കിക്കൊൾക. ഞാൻ നിന്നോട് ചോദിക്കും. നീ എനിക്ക് ഗ്രഹിപ്പിച്ച് തരിക.

★★★

## 26

## സങ്കീർത്തനം 1–30

1. അവൻ തിരഞ്ഞെടുക്കേണ്ടന്നു വഴി ഞാൻ അവന് കാണിച്ച് കൊടുക്കും. ആർക്കാണ് കാണിച്ചു കൊടുക്കുന്നത്?

2. ഞാൻ കിടന്നുറങ്ങി, യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു. ഇത് എഴുതിയ സാഹചര്യം എഴുതുക.

3. ദാവീദ് യഹോവയോട് ഒരു കാര്യം അപേക്ഷിക്കുന്നു. അത് എന്താണ്?

4. അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളു. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത് . ഇത് ദാവീദ് എഴുതിയത് എന്ത് ഗീതമായിട്ടാണ്?

5. തന്റെ വഴി പഠിപ്പിച്ച് കൊടുക്കുന്നത് ആർക്കാണ്?

6. കണ്ണുകളെ പ്രകാശിപ്പിക്കുന്നത് എന്താണ്?

7. യഹോവയെ ത്യജിച്ച് നിന്ദിക്കുന്നതാരാണ്?

8. അവൻ ഒരു കുഴി കുഴിച്ചുണ്ടാക്കി കുഴിച്ച കുഴിയിൽ താൻ തന്നെ വീണു. ഇത് എഴുതിയത് ആര്? അതിന്റെ സാഹചര്യം എന്ത്?

9. തങ്ങൾ ഉണ്ടാക്കിയ കുഴിയിൽ താണ് പോയി. ആരാണ് താണു പോയത്?

10. യഹോവയുടെ കൺപോളകൾ ആരെയാണ് ശോധന ചെയ്യുന്നത്?

11. നിലത്തു ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധി ചെയ്ത വെള്ളി പോലെയുള്ളത് എന്താണ്?

12. യഹോവയുടെ സഖിത്വം ആർക്കാണ് ഉണ്ടാകുന്നത്. അവൻ അവരെ എന്താണ് അറിയിക്കുന്നത്?

13. ലെബനോനിലെ ദേവദാരുക്കളെ തകർക്കുന്നത് എന്താണ്?

14. യഹോവ പരിച കൊണ്ട് എന്ന പോലെ എന്തുകൊണ്ടാണ് മറെക്കുന്നത്?

15. യഹോവ ദാവിദിനെ സകല ശത്രുക്കളുടെ കയ്യിൽ നിന്ന് വിടുവിച്ച കാലത്തു പാടിയ സങ്കീർത്തനം ഏതാണ്? അതിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വാക്യം (വാചകം) മനഃപാഠം പഠിച്ചെഴുതുക. യഹോവ എന്റേതായുള്ള 7 കാര്യങ്ങൾ എഴുതുക.

✶✶✶

# 27

# സങ്കീർത്തനം 31–60

1. ഞാൻ .........ൽ ആശ്രയിക്കയില്ല........ എന്നെ രക്ഷിക്കയില്ല....... എന്നെ..... ൽ നിന്ന് രക്ഷിച്ചു. ഇത് എഴുതിയത് ആരാണ്?

2. ആരുടെ സഹായമാണ് വ്യർത്ഥം. ആരുടെ സഹായത്താൽ വീര്യം പ്രവർത്തിക്കാൻ സാധിക്കും. ഇത് എഴുതിയത് ആരാണ്? എഴുതുവാനുള്ള സാഹചര്യം എന്താണ്?

3. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ അവൻ എന്തായിത്തീരും?

4. ചട്ടങ്ങളെ അറിയിപ്പാനും ദൈവത്തിന്റെ വചനം വായിൽ എടുപ്പാനും ആർക്കാണ് കാര്യമില്ലാത്തത്? എന്നാൽ ദൈവത്തിന്റെ ജനം ദൈവത്തിന് എന്താണ് അർപ്പിക്കേണ്ടത്?

5. ഭാരം എവിടെയാണ് വെക്കേണ്ടത്? വെച്ചാൽ എന്ത് സംഭവിക്കും?

6. എന്റെ കണ്ണുനീർ എവിടെ സൂക്ഷിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്? ഇതു എഴുതുവാനുള്ള സാഹചര്യം എന്താണ്?
7. സങ്കീർത്തനക്കാരൻ പറയുന്നതു താൻ എപ്പോഴൊക്കെ പ്രാർത്ഥിക്കുമെന്നാണ്?
8. ദുഷ്ടൻ മുമ്പിൽ ഇരിക്കുമ്പോൾ എന്തു ചെയ്യുമെന്നാണ് ദാവീദ് പറഞ്ഞിരിക്കുന്നത്. എന്തിനാണ് അങ്ങനെ ചെയ്യുന്നത്?
9. എന്റെ ആത്മാവേ നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നത് എന്ത്? ഇതു ആരെഴുതിയ ധ്യാനമാണ്?
10. എന്റെ ആയുസ്സ് എത്ര  എന്നതു എന്നെ അറിയിക്കേണമേ എന്ന് പറഞ്ഞതാര്? എന്തിനാണ് അവൻ ആയുസ് എത്ര എന്നറിയുന്നത്?
11. എന്തിനാണ് എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കാലുകളെ ഇടർച്ചയിൽ നിന്നും വിടുവിച്ചത്? ഇതു എഴുതുവാനുള്ള സാഹചര്യം എന്ത്?
12. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമെ. ഇതു എഴുതിയതാര്? എഴുതുവാനുണ്ടായ സാഹചര്യം എന്ത്?
13. ആരാണ് ദുഷ്ടതയിൽ പ്രശംസിക്കുന്നത്. എന്നാൽ താൻ ദൈവത്തിന്റെ ആലയത്തിൽ എന്തായിരിക്കും. ഇതു എഴുതുവാനുണ്ടായ സാഹചര്യം എഴുതുക.
14. ആരാണ് യഥാർത്ഥ ഭാഗ്യവാൻ?
15. യഹോവയ്ക്കായി കാത്തിരുന്നാൽ അവൻ എന്ത് ചെയ്യും? 5 കാര്യങ്ങൾ എഴുതുക.

★★★

# 28

# സങ്കീർത്തനം 61–90

1. വിശ്വസ്തത എവിടെ നിന്നാണ് മുളയ്ക്കുന്നത്. നീതി എവിടെ നിന്നാണ് നോക്കുന്നത്?
2. ആരുടെ സന്തതിയാണ് ശാശ്വതമായിരിക്കുന്നത്. അവന്റെ സിംഹാസനം യഹോവയുടെ മുമ്പിൽ എങ്ങനെയിരിക്കും?

3. ആർക്കാണ് വേദന ഒട്ടുമില്ലാത്തത്? അവരുടെ അന്ത്യം എങ്ങനെയായിരിക്കും?
4. രാത്രിയാമങ്ങളിൽ യഹോവയെ ധ്യാനിക്കുമ്പോൾ എന്തു സംഭവിക്കും?
5. ജനത്തോട് എപ്പോഴൊക്കെ യഹോവയിൽ ആശ്രയിക്കാനാണ് പറഞ്ഞിരിക്കുന്നത്?
6. ഹൃദയത്തിൽ എന്തുണ്ടെങ്കിൽ കർത്താവ് കേൾക്കാതിരിക്കും?
7. അനാഥർക്ക് പിതാവും വിധവമാർക്ക് ന്യായപാലകനും ആര്?
8. എന്താണ് യഹോവയ്ക്ക് കാളയേക്കാളും കൊമ്പും കുളമ്പും ഉള്ള മൂരിയേക്കാളും പ്രസാദം?
9. കുരികിൽ ഒരു വീടും മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. അത് എവിടെയാണ്?
10. ആരാണ് വരണ്ട ദേശത്ത് പാർക്കുന്നത്?
11. ആരാണ് എപ്പോഴാണ് നമ്മുടെ ഭാരങ്ങൾ ചുമക്കുന്നത്?
12. നാളുകളെ എണ്ണുവാൻ എന്താണ് വേണ്ടത്?
13. ഏതിൽ നിന്നുള്ള നീക്ക്പോക്കാണ് യഹോവയ്ക്ക് ഉള്ളത്?
14. ആയുസ്സിന്റെ പ്രതാപം എന്താണ്? അത് എങ്ങനെയാണ് തീരുന്നത്?
15. എപ്പോൾ മുതലാണ് യഹോവ ദാവീദിന് ആശ്രയവും താങ്ങുമായിരിക്കുന്നത്?

★★★

# 29
# സങ്കീർത്തനം 91–118

1. ജ്ഞാനത്തിന്റെ ആരംഭം എന്താകുന്നു? അവയെ ആചരിക്കുന്നവന് എന്തുണ്ട്?
2. എന്റെ സ്നേഹത്തിനു പകരം അവർ വൈരം കാണിക്കുന്നു. എന്നാൽ ഞാൻ ചെയ്യും?
3. അവർക്കു മുമ്പായി അവൻ ഒരാളെ അയച്ചു. അയക്കപ്പെട്ട ആളുടെ പേരെന്ത്?

4. എങ്ങനെ വായ്പ കൊടുക്കുന്നവനാണ് ശുഭമായിരിക്കുന്നത്? അവൻ എന്ത് നേടും?
5. ഇതു യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു അത് എന്താണ്?
6. പന പോലെ തഴയ്ക്കുന്നത് ആര്?
7. സങ്കീർത്തനപ്രകാരം യഹോവ മേഘസ്തംഭത്തിൽ നിന്ന് സംസാരിച്ചത് ആരോടെല്ലാമാണ്?
8. ആരുടെ കൈയ്യാണ് ഉയർന്നിരിക്കുന്നതും വീര്യം പ്രവർത്തിക്കുന്നതും?
9. യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നത് ആർക്ക് ആരോടെന്ന പോലയാണ്? അതിനു കാരണം എന്ത്?
10. കാട്ടാടുകളുടെയും കുഴിമുയലുകളുടെയും സങ്കേത സ്ഥലം ഏതാണ്?
11. പല്ലു കടിച്ചു ഉരുകിപ്പോകുന്നതാര്? ആരുടെ ആശയാണ് നശിച്ചുപോകുന്നത്?
12. എന്നേക്കും ഓർമ്മയിൽ ഇരിക്കുന്നത് ആര്? ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നതാർക്ക്?
13. ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കുന്നതാര്?
14. ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം എവിടെയുണ്ട്?
15. അത്യുന്നതന്റെ മറവിൽ വസിക്കുന്നവനെ എന്തുകൊണ്ട് തൃപ്തി വരുത്തും. എന്ത് അവനെ കാണിച്ചു കൊടുക്കും?

✶✶✶

## 30
## സങ്കീർത്തനം 119–150

1. ആയിരമായിരം പൊൻ വെള്ളി നാണ്യത്തേക്കാൾ ഉത്തമമായത് എന്താണ്?
2. സകല ഗുരുക്കന്മാരിലും ബുദ്ധിമാനാക്കുന്നതും വയോധികന്മാരിലും വിവേകമേറിയവനാക്കുന്നതും എന്താണ്?

3. 119-ാം സങ്കീർത്തനം അനുസരിച്ചു വചനം, ന്യായപ്രമാണം മൂലമുണ്ടാകുന്ന, അല്ലെങ്കിൽ വചനം പ്രമാണിക്കുന്നവർക്ക് ഉണ്ടാകുന്ന 5 കാര്യങ്ങൾ എഴുതുക.

**സങ്കീർത്തനം 120-150**

4. 139-ാം സങ്കീർത്തനമനുസരിച്ച് നമ്മെ യഹോവ അറിയുന്ന 5 കാര്യങ്ങൾ എഴുതുക.
5. എന്റെ ആത്മാവ് എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ പാതയെ അറിയുന്നു. ഇങ്ങനെ ആരാണ് പ്രാർത്ഥിച്ചത്? ഇങ്ങനെ എഴുതുവാനുള്ള സാഹചര്യം എന്താണ്?
6. എന്റെ ഉള്ളിൽ ബലം നൽകി എന്നെ ധൈര്യപ്പെടുത്തിയിരിക്കുന്നു. അത് എപ്പോൾ?
7. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല. അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. എങ്ങനെ? ആർക്ക് മാത്രം? എന്ത്?
8. സർപ്പം പോലെ തങ്ങളുടെ നാവുകളെ കൂർപ്പിക്കുന്നതാര്?
9. കണ്ണുനീരോട് വിതയ്ക്കുന്നവർക്ക് എന്ത് ലഭിക്കും?
10. എന്ത് എണ്ണിയാൽ ആണ് മണലിനേക്കാൾ അധികം?
11. തമ്മിൽ ഇണങ്ങിയ നഗരമായി പണിതിരിക്കുന്നതെന്ത്?
12. കുലുങ്ങാതെ എന്നേയ്ക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയിരിക്കുന്നതാര്?
13. മനുഷ്യൻ എന്തിന് തുല്യമത്രേ?
14. യൗവ്വനത്തിലെ മക്കൾ എങ്ങനെയാകുന്നു? മക്കളെ ആരാണ് നൽകുന്നത്? എങ്ങനെയുള്ള പുരുഷനാണ് ഭാഗ്യവാൻ?
15. എല്ലാ വരികളും സ്തുതിപ്പിൻ എന്ന് അവസാനിപ്പിക്കുന്ന സങ്കീർത്തനം ഏത്? ജീവനുള്ളതൊക്കെയും എന്ത് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്?

★★★

# 31
# സദൃശവാക്യങ്ങൾ 1–15

1. പരിപാലനം ഇല്ലാത്തിടത്ത് എന്ത് സംഭവിക്കും? അതിനുള്ള ഉപാധിയെന്താണ്?
2. ആരാണ് വീടു പണിയുന്നത്? ആരാണ് പൊളിച്ചു കളയുന്നത്?
3. ഏതിന്റെ ഫലങ്ങളാൽ മനുഷ്യനു നന്മ അനുഭവിച്ചു തൃപ്ത രാകുവാൻ സാധിക്കും?
4. ആരാണ് ജ്ഞാനവും പ്രബോധനവും നിരസിക്കുന്നത്?
5. യഹോവയെ എങ്ങനെയാണ് ബഹുമാനിക്കേണ്ടത്?
6. പാതാളത്തിലേക്ക് ഓടുന്ന കാലുകൾ ഉള്ളത് ആർക്കാണ്?
7. വചനത്തെ/കല്പനയെ എന്തിനെപ്പോലയാണ് അന്വേഷിക്കു കയും തിരയുകയും ചെയ്യേണ്ടത്? അങ്ങനെ ചെയ്താൽ എന്തു ഗ്രഹിക്കാം, എന്തു കണ്ടെത്താം?
8. സകല സമ്പാദ്യത്താലും എന്താണ് നേടേണ്ടത്? അതു മുഖാന്തരം ലഭിക്കുന്ന നാല് കാര്യങ്ങൾ എഴുതുക.
9. മടിയനോട് ആരെനോക്കി ബുദ്ധി പഠിക്കാനാണ് പറഞ്ഞിരിക്കുന്നത്? അതിനു കാരണം എന്ത്?
10. യഹോവയ്ക്ക് വെറുപ്പായത് എന്ത്? അവന് പ്രിയമായത് എന്ത്?
11. ആരുടെ സംവത്സരങ്ങളാണ് കുറഞ്ഞുപോകുന്നത്? ആയുസിനെ ദീർഘമാക്കുന്നത് എന്താണ്?
12. എന്താണ് കോപത്തെ ശമിപ്പിക്കുന്നതും ജ്വലിപ്പിക്കുന്നതും?
13. അപ്പൻ ഇഷ്ടപുത്രനോട് ചെയ്യുന്നതുപോലെ യഹോവ താൻ സ്നേഹിക്കുന്നവനെ എന്തു ചെയ്യുന്നു?
14. ആരുടെ പ്രബോധനവും ആരുടെ ഉപദേശവും ആണ് കേൾക്കേണ്ടത്? അവ നിനക്ക് എങ്ങനെ ആയിരിക്കും?
15. അസ്ഥികൾക്ക് ദ്രവത്വം എന്ത്? ദേഹത്തിനു ജീവനും എന്ത്? ആർക്കാണ് ദൃഢ ധൈര്യം ഉള്ളത്?

★★★

# 32
# സദൃശവാക്യങ്ങൾ 16–31

1. മേൽക്കൂരയുടെ ഒരു കോണിൽ പാർക്കുന്നത് ഏതിനേക്കാൾ നല്ലതാണ്? അതുപോലെ സ്വസ്ഥതയോടു കൂടി ഒരു കഷണം ഉണങ്ങിയ അപ്പം എന്തിനേക്കാൾ നല്ലതാണ്?
2. മദ്യാസക്തി പ്രഭുക്കന്മാർക്ക് കൊള്ളരുത്. ഇത് ആർക്ക് ആരാണ് ഉപദേശിച്ചുകൊടുത്തത്?
3. ആരുടെ വിലയാണ് മുത്തുകളിലും ഏറിയത്?
4. നാശത്തിനും മാനത്തിനും മുമ്പെ എന്താണ്?
5. ആർക്കാണ് ആരേക്കാൾ പിന്നീട് പ്രീതി ലഭിക്കുന്നത്?
6. കോപശീലനോട് സഖിത്വമരുത്. ക്രോധമുള്ള മനുഷ്യനോട് കൂടെ നടക്കുകയും അരുത് . കാരണമെന്ത്?
7. ഞാൻ സകല മനുഷ്യരിലും മൃഗപ്രായനത്രെ. മനുഷ്യബുദ്ധി എനിക്കില്ല. ഇത് പറഞ്ഞത് ആരാണ്?
8. നമ്മുടെ ഉദ്ദേശങ്ങൾ സാധിക്കുവാൻ എന്ത് ചെയ്യേണം? അതുപോലെ ശത്രുക്കളെയും അവനോട് ഇണക്കുന്നത് എപ്പോൾ?
9. അമ്മയെ അനുസരിക്കാതിരിക്കുന്നവന് എന്ത് സംഭവിക്കും?
10. എന്താണ് മകന് ജ്ഞാനം നൽകുന്നത്? എന്താണ് ലജ്ജ വരുത്തുന്നത്?
11. യഹോവയ്ക്ക് വായ്പ കൊടുക്കുന്നവൻ ആരാണ്? രണ്ടു പേരെ യഹോവയ്ക്ക് വെറുപ്പ്. ആരെ ഒക്കെ?
12. എന്താണ് കണി ആകുന്നത്? ആരാണ് രക്ഷ പ്രാപിക്കുന്നത്?
13. ആത്മസംയമനം ഇല്ലാത്ത മനുഷ്യൻ ഏത് പോലെയാണ്?
14. അങ്ങനെ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും. എങ്ങനെ?
15. ഒരിക്കലും തൃപ്തി വരുന്നില്ല. ഏതിന് ഒക്കെയാണ്?

★★★

# 33
# സഭാപ്രസംഗി, ഉത്തമഗീതം

1. ആരുടെ വചനങ്ങളാണ് മുടിങ്കോൽ പോലെയും ആരുടെ വാക്കുകളാണ് തറച്ചിരിക്കുന്ന ആണികൾ പോലെയും ആകുന്നത്. അവ ആരാലാണ് നൽകപ്പെട്ടിരിക്കുന്നത്?
2. സ്വയം നശിപ്പിക്കുന്ന അധരമുള്ളവനാരാണ്? അവന്റെ വായിലെ വാക്കുകളുടെ ആരംഭവും അവന്റെ സംസാരത്തിന്റെ അവസാനവും എന്താണ്?
3. കുഴി കുഴിക്കുന്നവനും മതിൽ പൊളിക്കുന്നവനും എന്തു സംഭവിക്കും?
4. വസ്ത്രം എപ്പോഴും എങ്ങനെയുള്ളതും തലയിൽ എന്ത് കുറയാതിരിക്കുകയും വേണം?
5. ചത്ത ഈച്ച എന്തു ചെയ്യുന്നു?
6. ചത്ത സിംഹത്തേക്കാൾ നല്ലത് എന്താണ്?
7. ജ്ഞാനിയെ പൊട്ടനാക്കുന്നത് എന്ത്? ഹൃദയത്തെ കെടുത്തിക്കളയുന്നത് എന്താണ്?
8. സുഗന്ധ തൈലത്തേക്കാളും ഉത്തമമായത് എന്താണ്?
9. ആരുടെ ഹൃദയമാണ് കാലത്തെയും ന്യായത്തെയും വിവേചിക്കുന്നത്?
10. അതിവേഗത്തിൽ ഒന്നും പറയരുത്. ഇതിനുള്ള കാരണം എന്ത്?
11. എങ്ങനെയുള്ള ചരടാണ് വേഗത്തിൽ അറ്റുപോകയില്ല എന്നു പറയുന്നത്?
12. ഇഷ്ടമുള്ള വഴികളിലും ബോധിച്ച വണ്ണവും യൗവ്വനകാലത്തിൽ നടന്നാൽ ഒടുവിൽ എന്ത് സംഭവിക്കും? അതു കൊണ്ട് നാം എന്തൊക്കെ ചെയ്യണം?

**ഉത്തമഗീതം**

13. അമ്മയുടെ പുത്രന്മാർ കോപിച്ച് മുന്തിരിത്തോട്ടത്തിനു കാവലാക്കിയതാരെയാണ്?
14. അമ്മയ്ക്ക് ഏകപുത്രിയും തന്നെ പ്രസവിച്ചവൾക്ക് ഓമനയും ആകുന്നു. ആര്?

15. ശുലേമിയുടെ നോട്ടത്തിൽ തന്റെ പ്രിയനായ ഇടയൻ എത്ര പേരേക്കാൾ ശ്രേഷ്ഠനാണ്? അവന് മറ്റുള്ളവരേക്കാൾ എന്ത് സവിശേഷതയാണ് ഉള്ളത്?

★★★

# 34

# യെശയ്യാവ് 1–20

1. ഭാര്യയെ പ്രവാചകി എന്നു പറഞ്ഞ പ്രവാചകൻ ആര്? നഗ്ന നായും ചെരിപ്പിടാതെയും നടന്നതാര്? ആര് പറഞ്ഞിട്ടാണ് അങ്ങനെ ചെയ്തത്? എത്ര സംവത്സരം അങ്ങനെ ചെയ്തു?
2. ഒരു ശിശു ജനിച്ചിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന്റെ പേരുകൾ എഴുതുക.
3. യഹോവ ആരെയൊക്കെയാണ് വിശ്വസ്ത സാക്ഷികളാക്കി വെച്ചിരിക്കുന്നത്?
4. ഞാൻ ഭയപ്പെടാതെ ആശ്രയിക്കും. എന്തുകൊണ്ട്?
5. എന്തുപോലെ വിശുദ്ധ സന്തതി കുറ്റിയായി ശേഷിക്കും?
6. നീതിമാനും ദുഷ്ടനും എന്തു വരും? അവർ എന്ത് അനുഭ വിക്കും?
7. പ്രിയതമന് എന്തുണ്ടായിരുന്നു? അവൻ അതിൽ എന്തു കുഴി ച്ചിട്ടു? അവന് എന്ത് പ്രതിഫലം കിട്ടി?
8. സാറാഫുകൾ എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത്? സാറാ ഫുകൾ പറയുന്നതു കേട്ടപ്പോൾ യെശയ്യാവു പറയുന്നത് എന്താണ്? അപ്പോൾ സാറാഫുകളിൽ ഒരുത്തൻ എന്തു ചെയ്തു?
9. പാപങ്ങൾ എന്തൊക്കെപ്പോലെ ആയിരുന്നാലും എങ്ങനെ ആയിത്തീരും?
10. എവിടെ നിന്ന് ഉപദേശവും എവിടെ നിന്ന് വചനവും പുറ പ്പെടും?
11. ഏതിനാൽ സിംഹാസനം സ്ഥിരമായി വരും?

12. സൈന്യങ്ങളുടെ യഹോവ നമുക്ക് എന്ത് വെച്ചിരുന്നില്ലെങ്കിൽ നാം എന്തിന്റെ പോലെ, എന്തിന്റെ ഒക്കെ സാദൃശ്യമാകുമായിരുന്നു?
13. ആരാണ് ആകാശത്തു നിന്നും വീണത്? അവൻ ഹൃദയത്തിൽ പറഞ്ഞത് എന്താണ്?
14. നീതിപുരം എന്നും വിശ്വസ്ത നഗരം എന്നും വിളിക്കപ്പെടുന്ന നഗരം ഏത്?
15. കനാൻ ഭാഷ സംസാരിച്ചു യഹോവയോട് സത്യം ചെയ്യുന്ന പട്ടണങ്ങളിൽ ഒന്നിന്റെ പേര് ഈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്? ആ പട്ടണത്തിന്റെ പേരെന്ത്?

★★★

## 35
## യെശയ്യാവ് 21–40

1. ആരെയാണ് പൂർണ്ണസമാധാനത്തിൽ കാക്കുന്നത്. അതിന്റെ കാരണമെന്താണ്. എവിടെയാണ് ശാശ്വതമായ പാറയുള്ളത്?
2. മുഖം ചുമരിന്റെ നേരെ തിരിച്ചു യഹോവയോട് പ്രാർത്ഥിച്ചതാര്? അവന്റെ അടുത്തു വന്ന പ്രവാചകന്റെ പേര് എന്ത്?
3. കർത്താവ് എന്തെല്ലാം തന്നാലും, ഇനി ആരാണ് മറഞ്ഞിരിക്കയില്ലാത്തത്?
4. ആരുടെ ചീറ്റൽ ആണ് കൊടുങ്കാറ്റ് പോലെ അടിക്കുന്നത്? എന്നാൽ എളിയവനും ദരിദ്രനും അപ്പോൾ എങ്ങനെയായിരിക്കും?
5. എടോ യഹോവ നിന്നെ തൂക്കിയെടുത്തു ചുഴറ്റി എറിഞ്ഞുകളയും. ഇതു ആരോടാണ് പറഞ്ഞത്? അവനു പകരം ആരെ ആക്കും.
6. ഹിസ്ക്കിയാവ് ആർക്കാണ് തന്റെ നിക്ഷേപങ്ങൾ കാണിച്ചു കൊടുത്തത്. എന്തെല്ലാമാണ് കാണിച്ചുകൊടുത്തത്?
7. യഹോവയെ കാത്തിരിക്കുന്നവർ എങ്ങനെ ആയിരിക്കും?

8. വെള്ളം, ആകാശം, പൊടി, പർവ്വതങ്ങൾ, കുന്നുകൾ, ജാതികൾ ഇവ ദൈവത്തിനു എങ്ങനെ തോന്നുന്നു?
9. നിങ്ങൾ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ പുറകിൽ നിന്നും എന്തു കേൾക്കും?
10. യഹോവ തന്റെ ജനത്തിന്റെ മുറിവ് കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കുകയും ചെയ്യുന്ന നാൾ എങ്ങനെ ആയിരിക്കും?
11. ഒരു ഇടയനെപ്പോലെ കർത്താവ് എന്താണ് ചെയ്യുന്നത്? അവന്റെ പക്കലും കൈയ്യിലും ഉള്ളത് എന്താണ്?
12. ദാവീദ് ഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വയ്ക്കും. ആരുടെ? അവൻ തന്റെ പിതൃഭവനത്തിന് എന്തായിരിക്കും?
13. സൻഹേരിബ് എന്തു ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അവനെ കൊന്നത്? ആരാണ് കൊന്നത്? അവരുടെ പേര് പറയുക. അവർ എങ്ങോട്ടാണ് ഓടിപ്പോയത്?
14. സേയീരിൽ നിന്ന് ഒരുത്തൻ എന്താണ് വിളിച്ചു ചോദിക്കുന്നത്. അതിന്റെ മറുപടി എന്തായിരുന്നു?
15. യഹോവ കടുപ്പവും വലുപ്പവും ബലവുമുള്ള തന്റെ വാൾ കൊണ്ട് എന്തിനെ സന്ദർശിക്കും. അതിന് എന്തു ചെയ്യും?

★★★

## 36
## യെശയ്യാവ് 41–66

1. ആർക്കാണ് സമാധാനമില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നത്?
2. അവന്റെ രൂപവും ആകൃതിയും കാണാൻ എങ്ങനെയാണ്?
3. എങ്ങോട്ടാണ് നാം തിരിഞ്ഞുനോക്കേണ്ടത്?
4. എന്റെ ഇടയൻ എന്ന് യഹോവ പറഞ്ഞ ജാതീയ രാജാവാര്?
5. 53-ാം അദ്ധ്യായത്തിൽ അവൻ അനുഭവിച്ച 4 കാര്യങ്ങൾ എഴുതുക.

6. എപ്പോഴാണ് യഹോവയെ അന്വേഷിക്കേണ്ടതും വിളിക്കേണ്ടതും?
7. ആരുടെ കൈയ്യാണ് സ്വർഗ്ഗവും ഭൂമിയും ഉണ്ടാക്കിയത്? സ്വർഗ്ഗവും ഭൂമിയും യഹോവയുടെ എന്താകുന്നു?
8. ആര് മറന്ന് കളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല. കാരണം എന്താണ്?
9. പർവ്വതങ്ങളിൽ മനോഹരം എന്താണ്? അവൻ എന്താണ് ചെയ്യുന്നത്?
10. അവരിൽ രക്ഷിക്കപ്പെട്ടവരെ രണ്ട് വില്ലാളികളുടെ അടുക്കൽ അയക്കും. രണ്ട് വില്ലാളികൾ ആരാണ്?
11. ദീർഘകായകന്മാരായ വംശം ഏത്?
12. ഞാൻ തിരഞ്ഞെടുത്ത യെശൂരൂനേ എന്ന് പറഞ്ഞതാരെക്കുറിച്ച്? അവന് വേണ്ടി യഹോവ എന്താണ് ചെയ്തത്? 4 കാര്യങ്ങൾ എഴുതുക.
13. ആരോടാണ് യഹോവയുടെ വാക്ക് കേൾക്കുവാൻ പറഞ്ഞത്? അവർ എങ്ങോട്ടാണ്, ആരിലേക്കാണ് തിരിഞ്ഞുനോക്കേണ്ടത്?
14. ആരോടാണ് ഉണരുവാൻ പറഞ്ഞിരിക്കുന്നത്? ഉണർന്നിട്ട് എന്ത് ധരിക്കേണം?
15. തങ്ങളെത്തന്നെ വിശുദ്ധനഗരം എന്ന് വിളിച്ച് യിസ്രായേലിന്റെ ദൈവത്തിൽ ആശ്രയിക്കുന്നതാര്? അതേ സമയം അവർ ഗർഭം മുതൽ ആരാണ്?

★★★

# 37
# യിരെമ്യാവ് 1–17

1. നിങ്ങൾക്ക് തോന്നുന്നുവോ, അതു എനിക്കും അങ്ങനെ തന്നെ തോന്നുന്നു എന്നു യഹോവയുടെ അരുളപ്പാട്. എന്താണ് തോന്നുന്നത്? എങ്ങനെയാണ് തോന്നുന്നത്?
2. എവിടെ തീക്കുറി ഉയർത്തുവാനാണ് പ്രവാചകൻ ബെന്യാമീൻ മക്കളോട് പറയുന്നത്?
3. എന്നാൽ നിങ്ങളുടെ മനസ്സിനു വിശ്രമം ലഭിക്കും. എങ്ങനെ? എന്നാൽ അവർ എന്തു ചെയ്തു? അതുകൊണ്ട് യഹോവ എന്തു വരുത്തും?
4. യഹോവയ്ക്കു കോപം വരത്തക്കവണ്ണം മക്കളും അപ്പനും സ്ത്രീകളും ചെയ്യുന്നത് എന്താണ്? എന്തിനാണ് ചെയ്യുന്നത്?
5. എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത് എന്താണ്?
6. താനിടാത്ത മുട്ടയെ പൊരുന്നിരിക്കുന്ന പക്ഷി ഏത്? അത് ആരെപ്പോലെയാണ്? അവന് എന്ത് സംഭവിക്കും?
7. യഹോവയുടെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ച പ്രവാചകനാര്? അവനു എന്തു കിട്ടി?
8. യിരെമ്യാവ് ആരായിരുന്നു? ആരുടെ കാലത്താണ് അരുളപ്പാടുണ്ടായത്? യിരെമ്യാവിനെ ദൈവം വിളിച്ചപ്പോൾ യിരെമ്യാവ് പറഞ്ഞത് എന്താണ്? ദൈവം അവനോട് പറഞ്ഞത് എന്ത്?
9. വിശിഷ്ട മുന്തിരി വള്ളിയുടെ തൈ നട്ടിട്ട് എന്തു ലഭിച്ചു?
10. എന്തിനു വേണ്ടിയാണ് യഹോവ അവരുടെ ഇടയിൽ യിരെമ്യാവിനെ ആക്കിവെച്ചിരിക്കുന്നത്?
11. കറക്കൻ വെള്ളി എന്നു പേരാകും. എന്തുകൊണ്ട്?
12. എന്തു കാരണം കൊണ്ടാണ് യിരെമ്യാവ് പ്രവാചകൻ രാവും പകലും കരയേണ്ടത്? അതിനു പ്രവാചകൻ എങ്ങനെയായിരുന്നു എങ്കിൽ കൊള്ളായിരുന്നു?

13. എന്തിനു വേണ്ടിയാണ് അവർ ബെൻഹിന്നോം താഴ്‌വരയിലുള്ള തോഫെത്തിലെ പൂജാഗിരികളെ പണിതത്? അതുകൊണ്ട് അതിന്റെ പേര് എന്തായിരിക്കും?

14. ഇവ മാറിപ്പോകുവാൻ നിങ്ങളുടെ അകൃത്യങ്ങളത്രേ കാരണം. നിങ്ങളുടെ പാപങ്ങളാൽ ഈ നന്മയ്ക്ക് മുടക്കം വന്നിരിക്കുന്നു. എന്ത് മാറിപ്പോകുവാൻ? കാരണം എന്ത്?

15. യെരുശലേമിൽ ചുറ്റി നടന്ന് എങ്ങനെയുള്ള ഒരു വ്യക്തിയെ അന്വേഷിക്കാനാണ് പറഞ്ഞിരിക്കുന്നത്. കണ്ടു എങ്കിൽ യഹോവ എന്തു ചെയ്യും?

★★★

## 38
## യിരെമ്യാവ് 18–35

1. കളിമണ്ണ് കുശവന്റെ കൈയ്യിൽ ഇരിക്കുന്നതുപോല യഹോവയുടെ കയ്യിൽ ഇരിക്കുന്നതാര്?

2. ആരോടാണ്, ആരുടെ കൈയ്യിൽ നിന്നാണ് മൺകുടം വിലയ്ക്കു വാങ്ങാൻ പറഞ്ഞത്? ആ കുടം എന്തു ചെയ്യണം. ആ സ്ഥലത്തിനു എന്തു പേരാകും?

3. എന്റെ ദാസൻ എന്നു യഹോവ വിശേഷിപ്പിച്ച ബാബേൽ രാജാവ് ആര്? യെഹൂദ ജനത എത്ര വർഷം ബാബേലിനെ സേവിക്കും?

4. എന്തുകൊണ്ടാണ് യിരെമ്യാവിനെ ഉപദ്രവിക്കുന്നവർ ഇടറി വീഴുന്നത്?

5. യഹോവ ദയ കാണിക്കുന്നതിനു പരിധി എത്ര?

6. യഹോവ മുഖാന്തരം യിരെമ്യാവ് രേഖാബ്യഗൃഹത്തിനു കൊടുത്ത അനുഗ്രഹം എന്ത്?

7. രേഖാബ്യഗൃഹക്കാരുടെ മുമ്പിൽ എന്താണ് വെച്ചത്? എന്തു ചെയ്തു? അവരുടെ പിതാവിന്റെ പേര്? പിതാവ് എന്തൊക്കെ കൽപിച്ചു? അവർ അതു ചെയ്തുവോ?

8. ആരാണ് യിരെമ്യാ പ്രവാചകനെ അടിച്ചത്. യഹോവ അവന് എന്തു പേരാണ് വിളിച്ചിരിക്കുന്നത്?
9. ഇതാ ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു. യഹോവ പറഞ്ഞ ജീവന്റെ വഴി ഏത്? മരണത്തിന്റെ വഴി ഏത്?
10. യഹോവ ദാവീദിന് ആരെയാണ് ഉത്ഭവിപ്പിക്കുന്നത്. അവൻ എന്തു ചെയ്യും?
11. ഒരു പോലെ വഷളന്മാരായിരിക്കുന്ന 2 കൂട്ടർ ആരെല്ലാം?
12. സീയോനെ വയൽ പോലെ ഉഴുതു കളയും എന്ന് ഹിസ്കിയാവിന്റെ കാലത്ത് പ്രവചിച്ചത് ആര്? അവർ എന്തു ചെയ്തു?
13. യിരെമ്യാവിന്റെ കഴുത്തിൽ നിന്ന് നുകം ഒടിച്ചു കളഞ്ഞത് ആര്? അവന് എന്തു സംഭവിച്ചു?
14. ആരുടെ കൈവശമാണ് യിരെമ്യാവ് ലേഖനം കൊടുത്തയച്ചത്?
15. വാളിനു തെറ്റി ശേഷിച്ച ജനം മരുഭൂമിയിൽ എന്ത് കണ്ടെത്തി? എന്തുകൊണ്ടാണ് ദയ ദീർഘമാക്കിയിരിക്കുന്നത്?

★★★

## 39
## യിരെമ്യാവ് 36–52

1. മൊവാബ് നിവാസികൾക്ക് എന്തു സംഭവിക്കും?
2. യെരുശലേം പിടിക്കപ്പെട്ടപ്പോൾ അവിടെയുണ്ടായിരുന്ന രണ്ടാം പുരോഹിതൻ ആരായിരുന്നു?
3. മെതിക്കാലത്തെ മെതിക്കളം പോലെയായിരിക്കുന്നത് ആര്? ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ട് എന്തു വരും?
4. എവിടെ നിന്നു താഴെ ഇറങ്ങുമാറാക്കും? എന്നാണ് യഹോവയുടെ അരുളപ്പാട്? ആരെയാണ്?
5. മിസ്പയിൽ വെച്ച് ഗെദല്യാവോട് രഹസ്യമായി സംസാരിച്ചവൻ ആര്? ഗെദല്യാവിനെ കൊന്നത് ആര്?

6. നെബുഖദ്നേസറിന്റെ കാലത്ത് പ്രവാസത്തിലേക്കുപോയ യെഹൂദന്മാർ എത്ര?

7. ഒരു പ്രവാചകനെ യഹോവ ഒളിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ആരെ?

8. കണ്ണുപൊട്ടിച്ച് ,ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനാര്?

9. യിരെമ്യാവിനെ കുഴിയിൽ ഇട്ടെന്ന് ആരാണ് അറിഞ്ഞത്? അവൻ എന്തു ചെയ്തു?

10. പുസ്തക ചുരുൾ വാങ്ങിച്ചു എന്തു എഴുതുവാനാണ് യിരെമ്യാവിനോട് യഹോവ പറഞ്ഞത്?

11. പ്രവാചകനോടു രഹസ്യമായി സത്യം ചെയ്തത് ആരാണ്?

12. യിരെമ്യാവിന്റെ ചങ്ങല അഴിച്ച് അവനു വഴിച്ചെലവും സമ്മാനവും കൊടുത്തത് ആര്?

13. ചുരുൾ കിട്ടിയപ്പോൾ രാജാവ് എന്തു ചെയ്തു? പിന്നീട് യിരെമ്യാവ് എന്തു ചെയ്തു? ആരെക്കൊണ്ടാണ് അതു എഴുതിച്ചത്?

14. നീ പോകുന്ന എല്ലാ ഇടത്തും ഞാൻ നിന്റെ ജീവനെ നിനക്ക് കൊള്ള പോലെ തരും എന്നു യഹോവ അരുളിച്ചെയ്തത് ആരെക്കുറിച്ചാണ്?

15. നെബുസർ- അദാൻ എന്തെല്ലാമാണ് ചുട്ടുകളഞ്ഞത്?

★★★

## 40
## വിലാപങ്ങൾ 1–5

1. ആർക്കാണ് യഹോവ നല്ലവൻ? എന്തിനുവേണ്ടി എങ്ങനെയാണ് കാത്തിരിക്കേണ്ടത്?

2. കഠിനപാപം ചെയ്തതുകൊണ്ട് മലിനയായവൾ ആര്?

3. ആരുടെ വാതിലുകളാണ് മണ്ണിൽ പൂണ്ടുപോയത്?

4. അപ്പം തിന്ന് തൃപ്തരാകേണ്ടതിനു അവർ ആർക്കാണ് കീഴടങ്ങിയിരിക്കുന്നത്?

5. യഹോവ സദാകാലം മറക്കാതെ, ദീർഘകാലം ഉപേക്ഷിക്കാതെ ഇരിപ്പാൻ എന്ത് ചെയ്യേണം?
6. കർത്താവ് കരുണ കാണിക്കാതെ നശിപ്പിച്ചിരിക്കുന്നത് ആരുടെ മേച്ചിൽപ്പുറങ്ങളാണ്?
7. തങ്കത്തോട് തുല്യരായിരുന്ന വിശിഷ്ട പുത്രന്മാർ ഉണ്ടായിരുന്നത് ആർക്കാണ്? ഇപ്പോൾ അവർ എങ്ങനെ ആയിരിക്കുന്നു?
8. എന്തിനെക്കുറിച്ചാണ് നെടുവീർപ്പിടേണ്ടത്? അതു കഴിഞ്ഞ് എന്തു ചെയ്യേണം? എന്താണ് ദൈവത്തിങ്കലേക്ക് ഉയർത്തേണ്ടത്?
9. കൈ തൊടാതെ പെട്ടെന്നു മറഞ്ഞുപോയ പട്ടണം ഏത്?
10. ആരാണ്? ആരെപ്പോലെയാണ് ക്രൂരയായിത്തീർന്നിരിക്കുന്നത്? അതുകൊണ്ട് മുലകുടിക്കുന്ന കുഞ്ഞിനും പൈതങ്ങൾക്കും എന്തു സംഭവിച്ചു?
11. യഹോവയുടെ ജനത്തിന്റെ പുത്രിയുടെ പ്രഭുക്കന്മാർ എങ്ങനെ ആയിരുന്നു? ഇപ്പോൾ അവർ എങ്ങനെയാണ്? അതിനു കാരണം എന്ത്?
12. നാം മുടിഞ്ഞുപോകാതിരിക്കുന്നതിന്റെ കാരണം എന്താണ്? അവന്റെ കരുണ എങ്ങനെയുള്ളതാണ്?
13. എന്തിനു വേണ്ടി ആർക്കുവേണ്ടിയാണ് അവർ കാവൽ മാളികകളിൽ കാത്തിരിക്കുന്നത്?
14. സൗന്ദര്യപൂർത്തി എന്നും സർവ്വമഹീതലമോദം എന്നും വിളിച്ചുവന്ന നഗരം ഏത്? ഇപ്പോൾ അതിനു എന്തു സംഭവിച്ചു?
15. നഗരത്തിൽ വെച്ച് പ്രാണനെ വിട്ടത് ആരൊക്കെയാണ്? എന്തിനു വേണ്ടിയാണ് അവർ നഗരത്തിൽ നടന്നത്?

★★★

# 41
# യെഹസ്ക്കേൽ 1–16

1. യഹോവയുടെ നാളിൽ യുദ്ധത്തിൽ ഉറച്ചു നിൽക്കേണ്ടതിനു നിങ്ങൾ എന്തു ചെയ്തിട്ടില്ല. ആർക്കാണ് അയ്യോ കഷ്ടം, അവർ ശൂന്യപ്രദേശത്തെ ആരെപ്പോലെ ആയിരിക്കുന്നു?
2. യഹോവയിൽ നിന്നു അരുളപ്പാട് ലഭിച്ചതിനാൽ വീട്ടിനകത്ത് കതകടച്ചു പാർത്ത വ്യക്തി ആര്?
3. യെഹസ്ക്കേൽ ആരുടെ ഇടയിലാണ് പാർത്തത്. അവർ എങ്ങനെയുള്ളവരായിരുന്നു?
4. മുന്തിരിവള്ളികൊണ്ട് ഒരു ആണി ഉണ്ടാക്കാമോ? ഇതു ആര് ആരോട് ചോദിച്ചു?
5. പ്രവാസത്തിലായിരുന്നവർക്ക് ഏതു പ്രവാചകനെ യഹോവ എന്താക്കി? അതിന് പ്രവാചകനോട് എന്ത് ഒരുക്കി പകൽ സമയത്ത് പുറപ്പെടാനാണ് പറഞ്ഞത്?
6. യെഹസ്ക്കേൽ പ്രവചിച്ചുകൊണ്ടിരുന്നപ്പോൾ ആരാണ് മരിച്ചത്. അപ്പോൾ പ്രവാചകൻ എന്തു ചെയ്തു?
7. കെരൂബുകളുടെ തലയ്ക്ക് മീതെയുള്ള വിതാനത്തിൽ യെഹസ്ക്കേൽ എന്താണ് കണ്ടത്?
8. പ്രവാചകനും പുരോഹിതനുമായവൻ ആര്?
9. ആറ് പുരുഷന്മാരുടെ നടുവിൽ ആരെയാണ് കണ്ടത്? അവന്റെ കൈയ്യിൽ എന്തുണ്ടായിരുന്നു. അവനോട് നഗരത്തിൽ ചെന്ന് എന്ത് ചെയ്യുവാനാണ് പറഞ്ഞത്?
10. പ്രവാസികളുടെ മദ്ധ്യേ യെഹസ്ക്കേൽ പാർത്തത് എവിടെ? എത്ര ദിവസം?
11. ആത്മാവിനാൽ എടുക്കപ്പെട്ട പ്രവാചകനാര്?
12. യഹോവയുടെ ആലയത്തിൽ വടക്കോട്ടുള്ള വാതിലിൽ പ്രവേശനത്തിൽ ആര്, എന്ത് ചെയ്യുന്നതായാണ് കണ്ടത്?
13. ഏഴ് ദിവസം സ്തംഭിച്ച് പാർത്തതിനു ശേഷം യഹോവ എന്താണ് പറഞ്ഞത്? എന്തു ചെയ്യുവാനാണ് പറഞ്ഞത്?

14. ശണവസ്ത്രം ധരിച്ച പുരുഷനോട് ചക്രങ്ങളുടെ നടുവിൽ നിന്ന് എന്ത് എടുക്കുവാനാണ് പറഞ്ഞത്. അത് എടുത്തിട്ട് എന്തു ചെയ്യണം?

15. എന്തൊക്കെ സംഭവിച്ചാലും അവരുടെ വാക്ക് കേൾക്കരുത്. കാരണം എന്താണ്?

★★★

## 42
## യെഹസ്ക്കേൽ 17–32

1. പാപം ചെയ്യുന്ന ദേഹി മരിക്കും എന്ന് എഴുതിയിരിക്കുന്നത് എവിടെയൊക്കെ?

2. ആരാണ് നിശ്ചയമായി ജീവിച്ചിരിക്കുന്നത്? അവൻ എങ്ങനെ ഒക്കെ നടക്കണം?

3. ആര് ആരുടെ അകൃത്യം വഹിക്കേണ്ട. പിന്നെ എന്ത് അവന്റെ മേൽ ഇരിക്കും?

4. ആരാണ്, എന്താണ് കച്ചവടക്കാരുടെ പട്ടണത്തിൽ നട്ടത്? പിന്നെ അവൻ ദേശത്തിലെ തൈകളിൽ നിന്ന് ഒന്നെടുത്ത് എവിടെയാണ് നട്ടത്?

5. യഹോവ ഒട്ടകങ്ങൾക്ക് കിടപ്പാടമാക്കുന്നതാരെ?

6. നീ ധൈര്യത്തോടെ നിൽക്കുമോ? എപ്പോൾ? എന്തു ബലപ്പെട്ടിരിക്കുമോ?

7. ദൈവം അവരുടെ ഇടയിൽ എന്ത് അന്വേഷിച്ചു. എന്തിനു വേണ്ടിയാണ് അന്വേഷിച്ചത്. എന്നിട്ട് കണ്ടെത്തിയോ?

8. നടു ഒടികെ എന്തു ചെയ്യണം? എന്ത് കൊണ്ടാണ്? അത് സംഭവിക്കുമ്പോൾ എന്ത് ഉണ്ടാകും?

9. എന്താണ് എനിക്കും നിങ്ങൾക്കും മധ്യേ അടയാളമായിരിക്കട്ടെ എന്ന് പറഞ്ഞത്? ആരോടാണ് യഹോവ ഇത് പറഞ്ഞത്?

10. ഏതു തീയതി എഴുതിവെയ്ക്കാൻ ആര്, ആരോടാണ് പറഞ്ഞത്? ആ തീയതിയിൽ എന്ത് സംഭവിക്കും?

11. ആരാണ് ജാതികളിൽ ബാലസിംഹമായിരുന്നവൾ. അവൾക്ക് എന്ത് ഭവിച്ചു? അവൾ എന്ത് പോലെ ആയിരുന്നു?
12. സോർ രാജാവ് എങ്ങനെ ആയിരുന്നു. അവന് എന്തു സംഭവിച്ചു? കാരണം എന്ത്?
13. യഹോവ യിസ്രായേൽ ഗൃഹത്തോട് എന്ത് ചെയ്യും? ജാതികൾ കാൺകെ എന്തു ചെയ്യും? അപ്പോൾ അവർ എവിടെ പാർക്കും?
14. ആരൊക്കെയാണ് നന്നായി എന്ന് പറഞ്ഞത്? ആർക്ക് എന്തു ഭവിച്ചപ്പോഴാണ് അവർ അങ്ങനെ പറഞ്ഞത്?
15. യെരുശലേമിലെ പ്രവാചകൻ എങ്ങനെയുള്ളവൻ ആയിരുന്നു?

★★★

# 43
# യെഹസ്കേൽ 33–40

1. യെഹസ്കേൽ ദർശനത്തിൽ കണ്ട കല്ത്തളത്തിങ്കൽ എത്ര മണ്ഡപം ഉണ്ടായിരുന്നു?
2. ദർശനത്തിൽ അസ്ഥികളോട് പ്രവചിച്ചവൻ ആര്?
3. രോശ്, മേശെക്ക്, തൂബൽ എന്നിവയുടെ പ്രഭു ആര്?
4. ഹാമോൻ ഗോഗ് ന്റെ അർത്ഥമെന്താണ്? ഇത് എന്തിനായാണ് ഉപയോഗിക്കുന്നത്?
5. എന്നെ വെള്ളത്തിൽക്കൂടെ കടക്കുമാറാക്കി. ആരെ, ആരാണ്? അവന്റെ കൈയ്യിൽ എന്തുണ്ടായിരുന്നു?
6. യഹോവ നിർമ്മല ജലം തളിക്കുമ്പോൾ അവർക്ക് എന്തു സംഭവിക്കും?
7. അസ്ഥികളോട് പ്രവചിച്ചപ്പോൾ എന്ത് സംഭവിച്ചു?
8. കാവൽക്കാരന്റെ ഒരു ചുമതല എഴുതുക?
9. എങ്ങനെയുള്ള ഇടയന്മാർക്കാണ് അയ്യോ കഷ്ടം?
10. ആടുകൾ എന്തുകൊണ്ടാണ് ഇടറിപ്പോയത്? ആടുകൾക്ക് എന്തു സംഭവിച്ചു?

11. എന്റെ നിവാസം അവരോട് കൂടെ ഉണ്ടാകും. അപ്പോൾ എന്തു സംഭവിക്കും?
12. അവർ ജീവിക്കും എന്തുകൊണ്ട്? അവർ അതിനാൽ തന്നെ മരിക്കും. ഏതിനാൽ?
13. ഞാൻ ഒരു ഇടയനെ അവയ്ക്കായി നിയമിക്കും. ആരെയാണ്. അവൻ എന്തു ചെയ്യും?

★★★

## 44
## ദാനിയേൽ 1–6

1. ദാനിയേൽ എത്ര പ്രാവശ്യം എങ്ങനെ ദൈവത്തോടു പ്രാർത്ഥിച്ചു. അതിന്റെ പേരിൽ ആര്, അവനെ എന്തു ചെയ്തു?
2. ആരാണ് ദാനിയേലിനെ സിംഹത്തിന്റെ കുഴിയിൽ ഇട്ടതിനു ശേഷം ഉപവസിച്ചത്. അതിരാവിലെ സിംഹക്കുഴിയുടെ കവാടത്തിങ്കൽ ചെന്ന് രാജാവ് ദാനിയേലിനോട് എന്താണ് സംസാരിച്ചത്?
3. ദാനിയേലിനെ കുറ്റം ചുമത്തിയവർക്ക് എന്ത് സംഭവിച്ചു?
4. കൈപ്പത്തി ചുവരിൽ എന്താണ് എഴുതിയത്? അതിന്റെ അർത്ഥം എന്താണ്. അർത്ഥം പറഞ്ഞത് ആരാണ്? അവനെ ബെൽശ്ശസർ രാജാവ് എന്തു ചെയ്തു?
5. യെരുശലേം ദേവാലയത്തിൽ നിന്നും നെബുഖദ്നേസർ രാജാവ് എടുത്തുകൊണ്ടുപോയ പാത്രങ്ങൾ താൻ എവിടെ വെച്ചു?
6. ദാനിയേൽ എന്താണ് ഹൃദയത്തിൽ തീരുമാനിച്ചത്?
7. 10 ദിവസം പരീക്ഷിക്കപ്പെട്ടവർ ആരെല്ലാം. അവരുടെ ഭക്ഷണം എന്തായിരുന്നു?
8. വിചാരങ്ങളാൽ പരവശനായ വ്യക്തി ആര്?
9. പക്ഷിയുടെ നഖംപോലെ നഖങ്ങൾ ഉണ്ടായത് ആർക്ക്? അദ്ദേഹം എന്തിനെപ്പോലെ എന്ത് തിന്നു?

10. ബാബേലിലെ രാജമന്ദിരത്തിൽ ഉലാവിക്കൊണ്ടിരുന്നപ്പോൾ നെബുഖദ്നേസർ രാജാവ് എന്താണ് പറഞ്ഞത്?

11. ദൈവത്തിന്റെ പ്രവൃത്തിയും വഴിയും എങ്ങനെ ഉള്ളതാണ്? അവൻ ആരെ താഴ്ത്തും എന്നാണ് നെബുഖദ്നേസർ രാജാവ് പറഞ്ഞത്?

12. ആയിരം പേർക്ക് വിരുന്ന് കഴിച്ചത് ആരാണ്? അവൻ വീഞ്ഞു കുടിച്ചു രസിച്ചിരുന്നപ്പോൾ ഏത് പാത്രങ്ങളാണ് കൊണ്ടുവരുവാൻ പറഞ്ഞത്. ആ പാത്രങ്ങളിൽ ആരാണ് കുടിച്ചത്?

13. ആരാണ് ബിംബം ഉണ്ടാക്കിയത്? എന്തുകൊണ്ടുള്ള ബിംബമാണ് ഉണ്ടാക്കിയത്? അതിനെ എവിടെയാണ് നിർത്തിയത്?

14. ബിംബത്തെ നമസ്ക്കരിക്കാതിരുന്നവർ ആരെല്ലാം? അവർ രാജാവിനോട് എന്താണ് പറഞ്ഞത്?

15. എന്തുകൊണ്ടാണ് നെബുഖദ്നേസർ രാജാവിന്റെ മനസ്സ് വ്യാകുലപ്പെട്ടിരുന്നത്?

★★★

## 45
## ദാനിയേൽ 7–12

1. സ്വജാതിക്കാർക്ക് തുണനില്ക്കുന്നവൻ ആര്? അവൻ എഴുന്നേൽക്കുമ്പോൾ എന്തുണ്ടാകും? അന്ന് ആർ രക്ഷ പ്രാപിക്കും?

2. നക്ഷത്രങ്ങളെപ്പോലെ എന്നേക്കും പ്രകാശിക്കുന്നത് ആര്?

3. ആരാണ് ഭാഗ്യവാൻ? ദാനിയേലിനോട് എന്ത് ചെയ്യുവാനാണ് പറഞ്ഞത്? ദാനിയേൽ എന്തിനായി എഴുന്നേറ്റുവരും?

4. നിയമിക്കപ്പെട്ട കാലത്തു അവൻ വന്ന് എന്തു ചെയ്യും? അവന്റെ സൈന്യം എന്തു ചെയ്യും? എന്നാൽ ആർ വീര്യം പ്രവർത്തിക്കും?

5. വയോധികനായ ഒരുത്തൻ വന്നു. അവന്റെ വസ്ത്രവും സിംഹാസനവും എങ്ങനെയായിരുന്നു?

6. വയോധികന്റെ മുമ്പിൽ നിന്ന് എന്തു പുറപ്പെട്ടു. ആര് ഇരുന്നു? എന്തു തുറന്നു?

7. ചണവസ്ത്രം ധരിച്ചവനെ ആരാണ് എത്ര ദിവസം എതിർത്തു നിന്നത്? എങ്കിലും അവനെ ആരാണ് സഹായിപ്പാൻ വന്നത്?

8. രാത്രിദർശനങ്ങളിൽ ആര് വയോധികന്റെ അടുക്കൽ വരുന്നതായാണ് ദാനിയേൽ കണ്ടത്? അവന്റെ ആധിപത്യവും രാജത്വവും എങ്ങനെയുള്ളതായിരുന്നു?

9. ഒരു പുരുഷരൂപം ആരോട് ആർക്ക് എന്തു ഗ്രഹിപ്പിച്ചുകൊടുക്കാനാണ് പറഞ്ഞത്?

10. ഒരു മനുഷ്യന്റെ ശബ്ദം കേട്ടപ്പോൾ ദാനിയേൽ എന്തു ചെയ്തു? അവൻ എന്തു പറഞ്ഞു. അപ്പോൾ ദാനിയേലിന് എന്തു സംഭവിച്ചു?

11. യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപതു സംവത്സരം കൊണ്ട് തീരും എന്നു കാലസംഖ്യ പുസ്തകത്തിൽ നിന്ന് ഗ്രഹിച്ചപ്പോൾ ദാനിയേൽ എന്തു ചെയ്തു?

12. കർത്താവേ ഞങ്ങൾ എന്തു ചെയ്തു എന്നാണ് ദാനിയേൽ പ്രാർത്ഥിച്ചത്?

13. ദാനിയേൽ ബോധം കെട്ട് വീണപ്പോൾ എന്താണ് അവനെ തൊട്ടത്. എന്നിട്ട് എന്താണ് പറഞ്ഞത്?

14. എന്തുകൊണ്ടാണ്, എപ്പോഴാണ് ദൈവം ദാനിയേലിന്റെ വാക്ക് കേട്ടത്? ആരാണ് ദാനിയേലിനോട് അറിയിപ്പാൻ വന്നത്?

15. മനുഷ്യ സാദൃശ്യത്തിലുള്ളവൻ വന്ന് തൊട്ട് ബലപ്പെടുത്തിയിട്ട് എന്തു പറഞ്ഞു? അപ്പോൾ ദാനിയേൽ എന്തു പറഞ്ഞു?

★★★

# 46

## ഹോശയ

1. യിസ്രായേൽ എന്താകുന്നു? തന്റെ ഫലത്തിന്റെ ബഹുത്വത്തിന് തക്കവണ്ണം അവൻ എന്ത് വർദ്ധിപ്പിച്ചിരിക്കുന്നു. ദേശത്തിന്റെ നന്മയ്ക്കു തക്കവണ്ണം അവൻ എന്ത് ഉണ്ടാക്കി?
2. അവർ എന്തു വിതച്ചു എന്തു കൊയ്യും?
3. എഫ്രയിം എന്താകുന്നു? അവൻ എന്തു ചെയ്തു? അവൻ അറിയാത്തത് എന്ത്? അവന്റെ മുഖത്ത് സാക്ഷീകരിക്കുന്നത് എന്താണ്?
4. യെഹൂദാ ഗൃഹത്തെ എങ്ങനെ രക്ഷിക്കില്ലെന്നും എങ്ങനെ രക്ഷിക്കുമെന്നുമാണ് യഹോവ പറയുന്നത്?
5. അവളുടെ വായിൽ നിന്നും എന്ത് നീക്കികളയും? ആരും ഇനി ചെയ്യാതിരിക്കുന്നത് എന്ത്? അന്നാളിൽ ആരോടാണ് യഹോവ നിയമം ചെയ്യുന്നത്?
6. ദൈവം പ്രസാദിക്കുന്നത് എന്തിലല്ല; എന്തിനാലാണ്?
7. എന്തുകൊണ്ടാണ് ആരാണ് പീഢിതനും വ്യവഹാരത്തിൽ തോറ്റവനും ആയിരിക്കുന്നത്?
8. എന്തുകൊണ്ടാണ് ജനം നശിച്ചുപോകുന്നത്? ദൈവം അവരെ ത്യജിക്കുന്നതിനു കാരണം എന്ത്? ദൈവം അവരുടെ മക്കളെ മറക്കുന്നത് എന്തുകൊണ്ട്? എന്തുകൊണ്ടാണ് അവരുടെ മഹത്വത്തെ ദൈവം ലജ്ജയാക്കി മാറ്റുന്നത്?
9. എന്ത് ഉഴുതു എന്ത് വിതയ്ക്കണം? എങ്ങനെ കൊയ്യണം? യഹോവ നിങ്ങളുടെ മേൽ വർഷിക്കുന്നത് എന്ത്?
10. ദൈവം എന്നു മുതൽ യിസ്രായേലിന്റെ ദൈവം ആയിരുന്നു? നിന്നെ എങ്ങനെ എവിടെ വസിക്കുമാറാക്കും എന്നാണ് യഹോവ അരുളിച്ചെയ്തത്?
11. യിസ്രായേലിനു നാശഹേതുവായിരിക്കുന്നത് എന്ത്?
12. അവർ എന്തു ഉഴുതു. എന്തു കൊയ്തു? എന്തിന്റെ ഫലം തിന്നിരിക്കുന്നു?

13. ഹോശെയ പറയുന്ന നല്ല തണലുള്ള വൃക്ഷങ്ങൾ ഏവ?
14. യഹോവയുടെ വഴികൾ എങ്ങനെയുള്ളത്? ആരാണ് അതിൽ നടക്കുന്നത്? ആര് അതിൽ ഇടറി വീഴും.?
15. യിസ്രായേൽ എന്തു ചെയ്യണം? അവൻ ദൈവത്തോട് എന്ത് അപേക്ഷിക്കണം. ദൈവം അവരുടെ പിന്മാറ്റത്തെ എന്തു ചെയ്യും? ദൈവം അവർക്ക് എന്തു ചെയ്യും?

✶✶✶

## 47
## യോവേൽ, ആമോസ്

1. യഹോവയുടെ ആലയത്തിൽ നിന്ന് എന്താണ് അറ്റുപോയിരിക്കുന്നത്?
2. ആരെപ്പോലെയാണ് നിങ്ങൾ വിലപിക്കേണ്ടത്?
3. എന്ത് നിയമിച്ചിട്ട്, ആരെയാണ് യഹോവയുടെ ആലയത്തിൽ കൂട്ടി വരുത്തേണ്ടത്?
4. പുരോഹിതന്മാർ എവിടെ നിന്നാണ് കരയേണ്ടത്. എന്താണ് അവർ പറയേണ്ടത്?
5. ആരുടെ സ്ഥിതി മാറ്റുമ്പോൾ സകല ജാതികളും ഏതു താഴ്വരയിലാണ് ചെല്ലേണ്ടത്? അവിടെ ആർക്ക്, എന്ത് സംഭവിക്കും?
6. സകല ജഡത്തിന്മേലും ദൈവത്തിന്റെ ആത്മാവിനെ പകരുമ്പോൾ എന്ത് സംഭവിക്കും?
7. യഹോവയായ കർത്താവ് ആർക്ക് എന്ത് വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല.
8. യിസ്രായേൽ ന്യായത്തെയും നീതിയെയും എന്താണ് ചെയ്യുന്നത്?
9. യഹോവയുടെ ദിവസം എങ്ങനെ ആയിരിക്കും?
10. ആരെയാണ് ശമര്യപർവ്വതത്തിലെ ബാശാന്യ പശുക്കൾ എന്നു പറഞ്ഞിരിക്കുന്നത്?

11. എന്തിനു വേണ്ടിയാണ് യിസ്രായേൽ ഒരുങ്ങേണ്ടത്?
12. ആര്, എന്തിനെ നഞ്ചായും എന്തിനെ കാഞ്ഞിരമായും മാറ്റി യിരിക്കുന്നു?
13. ആര്, കൈയ്യിൽ എന്താണ് പിടിച്ചിരിക്കുന്നത്. ഇത് ആരാണ് കണ്ടത്?
14. എന്ത് ചെയ്തിട്ട് നിങ്ങൾ എങ്കലേക്ക് തിരിഞ്ഞില്ല. രണ്ടു കാര്യ ങ്ങൾ എഴുതുക.
15. **ആര് ആരോട് പറഞ്ഞു?**

    മതിയാക്കണമേ; യാക്കോബ് എങ്ങനെ നിവർന്നു നിൽക്കും. അവൻ ചെറിയവനല്ലോ?

    ഞാൻ പ്രവാചകനല്ല; പ്രവാചക ശിഷ്യനുമല്ല. ഇടയനും കാട്ട ത്തിപ്പഴം പെറുക്കുന്നവനും അത്രേ.

✶✶✶

# 48
# ഓബദ്യാവ്, യോന

1. ആരെ, എന്താണ് ചതിച്ചിരിക്കുന്നത്?
2. ഏശാവ് സഹോദരനോട് എന്ത് ചെയ്തു. അതു കൊണ്ട് ഏശാ വിനു എന്ത് ഭവിക്കും?
3. ഞാൻ നിന്നെ ഇറക്കും എന്ന് യഹോവയുടെ അരുളപ്പാട്, ആരെയാണ് എവിടെ നിന്നാണ് ഇറക്കുന്നത്?
4. എവിടെ നിന്നു ജ്ഞാനികളെയും വിവേകത്തെയും നശി പ്പിക്കും?
5. എത്ര ദിവസമാണ് യോന മത്സ്യത്തിന്റെ വയറ്റിൽ കിടന്നത്? അവിടെ കിടന്ന് യോന ചെയ്തത് എന്ത്?
6. യോനയുടെ അപ്പന്റെ പേരെന്ത്? എവിടെ പോയി പ്രസംഗി ക്കുവാനാണ് യോനയോട് ദൈവം പറഞ്ഞത്? എന്നാൽ യോന എന്തു ചെയ്തു?
7. നീ ആര് എന്ന് കപ്പൽക്കാരൻ ചോദിച്ചപ്പോൾ യോനയുടെ മറുപടി എന്തായിരുന്നു?

8. യോനയുടെ പ്രസംഗം കേട്ടപ്പോൾ നിനവെയിലെ രാജാവും ജനങ്ങളും എന്ത് ചെയ്തു?
9. നിനവേക്കാർ അനുതപിച്ചപ്പോൾ ദൈവം എന്ത് ചെയ്തു? അത് യോനയ്ക്ക് എന്തായി തോന്നി?
10. യോനയുടെ പ്രസംഗം എന്തായിരുന്നു?
11. എന്തുകൊണ്ടാണ് യോന ബദ്ധപ്പെട്ട് തർശീശിലേക്ക് പോയത്?
12. യഹോവ എങ്ങനെയുള്ളവൻ ആണെന്നാണ് യോന പറഞ്ഞത്?
13. നിനവെയിൽ എത്ര ജനം ഉണ്ടായിരുന്നു?
14. യോന അത്യന്തം സന്തോഷിക്കുവാൻ കാരണം എന്തായിരുന്നു?
15. ആവണക്ക് ഉണങ്ങിപ്പോയി, യോനയുടെ തലയിൽ വെയിൽ കൊണ്ടപ്പോൾ യോന ആഗ്രഹിച്ചത് എന്ത്?

✶✶✶

# 49

# മീഖാ

1. ആരുടെ മുന്നിൽ എങ്ങനെയാണ് പർവ്വതങ്ങൾ ഉരുകുകയും താഴ്വരകൾ പിളർന്നു പോകുകയും ചെയ്യുന്നത്? ഇങ്ങനെ സംഭവിക്കാൻ കാരണം എന്ത്?
2. തിന്മ പ്രവർത്തുന്നവർ എവിടെ വെച്ചാണ് നീതികേട് നിരൂപിക്കുന്നത്? എന്തുകൊണ്ട്, എപ്പോഴാണ് അവരത് നടത്തുന്നത്?
3. നിങ്ങൾ എന്തിനെ ദ്വേഷിച്ച് എന്തിനെ ഇച്ഛിക്കുന്നു?
4. ജനത്തെ തെറ്റിച്ചു കളയുന്ന പ്രവാചകന്മാരുടെ അവസ്ഥ എന്താണ്? അപ്പോൾ ആര് എന്തു കൊണ്ട് ലജ്ജിക്കുകയും വായ് പൊത്തുകയും ചെയ്യും?
5. അന്ത്യകാലത്ത് ജാതികൾ ഒഴുകി ചെല്ലുന്നത് ഏതു പർവ്വതത്തിലേക്ക്?
6. പ്രഭുവും ന്യായാധിപതിയും ആഗ്രഹിക്കുന്നത് എന്ത്?

7. യഹോവ പട്ടണത്തോട് വിളിച്ചുപറയുന്നത് എന്ത്?

8. അടിമ വീട്ടിൽ നിന്നു വിടുവിക്കുവാൻ ആരെയാണ് അയച്ചത്?

9. അന്ത്യകാലത്ത് യഹോവയുടെ ആലയം ഉള്ള പർവ്വതം എങ്ങനെ ആയിരിക്കും?

10. എനിക്ക് അയ്യോ കഷ്ടം. ഞാൻ എങ്ങനെ എന്നാണ് പ്രവാചകൻ പറയുന്നത്.

11. ബേത്‌ലഹേം എഫ്രാത്തിന്റെ വിശേഷത എന്ത്?

12. എന്താണ് യഹോവ മനുഷ്യനോട് ചോദിക്കുന്നത്?

13. എന്റെ ശത്രുവായവളേ, എന്നെചൊല്ലി സന്തോഷിക്കരുത്, കാരണം എന്ത്?

14. നിന്റെ ദൈവമായ യഹോവ എവിടെ എന്ന് എന്നോടു പറഞ്ഞവൾക്ക് എന്ത് സംഭവിക്കും? ഞാൻ എന്തു കണ്ടു സന്തോഷിക്കും? അത് ആര് കാണും.

✶✶✶

# 50
# നഹൂം,ഹബക്കൂക്ക്

1. നിനവെയെക്കുറിച്ച് പ്രവചിച്ചത് ആര്?

2. പർവ്വതത്തിൽ ആരുടെ കാലാണ് ഉള്ളത്?

3. ആരൊക്കെ നിനവെയുടെ ബലമായിരുന്നു. എന്നിട്ട് അവൾക്ക് എന്ത് സംഭവിച്ചു?

4. യഹോവ എങ്ങനെയുള്ളവൻ ആകുന്നു?

5. പ്രഭുക്കന്മാരും സേനാധിപന്മാരും എങ്ങനെയാകുന്നു. സൂര്യൻ ഉദിക്കുമ്പോൾ എന്ത് സംഭവിക്കുന്നു?

6. സംഹാരകൻ വരുന്നതുകൊണ്ട് എന്തു ചെയ്യണം?

7. എന്തുകൊണ്ടാണ് അസ്ഥികൾക്ക് ഉരുക്കം തട്ടിയത്?

8. എന്തു എഴുതണം. എങ്ങനെ എഴുതണം?

9. കൽദയർ എങ്ങനെയുള്ള ജാതിയാണ്. അവർ നീളെ സഞ്ചരിക്കുന്നത് എവിടെ?
10. അതു വരും നിശ്ചയം. എന്താണ് വരുന്നത്? അതിനായി എന്തു ചെയ്യണം?
11. എന്തൊക്കെയാണ് ഇല്ലാതാവുക? എങ്കിലും ഹബക്കൂക്ക് എന്ത് ചെയ്യും?
12. ആരാണ് ഹബക്കൂക്കിന്റെ ബലം. അവനെ എന്താക്കി തീർക്കും എവിടെ നടക്കുമാറാക്കും?
13. എന്തു കഴിയും മുമ്പ് എന്തു ജീവിപ്പിക്കണം എന്നും എന്ത് വെളിപ്പെടുത്തണം എന്നുമാണ് ഹബക്കൂക്ക് പ്രാർത്ഥിക്കുന്നത്?
14. വിശ്വാസപാതകനാകുന്നത് എന്ത്? ആരാണ് നിലനിൽക്കാത്തത്? അവൻ എങ്ങനെയുള്ളവൻ ആണ്? എന്നാൽ ആര് ഏതിനാൽ ജീവിച്ചിരിക്കും?
15. അയഞ്ഞിരിക്കുന്നത് എന്ത്? വെളിപ്പെട്ടുവരാത്തത് എന്ത്?

★★★

# 51
# സെഫന്യാവ്, ഹഗ്ഗായി

### സെഫന്യാവ്

1. എന്താണ് പുരുഷന്മാർ ഹൃദയത്തിൽ പറയുന്നത്?
2. ആരുടെ കാലത്താണ് സെഫന്യാവിന് അരുളപ്പാട് ഉണ്ടായത്. സെഫന്യാവ് ആരുടെ മകനാണ്?
3. എന്ന് വരെ കാത്തിരിക്കാനാണ് പറഞ്ഞത്?
4. കൂശ് എവിടെയാണ്? ആരാണ്? അവർ എന്ത് ചെയ്യും?
5. എന്താണ് അടുത്തിരിക്കുന്നത്. ആ ദിവസം എങ്ങനെയുള്ള ദിവസം ആയിരിക്കും?
6. എന്തു വരുന്നതിനു മുമ്പ് എന്തൊക്കെ അന്വേഷിക്കാനാണ് പ്രവാചകൻ പറഞ്ഞത്?

7. നിനവെയ്ക്ക് എന്ത് സംഭവിക്കും? നിനവെ എന്താണ് ഹൃദയത്തിൽ പറഞ്ഞത്. അതിനു അരികെ കൂടി പോകുന്നവർ എന്ത് ചെയ്യും?

8. യെരുശലേമിലെ പ്രഭുക്കന്മാർ, ന്യായാധിപന്മാർ, പ്രവാചകന്മാർ എങ്ങനെയുള്ളവരാണ്?

9. യിസ്രായേലിലെ ശേഷിപ്പുള്ളവർ എങ്ങനെയായിരിക്കും?

10. ഭൂമിയിലെ ജാതികളുടെ ഇടയിൽ ദൈവം യിസ്രായേലിനെ എന്താക്കി തീർക്കും?

**ഹഗ്ഗായി**

11. യഹോവയുടെ ആലയം ശൂന്യമായിരിക്കെ ജനം പാർക്കുന്നത് എവിടെയാണ്?

12. യിസ്രായേല്യരുടെ വഴികളെ നോക്കിയാൽ ഇപ്പോൾ അവരുടെ അവസ്ഥ എന്താണ്?

13. യഹോസാദാക്ക് ആരാണ്?

14. സെരുബാബേൽ എന്താകും എന്നാണ് യഹോവ അരുളി ചെയ്തത്?

15. വിശുദ്ധ മാംസം വഹിച്ചുകൊണ്ട് ഭക്ഷണത്തെ തൊട്ടാൽ അതു വിശുദ്ധമാകുമോ? ശവത്താൽ അശുദ്ധനായ ഒരുത്തൻ എന്തിനെ തൊട്ടാൽ അതിനു എന്ത് സംഭവിക്കും?

★★★

## 52
## സെഖര്യാവ്

1. സൈന്യങ്ങളുടെ യഹോവ എന്താണ് അരുളിച്ചെയ്യുന്നത്. നിങ്ങൾ ആരെപ്പോലെ ആകരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനു കാരണം എന്ത്?

2. ആരാണ് മതിൽ ഇല്ലാതെ തുറന്നു കിടക്കുന്നത്. യഹോവ അവർക്ക് എന്തായിരിക്കും?

3. സീയോനെ കവർച്ച ചെയ്യുന്ന ജാതികളുടെ അടുക്കൽ അയച്ചത് എന്തിന്? അവരെ തൊടുന്നവൻ ആരെ, എന്തിനെ തൊടുന്നു?

4. ആരാണ് അത്ഭുത ലക്ഷണ പുരുഷന്മാർ. അവർക്ക് വേണ്ടി യഹോവ ആരെയാണ് വരുത്തുന്നത്?

5. ആര് ആരുടെ കൈയ്യിലുള്ള തൂക്കുകട്ട കണ്ടാണ് സന്തോഷിക്കുന്നത്?

6. ഇടതുവശത്തും വലതുവശത്തുമുള്ള 2 ഒലിവ് മരം എന്താണ്?

7. സെരുബാബേലിനോട് യഹോവയുടെ അരുളപ്പാട് എന്താണ്?

8. എന്ത് പാറിപ്പോകുന്നതാണ് പ്രവാചകൻ കണ്ടത്? അത് എന്താണെന്നാണ് പ്രവാചകൻ വ്യക്തമാക്കുന്നത്?

9. ഏഫായുടെ നടുവിൽ പ്രവാചകൻ എന്താണ് കണ്ടത്? അത് എന്താണ്? അതിനെ എന്തു ചെയ്തു?

10. മുള എന്നു പേരുള്ള മനുഷ്യൻ വന്നിട്ടു എന്ത് ചെയ്യും?

11. ജനം അഞ്ചാം മാസത്തിലും ഏഴാം മാസത്തിലും എന്താണ് ചെയ്യുന്നത്?

12. യഹോവ സെഖര്യാപ്രവാചകനോട് എന്ത് വാങ്ങി എന്തു ഉണ്ടാക്കി, ആരുടെ തലയിൽ വയ്ക്കാനാണ് പറഞ്ഞത്?

13. എന്തിനാണ് ജാതികളിൽ 10 പേർ യെഹൂദന്റെ വസ്ത്രാഗ്രം പിടിക്കുന്നത്?

14. കൂലിയായി എത്ര വെള്ളിക്കാശ് തൂക്കിക്കൊടുത്തു. അത് എന്തിന്റെ വിലയാണ്. അത് എന്ത് ചെയ്തു.

15. യഹോവയുടെ കാൽ എവിടെ നിൽക്കും. അപ്പോൾ എന്തു സംഭവിക്കും?

★★★

# 53
# മലാഖി

1. എപ്പോഴാണ്, ആരാണ് താളടിയാകുന്നത്? ആരാണ് ഇതു അരുളിച്ചെയ്യുന്നത്?
2. ഏതിലാണ് മനുഷ്യൻ ദൈവത്തെ തോൽപ്പിക്കുന്നത്? അതുകൊണ്ട് എന്തു സംഭവിക്കും. അതുകൊണ്ട് അവർ എന്തു ചെയ്യേണം?
3. ലേവി പുത്രന്മാരെ, എങ്ങനെയാണ്? ആരാണ്? ഏതിനെപ്പോലെയാണ് നിർമ്മലീകരിക്കുന്നത്?
4. എന്താണ് യഹോവയുടെ നേരെ അതികഠിനമായിക്കുന്നത്? എന്താണ് അവർ പറയുന്നത് ?
5. യഹോവയുടെ നാമത്തെ ഭയപ്പെടുന്നവർക്ക് എന്ത് സംഭവിക്കും. അവർ എന്തു ചെയ്യും. എന്നാൽ ദുഷ്ടന്മാർ എങ്ങനെയായിരിക്കും ?
6. എന്താണ് ഓർത്തുകൊള്ളേണ്ടത്? അത് എവിടെ വെച്ച് ആർക്കുവേണ്ടി ആരോടു കൽപ്പിച്ചു?
7. ജനം യഹോവയുടെ മേശ എങ്ങനെയാണ് മലിനമാക്കിയത്? അവർ എങ്ങനെയുള്ളതിനെയാണ് കാഴ്ച വെക്കുന്നത്?
8. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ആരെയാണ് അയക്കുന്നത്. അവൻ എന്തു ചെയ്യും?
9. യഹോവ എന്തിനെയാണ് വെറുക്കുന്നത്?
10. എന്തിനാൽ ആണ് അവർ യഹോവയെ മുഷിപ്പിക്കുന്നത്. അവർ എന്താണ് പറയുന്നത്?
11. യഹോവ ഏശാവിനെ എന്താണ് ചെയ്തിരിക്കുന്നത്?
12. യഹോവയുടെ നാമത്തെ തുച്ഛീകരിക്കുന്ന പുരോഹിതന്മാരോട് യഹോവ എന്താണ് ചോദിക്കുന്നത്?
13. പുരോഹിതൻ ആരാണ്? അവർ എന്തു ചെയ്യണം?
14. ഏതു കാര്യത്തിലാണ് യഹോവയെ പരീക്ഷിക്കേണ്ടത്?

15. ആർക്കാണ് സ്മരണ പുസ്തകങ്ങളുള്ളത്. അവർ എന്തായിരിക്കും. അവരെ എങ്ങനെയാണ് ആദരിക്കുന്നത്?

★★★

## 54

## മത്തായി 1–14

1. ദാവീദിനെ അബ്രഹാമിന്റെ പുത്രൻ എന്നു രേഖപ്പെടുത്തിയിരിക്കുന്നത് എവിടെ?
2. യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്ന സ്ത്രീകൾ ആരെല്ലാം?
3. പുതിയ നിയമത്തിലെ ആദ്യത്തെ ചോദ്യം?
4. വലങ്കൈ ചെയ്യുന്നത് ആര് അറിയരുത്? ഇത് പറഞ്ഞത് ആരാണ്?
5. പ്രാർത്ഥിക്കുമ്പോൾ ആരാണ്, എന്താണ് ചെയ്യുന്നത്? എന്തുകൊണ്ട് ഉത്തരം കിട്ടും? എന്നാണ് അവർ വിചാരിക്കുന്നത്?
6. കർത്താവാകുന്നു എങ്കിൽ, എന്തു ചെയ്യാനാണ് പത്രോസ് ആഗ്രഹിക്കുന്നത്. അതു സാധിച്ചുവോ? കാരണം എന്ത്?
7. ആരുടെ തല താലത്തിൽ തരണം എന്ന് ആര് ആരോടാണ് പറഞ്ഞത്?
8. യേശുവിന്റെ സഹോദരന്മാരുടെ പേരുകൾ ഏവ?
9. എന്തുകൊണ്ടാണ് ശിശുവിനു യേശു എന്ന് പേരിടേണം എന്നു പറഞ്ഞത്? ഇമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. യേശു പുരുഷാരത്തെ പഠിപ്പിക്കുവാൻ ഉപയോഗിച്ച രീതി എന്ത്? വിതയ്ക്കുന്നവന്റെ ഉപമയിലെ വിത്തുകൾ വീണതെവിടെ?
11. ഏതിനാലാണ് നാം നീതീകരിക്കപ്പെടുകയും കുറ്റം വിധിക്കപ്പെടുകയും ചെയ്യുന്നത്? ഇത് പറഞ്ഞതാര്?
12. യിസ്രായേലിൽ കൂടെ ഇത്രവലിയ വിശ്വാസം കണ്ടിട്ടില്ല എന്ന് യേശു പറഞ്ഞത് ആരെക്കുറിച്ചാണ്?

13. യേശുവിന്റെ ശിഷ്യന്മാരിൽ സഹോദരന്മാർ (ജോഡികൾ) ആയി ഉണ്ടായിരുന്നവർ ആരെല്ലാം?

14. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റവും വലിയവൻ ആര്? അവനിലും വലിയവൻ ആരാണ്?

15. വിചാരപ്പെടരുത് എന്ന് ആരാണ് പറഞ്ഞത്? അതിനു കാരണം എന്ത്? നാളേയ്ക്കായി വിചാരപ്പെടരുത്. അതിനു കാരണം എന്ത്?

★★★

# 55

## മത്തായി 15–28

1. വാൾ എടുക്കുന്നവൻ വാളാൽ നശിക്കും എന്ന് പറഞ്ഞതാര്?

2. ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇത് ആര്, ആരെക്കുറിച്ചു പറഞ്ഞതാണ്?

3. കുരുടന്മാരായ വഴികാട്ടികളെ എന്ന് വിളിച്ചത് ആരെയാണ്?

4. ഒരാളെ മതത്തിൽ ചേർക്കുവാൻ ആര് എന്ത് ചെയ്യും?

5. കർത്താവ് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു മുമ്പു പറഞ്ഞ 2 കല്പനകൾ ഏവ?

6. നേരം വെളുക്കുമ്പോൾ കല്ലറ കാണ്മാൻ ചെന്നത് ആരെല്ലാം. യേശു അവരോട് എന്താണ് പറഞ്ഞത്? ആര് എങ്ങോട്ടു പോകുവാനാണ് പറഞ്ഞത്?

7. സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചത് ആരാണ്?

8. കടന്നുപോകുന്നവർ എന്ത് പറഞ്ഞാണ് യേശുവിനെ ദുഷിച്ചത്. ആരൊക്കെയാണ് അവനെ നിന്ദിച്ചത്?

9. യേശു എന്തു പറഞ്ഞപ്പോഴാണ് മഹാപുരോഹിതൻ വസ്ത്രം കീറിയത്. അതിനു ശേഷം അവർ യേശുവിനെ എന്തു ചെയ്തു?

10. എത്ര മണിക്കൂർ ദേശത്തെല്ലാം ഇരുട്ടുണ്ടായി. അപ്പോൾ യേശു പറഞ്ഞത് എന്താണ്. അതിന്റെ അർത്ഥം എന്ത്?

11. മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടു കൊടുക്കുന്നത് നന്നല്ല . ഇത് ആര് ആരോടു പറഞ്ഞു? അപ്പോൾ അവളുടെ മറുപടി എന്തായിരുന്നു?

12. ആരുടെ പുളിച്ച മാവ് സൂക്ഷിച്ചുകൊള്ളാനാണ് യേശു പറഞ്ഞത്?

13. ആരെയൊക്കെയാണ് യേശു തനിച്ച് ഒരു ഉയർന്ന മലയിലേക്ക് കൊണ്ടുപോയത്. അവിടെ എന്തു സംഭവിച്ചു? ആരെല്ലാം യേശുവിനോടു സംസാരിച്ചു?

14. നിങ്ങളുടെ സമ്പ്രദായം കൊണ്ട് നിങ്ങൾ ദൈവകല്പന ലംഘിക്കുന്നത് എന്ത്? ഇതു ആരോടു പറഞ്ഞു?

15. അൽപ വിശ്വാസിയെ നീ എന്തിനു സംശയിച്ചു. ഇതു ആര് ആരോടു പറഞ്ഞു?

★★★

# 56
# മർക്കോസ് 1–16

1. എന്താണ് മനുഷ്യനെ അശുദ്ധമാക്കാൻ കഴിയാത്തത്? മനുഷ്യനെ അശുദ്ധമാക്കുന്നത് എന്താണ്? അത് എന്തൊക്കെയാണ്?

2 യേശു ആരുടെ മകളെയാണ് ഉയിർത്തെഴുന്നേൽപ്പിച്ചത്? അവളോട് എന്താണ് പറഞ്ഞത്?

3. യേശു പത്രോസിനെ ശാസിച്ചുകൊണ്ട് പറഞ്ഞത് എന്ത്?

4. യേശു ശീമോനോടും അന്ത്രയോസിനോടും പറഞ്ഞത് എന്താണ്? അവർ എന്തു ചെയ്തു?

5. യേശു ആരെ കണ്ടപ്പോഴാണ് മനസ്സലിഞ്ഞത്? അവൻ എന്താണ് യേശുവിനോട് പറഞ്ഞത്? യേശു എന്തു ചെയ്തു? അവന് എന്ത് സംഭവിച്ചു?

6. ആരൊക്കെയാണ് യേശുവിനെ പൂശേണ്ടതിനു സുഗന്ധവർഗ്ഗം വാങ്ങിയത്? അവർ എപ്പോഴാണ് കല്ലറയ്ക്കൽ എത്തിയത്? യേശു ആദ്യം പ്രത്യക്ഷനായത് ആർക്ക്?

7. യോഹന്നാൻ സ്നാപകന്റെ വസ്ത്രവും, ഭക്ഷണവും, പാർപ്പിടവും എങ്ങനെയുള്ളതായിരുന്നു. അവൻ എന്താണ് പ്രസംഗിച്ചുകൊണ്ടിരുന്നത്.

8. അശുദ്ധാത്മാവുള്ള മനുഷ്യൻ യേശുവിനെ എന്തു ചെയ്തു? എന്തു പറഞ്ഞു? യേശു അവനോടു എന്തു പറഞ്ഞു? അവന്റെ പേര് എന്തായിരുന്നു? ആ മനുഷ്യൻ യേശുവിന്റെ കൂടെ പോരുവാൻ അനുവാദം ചോദിച്ചപ്പോൾ, യേശു അവനോട് എന്തു പറഞ്ഞു?

9. സമ്പത്തിൽ ആശ്രയിക്കുന്നവർക്ക് എന്താണ് പ്രയാസം? ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിലും എളുപ്പമായത് എന്താണ്?

10. ആരെയാണ് യേശുവിന്റെ ക്രൂശ് ചുമപ്പാൻ നിർബന്ധിച്ചത്. അവന്റെ മക്കളുടെ പേര് എന്തായിരുന്നു? യേശുവിനെ എവിടേയ്ക്കാണ് കൊണ്ടുപോയത്?

11. യേശുക്രിസ്തു എന്തു മൃഗത്തിന്റെ പുറത്തു കയറിയാണ് യെരുശലേമിലേക്ക് പോയത്? ജനങ്ങൾ എന്താണ് ആർത്തുകൊണ്ടിരുന്നത്?

12. മുഖ്യകൽപ്പനയും രണ്ടാമത്തെ കല്പനയും എന്ത്?

13. കർത്താവിനെ അനുഗമിപ്പാൻ ഇച്ഛിക്കുന്നവൻ എന്ത് ചെയ്യണം?

14. യേശു ഗത്സമനെയിൽ വെച്ച് പ്രാർത്ഥിച്ചത് എന്ത്? ശിമോൻ എന്തു ചെയ്യുകയായിരുന്നു. യേശു അവനോടു എന്താണ് പറഞ്ഞത്?

15. യേശു 11 പേർക്ക് പ്രത്യക്ഷനായി അവർക്കു കൊടുത്ത ദൗത്യം എന്തായിരുന്നു?

★★★

# 57

## ലൂക്കോസ് 1–12

1. സെഖര്യാവ് എങ്ങനെയുള്ള പുരുഷൻ ആയിരുന്നു?
2. ദൂതൻ എവിടെ വെച്ചാണ് സെഖര്യാവിന് പ്രത്യക്ഷപ്പെട്ടത്? അവനോട് എന്താണ് പറഞ്ഞത്?
3. ഏത് ദൂതനാണ് മറിയയ്ക്ക് പ്രത്യക്ഷപ്പെട്ടത്? അവളോട് എന്താണ് പറഞ്ഞത്?
4. ന്യായപ്രമാണപ്രകാരം യേശുവിനു വേണ്ടി എന്താണ് മാതാപിതാക്കൾ യാഗം കഴിച്ചത്?
5. യാഗം കഴിക്കുവാൻ ചെന്നപ്പോൾ ദേവാലയത്തിൽ വെച്ചു രണ്ടു പേര് കണ്ടു. അവർ ആരെല്ലാം? അവർ എങ്ങനെയുള്ളവർ ആയിരുന്നു?
6. യേശുവിനെ സ്നാനപ്പെടുത്തിയത് ആരാണ്? അപ്പോൾ എന്തു സംഭവിച്ചു?
7. മഹാക്ഷാമം ഉണ്ടായപ്പോൾ ആരെയാണ്, ആരുടെ അടുക്കലേക്കാണ് അയച്ചത്? അതുപോലെ ഏത് കുഷ്ഠരോഗിയാണ് സൗഖ്യമായത്, ആര് മുഖാന്തരമാണ് സൗഖ്യമായത് എന്ന് യേശു പറഞ്ഞത്?
8. വിജനപ്രദേശത്തു പോയി യേശു എന്താണ് ചെയ്തത്?
9. ആരെയാണ് സ്നേഹിക്കാൻ ദൈവം പറഞ്ഞത്? ആർക്കാണ് കടം കൊടുക്കേണ്ടത്? അങ്ങനെ ചെയ്താൽ നിങ്ങൾക്ക് എന്തു ലഭിക്കും?
10. ആരാണ് മറ്റുള്ളവരുടെ കണ്ണിലെ കരട് നീക്കാൻ ശ്രമിക്കുന്നത്? അവരുടെ കണ്ണിൽ എന്താണ് ഉള്ളത് . അവർ എന്തു ചെയ്യേണം?
11. മണലിന്മേൽ വീട് പണിതാൽ എന്ത് സംഭവിക്കും? അത് എന്തിനെ കാണിക്കുന്നു? അതുപോലെ പാറമേൽ വീട് പണിതാൽ എന്ത് സംഭവിക്കും, അത് എന്തിനെ കാണിക്കുന്നു?
12. അധികം സ്നേഹിക്കുന്നവൻ ആരാണ്?

13. ഏത് ദേശത്തിലെ ജനങ്ങളാണ് യേശുവിനോട് ഞങ്ങളെ വിട്ടു പോകേണം എന്ന് അപേക്ഷിച്ചത്? അതിനു കാരണം എന്താണ്?

14. ശരീരത്തിന്റെ വിളക്ക് എന്താണ്? അത് ചൊവ്വുള്ളതാണെങ്കിലും, അല്ലെങ്കിലും എന്തു സംഭവിക്കും?

15. യേശു മൂഢൻ എന്നു പറഞ്ഞത് എങ്ങനെയുള്ളവനെ കുറിച്ചാണ്? അവന് എന്തു സംഭവിച്ചാൽ പിന്നെ എന്ത് കൊണ്ട് എന്തു പ്രയോജനം?

★★★

## 58
## ലൂക്കോസ് 13–24

1. കുഷ്ഠരോഗികൾ എത്ര പേരുണ്ടായിരുന്നു? അവർ എന്താണ് യേശുവിനോട് പറഞ്ഞത്? അവർക്ക് എന്തു സംഭവിച്ചു?

2. റാത്തൽ കിട്ടിയതിൽ മൂന്നാമത്തവൻ എന്താണ് ചെയ്തത്? അവന്റെ റാത്തൽ ആർക്ക് കൊടുത്തു? ഉള്ളവനും ഇല്ലാത്തവനും എന്തു സംഭവിക്കുമെന്നാണ് യേശു പറഞ്ഞത് ?

3. ശിലോവിലെ ഗോപുരം വീണു മരിച്ചവർ എത്ര?

4. ആരാണ് യേശുവിന്റെ ശരീരം ചോദിച്ചത്? അവൻ എങ്ങനെയുള്ള വ്യക്തിയായിരുന്നു?

5. യേശു വല്ല അടയാളവും ചെയ്തു കാണാം എന്നാഗ്രഹിച്ച ഭരണാധികാരി ആര്? അവൻ യേശുവിനോട് എന്തു ചെയ്തു?

6. സാത്താൻ 18 സംവത്സരമായി ബന്ധിച്ചിരുന്നത് ആരെയാണ്? കർത്താവ് എന്തു ചെയ്തു?

7. തന്നെത്താൻ ഉയർത്തുന്നവനും, തന്നെത്താൻ താഴ്ത്തുന്നവനും എന്തു സംഭവിക്കും? ഇത് പറഞ്ഞതാര്?

8. പരീശന്മാരും ശാസ്ത്രിമാരും യേശുവിനെ നോക്കി പിറുപിറുത്തത് എന്താണ്?

9. വിരുന്ന് കഴിക്കുമ്പോൾ ആരെ ഒക്കെയാണ് വിളിക്കേണ്ടത്? അങ്ങനെ ചെയ്താൽ എന്ത് ലഭിക്കും? അതിനു കാരണം എന്ത്?

10. യേശുവിന്റെ ഉപമയിൽ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയതാര്?
11. സദുക്യരുടെ വിശ്വാസം എന്ത്?
12. ശാസ്ത്രിമാരുടെ സ്വഭാവം എന്തെല്ലാമാണ്?
13. യേശു എങ്ങനെയുള്ള പ്രവാചകൻ ആയിരുന്നു? ഇത് ആര് ആരോട് പറഞ്ഞു?
14. യേശു പ്രാണവേദനയിലായപ്പോൾ ചെയ്തത് എന്താണ്?
15. മടുത്തുപോകാതെ എന്താണ് ചെയ്യേണ്ടത്?

★★★

# 59

## യോഹന്നാൻ 1–11

1. അഞ്ച് മണ്ഡപം ഉള്ള കുളം എവിടെ സ്ഥിതി ചെയ്യുന്നു. ആ കുളത്തിന്റെ പ്രത്യേകത എന്തായിരുന്നു?
2. എനിക്കോ മനുഷ്യരുടെ സാക്ഷ്യം കൊണ്ട് ആവശ്യമില്ല. ഇത് പറഞ്ഞത് ആര്?
3. യേശു തന്റെ അടുക്കൽ വരുന്നത് കണ്ടിട്ട് യോഹന്നാൻ പറഞ്ഞത് എന്താണ്?
4. യേശു ലോകത്തിന്റെ എന്താകുന്നു? അവനെ അനുഗമിക്കുന്നവൻ എന്താകും?
5. ആരാണ് രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നത്? എന്ത് ചെയ്യേണം എന്നാണ് യേശു അവനോട് പറഞ്ഞത്?
6. ആർക്കാണ് ദൈവമക്കൾ ആകുവാൻ അധികാരം ഉള്ളത്? ആരാണ് ഈ അധികാരം കൊടുത്തത്?
7. ആര് മുഖാന്തരമാണ് ഒരു പട്ടണം മുഴുവനും രക്ഷ പ്രാപിച്ചത്? അവർ പിന്നീട് സ്ത്രീയോട് എന്തു പറഞ്ഞു?
8. ആർക്കാണ്, എങ്ങനെയാണ് നിത്യജീവൻ ലഭിക്കുന്നത്?
9. സത്യ നമസ്ക്കാരികൾ എങ്ങനെ നമസ്ക്കരിക്കണമെന്നാണ് യേശു പറഞ്ഞത്? അതിന് കാരണം എന്ത്?

10. കർത്താവ് ഫിലിപ്പോസിനോട് ചോദിച്ചത് എന്താണ്? അവന്റെ മറുപടി എന്തായിരുന്നു? എന്നാൽ അന്ത്രെയോസ് യേശുവിനോട് എന്തു പറഞ്ഞു?

11. യെഹൂദന്മാർ യേശുവിനെ കൊല്ലുവാൻ അധികമായി ശ്രമിച്ചു വന്നു. അതിന്റെ രണ്ട് കാരണങ്ങൾ എഴുതുക.

12 അടയാളങ്ങളുടെ ആരംഭമായി യേശു ചെയ്തത് എന്താണ്? അതുകൊണ്ട് സംഭവിച്ച രണ്ട് കാര്യങ്ങൾ എഴുതുക.

13. യേശു കുരുടനെ എങ്ങനെയാണ് സൗഖ്യമാക്കിയത്?

14. യേശു സ്നേഹിതൻ എന്ന് പറഞ്ഞത് ആരെക്കുറിച്ച്? അവന്റെ ദീനം മരണത്തിനായിട്ടല്ല. പിന്നെ എന്തിനായിട്ടാണെന്നാണ് യേശു പറഞ്ഞത്?

✶✶✶

## 60

## യോഹന്നാൻ 12–21

1. സ്വർഗ്ഗത്തിൽ നിന്ന് ഉണ്ടായ ശബ്ദം എന്താണ്? അപ്പോൾ അരികെ നിൽക്കുന്നവരും, മറ്റുള്ളവരും എന്താണ് പറഞ്ഞത്?

2. ആരാണ് യേശുവിന്റെ മാർവിൽ ചാരിയിരുന്നത്? അവനോട് ആംഗ്യം കാട്ടിയത് ആര്? എന്ത് ചോദിക്കാനാണ് പറഞ്ഞത്? യേശു പറഞ്ഞ ഉത്തരം എന്ത്?

3. യേശുവിനെ മരിക്കുന്നതിനു മുമ്പ് തൈലം പൂശിയത് ആരാണ്? അതിനെക്കുറിച്ച് യൂദാ എന്താണ് പറഞ്ഞത്? യേശു എന്താണ് പറഞ്ഞത്?

4. യേശുവിന്റെ ഹൃദയം കലങ്ങുവാൻ കാരണം എന്ത്?

5. യേശു മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. കാരണം എന്ത്?

6. എന്താണ് യേശു കൊടുത്ത പുതിയൊരു കല്പന?

7. എന്തുകൊണ്ട് നാം ജീവിക്കും?

8. ആരാണ് സകലവും ഉപദേശിച്ചു തരികയും കർത്താവ് പറഞ്ഞത് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നത്?
9. കായ്ക്കാത്ത കൊമ്പിനെയും കായ്ക്കുന്ന കൊമ്പിനെയും എന്താണ് ചെയ്യുന്നത്? ഫലം കായ്ക്കണമെങ്കിൽ എന്തു ചെയ്യേണം?
10. ഏത് തോട്ടത്തിൽ വെച്ചാണ് അവർ യേശുവിനെ പിടിച്ചത്?
11. യേശു കടൽക്കരയിൽ വെച്ചു പത്രോസിനോട് എന്ത് ചോദിച്ചു? എത്ര പ്രാവശ്യം ചോദിച്ചു? പത്രോസ് എന്തു മറുപടി പറഞ്ഞു?
12. യേശു ക്രൂശും ചുമന്നുകൊണ്ട് ഏതു സ്ഥലത്തേക്കാണ് പോയത്?
13. ഉയിർത്തെഴുന്നേറ്റ ശേഷം യേശു ആദ്യം പ്രത്യക്ഷനായതു ആർക്കാണ്?
14. യേശുവിനോട് പടയാളികൾ ചെയ്ത അഞ്ച് കാര്യങ്ങൾ എഴുതുക?
15. യേശുവിന്റെ പ്രാർത്ഥന ഏത് അദ്ധ്യായത്തിലാണ്? അതിൽ നമ്മുക്ക് വേണ്ടി പ്രാർത്ഥിച്ച മൂന്ന് കാര്യങ്ങൾ എഴുതുക.

✶✶✶

## 61

## അപ്പോസ്തോല പ്രവർത്തികൾ 1–9

1. പൗലോസ് സ്നാനപ്പെട്ടതിനു ശേഷം എവിടെ പാർത്തു? അവൻ എന്താണ് പ്രസംഗിച്ചതും തെളിയിച്ചതും. ആരെയാണ് മിണ്ടാതാക്കിയത്?
2. സ്തെഫാനോസ് പരിശുദ്ധാത്മാവു നിറഞ്ഞു പറഞ്ഞത് എന്താണ്? അവർ അവനെ എന്തു ചെയ്തു?
3. കർത്താവ് രക്ഷിക്കപ്പെടുന്നവരെ എന്തു ചെയ്യുന്നു?
4. മുടന്തനെ സൗഖ്യമാക്കിയത് ആരൊക്കെയാണ്? എവിടെ വെച്ചാണ്?

5. അനന്യാസിന്റെയും സഫിരയുടെയും മരണം മുഖാന്തരം എന്തുണ്ടായി?

6. യെരുശലേമിൽ പൗലോസ് വന്നപ്പോൾ ആരാണ്, ആരുടെ അടുക്കലാണ് അവനെ കൂട്ടിക്കൊണ്ടു വന്നത്? അതിന്റെ കാരണം എന്ത്?

7. പന്തിരുവരുടെ ശുശ്രൂഷ എന്താണ്? മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിന് എത്രപേരെ തിരഞ്ഞെടുത്തു? അവർ എങ്ങനെ യുള്ളവർ ആയിരുന്നു?

8. വിശ്വസിച്ചവരുടെ കൂട്ടം എങ്ങനെയുള്ളവരായിരുന്നു?

9. പത്രോസിനെയും യോഹന്നാനെയും കാരാഗൃഹത്തിൽ നിന്നു കൊണ്ടുവന്നതിന് ശേഷം പ്രമാണികളും മൂപ്പന്മാരും എന്താണ് പറഞ്ഞത്? അതിനു പത്രോസിന്റെയും യോഹന്നാന്റെയും മറു പടി എന്തായിരുന്നു?

10. മേശകളിൽ ശുശ്രൂഷ ചെയ്യുവാൻ തിരഞ്ഞെടുത്തവരുടെ പേരുകൾ എഴുതുക.

11. ശിഷ്യന്മാർ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അവിടെ കൂടി യിരുന്ന ജനം എന്താണ് പറഞ്ഞത്?

12. പരിശുദ്ധാത്മാവ് വരുമ്പോൾ ശിഷ്യന്മാർക്ക് എന്ത് കിട്ടും? അവർ എന്തു ചെയ്യുമെന്നാണ് കർത്താവ് പറഞ്ഞത്?

13. വെള്ളവസ്ത്രം ധരിച്ച പുരുഷന്മാർ ശിഷ്യന്മാരോട് പറഞ്ഞത് എന്താണ്?

14. കർത്താവ് എത്രനാൾ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി? അവ രോട് എവിടെ കാത്തിരിക്കേണം എന്നാണ് പറഞ്ഞത്? എന്തി നാണ് കാത്തിരിക്കേണ്ടത്?

15. യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു.എന്നാൽ ഇനി എന്ത് ഉണ്ടാകും? എപ്പോൾ?

★★★

# 62

## അപ്പോസ്തോല പ്രവർത്തികൾ 10–19

1. അഥേനയിൽ വിശ്വസിച്ചവരിൽ പേർ പറഞ്ഞിരിക്കുന്ന 2 പേർ ആരെല്ലാം?
2. ഫിലിപ്പിയയിലെ കാരാഗൃഹത്തിൽ നിന്ന് വിട്ടയച്ച പൗലോസും ശീലാസും പോയതെവിടെ?
3. തെസ്സലോനിക്യയിലുള്ളവരേക്കാൾ എവിടെയുള്ളവരെയാണ് ഉത്തമന്മാർ എന്ന് പറഞ്ഞിരിക്കുന്നത്? അവരുടെ പ്രത്യേകത എന്താണ്?
4. ആർക്കാണ് വിവശത ഉണ്ടായത്? അപ്പോൾ അവൻ എന്തു ചെയ്യുകയായിരുന്നു? അപ്പോൾ എത്ര മണി നേരമായിരുന്നു? അവൻ എവിടെയാണ് കയറിയത്?
5. തിമൊഥെയോസ് എങ്ങനെയുള്ള വ്യക്തിയാണ്? അവന്റെ അപ്പൻ ആരായിരുന്നു?
6. കൊർന്നേല്യോസ് ആരായിരുന്നു? അവന്റെ ഗുണങ്ങൾ എന്തെല്ലാം? അവനോട് ദൈവദൂതൻ എന്തു പറഞ്ഞു? അവനും കുടുംബത്തിനും എന്തു സംഭവിച്ചു?
7. ജാതികളിൽ നിന്ന് ദൈവത്തിങ്കലേക്ക് തിരിയുന്നവർ എന്തെല്ലാം മാത്രം വർജ്ജിക്കേണം എന്നാണ് പറഞ്ഞത്?
8. പള്ളിയിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചത് ആരായിരുന്നു? ആരാണ് അവനെ ചേർത്ത്കൊണ്ട് അവന് ദൈവത്തിന്റെ മാർഗ്ഗം സ്പഷ്ടമായി പറഞ്ഞു കൊടുത്തത്?
9. പൗലോസ് എഫെസോസിലുള്ള ശിഷ്യന്മാരോട് എന്താണ് ചോദിച്ചത്? അവരുടെ മറുപടി എന്തായിരുന്നു? പൗലോസ് അവരുടെ മേൽ കൈവച്ചപ്പോൾ എന്തുണ്ടായി?

**ആര് ആരോട് പറഞ്ഞു**

10. നീ വന്നതു ഉപകാരം.
11. നിന്റെ വസ്ത്രം പുതച്ചു എന്റെ പിന്നാലെ വരിക.

12. യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം.
13. നീ ചില അപൂർവ്വകാര്യങ്ങളെ ഞങ്ങളുടെ ചെവിയിൽ കടത്തുന്നുവല്ലോ. അത് എന്തു എന്ന് അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
14. പുരുഷന്മാരേ നമ്മുടെ സമ്പാദ്യം ഈ തൊഴിൽ കൊണ്ട് ആകുന്നു എന്ന് ബോധ്യമല്ലോ.
15. ഈ വകയ്ക്ക് ന്യായാധിപൻ ആകാൻ എനിക്ക് മനസ്സില്ല.

✶✶✶

## 63

## അപ്പോസ്തോല പ്രവർത്തികൾ 20–28

1. കപ്പലിൽ നിന്നു അവർ കരയിൽ എത്തിയ ദ്വീപിന്റെ പേര് എന്തായിരുന്നു?
2. അഗ്രിപ്പാ പൗലോസിനോടു എന്താണ് പറഞ്ഞത്? അതിനു പൗലോസിന്റെ മറുപടി എന്തായിരുന്നു?
3. തൽക്കാലം പോകാം. അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം." ഇത് ആര് ആരോട് പറഞ്ഞതാണ്.
4. പൗലോസിനെ അണലി ചുറ്റിയപ്പോൾ ബർബരന്മാർ എന്തു പറഞ്ഞു? പൗലോസ് അണലിയെ എന്തു ചെയ്തു? പൗലോസിനു ഒന്നും സംഭവിക്കുന്നില്ല എന്നു കണ്ടപ്പോൾ ബർബരന്മാർ എന്താണ് പറഞ്ഞത്?
5. ഇതെല്യക്ക് ഉള്ള യാത്രയിൽ പൗലോസിനോട് ദയ കാണിച്ച ശതാധിപനാര്?
6. കപ്പലിൽ ആകെ എത്ര പേര് ഉണ്ടായിരുന്നു. 14-ാം ദിവസം പൗലോസ് എന്താണ് പറഞ്ഞത്? എന്നിട്ട് പൗലോസ് എന്തു ചെയ്തു?
7. ദ്രവ്യം കിട്ടും എന്ന് വിചാരിച്ചു ആരാണ് പൗലോസിനോടു പലപ്പോഴും സംഭാഷിച്ചത്.
8. ഫെസ്തൊസ് പൗലോസിനോട് എന്താണ് പറഞ്ഞത്?

9. ശതാധിപൻ സഹസ്രാധിപനോട് എന്താണ് പറഞ്ഞത്? സഹസ്രാധിപൻ പൗലോസിനോട് എന്താണ് ചോദിച്ചത്. പൗലോസിന്റെ മറുപടി എന്തായിരുന്നു? അപ്പോൾ സഹസ്രാധിപൻ എന്താണ് പറഞ്ഞത്?
10. എന്നാണ് അപ്പം നുറുക്കുവാൻ കൂടി വന്നത്. അന്ന് ആരാണ് താഴെ വീണത്?
11. പൗലോസ് പോയ ശേഷം ആര് വരും. ആര് എഴുന്നേൽക്കും? അതുകൊണ്ട് നിങ്ങൾ എന്തു ചെയ്യേണം?
12. രാത്രിയിൽ കർത്താവ് പൗലോസിനോട് എന്താണ് പറഞ്ഞത്?
13. ഫീലിപ്പോസ് ആരാണ്? അവന് എത്ര പുത്രിമാർ ഉണ്ട്? അവർ ആരാണ്?
14. അഗബൊസ് എന്താണ് പ്രവചിച്ചത്? യെരുശലേമിൽ പോകരുത് എന്ന് പറഞ്ഞപ്പോൾ പൗലോസിന്റെ ഉത്തരം എന്തായിരുന്നു?
15. കൂലിക്ക് വാങ്ങിയ വീട്ടിൽ പൗലോസ് എത്ര വർഷം താമസിച്ചു. അവിടെ താമസിച്ചപ്പോൾ പൗലോസ് എന്ത് ചെയ്തു?

★★★

# 64

# റോമർ 1 –8

1. യേശുക്രിസ്തു ജഡപ്രകാരം ആരുടെ സന്തതി ആയിട്ടാണ് ജനിച്ചത്?
2. എന്തുകാരണം കൊണ്ടാണ് പൗലോസ് റോമയിലെ വിശ്വാസികളെ ഓർത്തു ദൈവത്തിന് സ്തോത്രം ചെയ്യുന്നത്?
3. റോമാ ലേഖനം ആര് എഴുതി? ആർക്കുവേണ്ടി എഴുതി? പൗലോസ് പറയുന്ന തന്റെ യോഗ്യതകൾ എന്തെല്ലാം?
4. ആർക്ക് ഒക്കെയാണ് പൗലോസ് കടപ്പെട്ടിരിക്കുന്നത്?
5. നീതിമാൻ എങ്ങനെ ജീവിക്കണം?
6. അനീതി കൊണ്ട് സത്യത്തെ തടുക്കുന്നവർക്ക് എന്തു സംഭവിക്കും?

7. സ്നാനം എന്തിനെയെല്ലാം കാണിക്കുന്നു?
8. ഏകന്റെ ലംഘനത്താൽ എന്തു സംഭവിച്ചു? ഏകന്റെ അനുസരണത്താൽ എന്തു സംഭവിക്കും?
9. ന്യായപ്രമാണത്തിന്റെ പ്രവർത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നത് എങ്ങനെ?
10. ആർക്കാണ് ശിക്ഷാവിധി ഇല്ലാത്തത്?
11. നാം മക്കൾ എന്ന് ആരാണ് സാക്ഷ്യം പറയുന്നത്? മക്കളാണെങ്കിൽ നമുക്ക് എന്താണ് ലഭിക്കുന്നത്?
12. ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർക്ക് എന്തു സംഭവിക്കും? ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർക്ക് എന്തു സംഭവിക്കും?
13. ആർക്കാണ് സർവ്വവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നത്?
14. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിക്കുവാൻ കഴിയുകയില്ല. ഏതിനൊക്കെ?
15. റോമ 7-ാം അദ്ധ്യായത്തിൽ പൗലോസിനെക്കുറിച്ചു പറയുന്ന 3 കാര്യങ്ങൾ എഴുതുക.

★★★

## 65
## റോമർ 9 –16

1. ആരുടെ കാൽ മനോഹരം എന്നാണ് എഴുതിയിരിക്കുന്നത്?
2. ജാതികളുടെ അപ്പൊസ്തലൻ ആര്?
3. കഷ്ടതയിൽ നാം കാണിക്കേണ്ടത് എന്താണ്?
4. എന്തിനെയാണ് നാം യാഗമായി സമർപ്പിക്കേണ്ടത്? എങ്ങനെയാണ് സമർപ്പിക്കേണ്ടത്?
5. നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നത് എന്താണ്?
6. വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ നാം എന്തു ചെയ്യണം?
7. തീയതിനെ എന്തു ചെയ്യേണം? എന്നിട്ട് എന്തു ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്?

8. റോമ ലേഖനത്തിൽ പറയുന്ന, വീട്ടിൽ സഭയുണ്ടായിരുന്ന ദമ്പതികൾ ആരാണ്.
9. കർത്താവിൽ അദ്ധ്വാനിക്കുന്നവർ എന്ന് പൗലോസ് ആരെക്കുറിച്ചു ഒക്കെയാണ് പറഞ്ഞത്?
10. ആസ്യയിൽ ക്രിസ്തുവിന്റെ ആദ്യഫലമായവൻ ആരാണ്?
11. കർത്താവിൽ വളരെ അദ്ധ്വാനിച്ചവൾ എന്ന് പൗലോസ് പറഞ്ഞത് ആരെക്കുറിച്ച്?
12. കർത്താവിൽ പ്രസിദ്ധൻ ആരാണ്? അവന്റെ അമ്മയെക്കുറിച്ച് പൗലോസ് എന്താണ് പറഞ്ഞത്?
13. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല; പിന്നെ എന്താണ്?
14. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത് എന്താണ്? സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അവൻ എന്തായിരിക്കുന്നു. അതിനു കാരണം എന്ത്?
15. എരെസ്തൊസ് ആരായിരുന്നു?

★★★

## 66
## 1 കൊരിന്ത്യർ 1–7

1. ആരാണ് നട്ടത്? ആരാണ് നനച്ചത്? ആരാണ് വളരുമാറാക്കുന്നത്?
2. തിമൊഥെയോസിനെകുറിച്ച് പൗലോസ് എന്താണ് പറഞ്ഞത്?
3. ഏത് അടിസ്ഥാനത്തിന്മേൽ പണിയേണം? എന്തുകൊണ്ടാണ് പണിയേണ്ടത്? അങ്ങനെ പണിതാൽ എന്ത് കിട്ടും? എന്തുകൊണ്ട് പണിതാലാണ് ചേതം വരുന്നത്?
4. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടില്ലാത്ത കാര്യം എന്താണ്?
5. നാം ആരാണ്? നമ്മിൽ വസിക്കുന്നത് ആരാണ്? അതുകൊണ്ട് നാം എന്ത് ചെയ്യേണം?
6. അസാരം പുളിമാവ് എന്തു ചെയ്യും? അതുകൊണ്ട് നാം എന്തു ചെയ്യേണം?

7. ഭക്ഷണമല്ല പാലാണ് അവർക്ക് കൊടുത്തത്. അതിന് കാരണമെന്ത്? അവർ അങ്ങനെയാണ് എന്ന് പൗലോസ് പറയുവാൻ കാരണം എന്ത്?
8. നമ്മുടെ ശരീരം കൊണ്ട് നാം എന്ത് ചെയ്യേണം?
9. ഈ ലേഖനം ആര് എഴുതി? ആർക്ക് എഴുതി?
10. എന്താണ് നശിച്ചു പോകുന്നവർക്ക് ഭോഷത്വം ? അത് രക്ഷിക്കപ്പെടുന്നവക്ക് എന്താണ്?
11. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കുവാൻ വേണ്ടി ദൈവം എന്താണ് ചെയ്തത്?
12. കൊരിന്ത്യ സഭയിൽ പൗലോസ് സ്നാനം കഴിപ്പിച്ചത് ആരെയെല്ലാമാണ്?
13. ജ്ഞാനം അന്വേഷിക്കുന്നവർ ആര്? അടയാളം ചോദിക്കുന്നത് ആര്?
14. ദുഷ്കർമ്മം ചെയ്തവനെ എന്ത് ചെയ്യേണം?
15. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നത് എന്താണ്?

★★★

# 67

# 1 കൊരിന്ത്യർ 8–16

1. മരണത്തിന്റെ വിഷമുള്ള് എന്താണ്?
2. എന്ത് നാം വാഞ്ഛിക്കേണം? എന്ത് നമ്മുക്ക് കാണിച്ചു തരും?
3. എന്താണ് വിട്ട് ഓടേണ്ടത്?
4. സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എന്താണ്? മനഃപൂർവ്വം അറിയിച്ചാൽ എന്ത് ലഭിക്കും?
5. കർത്താവിനെ സ്നേഹിക്കാത്തവൻ ആരാണ്?
6. എന്താണ് പൗലോസ് പറഞ്ഞ മർമ്മം?
7. അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ അവർ എന്ത് ഒക്കെ പാലിക്കേണം?

8. അഖായയിലെ ആദ്യഫലം ഏത് കുടുംബമാണ്. അവരുടെ സാക്ഷ്യം എന്താണ്?
9. നാം എന്ത് ഒക്കെ ചെയ്യണം? ചെയ്യുന്നതെല്ലാം എങ്ങനെ ചെയ്യേണം?
10. സഭായോഗങ്ങളിൽ സ്ത്രീകൾ എന്ത് ചെയ്യേണം? കാരണം എന്ത്?
11. എന്താണ് നിലനിൽക്കുന്നത്? അവയിൽ വലിയത് ഏതാണ്?
12. തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എന്തിനായി ചെയ്യേണം?
13. ആത്മാവിന്റെ പ്രകാശനം എന്തിനു വേണ്ടിയാണ് നല്കപ്പെടുന്നത്?
14. എന്തിനെക്കുറിച്ചാണ് നാം അറിവില്ലാതിരിക്കരുത് എന്ന് പൗലോസ് ആഗ്രഹിക്കുന്നത്?
15. നാം എന്ത് ചെയ്യുമ്പോഴാണ് മരണത്തെ പ്രസ്താവിക്കുന്നത്? അയോഗ്യമായി നാം എന്തു ചെയ്താൽ കുറ്റക്കാർ ആകും? അതു കൊണ്ട് നാം എന്ത് ചെയ്യേണം? അങ്ങനെ ചെയ്യാതിരുന്നാൽ എന്ത് സംഭവിക്കും.

✶✶✶

## 68

## 2 കൊരിന്ത്യർ 1–6

1. ആർക്കാണ് പാപം ഇല്ലാതിരുന്നത്? അവൻ എന്ത് ആക്കി? എന്തിന് വേണ്ടിയായിരുന്നു?
2. അവിശ്വാസികളോട് എന്ത് ചെയ്യരുത്? അതിന് കാരണം എന്ത്?
3. ആരുടെ ഹൃദയത്തിലാണ് ഇടുക്കമുള്ളത്?
4. എന്താണ് അഴിഞ്ഞു പോകുന്നത്? എന്താണ്, എവിടെയാണ് നമുക്ക് ഉള്ളത്?
5. എന്തിന് വേണ്ടിയാണ് ന്യായാസനത്തിൻ മുമ്പാകെ നിൽക്കേണ്ടത്? ആരുടെ മുമ്പാകെയാണ് നിൽക്കേണ്ടത്?

6. എന്താണ് പുതുതായി തീർന്നിരിക്കുന്നത്? അത് എങ്ങനെയാണ്?
7. എന്താണ്, എങ്ങനെയാണ്, ഈ നിക്ഷേപം എവിടെയാണ് ഉള്ളത്?
8. കർത്താവിന്റെ ആത്മാവ് ഉള്ളിടത്ത് എന്താണ് ഉള്ളത്? നാം എങ്ങനെയാണ് കർത്താവിന്റെ അതേ പ്രതിമയായി രൂപാന്തരപ്പെടുന്നത്?
9. കൊരിന്ത്യ ലേഖനം ആരൊക്കെയാണ് എഴുതിയത്? ആർക്കാണ് എഴുതിയത്?
10. എന്തിനു വേണ്ടിയാണ് ദൈവം കഷ്ടങ്ങളിൽ അവരെ ആശ്വസിപ്പിച്ചത്? എന്ത് പെരുകുന്നതിനോടൊപ്പം എന്താണ് പെരുകുന്നത്?
11. എന്ത് ചെയ്തത് ദൈവമാണ്. അതോടൊപ്പം എന്തൊക്കെയാണ് നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നത്?
12. എവിടെ എഴുതിയിരിക്കുന്ന സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ എന്താണ് അവർ?
13. ക്രിസ്തുവിൽ അവരെ എങ്ങനെയാണ് ദൈവം നടത്തിയത്? എന്തിന്റെ വാസനയാണ് അവരിൽ നിന്ന് പുറപ്പെട്ടത്? അത് ആരുടെ ഇടയിൽ ഒക്കെയാണ്?
14. കഷ്ടം എത്ര നേരത്തേക്ക് ഉള്ളതാണ്? കാണുന്നത് എന്താണ്. കാണാത്തത് എന്താണ്?

★★★

# 69

## 2 കൊരിന്ത്യർ 7–13

1. എന്ത് ഉണ്ടാകുമോ എന്നാണ് പൗലോസ് ഭയപ്പെടുന്നത്?
2. ആർക്ക് വേണ്ടി, ആര് എന്തു സഹിപ്പാൻ ഇഷ്ടപ്പെടുന്നു?
3. എങ്ങനെയായാലാണ് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടു കൂടെ ഇരിക്കുന്നത്?
4. എവിടെ നിന്നു വന്ന സഹോദരന്മാരാണ് പൗലോസിന്റെ മുട്ട് തീർത്തത്?
5. ദിവസേന പൗലോസിന് ഉണ്ടായിരുന്ന തിരക്ക് എന്താണ്?
6. എങ്ങനെയാണ് കൊടുക്കേണ്ടത്? ആരെയാണ് ദൈവം സ്നേഹിക്കുന്നത്?
7. എന്ത് നീക്കി എന്ത് തികച്ചു കൊള്ളണം? എന്തുകൊണ്ട്?
8. പ്രശംസിക്കുന്നവൻ ആരിലാണ് പ്രശംസിക്കേണ്ടത്? ആരാണ് കൊള്ളാകുന്നവൻ?
9. ആരാണ് പൗലോസിനെ പിടിപ്പാൻ ഇച്ഛിച്ചത്? എന്നാൽ പൗലോസ് എങ്ങനെയാണ് അവന്റെ കയ്യിൽ നിന്ന് തെറ്റി ഓടിപോയത്?
10. എന്തിലാണ് അവർ മുന്തിയിരുന്നത്? ഇനി എന്തിലാണ് മുന്തിവരേണ്ടത് ?
11. ലോഭമായി വിതയ്ക്കുന്നവനും ധാരാളമായി വിതയ്ക്കുന്നവനും എങ്ങനെയാണ് കൊയ്യുന്നത്?
12. ലോകത്തിന്റെ ദുഃഖം എന്താണ് ഉണ്ടാക്കുന്നത്?
13. യേശുക്രിസ്തു ആരായിരുന്നു? ആര് ആയിത്തീർന്നു? എന്തിനുവേണ്ടിയാണ് അങ്ങനെ ആയിത്തീർന്നത്?
14. ആർക്കാണ്? എന്തായിട്ടാണ് വിവാഹനിശ്ചയം ചെയ്തിരിക്കുന്നത്?
15. എന്താണ് പരീക്ഷിക്കേണ്ടതും ശോധന ചെയ്യേണ്ടതും?

★★★

# 70

# ഗലാത്യർ

1. പൗലോസ് പ്രശംസിക്കുന്നത് എന്തിൽ മാത്രമാണ്? അതിന് കാരണം എന്ത്?
2. സമാധാനം എന്തിന്റെ ഫലമാണ്?
3. ക്രിസ്തുയേശുവിനുള്ളവർ എന്തിനെയാണ് ക്രൂശിച്ചിരിക്കുന്നത്?
4. കപടത്താൽ തെറ്റിപ്പോയതാര്? ആരുടെ കപടത്താൽ ആണ് തെറ്റിയത്? അത് എവിടെ വെച്ചായിരുന്നു?
5. എന്തു ചെയ്യുന്നവരാണ് ക്രിസ്തുവിനെ ധരിച്ചിരിക്കുന്നത്. അതിൽ എന്തില്ലാ? എന്താണ് ഉള്ളത്?
6. ജാതികളുടെ അപ്പൊസ്തലൻ ആരാണ്?
7. പൗലോസ് അറിയിച്ച സുവിശേഷം എന്തല്ല. അത് എങ്ങനെയാണ് പ്രാപിച്ചത്?
8. ദ്വന്ദപക്ഷം എന്തിന്റെ പ്രവൃത്തിയാണ്?
9. വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എന്തു ചെയ്യേണം?
10. ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്ന വാക്യം എന്താണ്?
11. പൗലോസ് 15 ദിവസം ആരോടു കൂടെ എവിടെ പാർത്തു? അവിടെ ആരെ കണ്ടു?
12. മനുഷ്യൻ എന്തു തന്നെയാണ് കൊയ്യുന്നത്? എന്തൊക്കെയാണ് വിതയ്ക്കുന്നതും കൊയ്യുന്നതും?
13. ഞാൻ യേശുവിന്റെ ചുടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു എന്ന് പറഞ്ഞതാര്?
14. സഭയുടെ തുണുകളായി എണ്ണപ്പെട്ടവർ ആരെല്ലാം?
15. പൗലോസ് ആരോട് കൂടിയാണ് ക്രൂശിക്കപ്പെട്ടിരിക്കുന്നത്? ഇനി ആരാണ് ആരിൽ ജീവിക്കുന്നത്? പിന്നെ ഇപ്പോൾ ജഡത്തിൽ ജീവിക്കുന്നതിന്റെ കാരണം എന്ത്?

★★★

# 71

# എഫെസ്യർ

1. ആരുടെ ഇഷ്ടത്താലാണ് പൗലോസ് എന്തായത്?
2. എന്തിന് വേണ്ടിയാണ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത്?
3. മുമ്പെ നാം ആരായിരുന്നു. 4 കാര്യങ്ങൾ എഴുതുക?
4. എന്തിനാലാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്? അത് എന്താണ്? എന്ത് അതിന് കാരണമല്ല?
5. എന്തിനു വേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്?
6. എന്തു ചെയ്താൽ ക്രിസ്തു നമ്മുടെ മേൽ പ്രകാശിക്കും?
7. ആരെപ്പോലെ ആര് അനുകരിക്കണം?
8. മന്ദിരത്തിന്റെ മൂലക്കല്ല് ആരാണ്? അടിസ്ഥാനം ആരാണ്? എന്ത് ആകാൻ എന്തിനാൽ പണിതു വരുന്നു?
9. ആർക്ക് ആരോട്? എന്തിനെക്കുറിച്ച് പ്രസംഗിക്കുവാനാണ് കൃപ നൽകിയിരിക്കുന്നത്?
10. ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് കർത്താവ് ആർക്ക് വേണ്ടിയാണ് ഇറങ്ങിയത്? എന്നിട്ട് എന്തിന് വേണ്ടി എവിടെയാണ് കയറിയത്?
11. എന്തിനാൽ നിറയേണം? അങ്ങനെ നിറയുമ്പോൾ എന്ത് സംഭവിക്കും?
12. ഭാര്യ ആരെപ്പോലെയാണ് ഭർത്താവിന് കീഴടങ്ങിയിരിക്കേണ്ടത്? അതുപോലെ ഭർത്താവ് ആരെപ്പോലെ സ്നേഹിക്കേണം?
13. ഇത് എന്ത് കാലമാണ്? അതുകൊണ്ട് നാം എന്തു ഉപയോഗിക്കേണം?
14. എന്താണ് അരുതാത്തത്? എന്താണ് വേണ്ടത്?
15. എന്തുപേക്ഷിച്ച്, എന്തു സംസാരിക്കണം. അതിനു കാരണം എന്ത്? നാം എന്തു വെച്ചുകൊണ്ടിരിക്കരുത്?

★★★

# 72
# ഫിലിപ്പിയർ

1. നാം ഏത് തരത്തിലുള്ള തലമുറയുടെ നടുവിലാണ്? അതു കൊണ്ട് നാം എന്തു ചെയ്യേണം? എന്തിനെപ്പോലെ പ്രകാശി ക്കേണം?
2. ആരാണ് ദീനം പിടിച്ചു മരിപ്പാറായത്? തിമൊഥെയോസിന്റെ സ്വഭാവം എഴുതുക.
3 ആരെ ഒക്കെ സൂക്ഷിക്കേണം?
4. ഒന്നു ഞാൻ ചെയ്യുന്നു. അതു എന്താണ്? ആരാണ് അങ്ങനെ ചിന്തിക്കേണ്ടിയവർ?
5. പൗലോസിന്റെ യോഗ്യതകൾ എഴുതുക. എന്നാൽ അതെല്ലാം ആര് നിമിത്തം ചേതം എന്നെണ്ണി?
6. ആരാണ് ഏകചിന്തയില്ലാത്തവരായിരുന്നത്? അതുകൊണ്ട് നീ എന്തു ചെയ്യേണം?
7. എപ്പോഴും എന്താണ് ചെയ്യേണ്ടത്? എന്താണ് സകല മനു ഷ്യരും അറിയേണ്ടത്?
8. എന്താണ് ചിന്തിക്കേണ്ടത്?
9. ഒന്നിനെക്കുറിച്ചും എന്തു ചെയ്യരുത്? പിന്നെ എന്താണ് ചെയ്യേ ണ്ടത്? എന്നാൽ എന്ത് സംഭവിക്കും?
10. ആരിലുള്ള ഭാവമാണ് നമ്മിലുണ്ടാകേണ്ടത്? ക്രിസ്തു എന്താണ് ചെയ്തത്? അതുകൊണ്ട് ദൈവം എന്തു ചെയ്തു?
11. സുവിശേഷത്തിന്റെ ആരംഭത്തിൽ പൗലോസ് മക്കെദൊന്യ യിൽ നിന്ന് പുറപ്പെട്ടപ്പോൾ ആര് മാത്രമാണ് സഹായിച്ചത്?
12. എങ്ങനെയാണ് നീതിഫലം നിറഞ്ഞവരായിത്തീരുന്നത്?
13. ഇവ രണ്ടിനാലും ഞെരുങ്ങുന്നു. ഏത് രണ്ടിനാലും?
14. ചിലർ ക്രിസ്തുവിനെ എന്തുകൊണ്ടാണ് പ്രസംഗിക്കുന്നത്? എന്നാൽ മറ്റു ചിലർ എന്തു കൊണ്ട് പ്രസംഗിക്കുന്നു?
15. നമ്മുടെ പൗരത്വം എവിടെയാണ്? അവിടെ നിന്ന് ആരാണ് വരുന്നത്? എന്തിനാണ് വരുന്നത്?

★★★

# 73
# കൊലോസ്യർ

1. എപ്പഫ്രാസ് ആരാണ്? അവൻ എന്താണ് ചെയ്തത്?
2. ഈ ലേഖനം വായിച്ചു തീർന്ന ശേഷം എവിടെ കൂടി വായിക്കേണം? പിന്നെ ആരോടാണ് എന്ത് നിവർത്തിപ്പാൻ നോക്കേണം എന്ന് പറഞ്ഞത്?
3. വൃതന്മാരും വിശുദ്ധന്മാരും എന്താണ് ധരിക്കേണ്ടത്? എന്നിട്ട് എന്തു ചെയ്യേണം?
4. പൗലോസിന്റെ സഹബദ്ധൻ ആരാണ്? സഹ ഭൃത്യൻ ആരാണ്? ആരൊക്കെയാണ് പരിഛേദനക്കാരിൽ പൗലോസിന് ആശ്വാസമായി തീർന്നത്?
5. യേശുക്രിസ്തുവിൽ നമുക്ക് എന്താണ് ഉള്ളത്? യേശുക്രിസ്തുവിന്റെ 4 ഗുണങ്ങൾ (കാര്യങ്ങൾ) എഴുതുക.
6. നാം ആരുടെ പ്രതിമപ്രകാരം എന്തിനായി ആരെയാണ് ധരിച്ചിരിക്കുന്നത്? അതിൽ എന്ത് ഇല്ലാ? ആരാണ് എല്ലാവരിലും എല്ലാം ആകുന്നത്?
7. ഭാര്യമാർ എന്തു ചെയ്യേണം? ഭർത്താക്കന്മാർ എന്തു ചെയ്യേണം? മക്കൾ എന്ത് ചെയ്യേണം? പിതാക്കന്മാർ എന്തു കൊണ്ട് എന്തു ചെയ്യരുത്?
8. പൗലോസ് ഇടവിടാതെ കൊലോസ്യർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് അവർ എങ്ങനെ നടക്കേണം എന്നാണ്? എന്തിൽ നിറഞ്ഞു വരേണം? എന്തിൽ ഫലം കായ്ക്കേണം? ഏതിൽ വളരേണം? എന്തിനായി ബലപ്പെടേണം എന്നാണ്?
9. യേശു എന്നു മറുപേരുള്ള വ്യക്തി ആര്? ബർന്നബാസിന്റെ മച്ചുനൻ ആര്?
10. നാം എന്ത് കാരണം കൊണ്ട് ഉയരത്തിലുള്ളത് അന്വേഷിക്കണം?
11. ക്രിസ്തുവിൽ എന്താണ് ഗുപ്തമായിട്ട് ഇരിക്കുന്നത്?
12. ആരിലാണ് വേര് ഊന്നേണ്ടത്? എന്നിട്ട് എന്ത് ചെയ്യേണം? എന്തിൽ കവിഞ്ഞു ഇരിക്കേണം?

13. എന്താണ് തക്കത്തിൽ ഉപയോഗിക്കേണ്ടത്? എന്നിട്ട് എന്തു ചെയ്യേണം?
14. നമ്മുടെ വാക്ക് എങ്ങനെയുള്ളതായിരിക്കേണം?
15. കൊലോസ്യരെ കുറിച്ച് എന്താണ് കേട്ടത്?

✶✶✶

# 74

# 1 തെസ്സലോനിക്യർ

1. തെസ്സലോനിക്യ ലേഖനം എഴുതിയത് ആരെല്ലാമാണ്?
2. ഒന്നു രണ്ടു പ്രാവശ്യം തെസ്സലോനിക്യയിൽ പോകുവാൻ വിചാരിച്ചു. പക്ഷെ അത് ആരാണ് തടുത്തത്?
3. തെസ്സലോനിക്യ സഭയിൽ പൗലോസും കൂടെയുള്ളവരും എങ്ങനെയായിരുന്നു?
4. എങ്ങനെയാണ് നല്ലത് മുറുകെ പിടിക്കേണ്ടത്?
5. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ എന്ത് ഒക്കെയാണ് അനിന്ദ്യമായി കാക്കപ്പെടേണ്ടത്?
6. കർത്താവിന്റെ പ്രത്യക്ഷതയിൽ മരിച്ചവർക്കും ജീവനുള്ള വർക്കും സംഭവിക്കുന്നത് എന്താണ്?
7. കർത്താവു വരുന്നത് എങ്ങനെയാണ്? എവിടെ നിന്നാണ് വരുന്നത്?
8. നാം എല്ലാവരും ആരുടെ മക്കൾ ആണ്? എന്തിനുള്ളവരല്ലാ?
9. എവിടെയെല്ലാം വിശ്വസിക്കുന്നവർക്ക് ഏത് സഭയാണ് മാതൃകയായത്?
10. എപ്പോഴും എന്തു ചെയ്യേണം? ഇടവിടാതെ എന്ത് ചെയ്യേണം? എല്ലാറ്റിനും എന്തു ചെയ്യേണം?
11. ദൈവത്തിന്റെ ഇഷ്ടം എന്താണ്? നമ്മെ എന്തിനാണ് വിളിച്ചത്? അതുകൊണ്ട് തുച്ഛീകരിക്കുന്നവൻ ആരെയാണ് തുച്ഛീകരിക്കുന്നത്?
12. എന്തിനാണ് തിമൊഥെയോസിനെ അയച്ചത്?

13. എന്ത് കൊണ്ടാണ് അവർ ആശ്വാസം പ്രാപിച്ചത്? എന്ത് അറിഞ്ഞിട്ടു അവർ വീണ്ടും ജീവിക്കുന്നത്?
14. എന്താണ് കെടുക്കരുതാത്തത്?
15. ആരുടെ സന്നിധിയിൽ എന്തിനെ ഓർത്താണ് എപ്പോഴും ദൈവത്തിന് സ്തോത്രം ചെയ്യുന്നത്?

★★★

# 75
# 2 തെസ്സലോനിക്യർ

1. വേല ചെയ്വാൻ മനസ്സില്ലാത്തവർ എന്ത് ചെയ്യുകയുമരുത്?
2. ദൈവം എന്നു നടിക്കുന്ന എതിരാളി ആരാണ്? അവൻ എന്താണ് ചെയ്യുന്നത്?
3. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്ക് മുൻപ് എന്തു സംഭവിക്കും?
4. "നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു". എന്തിനു വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്?
5. എന്തിനെയാണ് അവർ മുറുകെ പിടിക്കേണ്ടത്?
6. എന്താണ്? ആരാണ് കൃപയാലെ നൽകിയിരിക്കുന്നത്? അവൻ നമ്മുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എന്താണ് ചെയ്യുന്നത്?
7. സകല ലേഖനത്തിലും എന്താണ് അടയാളം?
8. എന്തു ചെയ്യുന്നതിലാണ് തളർന്നു പോകരുതാത്തത്?
9. എന്തുകൊണ്ടാണ് അവരെക്കുറിച്ച് സ്തോത്രം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നത്?
10. കർത്താവായ യേശുക്രിസ്തു ആരുമായി എങ്ങനെയാണ് പ്രത്യക്ഷനാകുന്നത്? അപ്പോൾ എന്താണ് സംഭവിക്കുന്നത്?
11. എന്താണ് എല്ലാവർക്കും ഇല്ലാത്തത്? ആരാണ് വിശ്വസ്തൻ? അവൻ എന്തു ചെയ്യും?
12. എപ്പോഴാണ് അധർമ്മമൂർത്തി വെളിപ്പെട്ട് വരുന്നത്?

13. എന്തുകൊണ്ടാണ് പൗലോസും സില്വാനൊസും, തിമൊഥെയോസും ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നത്?

14. അധർമ്മ മൂർത്തിയെ ആര് എന്തിനാൽ ഒടുക്കി എന്തുകൊണ്ട് നശിപ്പിക്കും?

15. രണ്ട് കാര്യത്തിനു വേണ്ടി തെസ്സലോനിക്യരോടു പ്രാർത്ഥിപ്പാൻ പറയുന്നു. അത് ഏത് ഒക്കെയാണ്?

★★★

## 76

## 1 തിമൊഥെയോസ്

1. എല്ലാവരും അംഗീകരിക്കുവാൻ യോഗ്യമായ വചനം ഏതാണ്?

2. എത്ര മദ്ധ്യസ്ഥന്മാർ ഉണ്ട്. മദ്ധ്യസ്ഥൻ ആയതിന്റെ യോഗ്യത എന്താണ്?

3. എന്താണ് വിശ്വാസ യോഗ്യം?

4. ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതയാകുന്നു. അത് എന്താണ്?

5. നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ട് വിശ്വാസക്കപ്പൽ തകർന്നു പോയതാരുടെയൊക്കെ?

6. ആരാണ് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണ്ടത്. അവർ എന്തൊക്കെ വിട്ട് കളയേണം?

7. ആരാണ് ഭ്രാന്തു പിടിച്ച് ചീർത്തിരിക്കുന്നത്? എന്തിന്റെ ഭ്രാന്താണ് പിടിച്ചിരിക്കുന്നത്?

8. എന്തുണ്ടെങ്കിൽ മതി എന്ന് വിചാരിക്കേണം? അതിനു കാരണമെന്ത്?

9. ധനികരാകുവാൻ ആഗ്രഹിക്കുന്നവർക്ക് എന്ത് സംഭവിക്കും?

10. ആരെയാണ് ഇരട്ടിമാനത്തിന് യോഗ്യരായി എണ്ണേണ്ടത്?

11. ആരാണ് ജീവിച്ചിരിക്കയിൽ തന്നെ ചത്തവൾ?
12. വലുതായ ആദായം എന്താണ്?
13. എന്താണ് അല്പ പ്രയോജനമുള്ളത്?
14. പൗലോസ് വരുവോളം തിമൊഥെയോസിനോടു ശ്രദ്ധിച്ചിരിക്കുവാൻ പറഞ്ഞ കാര്യങ്ങൾ എന്താണ്? ആരുടെ എന്ത് തുച്ഛീകരിക്കരുത് എന്നാണ് പറഞ്ഞിരിക്കുന്നത്?
15. എന്താണ് സകലവിധ ദോഷത്തിനും കാരണം?

✶✶✶

# 77

# 2 തിമൊഥെയോസ്

1. എന്താണ് ഒഴിഞ്ഞിരിക്കേണ്ടത്? അവർക്ക് എന്താണ് അധികം മുതിർന്നു വരുന്നത്? അവരുടെ വാക്ക് എന്തു ചെയ്യും?
2. ആർക്കാണ് ഉപദ്രവം ഉണ്ടാകുന്നത്?
3. അന്ത്യകാലത്ത് എന്തു വരും? മനുഷ്യർ എങ്ങനെയുള്ളവരാകും? അഞ്ച് കാര്യം എഴുതുക.
4. എന്തിനാണ് ബന്ധനമില്ലാത്തത്? പൗലോസ് സകലവും സഹിക്കുന്നതിന്റെ കാരണം എന്ത്?
5. ആരാണ് ആദ്യഫലം അനുഭവിക്കേണ്ടത്?
6. 'ഈ വചനം വിശ്വാസയോഗ്യമാകുന്നു' ഏത് വചനമാണ്?
7. തിമൊഥെയോസിന്റെ അമ്മയുടെയും വലിയമ്മയുടെയും പേരെന്ത്? എന്താണ് അവരിലുള്ളത്?
8. നമുക്ക് തന്നത് എന്തിന്റെ ആത്മാവിനെ അല്ല? എന്തിന്റെ ആത്മാവിനെ ആണ്?
9. ആരാണ് നല്ല പോർ പൊരുതിയത്? എന്താണ് തികെച്ചത്? എന്തു കാത്തു? അതുകൊണ്ട് എന്തു കിട്ടും? ആരാണ് തരുന്നത്?
10. ദേമാസ് എന്താണ് ചെയ്തത്? അതിന് കാരണം എന്ത്?

11. കർപ്പൊസിന്റെ പക്കൽ പൗലോസ് എന്താണ് വെച്ചേച്ചു പോന്നത്? അതു എന്തു ചെയ്യേണം?
12. മോശയോട് എതിർത്തു നിന്നവർ ആരെല്ലാം? അതുപോലെ ഇവർ എന്തിനോടാണ് എതിർത്തു നിൽക്കുന്നത്?
13. ആര് മാത്രമാണ് പൗലോസിന്റെ കൂടെയുള്ളത്? ആരാണ് പൗലോസിനെ തണുപ്പിച്ചത്?
14. ഹൂമനയോസും ഫിലോത്തോസും എന്താണ് ചെയ്തത്?
15. എല്ലാ തിരുവെഴുത്തും എന്താണ്? അതുകൊണ്ട് നാം എന്തായിരിക്കേണം? അത് എന്തിനു വേണ്ടിയാണ് തന്നിരിക്കുന്നത്?

***

# 78
# തീത്തോസ് 1–3

1. ക്രേത്തർ എങ്ങനെയുള്ളവരായിരുന്നു?
2. പൗലോസിന്റെ നിജപുത്രൻ ആരാണ്?
3. അദ്ധ്യക്ഷൻ എങ്ങനെയുള്ളവനായിരിക്കേണം? അതിന്റെ കാരണം എന്താണ്? അവൻ എങ്ങനെയുള്ളവൻ ആയിരിക്കരുത്?
4. എന്തിനു വേണ്ടി മാതൃകയാക്കണമെന്നാണ് പറഞ്ഞത് ?
5. എന്തിനെ കാത്തുകൊണ്ട് എന്തിനെയൊക്കെ വർജ്ജിക്കേണം?
6. മുമ്പെ നാം ആരായിരുന്നു?
7. എന്തുകൊണ്ടല്ല; എന്തുകൊണ്ടാണ് നമ്മെ രക്ഷിച്ചത്?
8. എന്ത് ഒക്കെ ഒഴിഞ്ഞു നിൽക്കേണം?
9. ആരെയാണ് പൗലോസ് അയക്കുന്നത്?
10. ന്യായശാസ്ത്രിമാർ ആരെല്ലാം? അവർക്ക് എന്താണ് ചെയ്യേണ്ടത്?
11. പട്ടണം തോറും ആരെ നിയമിക്കേണം എന്നാണ് പൗലോസ് തീത്തോസിനോട് പറഞ്ഞത്?

12. ആരുടെ വായാണ് അടക്കേണ്ടത്? അതിന് കാരണം എന്ത്?
13. ആരുടെ മനസാക്ഷിയാണ് മലിനമായി തീർന്നിരിക്കുന്നത്?
14. തീത്തോസ് എന്താണ് പ്രസ്താവിക്കേണ്ടത്?
15. വൃദ്ധമാർ എങ്ങനെയുള്ളവർ ആയിരിക്കേണം?

✶✶✶

## 79
## ഫിലമോൻ

1. ഈ ലേഖനം ആരൊക്കെയാണ് എഴുതിയത്. ആർക്കുവേണ്ടിയാണ് എഴുതിയത്?
2. സഹബദ്ധൻ ആരാണ്?
3. പ്രാർത്ഥനയിൽ അവർക്ക് എന്താണ് ഉള്ളത്? അതുകൊണ്ട് എന്ത് ചെയ്യേണം?
4. ആരെ ചേർത്തുകൊള്ളണം. എങ്ങനെ ചേർത്തുകൊള്ളണം?
5. ഒനേസിമൊസ് ഇനി എന്തല്ലാ, എന്താണ്?
6. പൗലോസിന്റെ കൂട്ടുവേലക്കാർ ആരെല്ലാമാണ്?
7. ആരുടെ ഹൃദയം ആരാണ് തണുപ്പിച്ചത്?
8. ഒനേസിമൊസ് മുമ്പെ എങ്ങനെയുള്ളവനായിരുന്നു? എന്നാൽ ഇപ്പോൾ എങ്ങനെയുള്ളവനാണ്?
9. എന്തുകൊണ്ടാണ് ഒനേസിമോസിനെ പൗലോസിനെ തടവിൽ ശുശ്രൂഷിക്കുന്നതിന് വേണ്ടി നിർത്താത്തത്?
10. ആരുടെ ഹൃദയം തണുപ്പിക്കുവാനാണ് പൗലോസ് ആരോട് ആവശ്യപ്പെടുന്നത്?
11. ഒനേസിമോസ് ചെയ്ത അന്യായം ആര് കൊടുത്തു തീർക്കുമെന്നാണ് പറഞ്ഞത്?
12. എന്താണ് പൗലോസ് ഫിലമോനെക്കുറിച്ചു കേട്ടിരിക്കുന്നത്?
13. ഇപ്പോൾ പൗലോസിന്റെ അവസ്ഥ എന്താണ്?

14. പ്രാർത്ഥനയിൽ ഫിലെമോനെ ഓർത്തു എപ്പോഴും ദൈവ ത്തിന് സ്തോത്രം ചെയ്യുന്നത് ആര്? എന്തു കാരണത്താൽ?
15. ഒനേസിമോസിനെ ജനിപ്പിച്ചത് ആരാണ്? എവിടെ വെച്ചായി രുന്നു?

★★★

## 80
## എബ്രായർ 1–4

1. ഏഴാം നാളിനെക്കുറിച്ചു എന്താണ് പറഞ്ഞിരിക്കുന്നത്?
2. ആരാണ് മോശെയെക്കാൾ മഹത്വത്തിന് യോഗ്യൻ? മോശെ ദൈവഭവനത്തിന് എന്തായിരുന്നു? എന്നാൽ ക്രിസ്തു എന്താ യിട്ടാണ്?
3. എന്തുകൊണ്ടാണ് യേശു ജഡരക്തം സ്വീകരിച്ചത്?
4. ആർക്ക് ഒക്കെയാണ് ഒരുവൻ പിതാവ്. അതു ഹേതുവായി അവൻ അവരെ എന്താണ് വിളിക്കുന്നത്?
5. നിങ്ങളിൽ ആർക്കും അത് ഉണ്ടാകാതിരിക്കുവാൻ നോക്കു വിൻ? ഏത്? അതുകൊണ്ട് എന്തു ചെയ്യേണം?
6. എത്ര ആണ്ട്, ആര് ആരോട് ക്രുദ്ധിച്ചു. അവർക്ക് എന്തു സംഭ വിച്ചു?
7. ദാവീദ് എന്താണ് പറഞ്ഞിരിക്കുന്നത്?
8. ദൈവത്തിന്റെ വചനം എങ്ങനെയുള്ളതാണ്?
9. സകലവും ദൈവദൃഷ്ടിയിൽ എങ്ങനെയാണ്?
10. എന്തു ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായിട്ടുള്ളത് ആരാണ്? അതുകൊണ്ട് നാം എന്തിനു വേണ്ടി എന്തു ചെയ്യേണം?
11. ആദ്യജാതനെ ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ ആരാണ് അവനെ നമസ്ക്കരിക്കുന്നത്?
12. ദൈവം എങ്ങനെയാണ്, ആര് മുഖാന്തരമാണ്, നമ്മോട് അരു ളിച്ചെയ്തിരിക്കുന്നത്?

13. ആരാണ് ലോകത്തെ ഉണ്ടാക്കിയത്? യേശുക്രിസ്തു എന്ത് ആയതുകൊണ്ട് എവിടെയാണ് ഇരിക്കുന്നത്?
14. അവൻ ആരേക്കാൾ ശ്രേഷ്ഠനാണ്?
15. നാം എന്തു കാരണം കൊണ്ട് എന്തു ചെയ്യേണം?

★★★

# 81
# എബ്രായർ 5–9

1. എന്ത് നാമം ആണ് യേശുക്രിസ്തുവിന് ആരിൽ നിന്ന് ലഭിച്ചത്?
2. ഏതെല്ലാമാണ് അടിസ്ഥാന ഉപദേശം?
3. ആരാണ് അബ്രഹാമിനെ എതിരേറ്റത്? ആരെയാണ് അനുഗ്രഹിച്ചത്?
4. മൽക്കിസദേക്കിന്റെ ഗുണങ്ങൾ എന്തെല്ലാം?
5. എങ്ങനെയുള്ള മഹാപുരോഹിതനാണ് നമുക്ക് വേണ്ടിയത്?
6. ദൈവം എങ്ങനെയാണ്, അവരെ എവിടെ നിന്ന്, കനാൻ നാട്ടിലേക്ക് കൊണ്ട്പോയത്?
7. അതിവിശുദ്ധ സ്ഥലത്ത് എന്തൊക്കെയുണ്ട്?
8. കർത്താവ് എങ്ങനെയാണ് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചത്?
9. ഒരിക്കൽ മരിച്ചാൽ പിന്നെ എന്താണ്? അതുകൊണ്ട് ആര് എന്തു ചെയ്തു?
10. ആരാണ് ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവർ?
11. ദൈവത്തിന്റെ അനുഗ്രഹം എങ്ങനെ പ്രാപിക്കുന്നു. എന്നാൽ എന്തു മുളപ്പിച്ചാൽ അതിന്റെ അവസാനം എന്ത്?
12. കാലം നോക്കിയാൽ ഇപ്പോൾ അവർ എന്ത് ആയിരിക്കേണ്ടവരാണ്? എന്നാൽ അവരുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?
13. നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവൻ ആരാണ്?

14. മഹാപുരോഹിതന്റെ 5 കാര്യങ്ങൾ എഴുതുക.

15. എന്ത് തിരിച്ചറിവാൻ ആർക്കാണ് പറ്റുന്നത്?

★★★

## 82
## എബ്രായർ 10–13

1. നമ്മുടെ ദൈവം ആരാണ്? നമ്മൾ പ്രാപിക്കുന്നത് എന്താണ്? അതുകൊണ്ട് നാം എങ്ങനെ സേവ ചെയ്യണം?

2. എന്തിന്റെ ഒക്കെ അടുക്കലല്ല നാം വന്നിരിക്കുന്നത്. ആ ശബ്ദം കേട്ടവർ എന്താണ് അപേക്ഷിച്ചത്?

3. കർത്താവിന്റെ ശിക്ഷ ലഭിക്കുന്നതു ആർക്കാണ്? ശിക്ഷ ലഭിക്കാത്തവർ ആരാണ്?

4. മോശെ എന്താണ് തെരഞ്ഞെടുത്തത്?

5. ഏശാവ് എന്തു ചെയ്തു? അതിന്റെ ഫലം എന്തായിരുന്നു?

6. ആടുകളുടെ വലിയ ഇടയൻ ആരാണ്?

7. രാഹാബ് എന്താണ് ചെയ്തത്?

8. ആരുടെ കയ്യിൽ വീഴുന്നതാണ് ഭയങ്കരം?

9. ചിലർ ചെയ്യുന്നതുപോലെ എന്ത് ചെയ്യാതെ എന്ത് ചെയ്യേണം?

10. സന്തോഷത്തോടെ എന്താണ് സഹിച്ചത്? അതിന്റെ കാരണം എന്ത്?

11. നോഹ എന്താണ് ചെയ്തത്? അതിന്റെ കാരണം എന്ത്?

12. നാം എന്തൊക്കെ വിട്ട് സ്ഥിരതയോടെ ഓടണം? നാം ആരെയാണ് നോക്കേണ്ടത്?

13. ഹാനോക്കിന് ലഭിച്ച സാക്ഷ്യം എന്താണ്? എപ്പോഴാണ് സാക്ഷ്യം ലഭിച്ചത്?

14. എന്തിന് സൽഗുണപൂർത്തി വരുത്തുവാൻ കഴിവില്ല? എന്നാൽ സദാകാലത്തേക്കും സൽഗുണ പൂർത്തിയായിരിക്കുന്നത് എന്താണ്?

15. ഹാനോക്കിന്റെ വിശേഷതകൾ എന്തെല്ലാം?

★★★

# 83

## യാക്കോബ്

1. ആരുടെ മുറവിളിയാണ് കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നത്? മുറവിളിക്കുള്ള കാരണം എന്ത്?
2. ആരാണ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ? അവൻ എന്താണ് ചെയ്തത്? അപ്പോൾ എന്തു സംഭവിച്ചു?
3. എന്തുകൊണ്ടാണ് ഒന്നും ലഭിക്കാത്തത്?
4. സൽഗുണപൂർത്തിയുള്ള പുരുഷൻ ആരാണ്?
5. ആരാണ് പ്രാർത്ഥിക്കേണ്ടത്? ആരാണ് പാട്ട് പാടേണ്ടത്?
6. ആർക്കാണ് ദൈവത്തിന്റെ സ്നേഹിതൻ എന്ന പേര് ലഭിച്ചത്? അതിന് കാരണം എന്ത്?
7. ഈ ലേഖനം എഴുതിയത് ആര്? ആർക്കാണ് എഴുതിയത്?
8. ആരാണ് ഭാഗ്യവാൻ? അവൻ എന്ത് പ്രാപിക്കും?
9. എന്തുചെയ്യാതെ ഭക്തൻ എന്ന് നിരൂപിച്ചാലാണ് അവന്റെ ഭക്തി വ്യർത്ഥമാകുന്നത്?
10. വചനം കേട്ടിട്ട് ചെയ്യാത്തവൻ എങ്ങനെയുള്ളവനാണ്?
11. ധനവാൻ എന്തിൽ പ്രശംസിക്കണം. അതുപോലെ എളിയ സഹോദരൻ എന്തിലാണ് പ്രശംസിക്കേണ്ടത്?
12. ജീവൻ എങ്ങനെയുള്ളതാണ്? അതുകൊണ്ട് നാം എങ്ങനെയാണ് പറയേണ്ടത്?
13. അതു പാപം തന്നെ. ഏത്?
14. മനുഷ്യന് എന്തിൽ വേഗത വേണം. ഏതിൽ ഒക്കെ താമസം വേണം.
15. എന്താണ് അശേഷം സന്തോഷം എന്ന് എണ്ണേണ്ടത്?

★★★

# 84

# 1 പത്രോസ്

1. ആർക്കാണ് കൃപ നൽകുന്നത്? അതുകൊണ്ട് നാം എന്തു ചെയ്യേണം?
2. എന്തിനു വേണ്ടിയാണ് നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത്? അത് എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്?
3. എന്തെല്ലാമാണ് നീക്കിക്കളയേണ്ടത്. നീക്കിക്കളഞ്ഞിട്ടു എന്താണ് ചെയ്യേണ്ടത്?
4. എങ്ങനെയാണ് ആട്ടിൻകൂട്ടത്തിന് അദ്ധ്യക്ഷത ചെയ്യേണ്ടത്? അങ്ങനെ ചെയ്താൽ ആര് പ്രത്യക്ഷനാകുമ്പോൾ എന്ത് ലഭിക്കും?
5. ആത്മാവിൽ ചെന്ന് യേശു ആരോടാണ് പ്രസംഗിച്ചത്? അത് ആരുടെ കാലത്തായിരുന്നു?
6. എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കകൊണ്ട് നാം എന്ത് ചെയ്യേണം?
7. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്ക് ഉള്ളവരാകുംതോറും എന്ത് ചെയ്യേണം?
8. ആരാണ്, എന്തിനു വേണ്ടിയാണ്? ആരെപ്പോലെ ചുറ്റിനടക്കുന്നത്?
9. എന്തായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്? പിന്നെ എന്താണ് ചെയ്യേണ്ടത്?
10. നാം പാപം സംബന്ധിച്ച് മരിച്ച് നീതിയ്ക്ക് ജീവിക്കേണ്ടതിന് യേശു എന്തു ചെയ്തു?
11. ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ എന്ത് ചെയ്യേണം?
12. പണ്ട് വിശുദ്ധ സ്ത്രീകൾ തങ്ങളെ അലങ്കരിച്ചത് എന്ത് കൊണ്ടാണ്? എന്തു കൊണ്ട് അല്ല?

13. ഭർത്താക്കന്മാർ എന്തുകൊണ്ടാണ് ഭാര്യമാർക്ക് ബഹുമാനം കൊടുക്കേണ്ടത്?

14. അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് നമ്മെ എന്തിനാണ് വിളിച്ചത്? അതിന് നമ്മെ ആരാക്കിത്തീർത്തു?

★★★

# 85
# 2 പത്രോസ്

1. ദൈവമക്കൾ എന്തിനായിട്ടാണ് കാത്തിരിക്കുന്നത്?

2. എന്തിലാണ് വളരേണ്ടത്?

3. ദുരുപദേഷ്ടാക്കന്മാർ എന്താണ് ചെയ്തത്?

4. പാപം ചെയ്ത ദൂതന്മാരെ എന്താണ് ദൈവം ചെയ്തത്?

5. ആരാണ് നീതി പ്രസംഗി? ആരാണ് വലഞ്ഞുപോയ നീതിമാൻ?

6. ബിലെയാമിന്റെ അകൃത്യത്തിന് കിട്ടിയ ശാസന എന്തായിരുന്നു?

7. നേർവഴി വിട്ട് തെറ്റി ആരുടെ വഴിയിലേക്കാണ് നടന്നത്?

8. കർത്താവ് വരുമ്പോൾ ആകാശത്തിനും ഭൂമിയ്ക്കും എന്ത് സംഭവിക്കും?

9. ആരാണ് അന്ത്യകാലത്തു വരുന്നത്?

10. പണ്ടത്തെ ഭൂമി ജലപ്രളയത്തിൽ മുങ്ങി നശിച്ചു. ഇപ്പോഴത്തെ എന്ത് ഒക്കെയാണ് എന്തിനായി സൂക്ഷിച്ചിരിക്കുന്നത്?

11. പ്രവചനം എങ്ങനെ പ്രാപിച്ചതാണ്? എങ്ങനെ അല്ല?

12. എന്തുകാര്യമാണ് മറക്കാൻ പാടില്ലാത്തത്?

13. എന്തുകൊണ്ടാണ് കർത്താവിന്റെ വാഗ്ദത്തം താമസിക്കുന്നത്?

14. എന്ത് ഉണ്ടായി വസിക്കുന്നു എങ്കിൽ എന്ത് ആയിരിക്കയില്ല. എന്നാൽ അവ ഇല്ലാത്തവൻ ആരാണ്?

15. എന്തിനുവേണ്ടിയാണ് അധികം ശ്രമിക്കേണ്ടത്?

★★★

# 86

# 1 യോഹന്നാൻ

1. നാം എന്ത് വിട്ടു എന്തിൽ കടന്നിരിക്കുന്നു? അത് എങ്ങനെ നമ്മൾക്ക് അറിയാം?
2. നാം എങ്ങനെയാണ് സ്നേഹിക്കേണ്ടത്?
3. എന്ത് യാചിച്ചാലും ആർക്കാണ് കിട്ടുന്നത്? അവന്റെ കല്പന എന്താണ്?
4. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അതിനു കാരണം എന്ത്?
5. എന്തിനു വേണ്ടിയാണ് ഇത് അറിയിക്കുന്നത്? ഇത് എഴുതുന്നത്? അവരുടെ കൂട്ടായ്മ ആരോടാണ്?
6. എന്താണ് സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നത്?
7. ഒരുത്തൻ പാപം ചെയ്താൽ അവന് ആരുണ്ട്? അവൻ എന്ത് ചെയ്യേണം?
8. ദൈവത്തിൽ നിന്ന് ജനിച്ചവൻ എന്ത് ചെയ്യുന്നില്ല? അവൻ എന്ത് ചെയ്യുന്നു?
9. സ്നേഹത്തിന് എന്തില്ലാ? എന്താണ് ഭയത്തെ പുറത്താക്കിക്കളയുന്നത്?
10. സാക്ഷ്യം പറയുന്നവർ എത്രപേർ ഉണ്ട്? ആരെല്ലാമാണ്?
11. എന്തിനോടാണ് നാം അകന്ന് കൊള്ളേണ്ടത്?
12. ജീവൻ പ്രത്യക്ഷമായി, ആ ജീവന്റെ വചനം എങ്ങനെയുള്ളത്?
13. പാപം എന്താണ്? പാപം ചെയ്യുന്നവൻ എന്തു ചെയ്യും? എന്തിനുവേണ്ടിയാണ് യേശു പ്രത്യക്ഷനായത്?. അവനിൽ എന്ത് ഇല്ല? അവനിൽ വസിക്കുന്നവൻ എന്ത് ചെയ്യുന്നില്ല?
14. ആരാണ് കള്ളൻ? ആരാണ് ആദ്യം സ്നേഹിച്ചത്? ഏത് കല്പനയാണ് നമ്മൾക്ക് അവങ്കൽ നിന്ന് ലഭിച്ചിരിക്കുന്നത്?
15. ആരാണ് ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നാം എന്തു ചെയ്യണം?

★★★

# 87

## 2,3 യോഹന്നാൻ, യൂദാ

1. യോഹന്നാൻ രണ്ടാം ലേഖനം ആർക്കാണ് എഴുതുന്നത്? ആദി മുതലുള്ള കല്പന ഏതാണ്?
2. എന്ത് സ്വീകരിക്കാത്ത, ആരാണ് ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നത്. ആരൊക്കെയാണ് അവരുടെ കൂട്ടത്തിലുള്ളത്?
3. ആർക്കാണ് പിതാവും പുത്രനും ഉള്ളത്?
4. ആർക്കാണ് എല്ലാവരാലും സത്യത്താൽ തന്നെയും സാക്ഷ്യം ലഭിച്ചിരിക്കുന്നത്?
5. ആരാണ് പ്രധാനിയാകുവാൻ ആഗ്രഹിക്കുന്നത്? അവൻ എന്ത് ഒക്കെയാണ് ചെയ്യുന്നത്? അതുകൊണ്ട് യോഹന്നാൻ വന്നാൽ എന്ത് ചെയ്യും?
6. ആരെക്കുറിച്ച് എന്താണ് സഭയുടെ മുമ്പാകെ സാക്ഷ്യം പറഞ്ഞത്?
7. എന്ത് കേട്ടത് കൊണ്ടാണ് യോഹന്നാൻ അത്യന്തം സന്തോഷിച്ചത്?
8. യോഹന്നാന്റെ മൂന്നാം ലേഖനം എഴുതിയത് ആർക്കാണ്?
9. ഹാനോക്ക് ആരെക്കുറിച്ച് എന്താണ് പ്രവചിച്ചത്?
10. മോശെയുടെ ശരീരത്തെക്കുറിച്ച് ആര് ആരോടാണ് സംസാരിച്ചത്?
11. അന്ത്യകാലത്തു എങ്ങനെ നടക്കുന്ന ആരാണ് ഉണ്ടാകുന്നത്?
12. കൂലി കൊതിച്ചത് ആരാണ്? ആരുടെ മത്സരത്തിലാണ് നശിച്ചുപോയത്. ആരുടെ വഴിയിലാണ് അവർ നടക്കുന്നത്?
13. ഏത് വിധം സൂക്ഷിച്ച് എവിടെ എങ്ങനെയാണ് നിർത്തുന്നത്?
14. ആരാണ് നുഴഞ്ഞു വന്നിരിക്കുന്നത്?
15. ആരെയാണ്? എന്തുകൊണ്ടാണ്? എവിടെയാണ് ചങ്ങലയിട്ട് സൂക്ഷിച്ചിരിക്കുന്നത്?

★★★

# 88

# വെളിപ്പാട് 1–3

1. ജീവനുള്ളവൻ എന്ന് പേര് ഉണ്ടെങ്കിലും അവന്റെ അവസ്ഥ എന്താണ്? ഇത് ഏത് സഭയോടാണ് പറയുന്നത്? അവൻ എന്താണ് ചെയ്യേണ്ടത്?
2. എഫെസൊസ് സഭയോട് പറയുമ്പോൾ ജയിക്കുന്നവന് എന്താണ് കൊടുക്കുന്നത്?
3. ആരാണ് ഭാഗ്യവാന്മാർ?
4. കർത്താവ് എങ്ങനെയാണ് വരുന്നത്? ആരാണ് അവനെ കാണുന്നത്? ആരാണ് വിലപിക്കുന്നത്?
5. ഏത് മർമ്മവും ഏത് വിവരവുമാണ് എഴുതേണ്ടത്? അതിന്റെ പൊരുൾ എന്താണ്?
6. ആർക്കാണ് ജീവകിരീടം ലഭിക്കുന്നത്?
7. പെർഗ്ഗമൊസ് സഭയിൽ എന്തൊക്കെ ദുരുപദേശങ്ങളാണ് ഉള്ളത്?
8. ലവൊദിക്യ സഭ എങ്ങനെയുള്ളതാണ്? അതുകൊണ്ട് കർത്താവ് എന്തു ചെയ്യും?
9. ആർക്കാണ് ഉദയനക്ഷത്രം ലഭിക്കുന്നത്?
10. അല്പം മാത്രം ശക്തിയുള്ള സഭ ഏതായിരുന്നു? എന്നിട്ട് അവർ എന്താണ് ചെയ്തത്? അവർക്ക് എന്താണ് ലഭിക്കുന്നത്?
11. എഫെസൊസ് സഭയുടെ കുറ്റം എന്തായിരുന്നു?
12. യോഹന്നാൻ കണ്ട യേശുവിനെ(മനുഷ്യപുത്രനോട് സദൃശ്യനായവനെ) വിവരിക്കുക.
13. പെർഗ്ഗമൊസ് സഭയോട് പറയുമ്പോൾ ജയിക്കുന്നവന് എന്താണ് ലഭിക്കുന്നത്?
14. എഫൊസൊസ് സഭയോട് എന്താണ് ചെയ്യുവാൻ പറഞ്ഞത്? ചെയ്തില്ലെങ്കിൽ എന്തു സംഭവിക്കും?
15. യോഹന്നാൻ എവിടെയായിരുന്നു? അവൻ എപ്പോഴാണ് ആത്മവിവശനായത്?

★★★

# 89

## വെളിപ്പാട് 4–6

1. ചുവന്ന കുതിരപ്പുറത്തു ഇരുന്നവന്റെ കൈവശം എന്ത് ഉണ്ടായിരുന്നു?
2. എന്തുകൊണ്ടാണ് യോഹന്നാൻ ഏറ്റവും കരഞ്ഞത്?
3. സിംഹാസനത്തിന്റെ മുമ്പിലുള്ള കടൽ എങ്ങനെയുള്ളതാണ്?
4. കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നിൽക്കുന്നത് എവിടെയാണ് കണ്ടത്?
5. പതിനായിരം, പതിനായിരം ദൂതന്മാർ എന്താണ് പാടിയത്?
6. കറുത്ത കുതിരപ്പുറത്തിരുന്നവന്റെ കൈയ്യിൽ എന്തായിരുന്നു?
7. യോഹന്നാൻ ആത്മവിവശനായി കണ്ടത് എന്താണ്? ആരെയാണ്? അവൻ എന്തിനോട് സദൃശ്യനാണ്?
8. ആര് എവിടെ ഒളിച്ചുകൊണ്ട്, ആരോട് എന്താണ് പറഞ്ഞത്?
9. യാഗപീഠത്തിൽ എന്താണ് കണ്ടത്? അവർ എന്താണ് ഉറക്കെ നിലവിളിച്ചത്? അവർക്ക് എന്താണ് കൊടുത്തത്?
10. ആരാണ് ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടത്? അവന്റെ കൈയ്യിൽ എന്താണ് ഉള്ളത്? അവന് എന്തു ലഭിച്ചു?
11. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ 4 ജീവികളുടെ നടുവിൽ നിന്ന് എന്താണ് കേട്ടത്? എന്താണ് പറഞ്ഞത്?
12. മൂപ്പന്മാരിൽ ഒരുത്തൻ എന്താണ് പറഞ്ഞത്?
13. യോഹന്നാൻ ദർശനത്തിൽ കാണുന്ന മൂപ്പന്മാർ എത്രയാണ്? അവരുടെ തലയിൽ എന്തായിരുന്നു? അവർ എന്താണ് പറഞ്ഞതും ചെയ്യുന്നതും?
14. ആറാം മുദ്ര പൊട്ടിച്ചപ്പോൾ എന്താണ് സംഭവിച്ചത്? 3 കാര്യങ്ങൾ എഴുതുക.
15. സിംഹാസനത്തിന്റെ നടുവിൽ, സിംഹാസനത്തിന്റെ ചുറ്റിലും എത്ര ജീവികൾ ഉണ്ടായിരുന്നു?

★★★

# 90
# വെളിപ്പാട് 7–9

1. കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞപ്പോൾ എന്ത് സംഭവിച്ചു?
2. കുതിരകളുടെ ശക്തി എവിടെയായിരുന്നു. വാൽ എങ്ങനെയുള്ളതായിരുന്നു?
3. ആരാണ് എന്തിനു വേണ്ടിയാണ് ഒരുങ്ങി നിന്നത്?
4. വെട്ടുകിളിക്ക് എന്തു അധികാരമാണ് ലഭിച്ചത്? എത്ര മാസമാണ് ലഭിച്ചത്?
5. എപ്പോഴാണ് സ്വർഗ്ഗത്തിൽ മൗനത ഉണ്ടായത്?
6. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ എന്തു ചെയ്യും?
7. നാലാമത്തെ ദൂതൻ ഊതിയപ്പോൾ എന്തു സംഭവിച്ചു?
8. എവിടെ ബന്ധിച്ചിരുന്ന എത്ര ദൂതന്മാരെയാണ് അഴിച്ച് വിട്ടത്?
9. ആർക്കാണ് കേട് വരുത്തേണ്ടത്? ഇത് ആരോടാണ് പറഞ്ഞത്?
10. എങ്ങനെയാണ് വെള്ളം കയ്പായത്?
11. കഴുകൻ എന്താണ് ഉറക്കെ വിളിച്ച് പറഞ്ഞത്?
12. കുഞ്ഞാടിന് മുൻപാകെ ആര് നിൽക്കുന്നത് ആണ് കണ്ടത്? അവരുടെ കൈയ്യിൽ എന്തുണ്ടായിരുന്നു?
13. കേട് വരുത്തുവാൻ അധികാരം ലഭിച്ച 4 ദൂതന്മാരോട് എന്താണ് പറഞ്ഞത്? എത്ര പേർക്കാണ് മുദ്രയേറ്റത്?
14. ധൂപ വർഗ്ഗത്തിന്റെ പുക എന്തോടു കൂടിയാണ് എവിടേയ്ക്ക് കയറിയത്?
15. അഗാധദൂതന്റെ യവനഭാഷയിലും എബ്രായ ഭാഷയിലുമുള്ള പേരെന്താണ്?

★★★

# 91

# വെളിപ്പാട് 10–12

1. ഭൂതലത്തെ മുഴുവനും തെറ്റിച്ചു കളയുന്നത് ആരാണ്? അവന്റെ പേരുകൾ ഏതെല്ലാം? അവനെ എന്ത് ചെയ്തു?
2. ബലവാനായ ദൂതനെ വിവരിക്കുക. അവന്റെ കൈയ്യിൽ എന്ത് ഉണ്ടായിരുന്നു?
3. ആരാണ് മഹാ സർപ്പത്തോട് പട വെട്ടിയത്?
4. അവർ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന എന്ത് ആകുന്നു?
5. ഏഴ് ഇടിനാദം മുഴക്കിയപ്പോൾ യോഹന്നാൻ എന്തു ചെയ്യുവാൻ ഭാവിച്ചു. അപ്പോൾ എന്ത് സംഭവിച്ചു?
6. ചെറുപുസ്തകം എന്തു ചെയ്യുവാനാണ് പറഞ്ഞത്. അങ്ങനെ ചെയ്തപ്പോൾ എങ്ങനെയായിരുന്നു?
7. ആരാണ് 2 സാക്ഷികളോട് പടവെട്ടി അവരെ കൊന്നത്?
8. 2 സാക്ഷികളുടെ ശവം എവിടെ കിടക്കും?
9. ബലവാനായ ദൂതൻ സിംഹം അലറുന്നപോലെ ആർത്തപ്പോൾ എന്ത് സംഭവിച്ചു?
10. 2 സാക്ഷികൾ എന്തു ഉടുത്തുകൊണ്ട് എത്ര ദിവസം പ്രവചിക്കും?
11. വിശുദ്ധനഗരത്തെ ആര്, എത്ര മാസം ചവിട്ടും?
12. ആരെല്ലാം സാക്ഷികളുടെ ശവം കാണും. എത്ര ദിവസം കാണും? അത് കഴിയുമ്പോൾ ശവത്തിന് എന്തു സംഭവിക്കും?
13. സ്വർഗ്ഗത്തിൽ എന്താണ് കണ്ടത്? അവയെ വിവരിക്കുക?
14. യോഹന്നാന് കൈയ്യിൽ എന്താണ് കിട്ടിയത്? അതുകൊണ്ട് എന്തു ചെയ്യാനാണ് പറഞ്ഞത്?
15. ആര് ആരോട് പറഞ്ഞു? : “നീ ഇതുവാങ്ങി തിന്നുക, അതു വയറ്റിനെ കയ്പിക്കും. എങ്കിലും വായിൽ തേൻപോലെ മധുരിക്കും.

★★★

# 92

## വെളിപ്പാട് 13–16

1. ജയിച്ചവർ എവിടെ നിൽക്കുന്നതാണ് കണ്ടത്? അവർ എന്താണ്, ആരുടെ പാട്ടാണ് പാടിയത്?
2. ആർക്കാണ് രാവും പകലും സ്വസ്ഥത ഉണ്ടാകാതിരിക്കുന്നത്?
3. എവിടെയാണ് കൂട്ടിച്ചേർത്തത്? എന്നാൽ ആരാണ് ഭാഗ്യവാന്മാർ?
4. കള്ളപ്രവാചകന്റെ വായിൽ നിന്ന് എന്താണ് പുറപ്പെട്ടത്? അത് എന്താണ്?
5. 666 ഏതിന്റെ ഒക്കെ സംഖ്യയാണ്?
6. കഷ്ടത ഉണ്ടായപ്പോൾ അവർ എന്തു ചെയ്തു? എന്ത് ചെയ്തില്ല?
7. മൃഗത്തിന് ആരാണ് സിംഹാസനവും അധികാരവും കൊടുത്തത്?
8. ജലാധിപതിയായ ദൂതൻ എന്താണ് പറഞ്ഞത്?
9. മുദ്ര ഏറ്റില്ലെങ്കിൽ എന്ത് സാധിക്കുകയില്ല?
10. ഇവിടെ എന്താണ് ആവശ്യം?
11. ചക്കിൽ നിന്ന് എന്താണ് ഒഴുകിയത്? അതു എവിടെ വരെ പൊങ്ങി? എത്ര ദൂരം ഒഴുകി?
12. മൃഗത്തിന് ആരാണ് സിംഹാസനവും അധികാരവും കൊടുത്തത്?
13. ആരാണ് ഭാഗ്യവാന്മാർ? എന്താണ് അവരെ പിന്തുടരുന്നത്?
14. സീയോൻ മലയിൽ ആരെയാണ് കണ്ടത്? അവരുടെ നെറ്റിയിൽ എന്താണ് എഴുതിയിരിക്കുന്നത്? അവർ എന്ത് ചെയ്തു?
15. ആകാശ മദ്ധ്യേ പറക്കുന്ന ദൂതന്റെ പക്കൽ എന്തുണ്ട്? അത് എന്തിനു വേണ്ടിയാണ്?

★★★

# 93

# വെളിപ്പാട് 17-19

1. ആര് ആരോട് പറഞ്ഞു: ദൈവത്തെ നമസ്ക്കരിക്കുക, യേശുവിന്റെ സാക്ഷ്യമോ, പ്രവചനത്തിന്റെ ആത്മാവ് തന്നെ.
2. യോഹന്നാൻ കണ്ട മൃഗത്തിന്മേലിരുന്ന സ്ത്രീയുടെ നെറ്റിയിൽ എഴുതിയിരുന്നതെന്ത്?
3. എങ്ങനെയാണ് സ്ത്രീ മത്തയായിരിക്കുന്നത്?
4. ആരാണ് മൃഗത്തെ കണ്ട് അതിശയിക്കുന്നത്?
5. പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടത് എന്താണ്?
6. അവളുടെ പുക എന്നെന്നേയ്ക്കും പൊങ്ങുന്നു എന്ന് പറഞ്ഞു. ആരാണ്, എന്തു പറഞ്ഞു, ആരെ വീണു നമസ്ക്കരിച്ചു.
7. സ്വർഗ്ഗത്തിൽ എന്താണ് പ്രത്യക്ഷമായത്. അതിന്മേൽ ഇരിക്കുന്നവന്റെ പേര് എന്ത്?
8. സ്വർഗ്ഗത്തിലെ സൈന്യം എന്ത് ധരിച്ച് എന്തിൽ കയറി ആരെ അനുഗമിച്ചു?
9. ആരാണ് ഭാഗ്യവാന്മാർ?
10. ആരോടൊക്കെയാണ് അവളെ ചൊല്ലി ആനന്ദിപ്പാൻ പറഞ്ഞിരിക്കുന്നത്? എന്തുകൊണ്ടാണ് ആനന്ദിക്കേണ്ടത്?
11. ആരാണ് രാജത്വം ഏറ്റിരിക്കുന്നത്?
12. ദൂതൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോട് എന്താണ് പറഞ്ഞത്?
13. എങ്ങനെ ആർക്ക് തൃപ്തി വന്നു?
14. അവന്റെ ഉടുപ്പിന്മേലും തുടമേലും എന്താണ് എഴുതിയിരിക്കുന്നത്?
15. ആരെ ഒക്കെയാണ് ജീവനോടെ തീപ്പൊയ്കയിൽ തള്ളിക്കളഞ്ഞത്?

★★★

# 94
# വെളിപ്പാട് 20–22

1. എന്താണ് നമ്മോടുകൂടെ ഇരിക്കുമാറാകട്ടെ എന്നു യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞത്?
2. ഇത് സാക്ഷീകരിക്കുന്നവൻ എന്താണ് പറഞ്ഞത്?
3. ഈ പുസ്തകത്തിലെ പ്രവചനം എന്ത് ചെയ്യരുത്, കർത്താവ് വേഗം വരുന്നു. എന്തിനു വേണ്ടിയാണ്? എന്തുമായിട്ടാണ് വരുന്നത്? അതുകൊണ്ട് വിശുദ്ധൻ ഇനി എന്തു ചെയ്യണം.?
4. പ്രവചനത്തോട് ആരെങ്കിലും കൂട്ടിയാലും, നീക്കിക്കളഞ്ഞാലും അവർക്ക് എന്തു സംഭവിക്കും?
5. സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം എന്താണ് പറഞ്ഞത്?
6. ആയിരം ആണ്ടേക്ക് ആരെയൊക്കെയാണ്, എവിടെയാണ് ചങ്ങലയിൽ ഇട്ടത്?
7. ആരാണ് ജീവിച്ചു ക്രിസ്തുവിനോട് കൂടെ ആയിരമാണ്ട് വാണത്?
8. ആരാണ് ഭാഗ്യവാൻ?
9. 1000 ആണ്ട് കഴിഞ്ഞപ്പോൾ ആരെ അഴിച്ചു വിട്ടു. അവൻ എന്താണ് ചെയ്തത്?
10. ആരെയാണ് ഗന്ധകത്തിപ്പൊയ്കയിലേക്ക് തള്ളിയിടുന്നത്?
11. ആരാണ് വെള്ളസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്നത്. അപ്പോൾ എന്തു സംഭവിക്കുന്നു?
12. എന്തിനെയാണ്, ആരെയാണ് തീപ്പൊയ്കയിൽ തള്ളിയിടുന്നത്?
13. തീയും ഗന്ധകവും കത്തുന്ന ഓഹരി ആർക്കുള്ളതാണ്? അത് എന്താണ്?
14. എന്താണ് ആരെപ്പോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നത്?
15. വിശുദ്ധ നഗരത്തിൽ ആര് കടക്കും. ആര് കടക്കുകയില്ല?

★★★

# ഉത്തരങ്ങൾ

# 01
# ഉല്പത്തി പുസ്തകം

1. യെഹൂദായുടെ - (49:10)
2. കെരൂബ് - (3:24)
3. അരാം - (10:23)
4. നിമ്രോദ് - (10:8)
5. താമാർ, യെഹൂദ - (38:18)
6. യാക്കോബ് - (32:18,20)
7. 962 - (5:20)
8. യാക്കോബ് - (37:34)
9. അബ്രഹാം - (23:16)
10. ദൈവത്തിന്റെ ദൂതൻ ഹാഗറിനോട് - (21:17)
11. യാക്കോബ്- പെനീയേൽ (32:31)
12. സാക്ഷ്യത്തിന്റെ കുമ്പാരം - (31:47)

★★★

# 02
# പുറപ്പാട് പുസ്തകം

1. ലേവ്യർ - (32:28).
2. മോശെ - (7:1).
3. യിസ്രായേൽ മക്കളുടെ പ്രമാണികൾ (24:11).
4. സ്ത്രീകളുടെ ദർപ്പണം. സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളുടെ പക്കൽ നിന്ന് (38:8).

5. യിത്രോ (18:18-22).

6. മന്ത്രവാദികൾ ഫറവോനോട് (8:18,19).

7. മിസ്രയീം ദേശത്ത് (9:31).

8. ഊറീമും തുമ്മീമും (വെളിപ്പാടും സത്യവും). അഹരോൻ യഹോവയുടെ സന്നിധാനത്തിൽ കടക്കുമ്പോൾ തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം (28:30)

9. യഹോവയുടെ നേരെ (16:7,8).

10. സമ്മാനം (23:8).

11. യിസ്രായേൽ മക്കളുടെ 12 ഗോത്രത്തലവന്മാരുടെ പേരുകൾ (യിസ്രായേൽ മക്കളുടെ പേരുകൾ) ഗോമേദകക്കല്ലിൽ എഴുതി ഏഫോദിന്റെ ചുമൽക്കണ്ടങ്ങളിന്മേൽ വച്ചിരിക്കുന്നു (28:9-12, 39:7,14).

12. യഹോവയ്ക്ക് വീണ്ടെടുപ്പ് വില കൊടുക്കണം (30:12).

***

# 03
# ലേവ്യാ പുസ്തകം

1. ശെലോമിത്ത്. അവൻ തിരുനാമം ദുഷിച്ച് ശപിച്ചു. (24:11).

2. അസസ്സേലിന് ചീട്ട് വീണ കോലാട്ട് കൊറ്റനെ (ലേവ്യ 16:10).

3. മീശായേൽ, എത്സാഫാൻ. നാദാബിന്റെയും, അബീഹൂമിന്റെയും (10:1-4).

4. അതിനോട് അഞ്ചിലൊന്ന് ചേർത്ത് കൊടുക്കേണം (27:31).

5. ആണിന് - 50 ശേക്കൽ വെള്ളി. പെണ്ണിന് 30 ശേക്കൽ വെള്ളി (27:3).

6. മതിപ്പ് വിലയും അതിന്റെ അഞ്ചിലൊന്നും കൂടെ കൊടുത്തു അതിനെ വീണ്ടെടുക്കേണം. വീണ്ടെടുക്കാനില്ലെങ്കിൽ നിന്റെ മതിപ്പ് വിലയ്ക്ക് അതിനെ വിൽക്കേണം (27:26,27).

7. മേദസ്സും രക്തവും (3:17).
8. മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും കുളമ്പ് രണ്ടായി പിരിഞ്ഞിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും തിന്നാം (11:3).
9. അഞ്ചാം സംവത്സരത്തിൽ (19:25).
10. യോബേൽ സംവത്സരം (25:10).
11. പാപം ചെയ്തു എന്ന് ഏറ്റ് പറയേണം. പ്രായശ്ചിത്തമായി പാപയാഗം കഴിക്കേണം (5:6,7).
12. അവളെ തീയിൽ ഇട്ട് ചുട്ടുകളയേണം (21:9).

✶✶✶

# 04
# സംഖ്യാ പുസ്തകം 1–18

1. നാസീർ വ്രതം (6:1–5).
2. അഹരോന്റെ തളിർത്ത വടി (17:10).
3. ലേവ്യർ (18:26).
4. സീനായ് മരുഭൂമിയിൽ (1:19). 603550 (1:46). ലേവ്യരുടെ എണ്ണം എടുത്തില്ല (1:47).
5. സീനായ് മരുഭൂമിയിൽ (9:1–5).
6. 2 വെള്ളികാഹളം (10:2).
യിസ്രായേലിലെ സഹസ്രാധിപന്മാരായ പ്രഭുക്കന്മാർ (10:4).
7. തബേര. പിറുപിറുപ്പ് കാരണം (11:1–3).
8. യഹോവേ എഴുന്നേൽക്കണമെ നിന്റെ ശത്രുക്കൾ ചിതറുകയും നിന്നെ പകെക്കുന്നവർ നിന്റെ മുമ്പിൽ നിന്നു ഓടിപ്പോകയും ചെയ്യട്ടെ (10:35).
9. 40 ദിവസം, മുന്തിരിക്കുല, മാതളപ്പഴം, അത്തിപ്പഴം (13:23–25).
10. മോശെ (12:2–3).

11. യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും (14:29).

12. യഹോവയുടെ തീ ദഹിപ്പിച്ചവരുടെ (250 പേരുടെ) ധൂപകലശങ്ങൾ കൊണ്ട് (16:35–40).

★★★

## 05
## സംഖ്യാ പുസ്തകം 19–36

1. മനെശയുടെ മകനായ മാഖീരിന്റെ പുത്രന്മാർ (32:39).

2. കലഹജലത്തിങ്കൽ യഹോവയുടെ കല്പന ലംഘിച്ച് പാറയെ അടിച്ചു. യഹോവയെ വിശ്വസിക്കാതിരുന്നതു കൊണ്ടാണ് (20:7,11,12,13).

3. യിസ്രായേൽ നേർച്ച നേർന്നു. (21:1–3). ഹോർമ്മാ.

4. സെലോഫാഹാദിന്റെ പുത്രിമാർ. മോശയോടും എലെയാസർ പുരോഹിതനോടും പ്രഭുക്കന്മാരോടും സർവ്വസഭയോടും (27:1–2).

5, സങ്കേത നഗരങ്ങൾ. മഹാപുരോഹിതന്റെ മരണം വരെ (35:10,11,28).

6. ബാമോത്ത് ബാൽ (22:41). സോഫീം മുകൾ പരപ്പിൽ (23:14) പെയോർ മലയുടെ മുകളിൽ (23:28)

7. അബാരീം മലയിൽ (27:12).

8. മിര്യാം കാദേശിൽ വെച്ച് മരിച്ചു (20:1). അഹരോൻ ഹോർ പർവ്വതത്തിൽ വെച്ച് മരിച്ചു (20:25–28). അഹരോന് 123 വയസ്സായിരുന്നു (33:39).

9. ബേരിൽ (21:16,18).

10. ബിലെയാം (23:10). മിദ്യാന്യരോടുള്ള യുദ്ധത്തിൽ യിസ്രായേലിന്റെ വാളിനാൽ കൊല്ലപ്പെട്ടു. (31:8).

11. ശിമെയോൻ ഗോത്രത്തിൽ സിമ്രിയെയും മിദാന്യസ്ത്രീ കൊസ്ബിയെയും. ബാൽപെയോരിനോടു ചേർന്ന് പര സംഗം ചെയ്തതു നിമിത്തം. ഫിനെഹാസിനും സന്ത തിക്കും നിത്യപൗരോഹിത്യം (25:13-15).

12. മോശെ (20:25-28) സഹോദരൻ അഹരോന്റെ വസ്ത്രം ഊരി മകൻ എലെയാസറിനെ ധരിപ്പിച്ചു.

✶✶✶

# 06

# ആവർത്തന പുസ്തകം 1-17

1. യിസ്രായേൽ മക്കളെ. ആ കാര്യം അവർ മനസ്സിൽ ധ്യാനിച്ചു കൊള്ളേണം (8:5-6).
2. ബാശാൻ രാജാവായ ഓഗിന് (3:11).
3. രാജാവ് അന്യജാതിക്കാരൻ ആകരുത്. അധികം കുതിര ഉണ്ടാകരുത്. അനേകം ഭാര്യമാരെ എടുക്കരുത്. വെള്ളിയും പൊന്നും അധികം സമ്പാദിക്കരുത്. ദൈവകല്പന പ്രമാണി ക്കുന്നവനായിരിക്കണം. ഹൃദയം സഹോദരനു മീതെ അഹ ങ്കരിച്ചുയരരുത് (17:16-20).
4. അമോര്യർ (1:44).
5. യഹോവയുടെ കല്പനകളോട് (13:1).
6. വിഗ്രഹങ്ങളിലുള്ള വെള്ളിയും പൊന്നും (7:24,25). ഊന മുള്ള മൃഗത്തെ യാഗം കഴിക്കുന്നത് (17:1).
7. ആദ്യത്തെ പലകകൾ ഉടെച്ചു കളഞ്ഞു. രണ്ടാമത്തെ പലക കൾ പെട്ടകത്തിൽ വെച്ചു (9:17,10:5).
8. 38 സംവത്സരം കൊണ്ട് (2:14).
9. അന്യദൈവങ്ങളെയോ സൂര്യചന്ദ്രന്മാരെയോ ആകാശ ത്തിലെ ശേഷം സൈന്യത്തെയോ സേവിക്കുന്ന സ്ത്രീയെയോ പുരുഷനെയോ (17:2-9).
10. ദൈവമായ യഹോവ - 2 കല്പലകകൾ (10:1-5).

11. ഏഴാം സംവത്സരം. കാത് സൂചി കൊണ്ട് വാതിലിനോട് ചേർത്ത് കുത്തി തുളയ്ക്കണം (15:12-17).

12. മോശെ. പാപം നിമിത്തം ദൈവം യിസ്രായേൽ മക്കളെ നശിപ്പിക്കാതിരിക്കാൻ (9:18,25).

★★★

# 07
# ആവർത്തന പുസ്തകം 18-34

1. പടിയും പറയും ഒത്തതും ന്യായമായതുമായിരിക്കണം (25:15).

2. മറഞ്ഞിരിക്കുന്നവ യഹോവെക്കുള്ളതും വെളിപ്പെട്ടിരിക്കുന്നവ നാം അനുസരിച്ചു നടക്കേണ്ടതിനു നമുക്കും നമ്മുടെ മക്കൾക്കും ഉള്ളതാകുന്നു (29:28).

3. കള്ളസാക്ഷ്യം പറഞ്ഞവനെ, അവൻ സഹോദരനു വരുത്തുവാൻ നിരൂപിച്ചതുപോലെ അവനോടു ചെയ്യേണം (19:19).

4. അനുഗ്രഹിപ്പാൻ ഗെരിസിം പർവ്വതത്തിലും ശപിക്കുവാൻ ഏബാൽ പർവ്വതത്തിലും നിൽക്കണം (27:12,13).

5. ഭയവും അധൈര്യവും ഉള്ള വ്യക്തിയെ

   പുതിയ വീട് പണിതു ഗൃഹപ്രവേശം കഴിയാതിരിക്കുന്നവനെ

   മുന്തിരിത്തോട്ടം ഉണ്ടാക്കി ഫലം അനുഭവിക്കാത്തവനെ

   ഒരു സ്ത്രീയെ വിവാഹത്തിനു നിശ്ചയിച്ച് അവളെ പരിഗ്രഹിക്കാതിരിക്കുന്നവനെ (20:5-8).

6. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്ഥൻ ആണ്. അവന്റെ ശവം മരത്തിന്മേൽ രാത്രി മുഴുവനും ഇരിക്കരുത് (21:22).

7. യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ച് നടക്കുന്നവനെ യഹോവ വാലല്ല, തലയാക്കും (28:13).

8. പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കുന്നതു യഹോവെക്കു വെറുപ്പാകുന്നു (22:5).

9. അവർ തങ്ങളുടെ ദേവപൂജയിൽ ചെയ്തു പോരുന്ന സകല മ്ലേഛതകളും ചെയ്യുവാൻ നിങ്ങളെ പഠിപ്പിച്ചിട്ട് നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയോട് പാപം ചെയ്യാതിരിക്കേണ്ടതിനാണ് (20:17–18).

10. വിധവയുടെ വസ്ത്രം പണയം വാങ്ങരുത് (24:17).

11. വലിയ കല്ലുകൾ. ആ കല്ലുകളിൽ യഹോവയുടെ ന്യായപ്രമാണത്തിന്റെ വചനങ്ങളൊക്കെയും നല്ല തെളിവായി എഴുതണം (27:4–8).

12. ന്യായപ്രമാണത്തിലെ സകല വചനങ്ങളും മനസ്സിൽ വെച്ചുകൊണ്ടാൽ അതു ജീവൻ തന്നെയാകുന്നു. നിങ്ങൾക്കു ദീർഘായുസ്സ് ഉണ്ടാകുമെന്നും മോശെ എല്ലാ യിസ്രായേലിനോടും പറഞ്ഞു (32:44–47).

★★★

## 08
## യോശുവ 1–16

1. ഏബാൽ പർവ്വതത്തിൽ വെച്ച്, ചെത്തുകയോ ഇരുമ്പ് തൊടുവിക്കുകയോ ചെയ്യാത്ത കല്ല് കൊണ്ട് ഒരു യാഗപീഠം പണിതു. മോശെ എഴുതിയിരിക്കുന്ന ന്യായപ്രമാണത്തിന്റെ പകർപ്പ് ആ കല്ലുകളിൽ എഴുതി (8:30–33).

2. ഗിബെയോൻ നിവാസികൾ (9:3–15)

3. യോർദ്ദാന്റെ നടുവിൽ 12 കല്ലുകൾ (4:9)

4. അമോര്യ രാജാക്കന്മാർ (യെരുശലേം രാജാവ്, ഹെബ്രോൻ രാജാവ്, യർമൂത്ത് രാജാവ്, ലാഖീശ് രാജാവ്, എഗ്ലോൻ രാജാവ് (10:5,11)

5. ആഖോർ താഴ്വര (7:26).

6. യഹോവ അമോര്യരെ യിസ്രായേലിന്റെ കൈയ്യിൽ ഏൽപ്പിച്ചു കൊടുത്ത ദിവസം. യോശുവ കല്പിച്ചതു

പോലെ സൂര്യനും ചന്ദ്രനും ആകാശത്തിൽ ഒരു ദിവസം മുഴുവനും നിന്നു (10:12–14)

7. ദേശത്തു വിളവ് അനുഭവിച്ചതിന്റെ പിറ്റേ ദിവസം മന്ന നിന്നു പോയി (5:12)
8. 13 ദിവസം (6:3,5)
9. പെട്ടകവും ജനവും തമ്മിൽ 2000 മുഴം അകലം (3:4)
10. ഹായി പട്ടണക്കാർ യിസ്രായേലിനെ പിൻതുടർന്നു തോൽപ്പിച്ച് അവരിൽ 36 പേരെ കൊന്നു. അപ്പോൾ യിസ്രായേൽ മക്കളുടെ ഹൃദയം ഉരുകി വെള്ളം പോലെ ആയി. (7:5).
11. ഒത്നിയേൽ (15:17).
12. ശാപം (7:12)

★★★

## 09

## യോശുവ 17 – ന്യായാധിപന്മാർ 8

1. യോസേഫിന്റെ അസ്ഥികൾ, ശേഖേമിൽ (യോശു 24:32).
2. അദോനി - ബേസെക് (ന്യായാ 1:6,7).
3. പിതാക്കന്മാർ അനുസരിച്ചു നടന്ന വഴികളിൽ ഇവരും അനുസരിച്ചു നടക്കുമോ ഇല്ലയോ എന്ന് യിസ്രായേൽ മക്കളെ പരീക്ഷിക്കേണ്ടതിന് (ന്യായാ 2:22,23).
4. രൂബേന്യരും, ഗാദ്യരും മനശ്ശെയുടെ പാതി ഗോത്രവും - (യോശു 22:10). ഏദ് - യഹോവ തന്നെ ദൈവം - (യോശു. 22:34).
5. ബെന്യാമീൻ ഗോത്രം – യോശു. 18:10
   ശിമയോൻ ഗോത്രം – 19:1
   സെബൂലുൻ ഗോത്രം – 19:3
   യിസാഖാർ ഗോത്രം – 19:17
   ആശേർ ഗോത്രം – 19:24

| | | |
|---|---|---|
| നഫ്താലി ഗോത്രം | - | 19:32 |
| ദാൻ ഗോത്രം | - | 19:32 |

ശീലോവിൽ യഹോവയുടെ സന്നിധിയിൽ വെച്ചു (യോശുവ 18:10).

6. യെഹൂദാ, ശിമെയോൻ, ബെന്യാമീൻ ഗോത്രത്തിലും കൂടെ 13 പട്ടണങ്ങൾ (യോശുവ 21:4-8).
7. സേയീർ പർവ്വതം ഏശാവിന് അവകാശമായി കിട്ടി. യോശുവയ്ക്ക് എഫ്രയീം പർവ്വതത്തിലുള്ള തിമ്നത്ത് - സേരഹ് (യോശുവ 19:50).
8. ശേഖേമിൽ വെച്ച്. യഹോവയുടെ വിശുദ്ധ മന്ദിരത്തിനരികെയുള്ള കരുവേലകത്തിൻ കീഴെ ഒരു വലിയ കല്ല് നാട്ടി (യോശുവ 24:25,26).
9. ദെബോര, ലപ്പിദോത്ത് എഫ്രയീം പർവ്വതത്തിൽ രാമെക്കും ബെഥേലിനും മദ്ധ്യേയുള്ള ദെബോരയുടെ ഈന്തപ്പനയുടെ കീഴിൽ പാർത്തിരുന്നു (ന്യായാ. 4:4,5;5:7).
10. യെരുബ്ബാൽ - ബാൽ ദൈവമെങ്കിൽ ഇവന്റെ നേരെ വ്യവഹരിക്കട്ടെ (ന്യായാ. 6:31,32).
11. യവയപ്പം, ഒരു മിദ്യാൻ, ഗിദെയോൻ (ന്യായാ. 7:13,14).
12. മുമ്മൂന്ന് പേരെ (യോശുവ 18:4).

★★★

# 10
# ന്യായാധിപന്മാർ 9 മുതൽ രൂത്ത് 4 വരെ

1. ഗിബെയയിൽ പാർക്കുന്ന വൃദ്ധൻ- എഫ്രയീം മലനാട്ടുകാരനായ ലേവ്യനോട് (ന്യായാ. 19:16-20).
2. ശിംശോൻ - യെഹൂദയിൽ നിന്നു വന്ന 3000 പേരോട് - (ന്യായാ.15:10,11).
3. കൊയ്ത്തുകാർ ബോവസിനോട് (രൂത്ത് 2:4)
4. യഹോവ യിസ്രായേൽ മക്കളോട് (ന്യായാ. 10:11-14).
5. യഹോവയുടെ ദൂതൻ മനോഹയോട് (ന്യായാ 13:18).

6. യിഫ്താഹ് മകളോട് പറഞ്ഞു– (ന്യായാ. 11:35).

7. ഒരുത്തൻ തന്റെ ചെരുപ്പൂരി മറ്റവനു കൊടുക്കും - (രൂത്ത് 4:7).

8. നവോമി ബേത്ലഹേമിലെ ജനത്തോട് പറഞ്ഞു - (രൂത്ത് 1:21).

9. മീഖാവ് (ന്യായാ. 17:1). 1100 വെള്ളിപ്പണം തട്ടാന്റെ കയ്യിൽ കൊടുത്ത് അതുകൊണ്ട് കൊത്തുപണിയും വാർപ്പു പണി യുമായ ഒരുവിഗ്രഹം ഉണ്ടാക്കി (ന്യായാ. 17:4).

10. മോശയുടെ മകനായ ഗർശോമിന്റെ മകൻ യോനാഥാനും അവന്റെ പുത്രന്മാരും ദാൻ ഗോത്രത്തിന് പുരോഹിതന്മാരാ യിരുന്നു. (ന്യായാ. 18:30).

11. മനോഹയുടെ മകൻ ശിംശോൻ (ന്യായാ. 13:24). ഗർഭം മുതൽ യഹോവയ്ക്കു നാസീറായിരിക്കും. (13:5). മഹനേദാ നിൽ വെച്ച് യഹോവയുടെ ആത്മാവ് ഉദ്യമിപ്പിച്ച് തുടങ്ങി –(ന്യായാ 13:25).

12. ആ കാലത്ത് ഓരോരുത്തൻ തനിക്കു ബോധിച്ചതു പോലെ നടന്നു. (ന്യായാ 21:25).

★★★

# 11
# 1 ശമുവേൽ 1–18

1. യിശ്ശായി (1 ശമു: 17:17,18).

2. മഹാപുരോഹിതനായ ഏലി (2:29) ഏലിയുടെ രണ്ട് പുത്ര ന്മാരായ ഹൊഫ്നിയും ഫിനെഹാസും പടയിൽ പട്ടുപോ യി. ഏലി ആസനത്തിൽ നിന്നു പുറകോട്ട് വീണ് കഴു ത്തൊടിഞ്ഞു മരിച്ചു (1 ശമു. 4:17,18).

3. ശൗലിനും അവന്റെ ഭൃത്യനും (9:22) ശമുവേൽ.

4. യോനാഥാൻ തന്റെ ആയുധവാഹകനായ ബാല്യക്കാ രനോട് പറഞ്ഞു (14:6).

5. യഹോവ ഏലിയാബിനെക്കുറിച്ച് ശമുവേലിനോട് (16:6,7).

6. ശമുവേൽ പ്രവാചകൻ, ഏബെൻ ഏസർ. ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു (7:12).
7. ശൗൽ അമാലേക്യ രാജാവായ ആഗാഗിനെ കൊല്ലാതെ ജീവനോടെ പിടിച്ചു (15:7,8).
8. ശമുവേൽ ശൗലിനു വേണ്ടി നിലവിളിച്ചു. ശൗലിനെ രാജാവായി വാഴിച്ചതിനാൽ യഹോവയ്ക്ക് മനസ്താപമായി. ശൗൽ യഹോവയെ വിട്ടുമാറി. അവന്റെ കല്പനകളെ നിവർത്തിച്ചതുമില്ല (15:11).
9. ബേത്ത് - ശെമേശ്യർ, അമ്പതിനായിരത്തി എഴുപത്. ബേത്ത് ശെമേശ്യർ യഹോവയുടെ പെട്ടകത്തിൽ നോക്കുക കൊണ്ട് (6:19,20).
10. ശമുവേൽ (12:20,23).
11. ശമുവേലിന്റെ മക്കൾ - ന്യായാധിപന്മാരായിരുന്നു (8:1).
12. ഫിനെഹാസിന്റെ ഭാര്യ. ഈഖാബോദ് - മഹത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി. ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടതുകൊണ്ട് (4:22).

★★★

# 12

# 1 ശമുവേൽ 19 – 2 ശമുവേൽ 4

1. ഒരു അമാലേക്യൻ (2 ശമു. 1:13,16).
2. മീഖൾ (1 ശമു. 19:13).
3. അസാഹേൽ (2 ശമു. 2:18).
4. ബാൽ പെരാസീമിൽ വെച്ച് (2 ശമു. 5:20), യഹോവ ദാവീദിന്റെ മുമ്പിൽ വച്ച്
5. 85 (1 ശമു. 22:17,18).

   (a) അവൻ ദാവീദിനോടു ചേർന്നു
   (b) അഹിമേലെക്ക് ദാവീദിന് അപ്പവും വാളും കൊടുത്തു
   (c) ദാവീദ് പോയത് ശൗലിനെ അറിയിക്കാതിരിക്കുകയും ചെയ്തു.

(d) ഏദോമ്യനായ ദോവേഗ് (1 ശമു. 22:17,18).
അബ്യാഥാർ (1 ശമു. 22:20).

6. നാബാൽ (1 ശമു. 25:38).

7. ദാവീദ് (2 ശമു. 3:39).
അബ്നേർ കൊല്ലപ്പെട്ടതുകൊണ്ട്

8. ദാവീദ് ശൗലിന്റെ വസ്ത്രാഗ്രം മുറിച്ചു (1 ശമു. 24:4).
കാട്ടാട്ടിൻ പാറ (1 ശമു. 24:2).

9. ദാവീദ് പറഞ്ഞു (1 ശമു. 26:2,3,9).
സീഫ് മരുഭൂവിലെ ഹഖിലാക്കുന്നിലെ പെരുവഴിയരികെ പാളയത്തിൽ കൈനിലയുടെ നടുവിൽ വച്ച്. ശൗലിനെക്കുറിച്ച്.

10. ശൗൽ (1 ശമു. 28:6).

11. യുദ്ധത്തിനു പോകുന്നവന്റെ ഓഹരിയും സാമാനങ്ങൾക്കരികെ താമസിക്കുന്നവന്റെ ഓഹരിയും ഒരുപോലെ ആയിരിക്കണം. അവർ സമാംശമായി ഭാഗിച്ചെടുക്കേണം.
(1 ശമു. 30:24,25).

12. യോനാഥാൻ, അബിനാഥാവ്, മെൽക്കിശുവ (1 ശമു. 31:2).
യാബേശിലെ പിചുല വൃക്ഷത്തിന്റെ ചുവട്ടിൽ(1 ശമു. 31:13).
ഗിലെയാദിലെ യാബേശ് നിവാസികൾ (1 ശമു. 31:11).

✶✶✶

# 13
# 2 ശമുവേൽ 5–24

1. അഹീഥോഫലിന്റെ ആലോചനയെ (15:31).
ആ പ്രാർത്ഥന ദൈവം കേട്ടു (19:14).

2. ഗേരയുടെ മകൻ ശിമെയി (16:5–9). അവൻ ശപിക്കട്ടെ. ദാവീദിനെ ശപിക്ക എന്നു യഹോവ കല്പിച്ചിരിക്കുന്നു. യഹോവ എന്റെ സങ്കടം നോക്കി അവന്റെ ശാപത്തിനു പകരം അനുഗ്രഹം നൽകും. (16:11–12). ഈ ചത്ത നായി എന്റെ യജമാനനായ രാജാവിനെ ശപിക്കുന്നതെന്തിന്?

ഞാൻ ചെന്നു അവന്റെ തല വെട്ടിക്കളയട്ടെ എന്നു അബിശായി പറഞ്ഞു (16:6–9).

3. സൈന്യങ്ങളുടെ ദൈവമായ യഹോവ ദാവീദിനോട് കൂടെ ഉണ്ടായിരുന്നത് കൊണ്ട് (5:10). ബാൽ പെരാസിം -വെള്ളച്ചാട്ടം പോലെ യഹോവ എന്റെ മുമ്പിൽ എന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു (5:20).

4. യോനാഥാനും അഹിമാസും (17:17–21).

5. ദാവീദ് (23:1).

6. യഹോവ ഉസ്സയെ സംഹരിച്ച ദിവസം (6:7–9).

7. ദാവീദ് ഗാദിനോട് പറഞ്ഞത് (24:14).

8. അബ്ശാലോമിന് (14:25). അവൻ മരത്തിൽ തൂങ്ങിക്കിടക്കുമ്പോൾ യോവാബ് 3 കുന്തം കൊണ്ട് നെഞ്ചിനകത്ത് കുത്തി. തുടർന്ന് 10 ബാല്യക്കാർ വളഞ്ഞു നിന്ന് അടിച്ചു കൊന്നു. (18:14,15).

9. ദാവീദ് രാജാവ് അരവ്നയോട് (24:24).

10. ഉസ്സയെ. പേരെസ് - ഉസ്സ (6:7,8).

11. ദാവീദിനോട് കൂടെയുണ്ടായിരുന്ന ഇസ്രായേൽ ജനം, അബ്ശാലോം കുമാരനും അവനോടു കൂടെയുണ്ടായിരുന്ന യിസ്രായേൽ ജനവും തമ്മിലുള്ള യുദ്ധത്തിൽ ദാവീദിന്റെ ചേവകരും അവനോട് കൂടെയുള്ള യിസ്രായേൽ ജനവും (18:17;19:2,3).

12. മെഫീബോശെത്ത് (19:24)

★★★

# 14

## 1 രാജാക്കന്മാർ 1 –18

1. യൗവ്വനക്കാരുടെ ആലോചനയെ സ്വീകരിച്ചു (12:14). യിസ്രായേൽ ഇന്നു വരെ ദാവീദ് ഗൃഹത്തോട് മത്സരിച്ചു നിൽക്കുന്നു (12:16–19).
2. യൊരെബെയാം പൊന്നുകൊണ്ട് രണ്ട് കാളക്കുട്ടികളെ ഉണ്ടാക്കി ഒന്നിനെ ബെഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. അവയെ ജനം ആരാധിച്ചു. (12:28–31).
3. ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു. ശലോമോൻ യഹോവയെ വിട്ട് അന്യവിഗ്രഹങ്ങളെ ചെന്നു സേവിച്ചു. (11:3–8).
4. യഹോവ ശീലോവിൽ വെച്ച് ഏലിയുടെ കുടുംബത്തെക്കുറിച്ച് അരുളിച്ചെയ്ത വചനം നിവൃത്തിയാകേണ്ടതിന് (2:27).
5. യാഗപീഠമേ - ദാവീദ് ഗൃഹത്തിന് യോശിയാവ് എന്നു പേരുള്ള ഒരു മകൻ ജനിക്കും അവൻ നിന്റെ മേൽ ധൂപം കാട്ടുന്ന പൂജാഗിരി പുരോഹിതന്മാരെ നിന്റെ മേൽ വെച്ച് അറുക്കയും നിന്റെ മേൽ വെച്ച് മനുഷ്യാസ്ഥികളെ ചുട്ടുകളയുകയും ചെയ്യും. (13:2). ഒരു സിംഹം ദൈവപുരുഷനെ കൊന്നു (13:24). അവൻ യഹോവയുടെ വചനം മറുത്തുകളഞ്ഞതുകൊണ്ട് (13:26).
6. യോവാബ് (2:29,34).
7. ഗിബെയോനിൽ വെച്ച് (3:5), വിവേകമുള്ളൊരു ഹൃദയം (3:9).
8. രണ്ട് കല്പലകകൾ (8:9).
9. ശലോമോന്റെ വാഴ്ചയുടെ നാലാം ആണ്ടിൽ രണ്ടാം മാസമായ സീവ് മാസത്തിൽ പണി തുടങ്ങി (6:1).
10. ഹനാനിയുടെ മകൻ യേഹു (16:1). സിമ്രി ബയെശെയുടെ ഗൃഹത്തെ മുഴുവൻ നിഗ്രഹിച്ചു (6:13).
11. ഓബദ്യാവ് (18:3–4). ഏലിയാവ് (18:7).
12. ശലോമോൻ (11:9).

★★★

# 15

## 1 രാജാക്കന്മാർ 19 – 2 രാജാക്കന്മാർ 15

1. ഏലീശാ തന്റെ ബാല്യക്കാരനോട് പറഞ്ഞു. 20 യവത്തപ്പവും മലരും 100 പേർക്ക് വിളമ്പി (2 രാജാ. 4:42–44).
2. ഏലീശാ ഗേഹസിയോട് (2 രാജാ. 5:26).
3. യിമ്നയുടെ മകനായ മീഖായാവ്. കെനയയുടെ മകനായ സിദെക്കിയാവ് (1 രാജാ. 22:8,24).
4. നാബോത്ത് (1 രാജാ. 21:9–10).
5. മൊവാബ് രാജാവായ മേശെക്ക് (2 രാജാ. 3:4,27).
6. ഏലിയാവ് (1 രാജാ. 19:4).
7. യോവാശ്. യെഹോശേബ (2 രാജാ. 11:2) രാജാവായിത്തീർന്നു. (2 രാജാ. 11:12).
8. അതു അവന്റെ പിതാക്കന്മാരുടെ അവകാശം ആയിരുന്നതിനാൽ (1 രാജാ. 21:3).
9. അമസ്യാവ് (2 രാജാ. 14:2). തന്റെ അപ്പനായ രാജാവിനെ കൊന്ന ഭൃത്യന്മാരെ അവൻ കൊന്നതല്ലാതെ അവരുടെ മക്കളെ കൊന്നില്ല (2 രാജാ. 14:1–7).
10. ഏലിയാവിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് (2 രാജാ. 2:9).
    ഏലിയാവിന്റെ പുതപ്പ് (2 രാജാ. 2:13).
    പുതപ്പുകൊണ്ട് യോർദ്ദാനിലെ വെള്ളത്തിന്മേൽ അടിച്ചു. അതു രണ്ടായി ഭാഗിച്ചു. (2 രാജാ. 2:13,14).
11. രാജാവിന് കൈത്താങ്ങൽ കൊടുക്കുന്ന അകമ്പടി നായകൻ ഏലീശയോട് പറഞ്ഞു (2 രാജ. 7:2). ഏലീശ പറഞ്ഞതു പോലെ സംഭവിച്ചു. (2 രാജാ. 7:16). ജനം അവനെ ചവിട്ടിക്കളഞ്ഞു (2 രാജാ. 7:17).
12. ആഹാബ്, ഈസബേൽ (1 രാജാ. 21:25).

★★★

# 16

## 2 രാജാക്കന്മാർ 16–1 ദിനവൃത്താന്തം 9

1. നിമ്രോദ് (1 ദിന. 1:10), കൂശ്
2. ആഹാസ് രാജാവ് (2 രാജാ. 16:10,11). ഊരിയാ പുരോഹിതൻ, അശൂർ രാജ്യത്തെ ദമ്മേശെക്കിലെ ബലിപീഠം
3. ദുശാഠ്യം കാണിച്ചു, വ്യാജത്തെ (2 രാജാ 17:14–15) പിന്തുടർന്നു യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തു (17:17). അതുകൊണ്ട് യഹോവ കോപിച്ചു. അവരെ താഴ്ത്തി. അവരെ നീക്കിക്കളഞ്ഞു (17:18–20).
4. യോശിയാവ് (2 രാജാ. 23:24,25). അവൻ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും മോശയുടെ ന്യായപ്രമാണപ്രകാരം യഹോവയിങ്കലേക്ക് തിരിഞ്ഞു.
5. അസര്യാവ് (1 ദിന. 6:10).
6. യബ്ബേസിന്റെ അമ്മ (1 ദിന. 4:9,10). യബ്ബേസ് തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു. അപേക്ഷിച്ചതിനു ദൈവം ഉത്തരം നൽകി.
7. ദാവീദും ദർശകനായ ശമുവേലും (1 ദിന. 9:10,22).
8. ഹിസ്ക്കിയാവ് (2 രാജാ. 19:1–3). യെശയ്യാ പ്രവാചകനോട്.
9. യോസേഫിന്റെ പുത്രന്മാർക്ക് (1 ദിന. 5:1).
10. ഹിസ്ക്കിയാവ്, യിസ്രായേൽ മക്കൾ പിച്ചള സർപ്പത്തിന് ധൂപം കാട്ടിയതുകൊണ്ട്. നെഹുഷ്ഠാൻ (2 രാജ. 18:4,5).
11. ഹിസ്ക്കിയാവ്. വസ്ത്രം കീറി, രട്ടുടുത്തു കൊണ്ട് യഹോവയുടെ ആലയത്തിൽ ചെന്നു (2 രാജാ. 19:1–2). യെശയ്യാ പ്രവാചകന്റെ അടുക്കൽ.
12. യെഹൂദാ (1 ദിന. 5:2).
13. മനശ്ശെ (2 രാജാ. 21:2,6).
14. ഹിസ്ക്കിയാവ് (2 രാജാ. 20:2) പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു (2 രാജാ. 20:5,6). ആയുസ്സിനോട് 15 വർഷം കൂട്ടിക്കിട്ടി.
15. യോശിയാവ്. കണ്ടെത്തിയത് ന്യായപ്രമാണ പുസ്തകമായിരുന്നു. (2 രാജാ. 22:1,2,8,31,32).

✶✶✶

# 17

## 1 ദിനവൃത്താന്തം 10–29

1. ഒരു ലക്ഷം താലന്ത് പൊന്ന്, 10 ലക്ഷം താലന്ത് വെള്ളി, പെരുപ്പം നിമിത്തം തൂക്കമില്ലാത്ത താമ്രവും ഇരുമ്പും മരവും കല്ലും (22:14;29:2)
2. അമോന്യരുടെ രാജാവായ ഹാനൂൻ ദാവീദിന്റെ ഭൃത്യന്മാരെ പിടിച്ചു ഷൗരം ചെയ്യിച്ചു. അവരുടെ അങ്കികളെ നടുവിൽ ആസനം വരെ മുറിച്ചു കളഞ്ഞു. അങ്ങനെ അവരെ അപമാനിച്ചു (19:4).
3. ശൗൽ യഹോവയോട് ചെയ്ത അതിക്രമം ഹേതുവായും, വചനം പ്രമാണിക്കായ്കയാലും വെളിച്ചപ്പാടത്തിയോട് അരുളപ്പാട് ചോദിക്കയാലും യഹോവ അവനെ കൊന്നു രാജത്വം ദാവീദിനു കൊടുത്തു (10:13–14).
4. ദാവീദ് വളരെ രക്തം ചിന്തിയത് കാരണം (22:8) ശലോമോന് (22:6).
5. ജ്ഞാനവും വിവേകവും ഏകാഗ്രഹൃദയവും (22:12, 29:19).
6. സൈന്യങ്ങളുടെ യഹോവ തന്നോട് കൂടെ ഉണ്ടായിരുന്നതിനാൽ ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീർന്നു (11:9).
7. യോവാബ് തന്റെ സഹോദരനായ അബിശായിയോട് പറഞ്ഞു. (19:13).
8. ദൈവത്തിന്റെ പെട്ടകം പിടിപ്പാൻ ഉസ്സാ കൈനീട്ടിയതു നിമിത്തം യഹോവ ഉസ്സയെ ഛേദിച്ചു കളഞ്ഞു. അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി (13:9–12).
9. ബാൽ- പെരാസിം വെള്ളച്ചാട്ടം പോലെ ദൈവം എന്റെ ശത്രുക്കളെ എന്റെ കയ്യാൽ തകർത്തുകളഞ്ഞു. (14:11).
10. സാത്താൻ ദാവീദിന് തോന്നിച്ചു (21:1) എഴുപതിനായിരം പേർ മരിച്ചു (21:14).

11. കീർത്തനവും വന്ദനവും സ്ത്രോത്രവും ചെയ്യുവാൻ. തലവൻ - ആസാഫ് (16:7,8).
12. ദാവീദ് യഹോവയാം ദൈവത്തോടു (17:16).
13. ദാവീദ് തന്റെ അടുക്കൽ വന്ന ബെന്യാമീന്യരോടും യെഹൂദ്യരോടും (12:16,17).
14. ദർശകനായ ഗാദ് ദാവീദിനോട് (21:11,12).
15. ദാവീദ് രാജാവ് ഒർന്നാനോട് (21:24).

✶✶✶

# 18

## 2 ദിനവൃത്താന്തം 1–18

1. ഗിബയോനിലെ പൂജാഗിരിയിൽ (1:3). ശലോമോൻ പണികഴിപ്പിച്ച ആലയത്തിലേക്ക് (5:5).
2. ദൈവത്തിന്റെ ജനത്തെ ന്യായപാലനം ചെയ്യാനുള്ള ജ്ഞാനവും വിവേകവും ശലോമോൻ ചോദിച്ചു. ജ്ഞാനവും വിവേകവും കൂടാതെ ധനവും സമ്പത്തും മാനവും യഹോവ അവനു നൽകി. (1:10–12).
3. ഈന്തപ്പന (3:5).
4. മോറിയ പർവ്വതത്തിൽ യെബൂസ്യനായ ഒർന്നാന്റെ കളത്തിങ്കൽ ദാവീദ് വട്ടം കൂട്ടിയിരുന്ന സ്ഥലത്തു യഹോവയുടെ ആലയം പണിവാൻ തുടങ്ങി (3:1).
5. ശലോമോൻ (7:1).
6. 2 കല്പലകകൾ (5:10).
7. ആസാ. (16:10).
8. നാഥാൻ പ്രവാചകന്റെ വൃത്താന്തത്തിലും ശീലോന്യനായ അഹിയാവിന്റെ പ്രവാചകത്തിലും, ഇദ്ദോ ദർശകന്റെ ദർശനങ്ങളിലും എഴുതിയിരിക്കുന്നു (9:29).
9. യൊരോബെയാം (11:14).
10. ആസാ. ആസയുടെ അമ്മയായ മയഖ അശേരയ്ക്ക് മ്ലേച്ഛ വിഗ്രഹം ഉണ്ടാക്കിയതുകൊണ്ട് (15:16).

11. യഹോവയിൽ ഏകാഗ്ര ചിത്തരായിരിക്കുന്നവർക്ക് വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് (16:9).
12. ദർശകനായ ഹനാനി യെഹൂദ രാജാവായ ആസയോട് പറഞ്ഞു (16:7,9)
13. യഹോശാഫാത്ത്. യഹോവയുടെ ന്യായപ്രമാണ പുസ്തകം (17:7–9)
14. യഹോശാഫാത്ത് ആഹാബിനോട് പറഞ്ഞു (18:6).
15. ആസാ (14:11)

★★★

# 19
# 2 ദിനവൃത്താന്തം 19–36

1. അഥല്യാ (22:2)ഒമ്രി, അഹസ്യാവ്.
2. കോരെശ്. ഒന്നാം ആണ്ടിൽ (36: 22,23).
3. യഹോശാഫാത്തും ജനവും, അവിടെ അവർ യഹോവയ്ക്ക് സ്ത്രോത്രം ചെയ്തതു കൊണ്ട് ആ സ്ഥലത്തിനു ബെരാഖാ താഴ്വര എന്ന് പേർ പറഞ്ഞു വരുന്നു (20:26).
4. ഉസ്സിയാവ് നിഗളിച്ച് യഹോവയുടെ കല്പന ലംഘിച്ച് ധൂപം കാട്ടുവാൻ ധൂപകലശം പിടിച്ചു. യഹോവയുടെ ആലയത്തിന്റെ ധൂപപീഠത്തിൽ ചെന്നു. അവിടെ വെച്ച് അവന്റെ നെറ്റിയിൽ കുഷ്ടം പൊങ്ങി. (26:16–19).
5. ആഹാബിന്റെ മകൾ യെഹോരാമിന്റെ ഭാര്യ ആകയാൽ ആഹാബ് ചെയ്തതുപോലെ അവൻ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തു (21:6).
6. മനശ്ശെ. ബാബേലിലേക്ക്. കൊളുത്തുകളാൽ പിടിച്ച് ചങ്ങലയിട്ട് ബാബേലിലേക്ക് കൊണ്ടുപോയി. യഹോവ മനശ്ശെയുടെ അപേക്ഷ കേട്ട് അവനെ തിരികെ വരുത്തി അവന്റെ രാജത്വം തിരികെ കൊടുത്തു. (33:11–13).

7. ആസാഫ് വംശത്തിലെ സെഖര്യാവിന്റെ മകൻ യഹസിയേലിന്റെ മേൽ വന്നു. അവൻ ഒരു ലേവ്യനായിരുന്നു (20:14).

8. അഹസ്യാവിന്റെ മകനായ യോവാശ് (22:11).

9. യോശിയാവ് (34:1-2).

10. യെഹോയാക്കീമിനെ ബാബേൽ രാജാവായ നെബുഖദ്നേസർ ബാബേലിലേക്ക് കൊണ്ടുപോയി. (36:6).

11. യോവാശ്, ഏഴാം വയസ്സിൽ. 40 സംവത്സരം യെരുശലേമിൽ വാണു. (24:1).

12. യെഹോശാഫാത്ത് (20:3).

13. യെഹോരാമിന് ഏലിയാ പ്രവാചകന്റെ എഴുത്ത് വന്നു. (21:1, 12)

14. യെഹോശാഫാത്തിന്റെ മകനായ യെഹോരാം (21:19).

15. യോവാശ് രാജാവ്. യഹോയാദാ പുരോഹിതൻ തനിക്ക് ചെയ്ത നന്മ ഓർക്കാതെ അവന്റെ മകനായ സെഖര്യാവിനെ കൊന്നു കളഞ്ഞു (24:20,22). യോവാശ് രാജാവിനെ അവന്റെ ഭൃത്യന്മാർ അവന്റെ കിടക്കയിൽ വച്ച് കൊന്നു കളഞ്ഞു (24:25).

★★★

# 20

## 1 രാജാക്കന്മാർ – 2 ദിനവൃത്താന്തം

1. ഏകരാഷ്ട്രമായിരുന്ന യിസ്രായേൽ സാമ്രാജ്യം ഭരിച്ചിരുന്നത് ശൗൽ, ദാവീദ്, ശലോമോൻ എന്നീ രാജാക്കന്മാരായിരുന്നു. ശലോമോനു ശേഷം ഈ സാമ്രാജ്യം യിസ്രായേൽ, യെഹൂദ എന്നീ രണ്ട് രാഷ്ട്രങ്ങളായി വേർതിരിഞ്ഞു. വടക്കേ രാഷ്ട്രമായ യിസ്രായേൽ (10 ഗോത്രങ്ങൾ) ഭരിച്ചിരുന്നത് 19 രാജാക്കന്മാരായിരുന്നു. ആ രാജാക്കന്മാരെല്ലാം ദൈവകല്പനയെ മറുതലിച്ചവരും ആ നിലയിൽ മോശം രാജാക്കന്മാരുമായിരുന്നു. നെബാത്തിന്റെ മകനായ യെരോബെയാമിന്റെ പാത പിന്തുടരുന്നവരായിരുന്നു അവർ. എന്നാൽ തെക്കേ രാഷ്ട്ര

മായ യെഹൂദ (2 ഗോത്രങ്ങൾ - യെഹൂദയും ബെന്യാമീനും)യിലെ 20 രാജാക്കന്മാരിൽ 8 പേർ യഹോവയ്ക്ക് ഇഷ്ടമായതു ചെയ്തു ദാവീദിന്റെ വഴികളിൽ നടന്നവരായിരുന്നു. ബാക്കി 12 രാജാക്കന്മാർ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തവരായിരുന്നു. ശെമയി, വൃദ്ധനായ ഒരു പ്രവാചകൻ, അഹിയാവ്, യേഹൂ, യോവേൽ, ഏലിയാവ്, മീഖാ. ഏലീശ, യോനാ, ആമോസ്, ഹോശെയാ, യെശയ്യാവ്, മീഖാ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, യെഹസ്ക്കേൽ, യിരെമ്യാവ് എന്നീ പ്രവാചകന്മാർ യഹോവയുടെ അരുളപ്പാടുകൾ അതതു സമയത്ത് രാജാക്കന്മാരെ അറിയിച്ചെങ്കിലും അവർ യഹോവയുടെ കല്പനകളെ ത്യജിച്ച് കളഞ്ഞു.

യിസ്രായേൽ രാജാക്കന്മാർ എല്ലാവരും മോശം രാജാക്കന്മാർ ആയിരുന്നു. അവരുടെ പേരുകൾ:

1. യൊരോബെയാം I (1 രാജാ. 11:26)
2. നാദാബ് (1 രാജാ. 15:25)
3. ബയെശാ (1 രാജാ. 15:27)
4. ഏലാ (1 രാജാ 16:6)
5. സിമ്രി (1 രാജാ. 16:10)
6 ഒമ്രി (1 രാജാ. 16:22)
7. ആഹാബ് (1 രാജാ. 16:29)
8. അഹസ്യാവ് (1 രാജാ. 22:40)
9. യെഹോരാം (2 രാജാ. 3:1)
10. യേഹു (2 രാജാ. 9:2)
11. യെഹോവാഹാസ് (2 രാജാ. 13:1)
12. യോവാശ് (2 രാജാ. 13:9)
13. യെരോബെയാം II (2 രാജാ. 14:23)
14. സെഖര്യാവ് (2 രാജാ. 14:29)
15. ശല്ലൂം (2 രാജാ. 15:10)
16. മെനഹേം (2 രാജാ 15:14)
17. പെക്കഹ്യാവ് (2 രാജാ. 15:23)

18. പേക്കഹ് (2 രാജാ. 15:27)

19. ഹോശേയ (2 രാജാ. 15:30)

യെഹൂദയിൽ 20 രാജാക്കന്മാരിൽ 8 പേർ നല്ലവരായിരുന്നു.

**നല്ല രാജാക്കന്മാർ**

1. ആസാ (1 രാജാ. 15:8)
2. യെഹോശാഫാത്ത് (1 രാജാ. 22:41)
3. യോവാശ് (2 രാജാ. 11:12)
4. അമസ്യാവ് (2 രാജാ 14:1)
5. അസര്യാവ് (ഉസ്സിയാവ്) (2 രാജാ. 15:1)
6. യോഥാം (2 രാജാ. 15:32)
7. ഹിസ്കിയാവ് (2 രാജാ. 16:20)
8. യോശിയാവ് (2 രാജാ. 21:26)

**മോശം രാജാക്കന്മാർ**

1. രെഹബെയാം (1 രാജാ. 11:43)
2. അബിയാം (1 രാജാ. 14:31)
3. യെഹോരാം (2 രാജാ. 8:16)
4. അഹസ്യാവ് (2 രാജാ. 8:24)
5. അഥല്യാ (2 രാജാ. 11:3)
6. ആഹാസ് (2 രാജാ. 15:38)
7. മനശ്ശെ (2 രാജാ. 20:21)
8. ആമോൻ (2 രാജാ. 21:18)
9. യെഹോവാഹാസ് (2 രാജാ. 23:30)
10. യെഹോയാക്കീം (എല്യാക്കീം) (2 രാജാ. 23:34)
11. യെഹോയാഖീൻ (2 രാജാ. 24:6)
12. സിദെക്കിയാവ് (മത്ഥന്യാവ്) (2 രാജാ. 24:17)

★★★

# 21

# എസ്രാ

1. യിരെമ്യാവ് മുഖാന്തരം ഉണ്ടായ യഹോവയുടെ അരുളപ്പാട് നിവർത്തിയാകേണ്ടതിന് യഹോവ പാർസി രാജാവായ കോരെശിന്റെ മനസ്സ് ഉണർത്തിച്ചു (1:1).
2. എസ്രാ. യെഹോഹാനാന്റെ (10:6).
3. യെഹൂദയുടെയും ബെന്യാമിന്റെയും പിതൃഭവനത്തലവന്മാരും പുരോഹിതന്മാരും ലേവ്യരും ദൈവം ഉണർത്തിയ ഏവരും യെരുശലേമിൽ യഹോവയുടെ ആലയം പണിവാൻ പുറപ്പെട്ടു (1:5).
4. യെഹൂദാ പ്രഭുവായ ശേശ്ബസ്സരിന്റെ കൈവശം. പൊൻതാലം (30) വെള്ളിത്താലം(1000) കത്തി (29) പൊൻപാത്രം (30) പൊന്നും വെള്ളിയും കൊണ്ടുള്ള ഉപകരണങ്ങൾ ആകെ 5400 (1:11). സെരുബാബേലിനോടു കൂടെ (1:8–2:2).
5. യോനാഥനും യഹ്സെയാവും വിരോധം പറഞ്ഞു. മെശുല്ലാമും ശബ്ബെഥായിയും താങ്ങിപ്പറഞ്ഞു. (10:15).
6. ബർസില്ലായുടെ മക്കൾ അവരെ പൗരോഹിത്യത്തിൽ നിന്നും നീക്കിക്കളഞ്ഞു (2:61,62).
7. യോസാദാക്കിന്റെ മകനായ യേശുവയും അവന്റെ സഹോദരന്മാരായ പുരോഹിതന്മാരും ശെയൽതിയേലിന്റെ മകനായ സെരുബാബേലും അവന്റെ സഹോദരന്മാരും ചേർന്നു മോശയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ യാഗപീഠം പണിതു. (3:2).
8. സെരുബാബേലിന്റെ നേതൃത്വത്തിൽ യെരുശലേം ദേവാലയത്തിന്റെ അടിസ്ഥാനം ഇട്ടപ്പോൾ. (3:12,13).
9. മയശേയാവ്, എലിയേസർ, യാരീബ്, ഗെദല്യാവ് (10:18,19).
10. എസ്രാ. യഹോവയോട് 9:7–8.

11. ഞങ്ങളും നിങ്ങളോടു കൂടെ ദൈവാലയം പണിയട്ടെ. യോശുവ സ്വീകരിച്ചില്ല. പാർസി രാജാവ് കല്പിച്ചതു പോലെ ഞങ്ങൾ തന്നെ ഞങ്ങളുടെ ദൈവമായ യഹോവയ്ക്കു അതു പണിതുകൊള്ളാം. (4:2-4).

12. പാർസി രാജാവായ ദാര്യാവേശിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടു വരെ പണി മുടങ്ങിക്കിടന്നു. (4:24).

13. ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർ മാസം മൂന്നാം തീയതി ആലയം പണിതു തീർന്നു. (6:15). ഇസ്രായേൽ മക്കളും പുരോഹിതന്മാരും ലേവ്യരും ശേഷം പ്രവാസികളും കൂടി ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു (6:16).

14 ഹഗ്ഗായി പ്രവാചകനും സെഖര്യാ പ്രവാചകനും (6:14) ദൈവാലയം വീണ്ടും പണിയുവാൻ തുടങ്ങി (5:1).

15. അവന്റെ വീടിന്റെ ഒരു ഉത്തരം വലിച്ചെടുത്തു നാട്ടി അതിന്മേൽ അവനെ തൂക്കിക്കളയുകയും അവന്റെ വീട് കുപ്പക്കുന്ന് ആക്കി കളയുകയും ചെയ്യും. കൂടാതെ ദൈവവും അവർക്ക് നിർമ്മൂലനാശം വരുത്തും (6:11-12).

★★★

## 22

## നെഹമ്യാവ്

1. യെരുശലേമിന്റെ മതിലുകൾ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടന്നിരുന്നു (1:3,4) .

ഹനാനിയും ചില പുരുഷന്മാരും (1:2).

നെഹമ്യാവ് ഇരുന്നു കരഞ്ഞും ദുഃഖിച്ചും ഉപവസിച്ചും കൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തോട് പ്രാർത്ഥിച്ചു. (1:2-4).

2. വനവിചാരകൻ ആസാഫ്. അപേക്ഷിച്ചത് അർത്ഥഹ്ശഷ്ടാ രാജാവിനോട്. രാജാവ് അതു നൽകുവാൻ കാരണം ദൈവത്തിന്റെ കൈ നെഹമ്യാവിന് അനുകൂലമായിരുന്നു (2:1-8).

3. നിന്ദിച്ചത്- സൻബല്ലത്ത്. ആട്ടുവാതിൽ പണിതത് മഹാപുരോഹിതനായ എല്യാശീബും അവന്റെ സഹോദരന്മാരായ പുരോഹിതന്മാരും (3:1, 4:1).
4. ശല്ലുമും അവന്റെ പുത്രിമാരും (3:12).
5. തെക്കോവ്യരിലെ ശ്രേഷ്ഠന്മാർ (3:5).
6. നീർവാതിലിന്റെ മുമ്പിലുള്ള വിശാലസ്ഥലത്ത് വെച്ച് (8:1,2).
7. എല്യാശീബ് പുരോഹിതൻ (13:4,6,7).
8. നോവദ്യാ (6:14).
9. ശേലെമ്യാ പുരോഹിതൻ, സാദോക്ക് ശാസ്ത്രി, പെദായാവ്, ഹാനാൻ (13:13).
10. 52 ദിവസം (6:15).
11. ലേവ്യർ (10:38).
12. എല്യാശീബിന്റെ മകൻ. സൻബല്ലത്തിന്റെ മരുമകൻ (13:28).
13. നെഹമ്യാവും എസ്രാ പുരോഹിതനും ലേവ്യരും, സകല ജനത്തോടും പറഞ്ഞത് (8:10).
14. നെഹമ്യാവ് (13:23-25).

✶✶✶

# 23

# എസ്ഥേർ

1. ഹിന്ദുദേശം (1:1).
2. യായിർ, ചിറ്റപ്പന്റെ മകൾ (വളർത്തുമകൾ)2:5,7.
3. ബിഗ്ദാൻ, തേരെശ് (2:21,23), ഹാമാൻ (7:10)
4. ഹാമാൻ, അദ്ദേഹത്തെ കഴുമരത്തിൽ തൂക്കിക്കൊന്നു (8:1, 7:10).
5. മൊർദ്ദേഖായി വസ്ത്രം കീറി രട്ടുടുത്തു. വെണ്ണീർ വാരി ഇട്ടും കൊണ്ട് പട്ടണത്തിന്റെ നടുവിൽ ചെന്ന് കൈപ്പോടെ അത്യുച്ചത്തിൽ നിലവിളിച്ചു (4:1).
6. അഹശ്വരേശ് രാജാവ് (6:1).

7. മൊർദ്ദേഖായി (8:15).
8. മൊർദ്ദേഖായി. രാജാവ് ധരിച്ചുവരുന്ന രാജവസ്ത്രവും, രാജാവിന്റെ കുതിരയും അവന്റെ തലയിൽ വെയ്ക്കുന്ന രാജകീരീടവും കൊണ്ടു വന്നു. അതു ധരിപ്പിച്ചു കുതിരപ്പുറത്തു കയറ്റി പട്ടണവീഥിയിൽ കൊണ്ടു നടന്നു. രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനെ ഇങ്ങനെ ചെയ്യുമെന്ന് വിളിച്ചു പറഞ്ഞു. (6:8–11).
9. ആണ്ടുതോറും ആദാർ മാസം 14,15 തീയതികൾ (9:20).
10. ഹാമാൻ (5:14, 7:10).
11. എസ്ഥേർ, മൊർദ്ദേഖായിയോട് (4:16).
12. അഹശ്വരേശ് രാജാവ് എസ്ഥേറിനോട് (5:6, 7:2).
13. അഹശ്വരേശ് രാജാവ് ഹാമാനോട് (6:10).
14. മെമുഖാൻ രാജാവിനോട് (1:16–19).
15. മൊർദ്ദേഖായി എസ്ഥേറിനോട് (4:13,14).

★★★

# 24
# ഇയ്യോബ് 1–20

1. വഷളൻ, ദുഷ്ടൻ (20:14).
2. നിഷ്കളങ്കൻ, നേരുള്ളവൻ, ദൈവഭക്തൻ, ദോഷം വിട്ടകലുന്നവൻ (1:1).
3. ഇയ്യോബിനെ. ഇയ്യോബിന്റെ 3 സ്നേഹിതന്മാർ. എലീഫസ്, ബിൽദാദ്, സോഫർ (2:11,12).
4. ഇയ്യോബ് (19:26).
5. ഇയ്യോബ് (1:5).
6. വഷളന്മാർ (15:34,35).
7. ഇയ്യോബ് (9:26).
8. ദൈവത്തെക്കുറിച്ച് ഇയ്യോബ് പറയുന്നതു (9:4).
9. വഷളന്റെ (8:13,14).
10. ഭോഷനെ കൊല്ലുന്നത് – നീരസം. മൂഢനെ ഹിംസിക്കുന്നത് ഈർഷ്യ (5:2).

11. ഇയ്യോബിന്റെ ഭാര്യ ഇയ്യോബിനോട് (2:9).
12. ഇയ്യോബിന് (3:25).
13. എലീഫസ്. ഇയ്യോബിനോട് (4:1,5).
14. യഹോവ സാത്താനോട് (2:6).
15. ഇയ്യോബ് തന്റെ ഭാര്യയോട് (2:10).

★★★

# 25

# ഇയ്യോബ് 21–42

1. ഇയ്യോബിന് (38:1).
2. നദീഹയം (നീർക്കുതിര) (40:15,18).
3. മഹാനക്രം (41:1,18,24).
4. ഇയ്യോബ് (23:10).
5. ഭൂമിയിലെ പാറകൾ (28:5,6).
6. ഇയ്യോബ് (31:1).
7. ബൂസ്യനായ ബറഖേലിന്റെ മകൻ എലീഹു (32:6,7)
8. ഇയ്യോബിന് (27:4).
9. ശൂഹ്യനായ ബിൽദാദ് (25:1,4,5)
10. എലീഹു (32:2,22).
11. യെമീമ (2) കെസിയ (3) കേരൻഹപ്പൂക്ക്. ഇയ്യോബിന്റെ ഈ പുത്രിമാർക്ക് (42:14,15).
12. ഇയ്യോബിന് (42:10).
13. 7 കാളകളെയും 7 ആട്ടുകൊറ്റനെയും ഇയ്യോബിന്റെ അടുക്കൽ കൊണ്ട് ചെന്ന് അവർക്ക് വേണ്ടി ഹോമയാഗം കഴിപ്പാൻ പറഞ്ഞു (42:7,8).
14. ഇയ്യോബ് യഹോവയോട് (40:3,5).
15. യഹോവ ഇയ്യോബിനോട് (38:1,3).

★★★

# 26

## സങ്കീർത്തനം 1 –30

1. യഹോവ ഭക്തനായ പുരുഷന് (25:12).
2. ദാവീദ് തന്റെ മകനായ അബ്ശാലോമിന്റെ മുമ്പിൽ നിന്ന് ഓടിയപ്പോൾ പാടിയതാണ് (3:5).
3. യഹോവയുടെ മനോഹരത്വം കാണ്മാൻ. അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാൻ. തന്റെ ആയുഷ്ക്കാലമൊക്കെയും യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും (27:4).
4. ഭവന പ്രതിഷ്ഠാ ഗീതം (30:5).
5. സൗമ്യതയുള്ളവർക്ക് (25:9).
6. യഹോവയുടെ കല്പന (19:8)
7. ദുരാഗ്രഹി (10:3).
8. ദാവീദ് - ബെന്യാമീന്യനായ കൂശിന്റെ വാക്കുകൾ നിമിത്തം വിഭ്രമരാഗത്തിൽ പാടിയതാണ് (7:15).
9. ജാതികൾ (9:15).
10. മനുഷ്യപുത്രന്മാരെ (11:4).
11. യഹോവയുടെ വചനങ്ങൾ (12:6).
12. തന്റെ ഭക്തന്മാർക്ക്/ തന്റെ നിയമം അവരെ അറിയിക്കുന്നു (25:14).
13. യഹോവയുടെ ശബ്ദം (29:5).
14. ദയ (5:12).
15. 18–ാം സങ്കീർത്തനം

    യഹോവ എന്റെ ശൈലം, എന്റെ കോട്ട, എന്റെ രക്ഷകൻ, എന്റെ ദൈവം, എന്റെ പാറ, എന്റെ പരിച, രക്ഷകനായ കൊമ്പും എന്റെ ഗോപുരവും ആകുന്നു.

★★★

# 27

## സങ്കീർത്തനം 31–60

1. ഞാൻ എന്റെ വില്ലിൽ ആശ്രയിക്കയില്ല. എന്റെ വാൾ എന്നെ രക്ഷിക്കയില്ല. നീയത്രേ ഞങ്ങളെ വൈരികളുടെ കയ്യിൽ നിന്ന് രക്ഷിച്ചത് - കോരഹ് പുത്രന്മാർ (44:6–7).
2. മനുഷ്യന്റെ സഹായം വ്യർത്ഥം- ദൈവത്താൽ നാം വീര്യം പ്രവർത്തിക്കും - എഴുതിയത് ദാവീദ് (60:11,12) യോവാബ് യുദ്ധം ചെയ്തു മടങ്ങി വന്ന ശേഷം ഉപ്പു താഴ് വരയിൽ 12,000 എദോമ്യരെ സംഹരിച്ചു കളഞ്ഞ സമയത്ത് ചമച്ചത്.
3. നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യൻ (49:20).
4. ദുഷ്ടന്, ദൈവത്തിന്റെ ജനം അർപ്പിക്കേണ്ടത് സ്തോത്ര യാഗം (50:16,23).
5. യഹോവയുടെ മേൽ വെച്ചാൽ "അവൻ നമ്മെ പുലർത്തും (55:22).
6. എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കിവെയ്ക്കണമേ. ദാവീദ്, ഫെലിസ്ത്യർ അവനെ ഗത്തിൽ വെച്ച് പിടിച്ചപ്പോൾ എഴുതിയത് (56:8).
7. വൈകുന്നേരത്തും, കാലത്തും ഉച്ചയ്ക്കും (55:17).
8. തന്റെ വായ് കടിഞ്ഞാൺ ഇട്ട് കാക്കുമെന്നാണ് ദാവീദ് പറഞ്ഞത്. നാവ് കൊണ്ട് പാപം ചെയ്യാതിരിക്കുവാനാണ് (39:1–3).
9. കോരഹ് പുത്രന്മാർ (43:5).
10. ദാവീദ് താൻ എത്ര ക്ഷണികൻ എന്ന് അറിയുന്നതിന് വേണ്ടിയാണ് (39:4).
11. ഞാൻ ദൈവത്തിന്റെ മുമ്പാകെ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന്, ഫെലിസ്ത്യർ ദാവീദിനെ ഗത്തിൽ വെച്ച് പിടിച്ചപ്പോൾ ചമെച്ചത് (56:13).
12. ദാവീദ്. അവൻ ബേത്ത്ശേബയുടെ അടുക്കൽ ചെന്ന ശേഷം നാഥാൻ പ്രവാചകൻ അവന്റെ അടുക്കൽ വന്നപ്പോൾ ചമെച്ചത് (51:12).

13. വീരൻ. ഞാനോ ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവ് വൃക്ഷം പോലെയാകുന്നു (52:8). എദോമ്യനായ ദോവേഗ് ശൗലിനോട് ദാവീദ് അഹിമേലെക്കിന്റെ വീട്ടിൽ വന്നിരുന്നു എന്നറിയിച്ചപ്പോൾ ദാവീദ് ചമെച്ച ഒരു ധ്യാനമാണ്.

14. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ (32:1,2).

15. യഹോവയ്ക്കായി കാത്തിരുന്നാൽ
    1. അവൻ എങ്കലേക്കു ചാഞ്ഞു നിലവിളി കേൾക്കും.
    2. നാശകരമായ കുഴിയിൽ നിന്നും, കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റും
    3. കാലുകളെ പാറമേൽ നിർത്തും.
    4. ഗമനത്തെ സ്ഥിരമാക്കും.
    5. എന്റെ വായിൽ പുതിയ പാട്ടു തരും (40:1–3).

★★★

## 28

## സങ്കീർത്തനം 61–90

1. വിശ്വസ്തത— ഭൂമിയിൽ
   നീതി- സ്വർഗ്ഗത്തിൽ - (85:11).

2. ദാവീദിന്റെ - യഹോവയുടെ മുമ്പിൽ സൂര്യനെപ്പോലെ (89:36)

3. അഹങ്കാരികൾക്ക് - അവരുടെ അന്തം നാശം (73:3,18,19).

4. എന്റെ പ്രാണനു മജ്ജയും മേദസും കൊണ്ട് എന്ന പോലെ തൃപ്തി വരുന്നു (63:5,6).

5. എല്ലാക്കാലത്തും (62:8).

6. അകൃത്യം (66:18).

7. ദൈവം (68:5)

8. പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും. സ്തോത്ര

ത്തോടെ അവനെ മഹത്വപ്പെടുത്തും (69:30,31).

9. യഹോവയുടെ യാഗപീഠങ്ങൾ (84:3).
10. മത്സരികൾ (68:6).
11. നമ്മുടെ രക്ഷയാകുന്ന ദൈവം. നാൾ തോറും (68:19).
12. ജ്ഞാനമുള്ളോരു ഹൃദയം (90:12).
13. മരണത്തിൽ നിന്ന് (68:20).
14. പ്രയാസവും ദുഃഖവുമത്രേ. വേഗം തീരുന്നു. ഞങ്ങൾ പറന്നുപോകുന്നു (90:10).
15. ബാല്യം മുതൽ ആശ്രയവും ഗർഭം മുതൽ താങ്ങും ആയിരുന്നു (71:5,6).

✶✶✶

## 29
## സങ്കീർത്തനം 91-118

1. യഹോവ ഭക്തി, നല്ല ബുദ്ധി (111:11)
2. പ്രാർത്ഥിച്ചുകൊണ്ടിരിക്കും (109:4).
3. യോസേഫ് (105:17).
4. കൃപ തോന്നി വായ്പ കൊടുക്കുന്നവൻ. വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും (112:5).
5. വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു. (118:22).
6. നീതിമാൻ (92:12).
7. മോശെ, അഹരോൻ, ശമുവേൽ (99:6,7).
8. യഹോവയുടെ (118:16).
9. അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ, അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടി എന്ന് അവൻ ഓർക്കുന്നു (103:13,14)
10. ഉയർന്ന മലകൾ (104:18).
11. ദുഷ്ടൻ, ദുഷ്ടന്റെ (112:10).
12. നീതിമാൻ (112:6) . നേരുള്ളവർക്ക് (112:4)

13. യഹോവയുടെ ആലയത്തിൽ നടുതല ആയവർ (92:13).

14. നീതിമാന്മാരുടെ കൂടാരങ്ങളിൽ (118:15).

15. ദീർഘായുസ്സുകൊണ്ട്, ദൈവത്തിന്റെ രക്ഷയെ (91:16).

★★★

# 30

# സങ്കീർത്തനം 119–150

1. യഹോവയുടെ വായിൽ നിന്നുള്ള ന്യായപ്രമാണം (119:72)

2. ദൈവത്തിന്റെ സാക്ഷ്യങ്ങൾ ധ്യാനിക്കുന്നതും അവന്റെ പ്രമാണങ്ങളെ അനുസരിക്കുന്നതും (119:99,100).

3. നമ്മെ നിന്ദിക്കുന്നവരോട് ഉത്തരം പറയുവാൻ പ്രാപ്തരാക്കുന്നു (119:42).
പാപം ചെയ്യാതിരിക്കാൻ സാധിക്കുന്നു (119:11). വയോധികന്മാരിലും വിവേകമേറിയവനാക്കുന്നു (119:100). ശത്രുക്കളേക്കാൾ ബുദ്ധിമാനാക്കുന്നു (119:98).
കാലിനു ദീപവും പാതയ്ക്കു പ്രകാശവും ലഭിക്കുന്നു (119:105). വിശാലതയിൽ നടക്കാൻ സാധിക്കുന്നു (119:45)

4. നാം ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അറിയുന്നു (139:2).
നമ്മുടെ ഹൃദയത്തെ അറിയുന്നു (139:23).
നമ്മുടെ നിരൂപണം ഗ്രഹിക്കുന്നു (139:2)
വാക്കുകളെ അറിയുന്നു (139:4).
നിനവുകളെ അറിയുന്നു (139:23).
വഴികളെ അറിയുന്നു (139:3)

5. ദാവീദ്. ഗുഹയിൽ ആയിരുന്നപ്പോൾ (142:3)

6. ഞാൻ യഹോവയോട് വിളിച്ചപേക്ഷിച്ച നാളിൽ (138:3).

7. യിസ്രായേലിനു ദൈവത്തിന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തി. യാക്കോബിനു തന്റെ വചനവും വെളിപ്പെടുത്തി. മറ്റൊരു ജാതിക്കും ദൈവം അങ്ങനെ തന്റെ വചനവും വിധികളും വെളിപ്പെടുത്തിയിട്ടില്ല (147:19,20).

8. ദുഷ്ടമനുഷ്യനും സാഹസക്കാരനും (140:1,3).

9. ആർപ്പോടെ കൊയ്യും (126:5).
10. യഹോവയുടെ വിചാരങ്ങൾ (139:17,18).
11. യെരുശലേം നഗരം (122:2,3).
12. യഹോവയിൽ ആശ്രയിക്കുന്നവർ (125:1).
13. ഒരു ശ്വാസത്തിന് (144:4).
14. വീരന്റെ കൈയ്യിലെ അസ്ത്രങ്ങൾ പോലെ. മക്കളെ യഹോവ നൽകുന്നു. അവയെക്കൊണ്ട് തന്റെ ആവനാഴി നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ (127:3-5).
15. സങ്കീർത്തനം 150. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ (150:6).

★★★

## 31

## സദൃശവാക്യങ്ങൾ 1-15

1. ജനം അധോഗതി പ്രാപിക്കുന്നു. ഉപാധി മന്ത്രിമാരുടെ ബഹുത്വം (11:14).
2. സ്ത്രീകളിൽ ജ്ഞാനമുള്ളവൾ വീട് പണിയുന്നു. ഭോഷത്വമുള്ളവൾ പൊളിച്ചു കളയുന്നു (14:1).
3. വായുടെ ഫലത്താൽ (13:2).
4. ഭോഷന്മാർ (1:7).
5. ധനം കൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും (3:9).
6. പരസ്ത്രീയുടെ (5:3,5).
7. വെള്ളിയെപ്പോലെ അന്വേഷിക്കുക, നിക്ഷേപങ്ങൾ പോലെ തിരയുക. എങ്കിൽ യഹോവഭക്തി ഗ്രഹിക്കാം. ദൈവപരിജ്ഞാനം കണ്ടെത്താം (2:2-5).
8. വിവേകം, അതു നിന്നെ ഉയർത്തും. മാനം വരുത്തും. തലയെ അലങ്കാരമാല അണിയിക്കും. മഹത്വകിരീടം ചൂടിക്കും . ദീർഘായുസ് ഉണ്ടാക്കും. (4:8-10).

9. ഉറുമ്പിനെ നോക്കി. അതിനു നായകനും മേൽവിചാരകനും അധിപതിയും ഇല്ലാതിരുന്നിട്ടും വേനൽക്കാലത്ത് തന്റെ ആഹാരം ഒരുക്കുന്നു. കൊയ്ത്തുകാലത്ത് തന്റെ തീൻ ശേഖരിക്കുന്നു. അലസമായി കിടന്നുറങ്ങുന്നില്ല (6:7-10).
10. കള്ളത്തുലാസ്, വ്യാജമുള്ള അധരങ്ങൾ, ദുഷ്ടന്മാരുടെ യാഗം എന്നിവ യഹോവയ്ക്കു വെറുപ്പ്, ഒത്ത പടി, സത്യം പ്രവർത്തിക്കുന്നവൻ, നേരുള്ളവരുടെ പ്രാർത്ഥന എന്നിവ യഹോവയ്ക്ക് പ്രസാദം (11:1, 12:22,15:8, 18:8).
11. ദുഷ്ടന്മാരുടെ സംവത്സരങ്ങൾ കുറഞ്ഞുപോകുന്നു. യഹോവ ഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു. (10:27).
12. മൃദുവായ ഉത്തരം, കഠിനവാക്ക് (15:1).
13. ശിക്ഷിക്കുന്നു (3:12).
14. അപ്പന്റെ പ്രബോധനവും അമ്മയുടെ ഉപദേശവും. അതു ശിരസ്സിന് അലങ്കാരമാലയും കഴുത്തിനു സരപ്പാളിയും (1:8,9) ആയിരിക്കും.
15. അസ്ഥികൾക്ക് ദ്രവത്വം - അസൂയ, ദേഹത്തിനു ജീവൻ- ശാന്തമനസ്സ്, ദൃഢധൈര്യം ഉള്ളത് - യഹോവഭക്തന്. (14:26,30).

★★★

## 32

## സദൃശ്യവാക്യം 16–31

1. ശണ്ഠ കൂടുന്ന സ്ത്രീയോടു കൂടെ പൊതു വീട്ടിൽ പാർക്കുന്നതിനേക്കാൾ (21:9). കലഹത്തോടു കൂടി ഒരു വീട് നിറയെ യാഗഭോജനത്തേക്കാൾ (17:1).
2. ലെമുവേൽ രാജാവിന്റെ അമ്മ ലെമുവേലിനോട് (31:1,4).
3. സാമർത്ഥ്യമുള്ള ഭാര്യയുടെ വില (31:10).
4. ഗർവ്വം (16:18). മനുഷ്യന്റെ ഹൃദയം നിഗളിക്കുന്നു. മാന ത്തിനു മുൻപേ താഴ്മ (18:12).

5. ചക്കരവാക്കു പറയുന്നവനേക്കാൾ, ശാസിക്കുന്നവന് (28:23).

6. നീ അവന്റെ വഴികളെ പഠിപ്പാനും നിന്റെ പ്രാണൻ കെണിയിൽ അകപ്പെടുവാനും സംഗതി വരും (22:25).

7. യാക്കേയുടെ മകനായ ആഗൂർ (30:1,2).

8. നമ്മുടെ പ്രവർത്തികളെ യഹോവയ്ക്കു സമർപ്പിക്കണം (16:3). ഒരുത്തന്റെ വഴികൾ യഹോവയ്ക്കു ഇഷ്ടമായിരിക്കുമ്പോൾ (16:7).

9. അങ്ങനെയുള്ള മകന്റെ കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും (30:17).

10. ജ്ഞാനം നൽകുന്നതു വടിയും ശാസനയും. ലജ്ജവരുത്തുന്നത് തന്നിഷ്ടത്തിനു വിട്ടിരിക്കുന്ന ബാലൻ (29:15).

11. എളിയവനോട് കൃപ കാട്ടുന്നവൻ (19:17). ദുഷ്ടനെ നീതികരിക്കുന്നവനും നീതിമാനെ കുറ്റം വിധിക്കുന്നവനും രണ്ട് പേരും യഹോവയ്ക്ക് വെറുപ്പ് (17:15).

12. മാനുഷഭയം കെണിയാണ്. യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷ പ്രാപിക്കും (29:25).

13. മതിൽ ഇല്ലാതെ ഇടിഞ്ഞുകിടക്കുന്ന പട്ടണം പോലെ (25:28).

14. ശത്രുവിനു വിശക്കുമ്പോൾ തിന്മാൻ കൊടുക്കയും അവനു ദാഹിക്കുമ്പോൾ കുടിക്കാൻ കൊടുക്കയും ചെയ്യുമ്പോൾ (25:21,22).

15. പാതാളം, മനുഷ്യന്റെ കണ്ണ്, വന്ധ്യയുടെ ഗർഭപാത്രം, വെള്ളം കുടിച്ചു തൃപ്തി വരാത്ത ഭൂമി, തീ (30:15,17).

★★★

# 33

# സഭാപ്രസംഗി - ഉത്തമഗീതം

1. ജ്ഞാനിയുടെ (2) സഭാധിപന്മാരുടെ (3) ഇടയനാൽ (സഭാ.12:11)
2. മൂഢൻ. ആരംഭം- ഭോഷത്വം, അവസാനം - വല്ലാത്ത ഭ്രാന്ത് (10:12,13).
3. കുഴി കുഴിക്കുന്നവൻ അതിൽ വീഴും. മതിൽ പൊളിക്കുന്ന വനെ പാമ്പ് കടിക്കും (10:8).
4. വസ്ത്രം വെള്ളയായിരിക്കണം (9:8), എണ്ണ
5. തൈലക്കാരന്റെ തൈലം നാറുമാറക്കുന്നു (10:1).
6. ജീവനുള്ള നായ് (9:4).
7. കോഴ, കൈക്കൂലി (7:7).
8. നല്ല പേർ (7:1).
9. ജ്ഞാനിയുടെ (8:5).
10. ദൈവം സ്വർഗ്ഗത്തിലും മനുഷ്യൻ ഭൂമിയിലുമായിരിക്ക യാൽ. ദൈവസന്നിധിയിൽ നമ്മുടെ വാക്ക് ചുരുക്കമായിരി ക്കേണം (5:2).
11. മുപ്പിരിച്ചരട് (4:12).
12. ദൈവം നമ്മെ ന്യായവിസ്താരത്തിലേക്ക് വരുത്തും (11:9).

    യൗവ്വനകാലത്ത് സൃഷ്ടാവിനെ ഓർക്കണം (12:1).

    ഹൃദയത്തിൽ നിന്ന് വ്യസനം അകറ്റി ദേഹത്തിൽ നിന്ന് തിന്മ നീക്കിക്കളയണം (11:10).

**ഉത്തമഗീതം**

13. ശൂലേംകാരി (1:6).
14. ശൂലേംകാരി (6:9, 7:1).
15. പതിനായിരം പേരേക്കാൾ അതിശ്രേഷ്ഠൻ (5:10). വെണ്മയും ചുവപ്പുമുള്ളവൻ.

★★★

# 34

# യെശയ്യാവ് 1–20

1. യെശയ്യാവ് (8:3); യെശയ്യാവ് (20:2); യഹോവ പറഞ്ഞിട്ട് (20:1) മൂന്ന് സംവത്സരം (20:3).
2. അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു (9:6).
3. ഊരിയാ പുരോഹിതനെയും, യെബെരെഖ്യാവിൻ മകനായ സെഖര്യാവെയും (8:2).
4. ദൈവം എന്റെ രക്ഷയും യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും അവൻ എന്റെ രക്ഷയായിത്തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും (12:2).
5. വെട്ടിയിട്ട കരിമരത്തിന്റെയും കരുവേലകത്തിന്റെയും കുറ്റി പോലെ വിശുദ്ധ സന്തതി ശേഷിക്കും (6:13).
6. നീതിമാന് നന്മ വരും. ദുഷ്ടനു ദോഷം വരും. നീതിമാനും ദുഷ്ടനും തങ്ങളുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കും (3:10,11).
7. ഫലവത്തായൊരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. നല്ല മുന്തിരിവള്ളി കുഴിച്ചിട്ടു. കാട്ടുമുന്തിരിങ്ങ കിട്ടി (5:1–2).
8. സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ആർത്തുപറഞ്ഞു. യെശയ്യാവ് പറഞ്ഞത് എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ. ശുദ്ധിയില്ലാത്ത ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ. സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്ന് ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചു. യെശയ്യാവിന്റെ അടുക്കൽ

പറന്നു വന്നു. അത് അവന്റെ വായ്ക്ക് തൊടുവിച്ചു (6:3–7).

9. പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും (1:18).

10. സീയോനിൽ നിന്ന് ഉപദേശം, യെരുശലേമിൽ നിന്നു യഹോവയുടെ വചനം (2:3).

11. ദയയാൽ (16:5).

12. അത്യൽപമായൊരു ശേഷിപ്പ് വെച്ചിരുന്നില്ലെങ്കിൽ നാം സൊദോം പോലെ ആകുമായിരുന്നു. ഗൊമോറയ്ക്ക് സദൃശ്യമാകുമായിരുന്നു (1:9).

13. അരുണോദയ പുത്രനായ ശുക്രൻ. അവൻ ഹൃദയത്തിൽ പറഞ്ഞത് ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും. ഞാൻ അത്യുന്നതനോടു സമനാകും (14:12–14).

14. സീയോൻ/യെരുശലേം (1:26,27).

15. സൂര്യനഗരം (ഈർഹഹേരെസ്) (19:18).

★★★

# 35

# യെശയ്യാവ് 21–40

1. സ്ഥിരമാനസനെ, യഹോവയിൽ ആശ്രയം വെച്ചിരിക്കകൊണ്ട്, ശാശ്വതമായ പാറയുള്ളത് യഹോവയാം യാഹിൽ (26:3,4).

2. ഹിസ്ക്കിയാവ്, യെശയ്യാ പ്രവാചകൻ (38:1,2).

3. കർത്താവ് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല (30:20).

4. ഭയങ്കരന്മാരുടെ, യഹോവ എളിയവന് ഒരു ദുർഗ്ഗം, ദരിദ്രന് അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും,ഉഷ്ണത്തിൽ ഒരു തണൽ (25:4,5).

5. യെശയ്യാവ്, ശെബ്നയോട്, പകരം ആക്കുന്നത് ഹിൽക്കിയാവിന്റെ മകനായ എല്യാക്കീമിനെ (22:15,17,20).

6. ബാബേൽ രാജാവായ മെരോദെക് - ബലദാന്റെ ദൂതന്മാർക്ക് കാണിച്ചുകൊടുത്തത് - ഭണ്ഡാരഗൃഹം, പൊന്ന്, വെള്ളി, സുഗന്ധവർഗ്ഗം, പരിമളതൈലം, ആയുധശാല, തന്റെ ഭണ്ഡാരത്തിലും രാജധാനിയിലും തന്റെ ആധിപത്യത്തിലുള്ള സകലവും (39:1,2).

7. ശക്തിയെ പുതുക്കും, കഴുകന്മാരെ പോലെ ചിറക് അടിച്ചു കയറും. തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും (40:31).

8. വെള്ളം - ഉള്ളം കൈ കൊണ്ട് അളക്കുന്നു. ആകാശം - ചാണ് കൊണ്ട് പരിമാണം എടുക്കുന്നു. പൊടി- നാഴിയിൽ കൊള്ളിക്കുന്നു. പർവ്വതങ്ങൾ - വെള്ളിക്കോൽ കൊണ്ട് തൂക്കുന്നു. കുന്നുകൾ - തുലാസിൽ തൂക്കുന്നു. ജാതികൾ - തുലാകൊട്ടയിലെ ഒരു തുള്ളിപോലെ (40:12-15).

9. വഴി ഇതാകുന്നു. ഇതിൽ നടന്നുകൊൾവിൻ എന്ന വാക്ക് പിറകിൽ നിന്നു കേൾക്കും. (30:21).

10. ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും. സൂര്യന്റെ പ്രകാശം ഏഴ് പകലിന്റെ പ്രകാശം പോലെ ഏഴിരട്ടിയാകും (30:26).

11. ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വെയ്ക്കുകയും ചെയ്യുന്നു. കൂലി അവന്റെ പക്കലും പ്രതിഫലം കൈയ്യിലും ഉണ്ട്. (40:10,11).

12. ഹിൽക്കിയാവിന്റെ മകൻ എല്ല്യാക്കീം, അപ്പനായിരിക്കും. മഹത്വമുള്ളൊരു സിംഹാസനം ആയിരിക്കും. (22:20,22,23).

13. തന്റെ ദേവനായ നിസ്രോക്കിന്റെ ക്ഷേത്രത്തിൽ നമസ്ക്കരിക്കുന്ന സമയത്ത് അവന്റെ പുത്രന്മാരായ അദ്രമ്മേലെക്കും, ശരേസരും. ഓടിപ്പോയത് അരാരാത്ത് ദേശത്തേക്ക് (37:38).

14. കാവൽക്കാരാ രാത്രി എന്തായി, കാവൽക്കാരാ രാത്രി എന്തായി? പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. നിങ്ങൾക്കു ചോദിക്കണമെങ്കിൽ ചോദിച്ചു കൊൾക പോയി വരുവിൻ (21:11,12).

15. വിദ്രുത സർപ്പവും, വക്രസർപ്പവും ആയ ലിവ്യാഥാനെ സന്ദർശിക്കും. സമുദ്രത്തിലെ മഹാസർപ്പത്തെ കൊന്നുകളയും. (27:1).

★★★

# 36

# യെശയ്യാവ് 41–66

1. ദുഷ്ടന്മാർക്ക് (48:22).

2. രൂപം കണ്ടാൽ ആളല്ല, ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നു തോന്നുമാറു വിരൂപമായിരിക്കുന്നു. (52:14).

3. നമ്മെ വെട്ടിയെടുത്ത പാറയിലേക്കും, നമ്മെ കുഴിച്ചെടുത്ത ഖനി ഗർഭത്തിലേക്കും (51:1).

4. കോരെശ് (44:28).

5. നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നു. നമ്മുടെ വേദനകളെ ചുമന്നു. നമ്മുടെ രോഗങ്ങളെ വഹിച്ചു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി (53:5).

6. യഹോവയെ കണ്ടെത്താനാകുന്ന സമയത്തു അന്വേഷിക്കുക. അവൻ അടുത്തിരിക്കുമ്പോൾ വിളിച്ചപേക്ഷിക്കുക (55:6).

7. യഹോവയുടെ കൈ, സ്വർഗ്ഗം യഹോവയുടെ സിംഹാസനവും. ഭൂമി അവന്റെ പാദപീഠവും (66:1)

8. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറന്നാലും യഹോവ മറക്കു കയില്ല. ദൈവത്തിന്റെ ഉള്ളം കൈയ്യിൽ നമ്മെ വരച്ചിരിക്കുന്നു (49:15,16).

9. സുവാർത്ത ദൂതന്റെ കാൽ. സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കു കയും സീയോനോട് നിന്റെ ദൈവം വാഴുന്നു എന്നു പറയുകയും ചെയ്യുന്നു (52:7).

10. പുൽ, ലൂദ് (66:19).

11. സെബായർ (45:14).

12. തന്റെ ദാസനായ യാക്കോബിനെ കുറിച്ച്. അവനെ ഉരുവാക്കി. ഗർഭത്തിൽ അവനെ നിർമ്മിച്ചു.
അവനെ സഹായിച്ചു. ദാഹിച്ചിരിക്കുന്നിടത്ത് വെള്ളം പകരും. (44:1,2).

13. നീതിയെ പിന്തുടരുന്നവരോട്, യഹോവയെ അന്വേഷിക്കുന്നവരോടു, തങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും, കുഴിച്ചെടുത്ത ഖനി ഗർഭത്തിലേക്കും, നിങ്ങളുടെ പിതാവായ അബ്രഹാമിലേക്കും നിങ്ങളെ പ്രസവിച്ച സാറയിലേക്കും. (യെശ. 51:1,2).

14. സീയോൻ. ബലം (52:1).

15. യാക്കോബ് ഗൃഹം. വിശ്വാസ വഞ്ചകൻ (48:1–8).

✶✶✶

# 37
# യിരെമ്യാവ് 1–7

1. യഹോവയുടെ നാമം വിളിച്ചിരിക്കുന്ന ഈ ആലയം കള്ളന്മാരുടെ ഗുഹ എന്നു ഇസ്രായേൽ ജനത്തിനു തോന്നുന്നു. യഹോവയ്ക്കും അങ്ങനെ തന്നെ തോന്നുന്നു (7:11).

2. ബേത്ത് –ഹക്കേരെമിൽ (6:1).

3. അവർ വഴികളിൽ ചെന്ന് നല്ലവഴി ഏതെന്ന് പഴയ പാതകളെ നോക്കി അതിൽ നടക്കേണം. അവർ അതിൽ നടക്കു കയില്ല എന്ന് പറഞ്ഞു. അനർത്ഥം വരുത്തും. (6:16–19).

4. ആകാശ രാജ്ഞിക്ക് അപ്പം ചുടേണ്ടതിനും, അന്യദേവന്മാർക്ക് പാനീയ ബലി പകരേണ്ടതിനും മക്കൾ വിറകുപെറുക്കുന്നു. അപ്പന്മാർ തീ കത്തിക്കുന്നു. സ്ത്രീകൾ മാവ് കുഴയ്ക്കുകയും ചെയ്യുന്നു (7:17,18).

5. ഹൃദയം (17:9)

6. തിത്തിരിപക്ഷി, ന്യായമായിട്ടല്ലാത്ത ധനം സമ്പാദിക്കുന്നവനെപ്പോലെയാണ്. മധ്യായുസിങ്കൽ അത് അവനെ വിട്ടുപോകും. അവൻ ഭോഷനായിത്തീരും (17:11).

7. യിരെമ്യാവ്. സന്തോഷവും ഹൃദയത്തിന് ആനന്ദവും (15:16).

8. ബെന്യാമിൻ ദേശത്ത് അനാഥോത്തിലെ പുരോഹിതന്മാരിൽ ഹിൽക്കിയാവിന്റെ മകൻ. യോശിയാവിന്റെ കാലത്ത് അരുളപ്പാടുണ്ടായി. അയ്യോ യഹോവയായ കർത്താവേ, എനിക്കു സംസാരിക്കുവാൻ അറിഞ്ഞുകൂടാ, ഞാൻ ബാലനല്ലോ എന്നു പറഞ്ഞു. ദൈവം യിരെമ്യാവിനോട് ഞാൻ ബാലൻ എന്നു നീ പറയരുത്. ഞാൻ നിന്നെ അയക്കുന്ന ഏവരുടെയും അടുക്കൽ നീ പോകുകയും ഞാൻ നിന്നോട് കൽപ്പിക്കുന്നതൊക്കെയും സംസാരിക്കുകയും വേണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കേണ്ടതിനു ഞാൻ നിന്നോടു കൂടെയുണ്ട് (1:1,6–8).

9. കാട്ടുമുന്തിരിവള്ളിയുടെ തൈ ആയിത്തീർന്നു (2:21).

10. നിർമ്മൂലമാക്കുവാനും പൊളിപ്പാനും നശിപ്പിപ്പാനും ഇടിച്ചുകളവാനും പണിവാനും നടുവാനും വേണ്ടി (1:10).

11. യഹോവ അവരെ ത്യജിച്ചു കളഞ്ഞതു കൊണ്ട് അവർക്ക് കറക്കൻവെള്ളി എന്നു പേരാകും (6:30).

12. ജനത്തിൻ പുത്രിയുടെ നിഹതന്മാർ നിമിത്തം. തല വെള്ളവും കണ്ണ് കണ്ണുനീരുറവും ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു (9:1).

13. പുത്രന്മാരെയും പുത്രിമാരെയും അഗ്നിയിൽ ഇട്ട് ദഹിപ്പിക്കേണ്ടതിന്. അതുകൊണ്ട് അതിനു കൊലത്താഴ്വര എന്ന പേരാകും (7:31,32).

14. മുൻ മഴയും പിന്മഴയും മാറിപ്പോകുവാൻ. അവരുടെ അകൃത്യങ്ങളും പാപങ്ങളും. അവർ യഹോവയെ ഭയപ്പെടാതിരിക്കുന്നതും (5:24,25).

15. ന്യായം പ്രവർത്തിക്കയും വിശ്വസ്തത കാണിക്കയും ചെയ്യുന്നവൻ ഉണ്ടോ എന്നു അന്വേഷിക്കുവിൻ. യഹോവ അതിനോട് ക്ഷമിക്കും. (5:1).

★★★

# 38

# യിരെമ്യാവ് 18–35

1. യിസ്രായേൽ ഗൃഹം (18:6)
2. യിരെമ്യാവിനോട് - കുശവന്റെ കൈയ്യിൽ നിന്നും. ഉടയ്ക്കണം. കൊലത്താഴ്വര (19:1,10).
3. നെബുഖദ്നേസർ. 70 സംവത്സരം (25:9,11).
4. യഹോവ ഒരു മഹാവീരനെപ്പോലെ യിരെമ്യാവിനോട് കൂടെ ഉള്ളതുകൊണ്ട് (20:11).
5. ദയയ്ക്ക് പരിധിയില്ല. ദീർഘമായ ദയയാണ് യഹോവയ്ക്കുള്ളത് (31:3).
6. രേഖാബ്യ ഗൃഹത്തിന്. യഹോവയുടെ മുമ്പാകെ നിൽപ്പാൻ രേഖാബിന്റെ മകനായ യോനാദാബിന് ഒരു പുരുഷൻ ഒരിക്കലും ഇല്ലാതെ വരികയില്ല. (35:18,19).
7. വീഞ്ഞ് കുടിക്കരുത്, വീട് പണിയരുത്, വിത്ത് വിതയ്ക്കരുത്, മുന്തിരിത്തോട്ടം ഉണ്ടാക്കരുത്, ജീവപര്യന്തം കൂടാരത്തിൽ പാർക്കണം, അവർ സകലത്തിലും അവരുടെ പിതാവായ യോനാദാബിന്റെ വാക്ക് കേട്ടനുസരിച്ചു (35:5–10).
8. പശ്ഹൂർ പുരോഹിതൻ -മഗോർ മിസ്സാബീബ് - സർവ്വത്ര ഭീതി (20:1–3).
9. കൽദയ പക്ഷം ചേരുക-ജീവന്റെ വഴി. ഈ നഗരത്തിൽ തന്നെ പാർക്കുക - മരണത്തിന്റെ വഴി (21:8,9).

10. നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കും. അവൻ രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്ത് നീതിയും ന്യായവും നടത്തും (23:5).
11. പ്രവാചകനും പുരോഹിതനും (23:11).
12. മോരഷ്ട്യനായ മിഖായാവ്. അവർ യഹോവയെ ഭയപ്പെട്ടു. യഹോവയോടു ക്ഷമ യാചിച്ചു (26:18,19).
13. ഹനന്യാ പ്രവാചകൻ. ആയാണ്ടിൽ തന്നെ ഏഴാം മാസത്തിൽ മരിച്ചു (28:10,17).
14. ശാഫാന്റെ മകനായ ഏലാസയുടെയും ഹിൽക്കിയാവിന്റെയും മകനായ ഗെമര്യാവിന്റെയും കൈവശം (29:3).
15. കൃപ കണ്ടെത്തി, നിത്യസ്നേഹം കൊണ്ട് യഹോവ സ്നേഹിച്ചിരിക്കയാൽ ദയ ദീർഘമാക്കിയിരിക്കുന്നു (31:1–3).

★★★

# 39
# യിരെമ്യാവ് 36–52

1. പേടിയും കുഴിയും കെണിയും (48:43).
2. സെഫന്യാവ് (52:24).
3. ബാബേൽ പുത്രി- കൊയ്ത്തുകാലം വരും (51:33).
4. കഴുകനെപ്പോലെ ഉയരത്തിൽ കൂടുവെച്ചാലും അവിടെ നിന്ന് ഏദോമിനെ താഴെയിറക്കും (49:7,16).
5. യോഹാനാൻ, യിശ്മായേലും കൂടെയുണ്ടായിരുന്ന 10 ആളുകളും (40:15, 41:2).
6. 4600 പേർ (52:28–30).
7. യിരെമ്യാ പ്രവാചകനെ (36:26).
8. സിദെക്കിയാവ് (39:7).
9. കൂശ്യനായ എബെദ്-മെലെക്ക് എന്ന ഷണ്ഡൻ. അവൻ യിരെമ്യാവിനെ കുഴിയിൽ നിന്നും വലിച്ചു കയറ്റി, രക്ഷിച്ചു. (38:10,13)

10. യഹോവ യോശിയാവിന്റെ കാലത്ത് യിരെമ്യാവിനോട് സംസാരിച്ചു തുടങ്ങിയ നാൾ മുതൽ യെഹോയാക്കീമിന്റെ നാലാം ആണ്ടുവരെയും യിസ്രായേലിനെയും യെഹൂദ യെയും സകല ജാതികളെയും കുറിച്ച് യഹോവ അരുളി ചെയ്ത വചനം പുസ്തകചുരുളിൽ എഴുതണം (36:1,2).
11. സിദെക്കിയാ രാജാവ് (38:16).
12. നെബൂസർ ആദാൻ (40:1,4,5).
13. എഴുത്തുകാരന്റെ കത്തിക്കൊണ്ട് കണ്ടിച്ച് ചുരുൾ മുഴുവൻ വെന്തുപോകും വരെ നെരിപ്പോട്ടിലെ തീയിൽ ഇട്ടു (36:23). മറ്റൊരു ചുരുളിൽ ബാരക്കിനെ കൊണ്ട് എഴുതിച്ചു (36:32)
14. ബാരൂക്കിനെക്കുറിച്ച് (45:2,5).
15. യഹോവയുടെ ആലയം, രാജധാനി, യെരുശലേമിലെ എല്ലാ വീടുകളും പ്രധാന ഭവനങ്ങൾ ഒക്കെയും ചുട്ടു കളഞ്ഞു (52:13).

✶✶✶

# 40

# വിലാപങ്ങൾ 1–5

1. യഹോവയെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കു ന്നവർക്കും യഹോവ നല്ലവൻ, യഹോവയുടെ രക്ഷ യ്ക്കായി മിണ്ടാതെ കാത്തിരിക്കേണം. (3:25,26).
2. യെരുശലേം (1:8).
3. സീയോൻ പുത്രിയുടെ (2:8,9).
4. മിസ്രയീമ്യർക്കും, അശൂര്യർക്കും (5:6).
5. അവർ യഹോവയിങ്കലേക്ക് മടങ്ങിവരണം. യഹോവ അവർക്ക് ഒരു നല്ല കാലം വരുത്തേണം (5:20,21).
6. യാക്കോബിന്റെ മേച്ചൽപ്പുറങ്ങളെ (2:2).
7. സീയോന്. ഇപ്പോൾ കുശവന്റെ മൺപ്പാത്രങ്ങൾ പോലെ ആയിരിക്കുന്നു (4:2).

8. ഓരോരുത്തൻ താന്താന്റെ പാപങ്ങളെക്കുറിച്ചു നെടുവീർപ്പ് ഇടേണം. നാം നമ്മുടെ നടപ്പ് ആരാഞ്ഞു ശോധന ചെയ്തു യഹോവയുടെ അടുക്കലേക്ക് തിരിയണം. നാം നമ്മുടെ കൈകളെയും ഹൃദയത്തെയും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്ക് ഉയർത്തണം (3:39,40).

9. സോദോം (4:6).

10. യഹോവയുടെ ജനത്തിന്റെ പുത്രി മരുഭൂമിയിലെ ഒട്ടകപക്ഷിയെപ്പോലെ ക്രൂരയായി തീർന്നു, മുലകുടിക്കുന്ന കുഞ്ഞിന്റെ നാവ് അണ്ണാക്കോട് പറ്റിയിരിക്കുന്നു. പൈതങ്ങൾ അപ്പം ചോദിക്കുന്നു. ആരും നുറുക്കി കൊടുക്കുന്നുമില്ല (4:3,4).

11. അവർ ഹിമത്തിലും നിർമ്മലന്മാരും പാലിലും വെളുത്തവരും ആയിരുന്നു. ദേഹം പവിഴത്തിലും ചുവപ്പുള്ളതും അവരുടെ ശോഭ നീലക്കല്ല് പോലെയും ആയിരുന്നു. ഇപ്പോൾ അവരുടെ മുഖം കരിക്കട്ടയേക്കാൾ കറുത്തിരിക്കുന്നു. വീഥികളിൽ അവരെ കണ്ടിട്ടും ആരും അറിയുന്നില്ല. അവരുടെ ത്വക്ക് അസ്ഥികളോട് പറ്റി ഉണങ്ങി മരംപോലെ ആയി തീർന്നിരിക്കുന്നു. ഇതിന്റെ കാരണം യഹോവയുടെ ജനത്തിന്റെ പുത്രിയുടെ അകൃത്യം സോദോമിന്റെ പാപത്തേക്കാൾ വലുതായിരുന്നു (4:6-8).

12. നാം മുടിഞ്ഞു പോകാതിരിക്കുന്നത് യഹോവയുടെ ദയ കൊണ്ട്. അവന്റെ കരുണ തീർന്നു പോകാത്തത് (3:22).

13. വ്യർത്ഥ സഹായത്തിനായി, രക്ഷിപ്പാൻ കഴിയാത്ത ജാതിക്കായി ഞങ്ങൾ ഞങ്ങളുടെ കാവൽ മാളികയിൽ കാത്തിരിക്കുന്നു (4:17).

14. യെരുശലേം പുത്രി, കടന്നുപോകുന്ന ഏവരും അവളെ നോക്കി കൈകൊട്ടുന്നു. അവളെ നോക്കി ചൂള കുത്തി തല കുലുക്കുന്നു. അവളുടെ ശത്രുക്കൾ ഒക്കെയും അവളുടെ നേരേ വായ് പിളർക്കുന്നു. അവർ ചൂള കുത്തി പല്ല് കടിക്കുന്നു (2:15-17).

15. എന്റെ പ്രിയന്മാർ, പുരോഹിതന്മാരും മൂപ്പന്മാരും വിശപ്പട ക്കേണ്ടതിന് ആഹാരം തിരഞ്ഞു നടക്കുമ്പോൾ നഗരത്തിൽ വെച്ച് പ്രാണനെ വിട്ടു (1:19).

★★★

# 41
# യെഹസ്ക്കേൽ 1–16

1. ഇടിവുകളിൽ കയറീട്ടില്ല. യിസ്രായേൽ ഗൃഹത്തിനു വേണ്ടി മതിൽ കെട്ടിയിട്ടുമില്ല. സ്വന്ത മനസ്സിനെയും കണ്ടിട്ടില്ലാത്ത കാര്യങ്ങളെയും പിന്തുടരുന്ന ബുദ്ധികെട്ട പ്രവാചകന്മാർക്ക് അയ്യോ കഷ്ടം. അവർ ശൂന്യപ്രദേശങ്ങളിലെ കുറുക്ക ന്മാരെ പോലെ ആയിരിക്കുന്നു. (13:3,4).
2. യെഹസ്ക്കേൽ (3:24)
3. കെബാർ നദീതീരത്തുള്ള തേൽ ആബീബിലെ പ്രവാസിക ളുടെ ഇടയിൽ പാർത്തു. അവർ കടുത്ത നെറ്റിയും കഠിന ഹൃദയവും ഉള്ളവരായിരുന്നു (3:7,15).
4. യഹോവ യെഹസ്ക്കേൽ പ്രവാചകനോട് (15:3).
5. യെഹസ്ക്കേൽ പ്രവാചകനെ ഒരു അടയാളം ആക്കി. യാത്രക്കോപ്പ് ഒരുക്കി പകൽ സമയത്ത് പുറപ്പെടണം. (12:6,3).
6. ബെനായാവിന്റെ മകനായ പെലത്യാവ് മരിച്ചു. അപ്പോൾ പ്രവാചകൻ കവിണ്ണുവീണു നിലവിളിച്ചു (11:13).
7. നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും, സിംഹാസനത്തിന്റെ രൂപത്തിനു മേൽ മനുഷ്യസാദൃശ്യ ത്തിൽ ഒരു രൂപവും കണ്ടു (1:26).
8. യെഹസ്ക്കേൽ (1:3)
9. ആറ് പുരുഷന്മാരുടെ നടുവിൽ അരയിൽ ശണവസ്ത്രം ധരിച്ചു. എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഒരുവനെ കണ്ടു. നഗരത്തിൽ ചെന്ന് അവിടെ മ്ലേച്ഛതകൾ കണ്ടു

നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുവാൻ പറഞ്ഞു (9:2,4).

10. കെബാർ നദീതീരത്തുള്ള തേൽ-അബീബിലെ പ്രവാസിക ളുടെ ഇടയിൽ 7 ദിവസം പാർത്തു (3:15).
11. യെഹസ്കേൽ (3:12)
12. അവിടെ സ്ത്രീകൾ തമ്മൂസിനെ കുറിച്ചു കരഞ്ഞുകൊണ്ടി രിക്കുന്നത് കണ്ടു (8:14).
13. യഹോവ യെഹസ്കേലിനെ യിസ്രായേൽ ഗൃഹത്തിന്റെ കാവൽക്കാരനാക്കിയിരിക്കുന്നു. അവൻ യഹോവയുടെ വായിൽ നിന്നും വചനം കേട്ടു യഹോവയുടെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം (3:17).
14. അവന്റെ കൈ നിറയെ തീക്കനൽ എടുക്കേണം. അത് നഗര ത്തിൽ വിതറണം (10:2).
15. കാരണം അവർ മത്സര ഗൃഹവും മഹാമത്സരികളും ആയത് കൊണ്ട് (2:5-8).

★★★

## 42
## യെഹസ്കേൽ 17-32

1. യെഹസ്കേൽ (18:4,20)
2. ദൈവത്തിന്റെ ചട്ടങ്ങളും, ന്യായങ്ങളും പ്രമാണിച്ച് നേരോടെ നടക്കുന്നവൻ- നീതിമാൻ - അവൻ നിശ്ചയ മായി ജീവിച്ചിരിക്കും (18:9).
3. മകൻ അപ്പന്റെ അകൃത്യവും, അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട (18:20). നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും.
4. ഒരു വലിയ കഴുകൻ ലബാനോനിലെ ഒരു ദേവദാരുവിന്റെ ശിഖരം എടുത്തു കച്ചവടക്കാരുടെ പട്ടണത്തിൽ നട്ടു. ദേശ ത്തിലെ തൈകളിലെ ഒന്ന് എടുത്ത് വിളനിലത്തു നട്ടു. (17:3-5).
5. രബ്ബയെ (25:5).

6. യഹോവ നിന്നോട് കാര്യം തീർക്കുന്ന നാളിൽ നീ ധൈര്യത്തോടെ നിൽക്കുമോ. നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? യഹോവയായ ഞാൻ അത് അരുളിച്ചെയ്തിരിക്കുന്നു. ഞാൻ നിവർത്തിക്കുകയും ചെയ്യും (22:14)

7 ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിന് മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ അവരുടെ ഇടയിൽ അന്വേഷിച്ചു ആരെയും കണ്ടെത്തിയില്ല (22:30).

8. യിസ്രായേൽ ദേശത്തിന് വിരോധമായി യഹോവയുടെ വാൾ ഉറയിൽ നിന്ന് ഊരി എന്ന് അറിയുമ്പോൾ നീ നടുഒടികെ നെടുവീർപ്പിടേണം. വർത്തമാനം നിമിത്തം സകല ഹൃദയവും ഉരുകിപ്പോകും. എല്ലാ കൈകളും കുഴഞ്ഞുപോകും. ഏതു മനസ്സും കലങ്ങിപ്പോകും. എല്ലാ മുഴങ്കാലും വെള്ളം പോലെ ഒഴുകിപ്പോകും (21:6,7).

9. യഹോവയുടെ ശബത്തുകൾ വിശുദ്ധീകരിക്കേണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്ന് അറിയേണ്ടതിന് അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാളമായിരിക്കട്ടെ. (20:20). യിസ്രായേൽ ഗൃഹത്തിന്റെ മൂപ്പന്മാരോട് പറയാൻ യെഹസ്ക്കേലിനോട് പറഞ്ഞു (20:2,3).

10. 9-ാം ആണ്ട് 10-ാം മാസം 10-ാം തീയതി. യഹോവ യെഹസ്കേലിനോട്, ഈ തീയതിയിൽ തന്നെ ബാബേൽ രാജാവ് യെരുശലേമിനെ അക്രമിച്ചിരിക്കുന്നു (24:1,2).

11. മിസ്രയീം രാജാവായ ഫറവോൻ, നശിച്ചിരിക്കുന്നു. കടലിലെ നക്രം പോലെ ആയിരുന്നു (32:2).

12. സോർ രാജാവ് മാതൃകാ മുദ്രയും ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനും ആയിരുന്നു. അവനെ സൃഷ്ടിച്ച നാൾ മുതൽ അവനിൽ നീതികേട് കണ്ടത് വരെ അവൻ നടപ്പിൽ നിഷ്കളങ്കനായിരുന്നു. എന്നാൽ അവൻ നിഗളിച്ചു, പാപം ചെയ്തതു മുഖാന്തരം യഹോവ അവനെ അശുദ്ധൻ എന്ന് എണ്ണി ദേവ പർവ്വതത്തിൽ നിന്ന് തള്ളിക്കളഞ്ഞു. (28:12-16).

13. യഹോവ യിസ്രായേൽ ഗൃഹത്തെ അവർ ചിതറിപ്പോയിരിക്കുന്ന ജാതികളുടെ ഇടയിൽ നിന്ന് ശേഖരിക്കും. ജാതികൾ കാൺകെ തന്നെത്തന്നെ അവരിൽ വിശുദ്ധീകരിക്കും. തന്റെ ദാസനായ യാക്കോബിന് കൊടുത്ത ദേശത്ത് അവർ നിർഭയം വസിക്കും(28:25).

14. വിശുദ്ധ മന്ദിരം അശുദ്ധമായപ്പോഴും യിസ്രായേൽ ദേശം ശൂന്യമായപ്പോഴും യെഹൂദ ഗൃഹം പ്രവാസത്തിലേക്ക് പോയപ്പോഴും നന്നായി എന്ന് അമ്മോന്യർ പറഞ്ഞു. കൂടാതെ യെരുശലേം ശൂന്യമായിപ്പോയത് നന്നായി എന്ന് സോർ നിവാസികളും പറഞ്ഞു (25:3, 26:2).

15. യെരുശലേമിലെ പ്രവാചകന്മാർ വ്യാജം ദർശിച്ചും കള്ള പ്രശ്നം പറഞ്ഞും ജനത്തെ പിടിച്ചുപറിക്കയും എളിയവനെയും ദരിദ്രനെയും ഉപദ്രവിക്കയും പരദേശിയെ അന്യായമായി പീഡിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു (22:28,29).

✶✶✶

# 43

# യെഹസ്കേൽ 33–48

1. മുപ്പത് (40:17).
2. യെഹസ്ക്കേൽ (37:4,7).
3. ഗോഗ് (38:3).
4. ഗോഗ്- പുരുഷാരത്തിന്റെ താഴ്വര. യിസ്രായേലിലെ ഒരു ശ്മശാനഭൂമി. ഗോഗിനെയും അവന്റെ സകല പുരുഷാരത്തെയും അടക്കം ചെയ്യുന്ന സ്ഥലം (39:11).
5. യെഹസ്ക്കേലിനെ, ആ പുരുഷൻ, ചരട് (40:1–3, 47:3).
6. അവർ നിർമ്മലരായിത്തീരും. പുതിയ ഹൃദയവും പുതിയ ആത്മാവിനെയും ലഭിക്കും. അവർ അവന് ജനമായും അവൻ അവർക്ക് ദൈവമായും ഇരിക്കും (36:25–28).
7. ഒരു മുഴക്കം കേട്ടു; ഒരു ഭൂകമ്പം ഉണ്ടായി. അസ്ഥി അസ്ഥിയോട് വന്ന് ചേർന്നു. അവയുടെ മേൽ ഞരമ്പും മാംസവും വന്നു. അവയുടെ മേൽ ത്വക്ക് പൊതിഞ്ഞു (37:7,8).

8. ദേശത്തിന്റെ നേരെ വാൾ വരുന്നത് കണ്ടാൽ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തേണം (33:3).

9. തങ്ങളെത്തന്നെ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്ക് (34:1).

10. ഇടയൻ ഇല്ലായ്കകൊണ്ടു ആടുകൾ ചിതറിപ്പോയി. ആടുകൾ കാട്ടിലെ മൃഗങ്ങൾക്ക് ഇരയായിത്തീർന്നു (34:5).

11. ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും (37:27).

12. ദുഷ്ടൻ തന്റെ വഴി വിട്ട് നീതിയും ന്യായവും പ്രവർത്തിച്ചിരിക്കുന്നത് കൊണ്ട് അവർ ജീവിക്കും. നീതിമാൻ തന്റെ നീതിവിട്ട് നീതികേടും അകൃത്യവും പ്രവർത്തിക്കുന്നുവെങ്കിൽ അവൻ മരിക്കും (33:16-18).

13. ദാവീദിനെ. അവൻ അവയെ മേയിച്ച് അവർക്ക് ഇടയനായിരിക്കും. അവരുടെ മദ്ധ്യേ പ്രഭുവും ആയിരിക്കും (34:23,24).

✶✶✶

# 44
# ദാനിയേൽ 1-6

1. തന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നു, ദിവസത്തിൽ മൂന്നു പ്രാവശ്യം മുട്ടുകുത്തി ദൈവത്തോടു പ്രാർത്ഥിച്ചു. അതിന്റെ പേരിൽ അവന്റെ വിരോധികളായ അദ്ധ്യക്ഷന്മാരും പ്രധാന ദേശാധിപന്മാരും രാജാവിന്റെ കൽപ്പനപ്രകാരം അവനെ സിംഹങ്ങളുടെ കുഴിയിൽ ഇട്ടു. (6:4, 10,12-16).

2. ദാര്യാവേശ് രാജാവ്. രാജാവ് ദാനിയേലിനോട്. ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനിയേലേ, നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം നിന്നെ സിംഹങ്ങളിൽ നിന്നു രക്ഷിപ്പാൻ പ്രാപ്തനായോ (6:20).

3. ദാനിയേലിനെ കുറ്റം ചുമത്തിയവരെയും അവരുടെ മക്കളെയും ഭാര്യമാരെയും സിംഹങ്ങളുടെ ഗുഹയിൽ ഇട്ടു

കളഞ്ഞു. സിംഹം അവരുടെ അസ്ഥികളെ തകർത്തുകള ഞ്ഞു. (6:24).

4. മെനേ, മെനേ, തെക്കേൽ ഊഫർസീൻ. അർത്ഥം-ദൈവം നിന്റെ രാജത്വം എണ്ണി അതിനു അന്തം വരുത്തിയിരിക്കു ന്നു. തുലാസിൽ നിന്നെ തൂക്കി കുറവുള്ളവനായി കണ്ടിരി ക്കുന്നു. നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസി കൾക്കും കൊടുത്തിരിക്കുന്നു. ദാനിയേൽ അർത്ഥം പറ ഞ്ഞു. ബേൽശ്ശസർ രാജാവ് ദാനിയേലിനെ ധൂമ്ര വസ്ത്രവും കഴുത്തിൽ പൊന്മാലയും ധരിപ്പിച്ചു. ദാനിയേൽ രാജ്യത്തിലെ മൂന്നാമനായി വാഴും എന്ന് അവനെക്കുറിച്ചു പ്രസിദ്ധമാക്കി. (5:24-29).

5. ശീനാർ ദേശത്ത് തന്റെ ദേവന്റെ ക്ഷേത്രത്തിലെ ഭണ്ഡാര ഗൃഹത്തിൽ വെച്ചു. (1:1,2).

6. രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് ദാനിയേൽ ഹൃദയത്തിൽ തീരുമാനിച്ചു. (1:8).

7. ദാനിയേൽ, ഹനന്യാവ്, മിശായേൽ, അസര്യാവ്. അവരുടെ ഭക്ഷണം - തിന്മാൻ ശാകപദാർത്ഥം. കുടിക്കാൻ പച്ച വെള്ളം (1:12,19).

8. ബേൽത്ത്ശസ്സർ എന്നും പേരുള്ള ദാനിയേൽ (4:19).

9. നെബുഖദ്നേസർ രാജാവ്. അവൻ കാള എന്ന പോലെ പുല്ലു തിന്നു. (4:33).

10. ഇത് ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപ മഹത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ (4:30)

11. ദൈവത്തിന്റെ പ്രവർത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു. നിഗളിച്ചു നടക്കു ന്നവരെ അവൻ താഴ്ത്തും (4:37)

12. ബേൽശസർ രാജാവ്. യെരുശലേമിലെ മന്ദിരത്തിലെ പൊൻവെള്ളി പാത്രങ്ങൾ കൊണ്ടുവരുവാൻ പറഞ്ഞു.

അതിൽ രാജാവിന്റെ മഹത്തുക്കളും അവന്റെ ഭാര്യമാരും വെപ്പാട്ടികളും കുടിച്ചു. (5:1–3).

13. നെബുഖദ്നേസർ രാജാവ്. പൊന്നുകൊണ്ട് ബിംബം ഉണ്ടാക്കി. ബാബേൽ സംസ്ഥാനത്തെ ദുരാസമഭൂമിയിൽ നിർത്തി. (3:1).
14. ശദ്രക്, മേശക്, അബേദ്നെഗോ. ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിക്കാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിർത്തിയ സ്വർണ്ണ ബിംബത്തെ നമസ്ക്കരിക്കുകയുമില്ല എന്ന് അറിഞ്ഞാലും (3:16–18)
15. നെബുഖദ്നേസർ രാജാവ് കണ്ട സ്വപ്നം ഓർക്കാഞ്ഞിട്ട് (2:1–3).

✶✶✶

# 45

# ദാനിയേൽ 7–12

1. മിഖായേൽ (12:1) . ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും. അന്ന് നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ രക്ഷ പ്രാപിക്കും.
2. പലരെയും നീതിയിലേക്ക് തിരിക്കുന്നവൻ (12:3)
3. 1335 ദിവസത്തോളം കാത്തു ജീവിച്ചിരിക്കുന്നവൻ ഭാഗ്യവാൻ. നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും (12:13).
4. അവൻ വ്യസനിച്ചു മടങ്ങിച്ചെന്ന്, വിശുദ്ധ നിയമത്തിനു നേരെ ക്രുദ്ധിച്ചു പ്രവർത്തിക്കും. അവൻ മടങ്ങിച്ചെന്ന് വിശുദ്ധ നിയമത്തെ ഉപേക്ഷിക്കുന്നവരെ ആദരിച്ചുകൊള്ളും. അവൻ അയച്ച സൈന്യങ്ങൾ അണി നിരന്നു,

വിശുദ്ധ മന്ദിരമായ കോട്ടയെ അശുദ്ധമാക്കി നിരന്തര ഹോമം നിർത്തൽ ചെയ്ത് ശൂന്യമാക്കുന്ന മ്ലേച്ഛ ബിംബത്തെ പ്രതിഷ്ഠിക്കും (11:30,31). ദൈവത്തെ അറിയുന്ന  ജനം വീര്യം പ്രവർത്തിക്കും (11:32).

5. വയോധികനായവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ സിംഹാസനം അഗ്നി ജ്വാലയും ആയിരുന്നു. (7:9).

6. ഒരു അഗ്നി നദി പുറപ്പെട്ടു. ന്യായവിസ്താരസഭ ഇരുന്നു. പുസ്തകങ്ങൾ തുറന്നു. (7:10).

7. പാർസി രാജ്യത്തിന്റെ പ്രഭു. 21 ദിവസം. പ്രധാനപ്രഭുവായ മിഖായേൽ (10:5,13).

8. മനുഷ്യപുത്രനോടു സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടു കൂടി വന്നു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യ ആധിപത്യം. അവന്റെ രാജത്വം നശിച്ചുപോകാത്തതും (7:14).

9. ഗബ്രിയേലിനോട്, ദാനിയേൽ കണ്ട ദർശനം ദാനിയേലിന് ഗ്രഹിപ്പിച്ചു കൊടുക്കുവാൻ ആണ് പറഞ്ഞത് (8:1,15).

10. ദാനിയേൽ ഭയപ്പെട്ട് സാഷ്ടാംഗം വീണു. അപ്പോൾ ഗബ്രിയേൽ പറഞ്ഞു. മനുഷ്യപുത്രാ ഗ്രഹിച്ചു കൊൾക. ഈ ദർശനം അന്ത്യകാലത്തേക്ക് ഉള്ളതാകുന്നു. അപ്പോൾ ദാനിയേൽ ബോധം കെട്ട് നിലത്ത് കമിഴ്ന്നു വീണു. (8:16-18).

11. ദാനിയേൽ ഉപവസിച്ചും രട്ടുടുത്തും വെണ്ണീറിൽ ഇരുന്നു കൊണ്ട് പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിനു ദൈവമായ കർത്താവിങ്കലേക്ക് മുഖം തിരിച്ചു. (9:3).

12. ദൈവമായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു, വികടമായി നടന്നു, ദുഷ്ടത പ്രവർത്തിച്ചു; ഞങ്ങൾ മത്സരിച്ചു നിന്റെ കല്പനകളും വിധികളും വിട്ടുമാറിയിരിക്കുന്നു. (9:5).

13. ഒരു കൈ ദാനിയേലിനെ തൊട്ടു (10:10). ഏറ്റവും പ്രിയ പുരുഷനായ ദാനിയേലെ, ഞാൻ നിന്നോട് പറയുന്ന വചനങ്ങളെ ശ്രദ്ധിച്ചു നിവർന്നു നിൽക്ക; ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ അയക്കപ്പെട്ടിരിക്കുന്നു (10:11).

14. ദാനിയേൽ ദൈവത്തിന് ഏറ്റവും പ്രിയനാകയാൽ. അവന്റെ യാചനകളുടെ ആരംഭത്തിൽ, അവന്റെ പ്രാർത്ഥനയുടെ ആരംഭത്തിൽ തന്നെ, അവൻ പ്രാർത്ഥന കഴിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ദൈവം അവന്റെ പ്രാർത്ഥന കേട്ടു. ഉത്തരവുമായി ഗബ്രിയേൽ ദൂതൻ വന്നു (10:11-12).

15. ഭയപ്പെടേണ്ട, നിനക്ക് സമാധാനം. ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു. (10:19). യജമാനനേ, സംസാരിക്കണമേ. നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു(10:19).

★★★

# 46

# ഹോശെയ

1. യിസ്രായേൽ പടർന്നിരിക്കുന്ന ഒരു മുന്തിരിവള്ളി ആകുന്നു. അവൻ ബലിപീഠങ്ങളെ വർദ്ധിപ്പിച്ചിരിക്കുന്നു. ദേശത്തിന്റെ നന്മയ്ക്ക് തക്കവണ്ണം ഭംഗിയുള്ള വിഗ്രഹ സ്തംഭങ്ങളെ ഉണ്ടാക്കി (10:1).

2 അവർ കാറ്റ് വിതച്ച് ചുഴലിക്കാറ്റ് കൊയ്യും (8:7).

3. എഫ്രയീം മറിച്ചിടാത്ത ദോശ ആകുന്നു. അവൻ ജാതികളോടു ഇടകലർന്നു. അന്യജാതികൾ അവന്റെ ബലം തിന്നുകളഞ്ഞു എങ്കിലും അവൻ അറിയുന്നില്ല. അവന് അവിടവിടെ നരച്ചിരിക്കുന്നു. എങ്കിലും അവൻ അറിയുന്നില്ല. യിസ്രായേലിന്റെ അഹംഭാവം അവന്റെ മുഖത്ത് സാക്ഷീകരിക്കുന്നു (7:8-10).

4. യഹോവ യെഹൂദാഗൃഹത്തെ വില്ലുകൊണ്ടോ വാൾ കൊണ്ടോ യുദ്ധം കൊണ്ടോ കുതിരകളെ കൊണ്ടോ രക്ഷി

ക്കയില്ല. പകരം അവരുടെ ദൈവമായ യഹോവയെ കൊണ്ട് അവരെ രക്ഷിക്കും (1:7).

5. ഞാൻ ബാൽവിഗ്രഹങ്ങളുടെ പേരുകളെ അവളുടെ വായിൽ നീക്കിക്കളയും; ഇനി ആരും അവയെ പേർ ചൊല്ലി സ്മരിക്കുകയില്ല. അന്നാളിൽ യഹോവ അവർക്കു വേണ്ടി കാട്ടിലെ മൃഗങ്ങളോടും ആകാശത്തിലെ പക്ഷിക ളോടും നിലത്തിലെ ഇഴജാതികളോടും ഒരു നിയമം ചെയ്യും (2:17,18).

6. യാഗത്തിലും ഹോമയാഗത്തിലുമല്ല ദൈവം പ്രസാദിക്കുന്ന ത്. പിന്നെയോ ദയയിലും ദൈവപരിജ്ഞാനത്തിലും ആണ് (6:6).

7. എഫ്രയീമിന് മാനുഷകല്പന അനുസരിച്ച് നടപ്പാൻ ഇഷ്ടം തോന്നിയതുകൊണ്ട് അവൻ പീഡിതനും വ്യവഹാരത്തിൽ തോറ്റവനും ആയിരിക്കുന്നു (5.11).

8. പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു; പരിജ്ഞാനം ത്യജിക്കകൊണ്ട് നീ എനിക്ക് പുരോഹിതനാ യിരിക്കാതവണ്ണം ഞാൻ നിന്നെയും ത്യജിക്കും; നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും. അവർ പെരുകുന്തോറും എന്നോട് ഏറെ പാപം ചെയ്തു. ഞാൻ അവരുടെ മഹ ത്വത്തെ ലജ്ജയായി മാറ്റും (4:6,7).

9. തരിശുനിലം ഉഴുതു നീതിയിൽ വിതയ്ക്കണം. ദയക്കൊത്ത വണ്ണം കൊയ്യണം. യഹോവ വന്ന് അവരുടെ മേൽ വർഷി ക്കുന്നത് നീതി. (10:12).

10. മിസ്രയീം ദേശം മുതൽ. ഉത്സവ ദിവസങ്ങളിൽ എന്ന പോലെ ഇനിയും കൂടാരങ്ങളിൽ വസിക്കുമാറാക്കും (12:9).

11. എഫ്രയീം പാപ പരിഹാരത്തിനായി അനേക യാഗപീഠ ങ്ങളെ ഉണ്ടാക്കിയതുകൊണ്ട്, യാഗപീഠങ്ങൾ അവന് പാപ ഹേതുവായിത്തീർന്നിരിക്കുന്നു (8:11).

12. അവർ ദുഷ്ടത ഉഴുത്, നീതികേട് കൊയ്തും ഭോഷ്ക്കിന്റെ ഫലം തിന്നിരിക്കുന്നു (10:13).

13. കരുവേലകം, പുന്ന, ആൽ എന്നിവയാണ് ഹോശയ പറയുന്ന നല്ല തണലുള്ള വൃക്ഷങ്ങൾ (4:13).

14. യഹോവയുടെ വഴികൾ ചൊവ്വുള്ളത്. അവയിൽ നടക്കുന്നത് നീതിമാന്മാർ. അവയിൽ ഇടറിവീഴുന്നത് അതിക്രമക്കാർ (14:9).

15. യിസ്രായേൽ തന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് അനുതാപ വാകൃങ്ങളോട് കൂടി മടങ്ങി ചെന്ന് ദൈവത്തോട് ഞങ്ങളുടെ സകല അകൃതൃങ്ങളും ക്ഷമിച്ചു ഞങ്ങളെ കൃപയോടെ കൈകൊള്ളണം എന്ന് അപേക്ഷിക്കണം. അപ്പോൾ ദൈവം അവരുടെ പിന്മാറ്റത്തെ ചികിത്സിച്ചു സൗഖ്യമാക്കും. ദൈവം അവരെ സ്നേഹിക്കും. ദൈവം അവരെ അനുഗ്രഹിക്കും. ദൈവം അവർക്ക് മഞ്ഞു പോലെയിരിക്കും (14:1–7).

✶✶✶

# 47

# യോവേൽ, ആമോസ്

1. ഭോജനയാഗവും പാനീയ യാഗവും (യോവേൽ 1:9).

2. യൗവനത്തിലെ ഭർത്താവിനെചൊല്ലി രട്ടുടുത്തിരിക്കുന്ന കന്യകയെപ്പോലെ (യോവേൽ 1:8).

3. ഒരു ഉപവാസദിവസം നിയമിച്ചിട്ടു യഹോവയുടെ ആലയത്തിൽ കൂട്ടിവരുത്തേണ്ടത് മൂപ്പന്മാരെയും ദേശത്തിലെ സകല നിവാസികളെയും (യോവേൽ 1:14).

4. പുരോഹിതന്മാർ കരയേണ്ടത് പൂമുഖത്തിന്റെയും യാഗപീഠത്തിന്റെയും മദ്ധ്യേ. അവർ പറയേണ്ടത് – യഹോവേ നിന്റെ ജനത്തോട് ക്ഷമിക്കേണമെ. ജാതികൾ അവരുടെ മേൽ വാഴുവാൻ തക്കവണ്ണം നിന്റെ അവകാശത്തെ നിന്ദയ്ക്ക് ഏൽപ്പിക്കരുതേ. അവരുടെ ദൈവം എവിടെയെന്ന് ജാതികളുടെ ഇടയിൽ പറയുന്നതെന്തിന് (2:17.).

5. യെഹൂദായുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റു മ്പോൾ. യഹോശാഫാത്ത് താഴ്വരയിൽ. അവിടെ സകല ജാതികളെയും ദൈവത്തിന്റെ ജനം നിമിത്തവും തന്റെ അവകാശമായ യിസ്രായേൽ നിമിത്തവും യഹോവ അവ രോട് വ്യവഹരിക്കും. (യോവേൽ 3;1,2).

6. പുത്രന്മാരും പുത്രിമാരും പ്രവചിക്കും. വൃദ്ധന്മാർ സ്വപ്ന ങ്ങളെ കാണും. അവരുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും (യോവേൽ 2:28).

7. യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസ ന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല (ആമോസ് 3:7).

8. ന്യായത്തെ നഞ്ചായും, നീതിഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നു. (ആമോസ് 6:12).

9. സുര്യനും ചന്ദ്രനും ഇരുണ്ടുപോകും. ഇരുട്ടും അന്ധകാ രവും ഉള്ളതും മേഘവും കൂരിരുട്ടും ഉള്ളതും ആയിരി ക്കും. ആ ദിവസം വലുതും അതിഭയങ്കരവുമാകുന്നു. (യോവേൽ 2:2,11,3:14).

10. എളിയവരെ പീഡിപ്പിക്കുകയും ദരിദ്രന്മാരെ തകർക്കുകയും തങ്ങളുടെ ഭർത്താക്കന്മാരോട്: കൊണ്ടുവരുവിൻ ഞങ്ങൾ കുടിക്കട്ടെ എന്നു പറയുന്നവരെയാണ് ശമര്യാപർവ്വത ത്തിലെ ബാശാന്യ പശുക്കൾ എന്ന് വിശേഷിപ്പിച്ചിരിക്കു ന്നത് (ആമോസ് 4:1).

11. തങ്ങളുടെ ദൈവത്തെ എതിരേൽപ്പാൻ (ആമോസ് 4:12).

12. യിസ്രായേൽ ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നു. (ആമോസ് 6:12).

13. കർത്താവു കൈയ്യിൽ ഒരു തൂക്കുകട്ട പിടിച്ചിരിക്കുന്നതായി പ്രവാചകനായ ആമോസ് കണ്ടു (ആമോസ് 7:7,8).

14. യഹോവ യിസ്രായേലിലെ എല്ലാ പട്ടണങ്ങൾക്കും പല്ലിന്റെ വെടിപ്പും അപ്പത്തിന്റെ കുറവും വരുത്തി.

കൊയ്ത്തിനു 3 മാസം ഉള്ളപ്പോൾ മഴ മുടക്കിക്കളഞ്ഞു. ഒരു പട്ടണത്തിൽ മഴ പെയ്തു. മറ്റെ പട്ടണത്തിൽ മഴ പെയ്തില്ല. ഒരു കണ്ടത്തിൽ മഴ പെയ്തു, മഴ പെയ്യാത്ത മറ്റേ കണ്ടം വരണ്ടു. രണ്ട് മൂന്ന് പട്ടണം വെള്ളം കുടിപ്പാൻ ഒരു പട്ടണത്തിലേക്കു വന്നു എന്നിട്ടും ദാഹം തീർന്നില്ല. ഇത് ഒക്കെയായിട്ടും അവർ ദൈവത്തിലേക്ക് തിരിഞ്ഞില്ല. (ആമോസ് 4:6,7,8).

15. (1) പ്രവാചകനായ ആമോസ് യഹോവയായ കർത്താവി നോട് (ആമോസ് 7:5).

(2) ആമോസ് അമസ്യാവിനോട് (ആമോസ് 7:14).

***

# 48
# ഓബദ്യാവ്, യോന

1. ഏദോമിനെ - ഹൃദയത്തിന്റെ അഹങ്കാരം (ഓബ. 3).
2. സഹോദരനോടു സാഹസം ചെയ്തു. അതുകൊണ്ട് ഏശാ വിനെ ലജ്ജ മൂടും. ഏദോം സദാ കാലത്തേക്കും ഛേദിക്ക പ്പെടും (ഓബ.10).
3. ഏദോം കഴുകനെപോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും അവിടെ നിന്നു അവനെ ഇറക്കും. (ഓബ.4)
4. ഏദോമിൽ നിന്നു ജ്ഞാനികളെയും ഏശാവിന്റെ പർവ്വത ത്തിൽ നിന്നു വിവേകത്തെയും നശിപ്പിക്കും (ഓബ. 8).
5. യോന മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയ റ്റിൽ കിടന്നു യഹോവയോടു നിലവിളിച്ചു. (യോന. 1:17,2:1).
6. യോനയുടെ അപ്പൻ - അമിത്ഥായി. മഹാനഗരമായ നിന വെയിലേക്ക് പോയി. അതിനു വിരോധമായി പ്രസംഗിക്കു വാൻ പറഞ്ഞു. എന്നാൽ യോന യഹോവയുടെ സന്നിധി യിൽ നിന്ന് തർശീശിലേക്ക് ഓടിപ്പോയി. (യോന. 1:2).

7. യോന പറഞ്ഞത്. ഞാൻ ഒരു എബ്രായൻ. കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയ ദൈവമായ യഹോവയെ ഞാൻ ഭജിച്ചു വരുന്നു (യോന. 1:9).

8. നിനവേക്കാർ ദൈവത്തിൽ വിശ്വസിച്ചു. ഒരു ഉപവാസം പരസ്യം ചെയ്തു. രാജാവു മുതൽ ചെറിയവൻ വരെ രട്ടു ടുത്തു വെണ്ണീരിൽ ഇരുന്നു (യോന. 3:5,6).

9. ദൈവം അവർക്കു വരുത്തുമെന്നു പറഞ്ഞ അനർത്ഥത്തെ ക്കുറിച്ചു അനുതപിച്ചു. അവർക്ക് നാശം വരുത്തിയില്ല. അതു കണ്ടിട്ടു യോനയ്ക്ക് കോപം വന്നു (യോന.3:10,4:1).

10. ഇനി 40 ദിവസം കഴിഞ്ഞാൽ നിനവേ ഉന്മൂലമാകും എന്നായിരുന്നു യോനയുടെ പ്രസംഗം (യോന. 3:4).

11. യോന ചെന്നു പ്രസംഗിച്ചാൽ നിനവെ മാനസന്തരപ്പെടു കയും ദൈവം നിനവെയെ രക്ഷിക്കുകയും ചെയ്യും. യെഹൂദനായ യോനയ്ക്ക് അതനിഷ്ടമായതിനാൽ അവൻ തർസീസിലേക്കു പോയി. (യോന. 4:2)

12. യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയ യുമുള്ള ദൈവമായി അനർത്ഥത്തെ കുറിച്ചു അനുത പിക്കുന്നവൻ ആകുന്നു എന്നാണ് യോന യഹോവയെക്കു റിച്ചു പറഞ്ഞത് (യോന. 4:2).

13. ഒരു ലക്ഷത്തിരുപതിനായിരത്തിൽ ചില്വാനം മനുഷ്യർ ഉണ്ടായിരുന്നു (യോന. 4:11).

14. അവന്റെ തലയ്ക്കു തണലാകുവാൻ ദൈവം ഒരു ആവ ണക്ക് ഉണ്ടാക്കി. അത് അവനു മീതെ വളർന്നു. ആവണക്ക് നിമിത്തം യോന അത്യന്തം സന്തോഷിച്ചു. (യോന. 4:6).

15. ആവണക്ക് വാടിപ്പോയപ്പോൾ അവൻ മരിച്ചാൽ കൊള്ളാം എന്നു വിചാരിച്ചു. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കു ന്നത് നല്ലത് എന്ന് യോന പറഞ്ഞു. (യോന. 4:8).

★★★

# 49

# മീഖാ

1. യഹോവയുടെ മുമ്പിൽ. തീയുടെ മുമ്പിൽ മെഴുകുപോലെയും കിഴക്കാം തൂക്കത്തിൽ ചാടുന്ന വെള്ളം പോലെയും. ഇതു സംഭവിക്കാൻ കാരണം യാക്കോബിന്റെ അതിക്രമവും യിസ്രായേൽ ഗൃഹത്തിന്റെ പാപവും ആണ് (1:4).
2. കിടക്കമേൽ വെച്ച്. പ്രാപ്തിയുള്ളതുകൊണ്ട് പുലരുമ്പോൾ അവരത് നടത്തുന്നു (2:1).
3. നന്മയെ ദ്വേഷിച്ചു തിന്മയെ ഇച്ഛിക്കുന്നു (3:2).
4. ദർശനമില്ലാത്ത രാത്രിയും ലക്ഷണം പറവാൻ കഴിയാത്ത ഇരുട്ടും ഉണ്ടാകും. സൂര്യൻ അസ്തമിക്കുകയും പകൽ ഇരുണ്ടു പോകുകയും ചെയ്യും. അപ്പോൾ ദർശകന്മാർ ലജ്ജിക്കും. ലക്ഷണം പറയുന്നവർ നാണിക്കും. ദൈവത്തിന്റെ ഉത്തരം ഇല്ലായ്കയാൽ അവർ ഒക്കെയും വായ് പൊത്തും (3:5–9).
5. അന്ത്യകാലത്ത് ജാതികൾ ഒഴുകി ചെല്ലുന്നത് യഹോവയുടെ ആലയം ഉള്ള പർവ്വതത്തിലേക്ക് (4:1).
6. പ്രതിഫലം (7:3).
7. നിന്റെ നാമത്തെ ഭയപ്പെടുന്നത് ജ്ഞാനമാകുന്നു. വടിയെയും അതിനെ നിയമിച്ചവനെയും ശ്രദ്ധിപ്പിൻ (6:9).
8. മോശയെയും അഹരോനെയും മിര്യാമിനെയും (6:4).
9. പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവും ആയിരിക്കും (4:1).
10. പഴം പറിച്ച ശേഷം എന്ന പോലെയും മുന്തിരിപ്പഴം പറിച്ച ശേഷം കാലാ പെറുക്കുന്നത് പോലെയും ഞാൻ ആയല്ലോ (7:1).
11. യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ നിന്നിൽ നിന്ന് ഉത്ഭവിക്കും (5:2).

12. ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും ദൈവത്തിന്റെ മുമ്പിൽ താഴ്മയോടെ നടപ്പാനും (6:8).
13. വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും. ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു. (7:8).
14. ലജ്ജ കൊണ്ടു മൂടും. അവളെ വീഥികളിലെ ചെളി പോലെ ചവിട്ടിക്കളയും. ഞാൻ അവന്റെ നീതി കണ്ട് സന്തോഷിക്കും. എന്റെ ശത്രു അത് കാണും (7:10).

✶✶✶

# 50

# നഹൂം, ഹബക്കൂക്ക്

1. എൽക്കോശ്യനായ നഹൂം (നഹൂം 1:1).
2. പർവ്വതത്തിൽ സുവാർത്താ ദൂതനായി സമാധാനം ഘോഷിക്കുന്നവന്റെ കാൽ (നഹൂം1:15).
3. കൂശും, മിസ്രയീമും നിനവെയുടെ ബലമായിരുന്നു. അവൾ ബദ്ധയായി പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. (നഹൂം 3:9,10).
4. യഹോവ തീക്ഷ്ണതയുള്ളവനും പ്രതികാരം ചെയ്യുന്നവനും ക്രോധപൂർണ്ണനുമാകുന്നു. യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ (നഹൂം 1:2,3).
5. പ്രഭുക്കന്മാർ വെട്ടുക്കിളികൾ പോലെയും സേനാധിപന്മാർ ശീതമുള്ള ദിവസത്തിൽ മതിലുകളിന്മേൽ പറ്റുന്ന വിട്ടിൽ കൂട്ടം പോലെയും ആകുന്നു. (നഹൂം 3:17)
6. കോട്ട കാത്തുകൊൾക, വഴി സൂക്ഷിച്ചു നോക്കുക, അരമുറുക്കുക നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്കുക (നഹൂം 2:1) .
7. കഷ്ടദിവസത്തിൽ വിശ്രമിച്ചിരിക്കേണ്ടതുകൊണ്ട് (ഹബ. 3:16).
8. ദർശനം. ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരക്കണം (ഹബ. 2:2).

9. കൽദയർ ഉഗ്രതയും വേഗതയും ഉള്ള ജാതി. അവർ ഭൂമണ്ഡലത്തിൽ നീളെ സഞ്ചരിക്കുന്നു. (1:6)
10. ദർശനം. അതു വൈകിയാലും അതിനായി കാത്തിരിക്കും. (ഹബ. 2:3).
11. അത്തിവൃക്ഷം തളിർക്കുകയില്ല, മുന്തിരിവള്ളി അനുഭവം തരുകയില്ല. ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമാകും. നിലങ്ങൾ ആഹാരം വിളയിക്കില്ല. ആട്ടിൻ കൂട്ടം തൊഴുത്തുകളിൽ നശിച്ചുപോകും. ഗോശാലകളിൽ കന്നുകാലികൾ ഉണ്ടാകുകയില്ല. എങ്കിലും ഹബക്കൂക്ക് യഹോവയിൽ ആനന്ദിക്കും. തന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (ഹബ. 3:18).
12. യഹോവയായ കർത്താവ് ഹബക്കൂക്കിന്റെ ബലം. യഹോവ അവന്റെ കാൽ പേടമാൻ കാൽ പോലെ ആക്കുന്നു. ഉന്നതികളിന്മേൽ അവനെ നടക്കുമാറാക്കുന്നു. (3:19).
13. ആണ്ടുകൾ കഴിയും മുമ്പേ യഹോവയുടെ പ്രവൃത്തികൾ ജീവിപ്പിക്കണമേ. ആണ്ടുകൾ കഴിയും മുമ്പെ അതിനെ വെളിപ്പെടുത്തണമെ. (3:2).
14. വീഞ്ഞു വിശ്വാസ പാതകനാകുന്നു. അഹമ്മതിയുള്ള പുരുഷൻ നിലനിൽക്കുകയില്ല. അവന്റെ മനസ്സ് അവനിൽ അഹങ്കരിച്ചിരിക്കുന്നു. അതു നേരുള്ളതല്ല എന്നാൽ നീതിമാൻ വിശ്വാസത്താൽ ജീവിച്ചിരിക്കും. (2:4,5).
15. ന്യായപ്രമാണം അയഞ്ഞിരിക്കുന്നു. ന്യായം ഒരു നാളും വെളിപ്പെട്ടുവരുന്നതുമില്ല (1:4).

★★★

# 51
# സെഫന്യാവ് , ഹഗ്ഗായി

## സെഫന്യാവ്

1. യഹോവ ഗുണമോ ദോഷമോ ചെയ്യുകയില്ല (1:12)
2. യോശിയാവിന്റെ കാലത്ത്, കൂശിയുടെ മകൻ (1:1)
3. യഹോവ സാക്ഷിയായി എഴുന്നേൽക്കുന്ന ദിവസം വരെ (3:8).
4. നദികളുടെ അക്കരെ, യഹോവയുടെ നമസ്ക്കാരികൾ യഹോവയ്ക്ക് വഴിപാട് കൊണ്ടുവരും (3:10)
5. യഹോവയുടെ മഹാദിവസം, ആ ദിവസം യഹോവയുടെ ക്രോധ ദിവസം. കഷ്ടവും, സങ്കടവും ഉള്ള ദിവസം. ശൂന്യതയും നാശവുമുള്ള ദിവസം. ഇരുട്ടും അന്ധകാരവുമുള്ള ദിവസം. ഉറപ്പുള്ള പട്ടണങ്ങൾക്ക് ഉയരമുള്ള കൊത്തളങ്ങൾക്ക് വിരോധമായി കാഹളനാദവും ആരവവുമുള്ള ദിവസം. (1:14–16)
6. യഹോവയുടെ ഉഗ്രകോപവും യഹോവയുടെ കോപദിവസവും നിങ്ങളുടെ മേൽ വരുന്നതിനു മുമ്പേ നിങ്ങൾ കൂടിവരുവിൻ, യഹോവയെ അന്വേഷിപ്പിൻ നീതി, സൗമ്യത ഇവ അന്വേഷിപ്പിൻ (2:1–3)
7. നിനവെയെ ശൂന്യവും, മരുഭൂമിയിലെ വരണ്ട നിലവും ആക്കും (2:13).ഞാനല്ലാതെ മറ്റാരുമില്ല എന്ന് ഹൃദയത്തിൽ പറഞ്ഞു (2:15). അതിനരികെ കൂടി പോകുന്ന ഏവരും ചൂളകുത്തി കൈ കുലുക്കും (2:15).
8. പ്രഭുക്കന്മാർ ഗർജ്ജിക്കുന്ന സിംഹങ്ങൾ, ന്യായാധിപന്മാർ വൈകുന്നേരത്തെ ചെന്നായ്ക്കൾ, അതിന്റെ പ്രവാചകന്മാർ ലഘുബുദ്ധികളും വിശ്വാസ പാതകന്മാരും ആകുന്നു(3:3,4).
9. നീതികേട് പ്രവർത്തിക്കയില്ല, ഭോഷ്ക് പറയുകയുമില്ല, ചതിവുള്ള നാവ് അവരുടെ വായിൽ ഉണ്ടാവുകയുമില്ല.

അവർ മേഞ്ഞുകിടക്കും. ആരും അവരെ ഭയപ്പെടുത്തുകയില്ല (3:13)

10. കീർത്തിയും പ്രശംസയും (3:20)

**ഹഗ്ഗായി**

11. തട്ടിട്ട വീടുകളിൽ (1:4).
12. അവർ വളരെ വിതച്ചിട്ടും അല്പമേ കൊണ്ടു വരുന്നുള്ളു. ഭക്ഷിച്ചിട്ടും പൂർത്തി വരുന്നില്ല. പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല. വസ്ത്രം ധരിച്ചിട്ടും കുളിർ മാറുന്നില്ല. കൂലിക്കാരൻ ഓട്ട സഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു. (1:6).
13. മഹാപുരോഹിതൻ (1:1, 2:4).
14. മുദ്രമോതിരം (2:23).
15. വിശുദ്ധമാകുകയില്ല. അശുദ്ധമാകും (2:12,13).

★★★

## 52

# സെഖര്യാവ്

1. എങ്കലേക്ക് തിരിവിൻ. എന്നാൽ ഞാൻ നിങ്ങളുടെ അടുക്കലേക്ക് തിരിയും. നിങ്ങളുടെ പിതാക്കന്മാരെപ്പോലെ ആകരുത്. നിങ്ങളുടെ ദുർമാർഗ്ഗങ്ങളെയും ദുഷ്പ്രവൃത്തികളെയും വിട്ടുതിരിവിൻ എന്ന് പ്രവാചകന്മാർ അവരോടു പ്രസംഗിച്ചിട്ട് അവർ കേൾക്കയോ ചെവിക്കൊള്ളുകയോ ചെയ്തിട്ടില്ല. (1:3,4).
2. യെരുശലേം. യഹോവ അവർക്കു ചുറ്റും തീ മതിലായിരിക്കും (2:4-5).
3. മഹത്വത്തിനായി. യഹോവയുടെ കണ്മണിയെ തൊടുന്നതുപോലെ (2:8).
4. മഹാപുരോഹിതനായ യോശുവയും അവന്റെ മുമ്പിൽ ഇരിക്കുന്ന കൂട്ടുകാരും (3:8). യഹോവയുടെ ദാസനായ മുള എന്നവനെ.

5. സർവ്വഭൂമിയിലും ഊടാടിചെല്ലുന്ന യഹോവയുടെ ഏഴ് കണ്ണ്, സെരുബ്ബാബേലിന്റെ കൈയ്യിലുള്ള തൂക്കുകട്ട കണ്ട് സന്തോഷിക്കുന്നു (4:10).

6. കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന അഭിഷിക്തന്മാർ (4:12–14).

7. സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ (4:6)

8. പാറിപ്പോകുന്ന ഒരു ചുരുൾ. സർവ്വദേശത്തിലേക്കും പുറപ്പെടുന്ന ശാപമാകുന്നു. (5:1–3).

9. ഒരു സ്ത്രീ ഇരിക്കുന്നത് (5:7). ഇത് ദുഷ്ടതയാകുന്നു (5:8) ഏഫായുടെ അകത്താക്കി ഈയപ്പലകകൊണ്ട് അടച്ചു(5:8).

10. അവൻ യഹോവയുടെ മന്ദിരം പണിയും. അവൻ ബഹുമാനഭൂഷണം ധരിച്ചു സിംഹാസനത്തിൽ ഇരുന്നു വാഴും. (6:12,13).

11. ഉപവസിച്ചു വിലപിക്കുകയായിരുന്നു (7:5).

12. വെള്ളിയും പൊന്നും വാങ്ങി കിരീടം ഉണ്ടാക്കി മഹാപുരോഹിതനായ യഹോസാദാക്കിന്റെ മകനായ യോശുവയുടെ തലയിൽ വെക്കുവാനാണ് പറഞ്ഞത് (6:11).

13. ദൈവം യെഹൂദന്റെ കൂടെയുണ്ടെന്നു അവർ കേട്ടിരിക്കയാൽ യഹോവയെ അന്വേഷിപ്പാനും യഹോവയെ പ്രസാദിപ്പാനും അവരോടു കൂടെ പോകേണ്ടതിനു (8:22–23).

14. 30. യഹോവയെ മതിച്ചിരിക്കുന്ന മനോഹരമായ ഒരു വില. അതു യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു (11:12–13).

15. ഒലിവ് മലയിൽ നിൽക്കും. ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവേ പിളർന്നു പോകും (14:4).

★★★

# 53
# മലാഖി

1. ചൂള പോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹ ങ്കാരികളും സകല ദുഷ്പ്രവർത്തിക്കാരും താളടിയാകും. സൈന്യങ്ങളുടെ യഹോവ അരുളിചെയ്തു. (4:1)
2. ദശാംശത്തിലും വഴിപാടിലും. അതുകൊണ്ട് ജനം ശാപഗ്ര സ്ഥരാകുന്നു. ദൈവത്തിന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്ക് കൊണ്ടു വരണം (3:8–10).
3. അവൻ ഊതിക്കഴിക്കുന്നവനെ പോലെയും, വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നു കൊണ്ട് ലേവി പുത്ര ന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളി പോലെയും നിർമ്മലീകരിക്കും. (3:3)
4. യിസ്രായേലിന്റെ വാക്കുകൾ. അവർ പറയുന്നത് യഹോ വയ്ക്കു ശുശ്രൂഷ ചെയ്യുന്നതു വ്യർത്ഥം. ഞങ്ങൾ അവന്റെ കാര്യം നോക്കുന്നതിനാലും സൈന്യങ്ങളുടെ യഹോ വയ്ക്ക് മുമ്പാകെ നടന്നതിനാലും എന്തു പ്രയോജനമുള്ളൂ. അതുകൊണ്ട് ഞങ്ങൾ അഹങ്കാരികളെ ഭാഗ്യവാന്മാർ എന്നു പറയുന്നു. ദുഷ് പ്രവർത്തിക്കാർ അഭ്യുദയം പ്രാപി ക്കുന്നു. ദൈവത്തെ പരീക്ഷിക്കുന്നവർക്കു ശിക്ഷ ഒഴിഞ്ഞു പോകുന്നു എന്നൊക്കെയാണ് അവർ പറയുന്നത് (3:13,14).
5. യഹോവയുടെ നാമത്തെ ഭയപ്പെടുന്നവർക്ക് നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടു കൂടെ ഉദിക്കും. തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാക്കളെ പ്പോലെ തുള്ളിച്ചാടും. എന്നാൽ ദുഷ്ടന്മാർ യഹോവയുടെ നാമത്തെ ഭയപ്പെടുന്നവരുടെ കാലിൻ കീഴിൽ വെണ്ണീർ ആയിരിക്കും (4:2,3)
6. യഹോവയുടെ ന്യായപ്രമാണവും ചട്ടങ്ങളും വിധികളും. യഹോവ ഹോരേബിൽ വെച്ചു എല്ലാ യിസ്രായേലിനും

വേണ്ടി യഹോവയുടെ ദാസനായ മോശയോടാണ് കൽപ്പി ച്ചത്. (4:4)

7. യഹോവയുടെ മേശ നിന്ദ്യം എന്നു പറയുന്നു. കൂടാതെ കടിച്ചു കീറിയതിനെയും മുടന്തും ദീനവുമുള്ളതിനെയും അവർ കാഴ്ച വയ്ക്കുന്നു. അവർ യഹോവയുടെ യാഗപീഠത്തിൽ മലിനഭോജനം അർപ്പിക്കുന്നു (1:7).

8. ഏലിയാ പ്രവാചകനെ അയയ്ക്കും. അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും (4:5,6).

9. യഹോവ ഉപേക്ഷണം വെറുക്കുന്നു (2:16).

10. ജനം അവരുടെ വാക്കുകളാൽ. അവർ പറയുന്നത് ദോഷം പ്രവർത്തിക്കുന്ന ഏവനും യഹോവയ്ക്ക് ഇഷ്ടമുള്ളവൻ ആകുന്നു. അങ്ങനെയുള്ളവരിൽ അവൻ പ്രസാദിക്കുന്നു. അല്ലെങ്കിൽ ന്യായവിധിയുടെ ദൈവം എവിടെ? (2:17).

11. ഏശാവിനെ ദ്വേഷിച്ചു അവന്റെ പർവ്വതങ്ങളെ ശൂന്യമാക്കി അവന്റെ അവകാശത്തെ മരുഭൂമിയിലെ കുറുനരികൾക്ക് കൊടുത്തിരിക്കുന്നു (1:3).

12. ഞാൻ അപ്പനെങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ യജമാനൻ എങ്കിൽ എന്നോടുള്ള ഭക്തി എവിടെ? (1:6).

13. പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാണ്. അവൻ പരിജ്ഞാനം സൂക്ഷിച്ചു വെയ്ക്കണം. (2:7).

14. ദശാംശം കൊണ്ടു വരണം. എന്നാൽ യഹോവ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിൽ തുറന്നു സ്ഥലം പോരാതെ വരുവോളം അവരുടെ മേൽ അനുഗ്രഹം പകരുകയില്ലയോ എന്നിങ്ങനെ ഇതിനാൽ യഹോവയെ പരീക്ഷിപ്പിൻ (3:10).

15. യഹോവഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്ന വർക്കും വേണ്ടി ഒരു സ്മരണപുസ്തകം എഴുതിവെച്ചിരി ക്കുന്നു. അവർ യഹോവ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ

അവന് ഒരു നിക്ഷേപം ആയിരിക്കും. ഒരു മനുഷ്യൻ തനിക്ക് ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതു പോലെ ദൈവം അവരെ ആദരിക്കും. (3:16-18).

***

## 54

## മത്തായി 1-14

1. മത്തായി 1:1
2. താമാർ, രഹാബ്, രൂത്ത്, ഊരിയാവിന്റെ ഭാര്യ, യേശുവിന്റെ അമ്മയായ മറിയ (1:3,5,6,16)
3. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ (2:2)
4. ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന് വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയരുത് . യേശു പറഞ്ഞു (6:3)
5. പ്രാർത്ഥിക്കുമ്പോൾ ജാതികൾ ജല്പനം ചെയ്യും. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നാണ് അവർ വിചാരിക്കുന്നത് (6:7)
6. വെള്ളത്തിന്മേൽ നടക്കുവാൻ പത്രോസ് ആഗ്രഹിക്കുന്നു. അവൻ വെള്ളത്തിന്മേൽ നടന്നു. പക്ഷെ ഇടയ്ക്ക് കാറ്റ് കണ്ട് പേടിച്ചു മുങ്ങുവാൻ തുടങ്ങി. (14:28)
7. അമ്മയുടെ ഉപദേശപ്രകാരം ഹെരോദ്യയുടെ മകൾ ഹെരോദരാജാവിനോട് യോഹന്നാൻ സ്നാപകന്റെ തല താലത്തിൽ തരേണം എന്ന് പറഞ്ഞു (14:8)
8. യാക്കോബ്, യോസെ, ശിമോൻ, യൂദ (13:55)
9. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്ക കൊണ്ട് അവന് യേശു എന്ന പേരിടണം. ഇമ്മാനുവേൽ - ദൈവം നമ്മോട് കൂടെ(1:21)
10. ഉപമകൾ, (1) വഴിയരികെ (2) പാറസ്ഥത്ത് മണ്ണില്ലാത്തിടത്ത് (3) മുള്ളിനിടയിൽ (4) നല്ല നിലത്ത് (13:3-9)
11. നമ്മുടെ വാക്കുകളാൽ. യേശു പറഞ്ഞു (12:37)
12. ശതാധിപനെക്കുറിച്ചു (8:10)

13. പത്രോസ്, അന്ത്രയോസ്; യാക്കോബ്, യോഹന്നാൻ (4:21)

14. യോഹന്നാൻ സ്നാപകൻ, സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനിലും വലിയവനാണ്. (11:11)

15. യേശു. സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ ആവശ്യങ്ങൾ അറിയുന്നു. അവൻ തരും. വിചാരപ്പെടുന്നതിനാൽ ഒരു ഗുണവും ഇല്ല. വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ ആർക്കും കഴിയുകയില്ല. നാളെയ്ക്കായി വിചാരപ്പെടരുത്. കാരണം ഇന്ന് ദൈവം നടത്തിയെങ്കിൽ നാളെയും ദൈവം നടത്തും. വിചാരപ്പെട്ട് ദോഷം ചെയ്യരുത് (6:26–34).

★★★

# 55

## മത്തായി 15–28

1. യേശുക്രിസ്തു 26:52

2. യേശുക്രിസ്തു, ഈസ്ക്കര്യോത്ത യൂദയെക്കുറിച്ചു പറഞ്ഞതാണ് (26:24,25)

3. പരീശന്മാരെ (15:12,14)

4. കപടഭക്തിക്കാരായ പരീശന്മാരും ശാസ്ത്രിമാരും ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റിനടക്കുന്നു. (23:14).

5. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴപ്പിക്കുക.കർത്താവ് കല്പിച്ചതൊക്കെയും പ്രമാണിക്കാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കുക (28:19,20).

6. മഗ്ദലകാരത്തി മറിയയും മറ്റെ മറിയയും.

നിങ്ങൾക്കു വന്ദനം, നിങ്ങൾ ഭയപ്പടേണ്ട. നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലയിലേക്ക് പോകുവാൻ പറയണം. അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു (28:9,10).

7. പീലാത്തോസിന്റെ ഭാര്യ (27:19).

8. മന്ദിരം പൊളിച്ചു മൂന്നുനാൾ കൊണ്ട് പണിയുന്നവനേ; നിന്നെത്തന്നെ രക്ഷിക്ക, ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങിവാ (27:39,40)

അവനെ നിന്ദിച്ചത് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും.

9. ഞാൻ ആകുന്നു. ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്ന് പറഞ്ഞപ്പോൾ മഹാപുരോഹിതൻ വസ്ത്രം കീറി (26:64,65).

10. 3 മണിക്കൂർ (27:45).

ഏലി ഏലീ ലമ്മാ ശബക്താനി (27:46).

അതിന്റെ അർത്ഥം എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്? (27:46).

11. യേശുക്രിസ്തു കനാന്യ സ്ത്രീയോട് (15:26).

സ്ത്രീയുടെ മറുപടി - അതേ കർത്താവേ നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്ന് പറഞ്ഞു (15:27).

12 പരീശന്മാരുടെയും സദുക്യരുടെയും പുളിച്ച മാവ് (16:6)

13. പത്രോസിനെയും, യാക്കോബിനെയും യോഹന്നാനെയും. കർത്താവ് അവരുടെ മുൻപാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. മോശെയും ഏലിയാവും അവനോട് സംഭാഷിച്ചു (17:1–3).

14. യേശു കർത്താവ് പരീശന്മാരോടും ശാസ്ത്രിമാരോടും പറഞ്ഞത് (15:1–3).

15. കർത്താവ് പത്രോസിനോട് പറഞ്ഞത് (14:29,31).

★★★

# 56
# മർക്കോസ് 1–16

1. പുറത്തു നിന്ന് മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴിയുകയില്ല. അവനെ അശുദ്ധമാക്കുന്നത് അവനിൽ നിന്ന് പുറപ്പെടുന്നവയാണ്. ദുഷ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കാമം, വിടക്ക് കണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ മനുഷ്യന്റെ അകത്തുനിന്ന് പുറപ്പെട്ടു അവനെ അശുദ്ധമാക്കുന്നു (7:15,22).
2. പള്ളിപ്രമാണിയായ യായിറോസിന്റെ മകളെ. തലിഥാകുമി (ബാലേ എഴുന്നേൽക്ക) (5:41).
3. സാത്താനെ എന്നെ വിട്ട് പോ, നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രെ കരുതുന്നത് (8:33).
4. എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. അവർ വല വിട്ടു അവനെ അനുഗമിച്ചു (1:16).
5. ഒരു കുഷ്ഠരോഗി. അവൻ യേശുവിനോട് പറഞ്ഞത് നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും. യേശു മനസ്സലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു. മനസ്സുണ്ട് ശുദ്ധമാക. ഉടനെ കുഷ്ഠം മാറി അവന് ശുദ്ധി വന്നു (1:40–43).
6. മഗ്ദലക്കാരത്തി മറിയ, യാക്കോബിന്റെ അമ്മ മറിയ, ശലോമ (16:1).

   ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്തു സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറയ്ക്കൽ എത്തി. (16:1,2) അവൻ ആദ്യം പ്രത്യക്ഷനായത് മഗ്ദലക്കാരത്തി മറിയയ്ക്ക് (16:9).
7. ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പ്, അരയിൽ തോൽ വാറു ധരിച്ചു. ഭക്ഷണം - വെട്ടുകിളിയും കാട്ടു തേനും. പാർപ്പിടം - മരുഭൂമിയിൽ. അവൻ പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചു കൊണ്ടിരുന്നു (1:6,4).

8. അശുദ്ധാത്മാവുള്ള മനുഷ്യൻ കല്ലറയിൽ നിന്ന് വന്നു. യേശുവിനെ എതിരേറ്റു അവനെ നമസ്ക്കരിച്ചു. അവൻ പറഞ്ഞത് യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്ത്? ദൈവത്താണേ എന്നെ ദണ്ഡിപ്പിക്കരുതേ (5:7).

യേശു അവനോട് അശുദ്ധാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടു പോകുക എന്ന് കല്പിക്കുന്നു. അവന്റെ പേര് ലെഗ്യോൻ. യേശു കൂടെ പോരുവാൻ അനുവദിക്കാതെ അവനോട് നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന് കർത്താവ് നിനക്ക് ചെയ്തത് ഒക്കെയും നിന്നോട് കരുണ കാണിച്ചതും പ്രസ്താവിക്ക (5:19) എന്നു പറഞ്ഞു.

9. ദൈവരാജ്യത്തിൽ കടക്കുന്നത് പ്രയാസമാണ്. ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എളുപ്പം (10:23,24,25).

10. കുറേനക്കാരനായ ശീമോനെ (15:2)

ശീമോന്റെ മക്കൾ അലക്സന്തർ, രൂഫൊസ് (15:21)

തലയോടിടം എന്നർത്ഥമുള്ള ഗോല്ഗോദ എന്ന സ്ഥലത്തേയ്ക്ക്.

11. കഴുതകുട്ടിയുടെ. ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, വരുന്നതായ രാജ്യം. നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെടുമാറാകട്ടെ. അത്യുന്നതങ്ങളിൽ ഹോശന്നാ. (11:9,10).

12. കർത്താവ് ഏകൻ – നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം (12: 28–31).

13. അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശു എടുത്തുകൊണ്ട് കർത്താവിനെ അനുഗമിക്കേണം.(8:34)

14. കഴിയുമെങ്കിൽ ആ നാഴിക നീങ്ങിപ്പോകണം . അബ്ബാ പിതാവേ, നിനക്ക് എല്ലാം കഴിയും. ഈ പാനപാത്രം എങ്കൽ

നിന്ന് നീക്കേണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്ന് പറഞ്ഞു (14:35,36). ശീമോൻ ഉറങ്ങുകയായിരുന്നു (14:37). യേശു അവനോട് - 'ശീമോനേ നീ ഉറങ്ങുന്നുവോ, ഒരു നാഴിക ഉണർന്നിരിപ്പാൻ നിനക്ക് കഴിഞ്ഞില്ലയോ, പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ, (14:37,38). ആത്മാവ് ഒരുക്കമുള്ളത്, ജഡമോ, ബലഹീനമത്രേ (14:37,38).

15. ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കേണം (16:15)

* * *

## 57

## ലൂക്കോസ് 1-12

1. ദൈവസന്നിധിയിൽ നീതിയുള്ളവൻ, കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവനായി നടക്കുന്നവനും ആയിരുന്നു. (1:5,6).

2. ധൂപപീഠത്തിന്റെ വലത്തു ഭാഗത്ത് നിൽക്കുന്നവനായിട്ടു സെഖര്യാവിനു ദൂതൻ പ്രത്യക്ഷനായി (1:11).

   ദൂതൻ സെഖര്യാവിനോട് പറഞ്ഞതു: സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്കു ഉത്തരം ആയി: നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവനു യോഹന്നാൻ എന്നു പേര് ഇടേണം. നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും. അവൻ കർത്തവിന്റെ സന്നിധിയിൽ വലിയവൻ ആകും. വീഞ്ഞും മദ്യവും കുടിക്കയില്ല; അമ്മയുടെ ഗർഭത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മാവു കൊണ്ടു നിറയും. അവൻ യിസ്രായേൽ മക്കളിൽ പലരേയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും

തിരിച്ചു കൊണ്ട് ഒരുക്കമുള്ളതായ ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും (1:12-17). കൂടാതെ സെഖര്യാവിന്റെ ചോദ്യത്തിനു മറുപടിയായി വീണ്ടും പറഞ്ഞത്. ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു. നിന്നോട് സംസാരിപ്പാനും, ഈ സദ് വർത്തമാനം നിന്നോട് അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്ക സമയത്തു നിവൃത്തി വരുവാനുള്ള എന്റെ ഈ വാക്ക് വിശ്വസിക്കായ്ക കൊണ്ട്  അതു സംഭവിക്കും വരെ നീ സംസാരിപ്പാൻ കഴിയാതെ മൗനമായിരിക്കും എന്നും പറഞ്ഞു. (വാ. 1:10,20).

3. ഗബ്രിയേൽ ദൂതൻ അവളോട് പറഞ്ഞു. "കൃപ ലഭിച്ചവളേ, നിനക്കു വന്ദനം, കർത്താവ് നിന്നോടു കൂടെ ഉണ്ട്. മറിയയേ ഭയപ്പെടേണ്ട, നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും. അവനു യേശു എന്നു പേർ വിളിക്കണം. അവൻ വലിയവൻ ആകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു എന്നെന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല. പരിശുദ്ധാത്മാവു നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. നിന്റെ ചാർച്ചക്കാരത്തി എലീശബത്തും വാർദ്ധകൃത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു. മച്ചി എന്നു പറഞ്ഞു വന്നവൾക്കു ഇതു ആറാം മാസം. ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ" (1:26-37)

4. ഒരു ഇണ കുറുപ്രാവിനെയോ രണ്ടു പ്രാക്കുഞ്ഞിനെയോ ന്യായപ്രമാണ പ്രകാരം യേശുവിനു വേണ്ടി യാഗം കഴിപ്പാൻ പോയി (2:23,24).

5. 1. ശിമയോൻ എന്നു പേരുള്ളൊരു മനുഷ്യൻ. അവൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പെ മരണം കാണുകയില്ല എന്നു പരിശുദ്ധാത്മാവിനാൽ അവനു അരുളപ്പാടും ഉണ്ടായിരുന്നു; ആത്മ നിയോഗം ലഭിച്ചവൻ.

2. ആശേർ ഗോത്രത്തിലെ ഹനുവേലിന്റെ മകളായ ഹന്ന എന്ന ഒരു പ്രവാചകി. അവൾ ഭർത്താവിനോട് കൂടെ ഏഴു സംവത്സരം കഴിച്ചു; 84 സംവത്സരം വിധവ; വളരെ വയസു ചെന്നവൾ;

ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തു പോന്നവളും ആയിരുന്നു. (2:25,27,36,37).

6. യേശുവിനെ സ്നാനപ്പെടുത്തിയതു സ്നാപക യോഹന്നാൻ. ആ സമയത്തു സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവു ദേഹരൂപത്തിൽ പ്രാവ് എന്ന പോലെ അവന്റെ മേൽ ഇറങ്ങി വന്നു. “നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (3:21,22).

7. മഹാ ക്ഷാമം ഉണ്ടായപ്പോൾ ഏലിയാ പ്രവാചകനെ സീദോനിലെ സരെപ്തയിലുള്ള ഒരു വിധവയുടെ അടുക്കലേക്ക് അയച്ചു. (4:25,26). സുറിയക്കാരനായ നയമാൻ എന്ന കുഷ്ഠ രോഗിയാണു സൗഖ്യമായത്. ഏലീശ പ്രവാചകൻ മുഖാന്തരമാണ് സൗഖ്യമായത് എന്നാണു കർത്താവ് പറഞ്ഞത് (4:27).

8. വിജനപ്രദേശത്തു പോയി യേശു കർത്താവു പ്രാർത്ഥിച്ചു കൊണ്ടിരുന്നു (5:16).

9. ശത്രുക്കളെ ആണ് സ്നേഹിക്കാൻ പറഞ്ഞത് (6:27,35). ശത്രുക്കൾക്ക് കടം കൊടുക്കണം (6:35) അങ്ങനെ ചെയ്താൽ നമ്മുടെ പ്രതിഫലം വളരെയാകും. നാം അത്യു

ന്നതന്റെ മക്കൾ ആകും. ഇതാണ് നമുക്ക് ലഭിക്കുന്ന അനുഗ്രഹം (6:36).

10. മറ്റുള്ളവരുടെ കണ്ണിലെ കരട് നീക്കാൻ ശ്രമിക്കുന്നത് കപട ഭക്തിക്കാർ. ഈ കപടഭക്തിക്കാരുടെ സ്വന്ത കണ്ണിൽ ഉള്ളതു കോൽ, അവർ ചെയ്യേണ്ടതു ആദ്യം സ്വന്ത കണ്ണിലെ കോൽ എടുത്തു കളഞ്ഞതിനു ശേഷം സഹോദരന്റെ കണ്ണിലെ കരട് എടുത്തു കളയുക (6:41,42,43).

11. മണലിന്മേൽ പണിത മനുഷ്യന്റെ വീട്, വെള്ളപ്പൊക്കം ഉണ്ടായി ഒഴുക്കു അടിച്ചപ്പോൾ അതു വീണു. അതിന്റെ വീഴ്ച വലുതും ആയിരുന്നു. കർത്താവിന്റെ അടുക്കൽ വന്നു അവന്റെ വചനം കേട്ട് ചെയ്യാത്തവന്റെ അവസ്ഥയെ ഇതു കാണിക്കുന്നു. എന്നാൽ പാറമേൽ പണിത വീടു വെള്ളപൊക്കം ഉണ്ടായി. ഒഴുക്ക് അടിച്ചു അതു ഇളകി പോയില്ല. കർത്താവിന്റെ വചനം കേട്ട് ചെയ്യുന്നവന്റെ അവസ്ഥ ഇതു കാണിക്കുന്നു. ക്രിസ്തു ആകുന്ന ഉറച്ച പാറമേൽ ആയിരിക്കണം നമ്മുടെ അടിസ്ഥാനവും വിശ്വാസവും. പ്രതികൂലങ്ങളും കാറ്റും ഓളങ്ങളും അടിച്ചാലും നമുക്ക് ഒന്നും സംഭവിക്കുകയില്ല (6:48-49).

12. അധികം ഇളച്ചു കിട്ടിയവൻ അധികം സ്നേഹിക്കുന്നു (7:42,43).

13. ഗെരസേന്യ ദേശത്തിലെ ജനങ്ങളാണ് യേശുവിനോട് അവരെ വിട്ടുപോകുവാൻ ആവശ്യപ്പെട്ടത്. ഭൂതങ്ങൾ മനുഷ്യനെ വിട്ട് അവരുടെ പന്നികളിൽ കടന്നു അവയെല്ലാം കടുന്തൂക്കത്തോടെ തടാകത്തിലേക്കു പാഞ്ഞു വീർപ്പു മുട്ടി ചത്തു പോയി. അവർക്ക് വലിയ നഷ്ടം സംഭവിച്ചു. ഭൂതങ്ങൾ വിട്ടു പോയ മനുഷ്യൻ വസ്ത്രം ധരിച്ചും സുബോധം പൂണ്ടും യേശുവിന്റെ കാല്ക്കൽ ഇരിക്കുന്നതും കണ്ടു ഭയപരവശരായി തീർന്നു. അതുകൊണ്ടാണ് യേശുവിനോടു അവരെ വിട്ടു പോകണമെന്നു അപേക്ഷിച്ചത് (8:26-39).

14. ശരീരത്തിന്റെ വിളക്ക് കണ്ണ്, കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. ചൊവ്വുള്ളതല്ലെങ്കിൽ ശരീരവും ഇരുട്ടുള്ളതായിരിക്കും. (11:34).

15. ദൈവ വിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവനെക്കുറിച്ചാണു യേശു മൂഢൻ എന്നു പറഞ്ഞത്. രാത്രിയിൽ അവന്റെ പ്രാണനെ അവനോട് ചോദിച്ചാൽ എന്നു വെച്ചാൽ അവനു മരണം സംഭവിച്ചാൽ, അവൻ ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തു വകകൾ സ്വരൂപിച്ചു വെച്ചതു കൊണ്ടു അവനു ഒരു പ്രയോജനവും ഉണ്ടാകയില്ല. അതു മറ്റുള്ളവർക്ക് ആകും (12:19–21).

★★★

## 58

## ലൂക്കോസ് 13–24

1. 10, യേശു, നായകാ ഞങ്ങളോട് കരുണയുണ്ടാകണമേ. പോകയിൽ തന്നെ അവർ ശുദ്ധരായിത്തീർന്നു (17:12–14)

2. മൂന്നാമത്തവൻ, റാത്തൽ ഒരു ഉറുമാലിൽ കെട്ടിവച്ചു. റാത്തൽ അവന്റെ പക്കൽ നിന്നു എടുത്തു 10 റാത്തലുള്ളവനു കൊടുത്തു. ഉള്ളവന് കൊടുക്കും. ഇല്ലാത്തവനോട് ഉള്ളതും കൂടെ എടുത്തുകളയും(19:20–26).

3. 18 പേർ (13:4).

4. അരിമഥ്യയിലെ യോസേഫ് എന്ന മന്ത്രി. യോസേഫ് നല്ലവനും, നീതിമാനും ദൈവരാജ്യത്തെ കാത്തിരുന്നവനും ആയിരുന്നു(23:50,51).

5. ഹെരോദാവ്, അവൻ യേശുവിനെ പരിഹസിച്ചു നിസ്സാരനാക്കി, യേശുവിനെ ശുഭ്രവസ്ത്രം ധരിപ്പിച്ചു പീലാത്തോസിന്റെ അടുക്കൽ മടക്കി അയച്ചു (23:8,11).

6. കൂനിയായ ഒരു സ്ത്രീ. യേശു അവളെ അടുത്ത് വിളിച്ചു. അവളുടെ മേൽ കൈവച്ചു. അവളെ സൗഖ്യമാക്കി (13:10–16).

7. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. ഇത് പറഞ്ഞത് കർത്താവ് (14:11).
8. കർത്താവ് പാപികളെ കൈക്കൊണ്ട് അവരോട് കൂടി ഭക്ഷിക്കുന്നു എന്ന് പറഞ്ഞാണ് അവർ പിറുപിറുത്തത് (15:2).
9. ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ. നാം ഭാഗ്യവാന്മാരാകും. അവർക്ക് പ്രത്യുപകാരം ചെയ്യുവാൻ വകയില്ലാത്തതു കൊണ്ട് നീതിമ്മാരുടെ പുനരുത്ഥാനത്തിൽ കർത്താവ് ഇങ്ങനെയുള്ളവർക്ക് പ്രത്യുപകാരം ചെയ്യും. (14:13–14).
10. ചുങ്കക്കാരൻ (18:11–14).
11. സദുക്യർ - പുനരുത്ഥാനം ഇല്ല എന്നു പറയുന്നവർ (20:27).
12. നിലയങ്കികളോട് കൂടി നടപ്പാൻ ഇച്ഛിക്കുന്നവർ, അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും, അത്താഴത്തിൽ പ്രധാന സ്ഥലവും പ്രിയപ്പെടുന്നവർ (20:46).
13. യേശു ദൈവത്തിനും സകലജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകൻ ആയിരുന്നു. യെരുശലേമിൽ നിന്നു എമ്മാവൂസ് ഗ്രാമത്തിലേക്കു പോയ 2 പേർ കർത്താവിനോട് പറഞ്ഞതാണ് (24:13–18).
14. യേശു പ്രാണവേദനയിലായപ്പോൾ അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. (22:44).
15. എപ്പോഴും പ്രാർത്ഥിക്കേണം (18:1).

★★★

# 59

# യോഹന്നാൻ 1–11

1. യെരുശലേമിൽ ആട്ടു വാതില്ക്കൽ. ബേഥെസ്താ കുളം. ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കുമ്പോൾ ആദ്യം ഇറങ്ങുന്ന വ്യക്തി ഏത് വ്യാധി പിടിച്ചവൻ ആയിരുന്നാലും അവന് സൗഖ്യം വരും (5:2–4).
2. യേശുകർത്താവ് (5:34).
3. ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (1:29).
4. ലോകത്തിന്റെ വെളിച്ചം. അവനെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും (8:12).
5. നിക്കോദേമോസ്. വീണ്ടും ജനിക്കേണം – പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല എന്നാണ് യേശു അവനോട് പറഞ്ഞത് (3:1,2,3).
6. യേശുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തു (1:12).
7. ശമര്യ സ്ത്രീ (4:7,39,41).

   അവർ അവളോട് പറഞ്ഞത് ഇനി നിന്റെ വാക്ക് കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്. ഞങ്ങൾ തന്നെ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറികയും ചെയ്തിരിക്കുന്നു (4:42).
8. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും (3:16,36).
9. ആത്മാവിലും സത്യത്തിലും. 2 കാരണം കർത്താവ് ആത്മാവ് ആകുന്നു (4:23,24).
10. ഇവർക്കു തിന്നുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും. അവന്റെ മറുപടി: ഓരോരുത്തർക്കും അല്പാല്പമായി ലഭിക്കേണ്ടതിനു 200 പണത്തിനു അപ്പം മതിയാകുകയില്ല. (6:7).

അന്ത്രെയോസ് പറഞ്ഞു: ഇവിടെ ഒരു ബാലകൻ ഉണ്ട്. അവന്റെ കൈയ്യിൽ 5 അപ്പവും 2 മീനും ഉണ്ട്. (6:9) എങ്കിലും ഇത്ര പേർക്ക് അത് എന്തുള്ളു.

11. യേശു ശബ്ബത്തിനെ ലംഘിച്ചു. (2) ദൈവം സ്വന്ത പിതാവ് എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോട് സമനാക്കിയത് കൊണ്ട് (5:18).

12. കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കി.

    (1) യേശു തന്റെ മഹത്വം വെളിപ്പെടുത്തി.

    (2) അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു(2:11).

13. യേശു നിലത്ത് തുപ്പി, തുപ്പൽ കൊണ്ട് ചേറുണ്ടാക്കി, ചേറു അവന്റെ കണ്ണിൽ പൂശി, അവനോട് ശീലോഹാം കുളത്തിൽ കഴുകുക എന്നു പറഞ്ഞു. അവൻ പോയി കഴുകി. കാഴ്ചയുള്ളവനായി മടങ്ങി വന്നു (9:6,7).

14. ലാസറിനെകുറിച്ചാണ് (യോഹ. 11:11).

    ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്, ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ (11:4).

    അവന്റെ ശിഷ്യന്മാർ വിശ്വസിപ്പാൻ ഇടയാകുന്നതിനും (11: 15).

***

## 60

## യോഹന്നാൻ 12–21

1. "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും." അപ്പോൾ അരികെ നിൽക്കുന്നവരും മറ്റുള്ളവരും പറഞ്ഞതു; ഇടി ഉണ്ടായി എന്നും മറ്റു ചിലർ ഒരു ദൈവദൂതൻ അവനോട് സംസാരിച്ചു എന്നും പറഞ്ഞു. (12:28,29).

2. യേശുവിന്റെ മാർവിൽ ചാരിയിരുന്നതു "യേശു സ്നേഹിച്ച ഒരു ശിഷ്യൻ (യോഹന്നാൻ). അവനോട് ആംഗ്യം കാട്ടിയതു; ശീമോൻ പത്രോസ്. അവൻ പറഞ്ഞതു

ആരെക്കൊണ്ടു എന്നു ചോദിപ്പാൻ പറഞ്ഞു. അതിനു യേശു പറഞ്ഞ ഉത്തരം "ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ" എന്നു (13:23-26).

3. ലാസറിന്റെ സഹോദരി മറിയ. അതിനെക്കുറിച്ചു യൂദാ പറഞ്ഞു: "ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രന്മാർക്ക് കൊടുക്കാഞ്ഞതു എന്ത്. "യേശു പറഞ്ഞു; അവളെ വിടുക; എന്റെ ശവസംസ്ക്കാര ദിവസത്തിനായി അവൾ ഇതു സൂക്ഷിച്ചു എന്നിരിക്കട്ടെ. ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലോ; ഞാൻ എല്ലായ്പ്പോഴും അടുക്കെ ഇല്ല താനും (12:3-8).
4. തനിക്കും തന്റെ ശിഷ്യന്മാർക്കും. വരുവാനിരിക്കുന്ന കാര്യങ്ങൾ വിചാരിച്ചു യേശുവിന്റെ ഉള്ളം കലങ്ങി. (12:27, 13:21).
5. യേശു തന്നെ വഴിയും സത്യവും ജീവനും ആകുന്നു. പിതാവിങ്കലേക്കുള്ള വഴി യേശുവാണ്. അതു കൊണ്ടാണ് ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നു യേശു പറഞ്ഞത് (14:6)
6. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുള്ള പുതിയ കൽപ്പനയാണു കർത്താവ് കൊടുത്തത് (13:34, 15:12).
7. കർത്താവു ജീവിക്കുന്നതു കൊണ്ട് നാമും ജീവിക്കും (14:19).
8. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ (14:26)
9. യേശുവിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്ന കൊമ്പു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു (15:2). ഫലം കായ്ക്കണമെങ്കിൽ ഒരുത്തൻ എന്നിലും (കർത്താവിൽ) കർത്താവു അവനിലും വസിക്കണം (15:5).
10. കെദ്രോൻ തോട്ടിനു അക്കരെയുള്ള ഒരു തോട്ടത്തിൽ വെച്ചു (18:1) (ഗത്ത്ശമേന)

11. ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ആദ്യം ചോദിച്ചു. പത്രോസിന്റെ മറുപടി "ഉവ്വു, കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ". "എന്റെ കുഞ്ഞാടുകളെ മേയ്ക്ക" എന്നു അവനോടു  കർത്താവ് പറഞ്ഞു. രണ്ടാമതും കർത്താവു പത്രോസിനോട് "യോഹന്നാന്റെ മകനായ ശിമോനെ, നീ എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോദിച്ചു. അതിനു പത്രോസിന്റെ മറുപടി; "ഉവ്വു കർത്താവെ, എനിക്കു നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ" എന്നു പറഞ്ഞു. മൂന്നാമതും, കർത്താവു; "യോഹന്നാന്റെ മകനായ ശിമോനെ, നിനക്കു എന്നോട് പ്രിയമുണ്ടോ" എന്നു ചോദിച്ചു. പത്രൊസിന്റെ മറുപടി; "കർത്താവെ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ട് എന്നും നീ അറിയുന്നു" ഇങ്ങനെ മൂന്ന് പ്രാവശ്യം കർത്താവു പത്രോസിനോട് ചോദിച്ചു (21:15-17).

12. യേശു ക്രൂശും ചുമന്നു കൊണ്ട് ഗൊൽഗോഥാ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്ക് പോയി (19:17)

13. മഗ്ദലക്കാരത്തി മറിയയ്ക്ക് (20:1,11,14,18)

14. പടയാളികൾ യേശുവിനോട് ചെയ്തത്;

    1. മുള്ളു കൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു ധൂമ്രവസ്ത്രം ധരിപ്പിച്ചു (19:2).
    2. യെഹൂദന്മാരുടെ രാജാവേ, ജയ, ജയ എന്നു പറഞ്ഞു അവനെ കരണത്തടിച്ചു (19:3).
    3. അവർ യേശുവിനെ ക്രൂശിച്ച ശേഷം, അവന്റെ വസ്ത്രം എടുത്തു ഓരോ പടയാളിക്ക് ഓരോ പങ്കായിട്ടു 4 പങ്കാക്കി.
    4. അങ്കിയും എടുത്തു.... അങ്കിക്കായി അവർ ചീട്ടിട്ടു (19:23,24).
    5. പടയാളികളിൽ ഒരാൾ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി (19:34).

15. യേശുവിന്റെ പ്രാർത്ഥന 17-ാം അദ്ധ്യായത്തിൽ. നമുക്ക് വേണ്ടി പ്രാർത്ഥിച്ച 3 കാര്യങ്ങൾ

1. അവർ നമ്മെപ്പോലെ (കർത്താവും പിതാവും) ഒന്നാകേണ്ടതിനു നീ എനിക്ക് തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ. (17:11)
2. അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല; ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തു കൊള്ളേണം (17:15).
3. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. (17:17)

✶✶✶

## 61
## അപ്പോസ്തോല പ്രവർത്തികൾ 1-9

1. പൗലോസ് സ്നാനപ്പെട്ടതിനു ശേഷം പാർത്തതു ദമസ്ക്കൊസിലുള്ള ശിഷ്യന്മാരോടു കൂടെ (9:19). യേശു തന്നെ ദൈവപുത്രൻ എന്നു പള്ളികളിൽ പ്രസംഗിച്ചു. (9:20); യേശു തന്നെ ക്രിസ്തു എന്നു തെളിയിച്ചു; ദമസ്ക്കൊസിൽ പാർക്കുന്ന യെഹുദന്മാരെ മിണ്ടാതാക്കി (9:22)
2. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു" എന്നു പറഞ്ഞു (7:56). അവർ ഉറക്കെ വിളിച്ചു, ചെവി പൊത്തിക്കൊണ്ട് ഒന്നിച്ചു അവന്റെ നേരെ പാഞ്ഞു ചെന്നു, അവനെ നഗരത്തിൽ നിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു (7:57).
3. ദിനമ്പ്രതി സഭയോട് ചേർത്ത് കൊണ്ടിരുന്നു (2:47).
4. പത്രൊസും യോഹന്നാനും. സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ (3:1-9).
5. സർവ്വ സഭയ്ക്കും ഇതു കേട്ടവർക്കും എല്ലാവർക്കും മഹാഭയം ഉണ്ടായി (5:11).

6. യെരുശലേമിൽ പൗലോസ് വന്നപ്പോൾ ബർന്നബാസ് അവനെ കൂട്ടിക്കൊണ്ട് അപ്പോസ്തോലന്മാരുടെ അടുക്കൽ കൊണ്ടുവന്നു. അതിനുള്ള കാരണം, പൗലോസ് ശിഷ്യന്മാരോട് ചേരുവാൻ ശ്രമിച്ചെങ്കിലും, അവൻ ഒരു ശിഷ്യൻ എന്നു വിശ്വസിക്കാതെ എല്ലാവരും അവനെ പേടിച്ചു. (9:26).

7. പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കുക എന്നുള്ളതാണു പന്തിരുവരുടെ ശുശ്രൂഷ (വാ. 6:4). മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിനു 7 പുരുഷന്മാരെ തിരഞ്ഞെടുത്തു (6:3). അവർ ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ളവരായിരുന്നു (6:3).

8. വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളതു ഒന്നും സ്വന്തം എന്നു ആരും പറഞ്ഞില്ല. സകലവും അവർക്ക് പൊതുവായിരുന്നു (4:32).

9. പത്രൊസിനെയും യോഹന്നാനെയും കാരാഗൃഹത്തിൽ നിന്നു കൊണ്ടു വന്നതിനു ശേഷം മഹാപുരോഹിതൻ അവരോട് നിങ്ങൾ യേശുവിന്റെ നാമത്തിൽ ഉപദേശിക്കരുത് എന്നു നിങ്ങളോട് അമർച്ചയായി കൽപ്പിച്ചുവല്ലോ; നിങ്ങളോ യെരുശലേമിനെ നിങ്ങളുടെ ഉപദേശം കൊണ്ട് നിറച്ചിരിക്കുന്നു; ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അതിനു പത്രൊസും ശേഷം അപ്പൊസ്തലന്മാരും പറഞ്ഞതു; മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (5:27–29).

10. സ്തെഫാനൊസ്, ഫിലിപ്പൊസ്, പ്രൊഖൊരൊസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, നിക്കൊലാവൊസ് തുടങ്ങി 7 പേർ (6:5).

11. “ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്ത ഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ?

പർത്ഥരും മേദ്യരും ഏലാമ്യരും മെസപ്പൊത്താമ്യയിലും യെഹൂദ്യയിലും കപ്പദോക്യയിലും പൊന്തൊസിലും ആസ്യ യിലും പ്രുഗ്യയിലും പംഫുല്യയിലും മിസ്രയീമിലും കുറേ നെക്കു ചേർന്ന ലിബ്യാപ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽ നിന്നു വന്നു പാർക്കുന്നവരും യെഹൂദന്മാരും യെഹൂദ മതാനുസാരികളും ക്രേത്യരും അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു. (2:7–11).

12. പരിശുദ്ധാത്മാവു വരുമ്പോൾ അവർക്ക് (ശിഷ്യന്മാർക്ക്) ശക്തി ലഭിക്കും. അവർ യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും കർത്താവിന്റെ സാക്ഷികൾ ആകും എന്നാണു കർത്താവു പറഞ്ഞത് (1:8).

13. "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതു എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോ ഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകു ന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു. (1:11).

14. 40 നാളോളം ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. യെരുശലേമി ൽ കാത്തിരിക്കേണം. കർത്താവിനോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം (1:2,4).

15. ഇനി ശിഷ്യന്മാർക്ക് ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാ ത്മാവു കൊണ്ട് സ്നാനം ലഭിക്കും. (1:5).

✶✶✶

# 62

## അപ്പോസ്തോല പ്രവർത്തികൾ 10–19

1. അരയോപഗസ്ഥാനീയായ ദിയൊനുസ്യോസ്, ദമരീസ് എന്നു പേരുള്ള സ്ത്രീയും (17:22, 34).
2. ലൂദിയയുടെ ഭവനത്തിലേക്ക് (16:40).
3. ബെരോവെയിലുള്ളവർ. അവരുടെ പ്രത്യേകത; അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നിരുന്നു. (17:11).
4. പത്രോസിനു, അപ്പോൾ അവൻ വെണ്മാടത്തിൽ പ്രാർത്ഥിക്കയായിരുന്നു. സമയം അപ്പോൾ ആറാം മണി നേരമായിരുന്നു. കയറിയതു വെണ്മാടത്തിൽ (10:9,10).
5. തിമൊഥെയോസ് ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു. അവന്റെ അപ്പൻ ഒരു യവനൻ ആയിരുന്നു (16:1,2).
6. കൊർന്നേല്യോസ് കൈസര്യയിലെ ഇത്താലിക എന്ന പട്ടാളത്തിൽ ഒരു ശതാധിപൻ ആയിരുന്നു. (10:1). അവൻ ഭക്തൻ, തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുന്നവനും ആയിരുന്നു (10:2). അവനോട് ദൈവദൂതൻ പറഞ്ഞതു:"കൊർന്നല്യോസേ, നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു. ഇപ്പോൾ യോപ്പയിലേക്ക് ആളയച്ചു, പത്രൊസ് എന്നു പേരുള്ള ശിമോനെ വരുത്തുക. അവൻ തോൽക്കൊല്ലനായ ശിമോൻ എന്നൊരുവനോട് കൂടെ പാർക്കുന്നു. അവന്റെ വീട് കടൽപ്പുറത്തു ആകുന്നു എന്നു പറഞ്ഞു. (10:3–6). ദൈവദൂതൻ പറഞ്ഞതു പോലെ കൊർന്നല്യോസ് ചെയ്തു (10:7,8). അവർ വചനം കേട്ടു. അവനും അവന്റെ കുടുംബവും രക്ഷിക്കപ്പെട്ടു. അവർ എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷകളിൽ സംസാരിച്ചു,

ദൈവത്തെ മഹത്വീകരിച്ചു. പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചു (10:24, 44-48, 11:14).

7. ജാതികളിൽ നിന്നു ദൈവത്തിങ്കലേക്ക് തിരിയുന്നവർ വർജ്ജിക്കേണ്ടതു- വിഗ്രഹ മാലിന്യങ്ങൾ, പരസംഗം, ശ്വാസം മുട്ടിച്ചത്തതു, രക്തം എന്നിവയാണ് (15:19).
8. അപ്പൊല്ലോസ് (18:24,26). അവനെ ചേർത്തു കൊണ്ട് ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവനു തെളിയിച്ചു കൊടുത്തതു അകിലാസും, പ്രിസ്കില്ലയും (18:26).
9. "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" അവരുടെ മറുപടി " പരിശുദ്ധാത്മാവുണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല" (19:1,2). എന്നാൽ വീണ്ടും പൗലോസ് അവരോട് ചോദിച്ചതു; "എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം" അതിനുള്ള അവരുടെ മറുപടി: യോഹന്നാന്റെ സ്നാനം എന്നായിരുന്നു. വീണ്ടും പൗലോസ് "യോഹന്നാൻ മാനസാന്തര സ്നാനമത്രേ കഴിപ്പിച്ചതു, തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു പറഞ്ഞു (19:3,4). പൗലോസ് അവരുടെ മേൽ കൈ വച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു (19:6).
10. കൊർന്നേല്യോസ് പത്രൊസിനോട് (10:33).
11. കർത്താവിന്റെ ദൂതൻ പത്രൊസിനോട് (12:7,8).
12. കാരാഗൃഹപ്രമാണി പൗലോസിനോടും, ശീലാസിനോടും പറഞ്ഞത് (16:30).
13. എപ്പികുര്യരും, സ്തോയിക്കരും ആയ തത്വജ്ഞാനികളിൽ ചിലർ പൗലോസിനോടു (17:18-20)
14. ദെമേത്രിയൊസ് എന്ന തട്ടാൻ, അർത്തെമിസ് ദേവിയുടെ ക്ഷേത്രരൂപങ്ങളെ തീർക്കുന്ന തൊഴിൽക്കാരോടും ആ വകയിൽ ഉൾപ്പെട്ട വേലക്കാരോടും (19:23-25).
15. ഗല്ലിയോൻ യെഹൂദന്മാരോട് (18:14,15).

★★★

# 63

# അപ്പോസ്തോല പ്രവർത്തികൾ 20–28

1. മെലിത്ത (28:1).
2. ഞാൻ ക്രിസ്ത്യാനി ആയി തീരുവാൻ നീ എന്നെ അല്പം കൊണ്ട് സമ്മതിപ്പിക്കുന്നു. അതിന് പൗലോസ് നീ മാത്രമല്ല, ഇന്ന് ഈ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ, ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകേണം എന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു (26:28,29).
3. ഫേലിക്സ് പൗലോസിനോട് (24:25).
4. ബർബരന്മാർ പറഞ്ഞു; ഈ മനുഷ്യൻ ഒരു കുലപാതകനാണ്. പൗലോസ് അണലിയെ തീയിൽ കുടഞ്ഞു കളഞ്ഞു. പൗലോസിന് ഒന്നും സംഭവിക്കാത്തത് കണ്ടപ്പോൾ ബർബരന്മാർ പറഞ്ഞു. പൗലോസ് ഒരു ദേവൻ ആണ് (28:3–6).
5. യൂലിയോസ് (27:1,43).
6. 276, എല്ലാവരും ഭക്ഷണം കഴിക്കേണം എന്ന് പൗലോസ് പറഞ്ഞു. നിങ്ങൾക്ക് ആർക്കും ഒരു അപകടവും സംഭവിക്കുകയില്ല. പൗലോസ് അപ്പം എടുത്ത് ദൈവത്തെ വാഴ്ത്തി തിന്ന് തുടങ്ങി (27:34–37).
7. ഫേലിക്സ് (24:24,26).
8. പൗലോസെ നിനക്ക് ഭ്രാന്തുണ്ട്. വിദ്യാബഹുത്വത്താൽ നിനക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്നു (26:24).
9. നീ എന്തു ചെയ്യുവാൻ പോകുന്നു. ഈ മനുഷ്യൻ റോമ പൗരൻ ആകുന്നു (22:26).

   സഹസ്രാധിപൻ പൗലോസിനോട് ചോദിച്ചു; നീ റോമാ പൗരൻ തന്നെ ആണോ. അതെ എന്ന് പൗലോസ് മറുപടി പറഞ്ഞു. അതിന് സഹസ്രാധിപൻ അവനോട് ഞാൻ ഏറിയ മുതൽ കൊടുത്താണ് പൗരത്വം സമ്പാദിച്ചത്. അതിന് പൗലോസ് ഞാൻ അങ്ങനെ ജനിച്ചിരിക്കുന്നു. (22:26–28).

10. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം. യൂത്തിക്കോസ് (20:7-9).

11, കൊടിയ ചെന്നായ്ക്കൽ വരും. വിപരീതോപദേശം പ്രസ്താവിക്കുന്നവർ എഴുന്നേൽക്കും. അതുകൊണ്ട് അവർ ഉണർന്നിരിക്കേണം (20:29-31).

12. ധൈര്യമായിരിക്കൂ. നീ എന്നെക്കുറിച്ച് യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ റോമിലും സാക്ഷീകരിക്കേണ്ടതാകുന്നു (23:11).

13. സുവിശേഷകൻ. 4 പുത്രിമാർ. അവർ പ്രവചിക്കുന്നവർ ആയിരുന്നു (21:8,9).

14. പൗലോസിനെ യെഹൂദന്മാർ പിടിച്ചു ജാതികളുടെ കയ്യിൽ ഏല്പിക്കും. അതുകൊണ്ട് അവിടെ പോകരുത് എന്ന് അഗബോസ് പറഞ്ഞു. അതിന് പൗലോസ് യേശുവിനു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരുശലേമിൽ വെച്ച് മരിപ്പാനും ഒരുങ്ങിയിരിക്കുന്നു എന്ന് മറുപടി പറഞ്ഞു (21:10-14).

15. 2 വർഷം. ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശു ക്രിസ്തുവിനെ കുറിച്ച് ഉപദേശിച്ചും പോന്നു (28:29,30).

★★★

# 64
# റോമർ 1-8

1. ദാവീദിന്റെ സന്തതി (1:5)

2. അവരുടെ വിശ്വാസം സർവ്വ ലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ (1:8)

3. എഴുതിയത് പൗലോസ്. റോമയിൽ ദൈവത്തിന് പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്ക് വേണ്ടിയാണ് എഴുതുന്നത്.

പൗലോസിന്റെ യോഗ്യതകൾ: സുവിശേഷത്തിനായി വേർതിരിച്ച് വിളിക്കപ്പെട്ട അപ്പോസ്തലൻ, യേശുക്രിസ്തുവിന്റെ ദാസൻ (1:2)

4. യവനന്മാർക്ക്, ബർബരന്മാർക്ക്, ജ്ഞാനികൾക്ക്, ബുദ്ധിഹീനർക്ക് (1:14)

5. വിശ്വാസത്താൽ (1:17)

6. ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടും (1:18)

7. സ്നാനം :

a. അവന്റെ മരണത്തിൽ പങ്കാളികളാകുന്നു.

b. അവനോട് കൂടെ കുഴിച്ചിടപ്പെട്ടു.

c. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ച്, പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും നാം ഏകീഭവിക്കും.

d. നമ്മുടെ പഴയ മനുഷ്യൻ അവനോട് കൂടെ ക്രൂശിക്കപ്പെട്ടു.

e. അവനോട് കൂടെ നാം ജീവിക്കും.

f. പാപസംബന്ധമായി മരിച്ച് ക്രിസ്തുയേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ ആകുന്നു.

g. സ്നാനം ക്രിസ്തുവിന്റ മരണത്തോടും അടക്കത്തോടും പുനരുത്ഥാനത്തോടും സാദൃശ്യം ആകുന്നു. (6:1–11).

8. ഏകന്റെ ലംഘനത്താൽ സംഭവിച്ചത്; അനേകർ മരിച്ചു (5:15). പാപവും മരണവും ലോകത്തിൽ കടന്നു (5:12).

ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീർന്നു (5:19).

9. അവരുടെ മനസാക്ഷി കൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തു കൊണ്ട് അവർ ന്യായപ്രമാണത്തിന്റെ പ്രവർത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു. (2:15).

10. ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് (8:1)

11. ആത്മാവ് താനും നമ്മുടെ ആത്മാവോട് കൂടെ സാക്ഷ്യം പറയുന്നു.

നാം മക്കൾ എങ്കിൽ നമുക്ക് ലഭിക്കുന്ന അവകാശം - ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും, അവനോട് കൂടെ തേജസ്ക്കരിക്കപ്പെടും (8:14,16.17)

12. ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ച് പോകും. ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ, ന്യായപ്രമാണത്താൽ വിധിക്കപ്പെടും (2:12).

13. ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടെ വ്യാപരിക്കുന്നു (8:28).

14. കഷ്ടത, സങ്കടം, ഉപദ്രവം, പട്ടിണി, നഗ്നത, ആപത്ത്, വാൾ (8:35)

    ഉയരത്തിനോ, ആഴത്തിനോ, മറ്റ് യാതൊരു സൃഷ്ടിക്കോ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ കഴികയില്ല (8:38,39).

15. ഒരു കാലത്ത് പൗലോസ് ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു. എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും പൗലോസ് മരിക്കയും ചെയ്തു (7:9).

    ഉള്ളം കൊണ്ട് പൗലോസ് ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു (7:22).

    ബുദ്ധി കൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു (7:25)

    പൗലോസ് തന്നെക്കുറിച്ച് അരിഷ്ടമനുഷ്യൻ എന്ന് പറയുന്നു (7:24).

★★★

# 65

## റോമർ 9–16

1. നന്മ സുവിശേഷിക്കുന്നവരുടെ കാൽ (10:15)
2. പൗലോസ് (11:13)
3. കഷ്ടതയിൽ കാണിക്കേണ്ടത് സഹിഷ്ണുത (12:13)
4. നമ്മുടെ ശരീരങ്ങളെ യാഗമായി സമർപ്പിക്കേണം. ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിക്കണം. (12:1)
5. പരിശുദ്ധാത്മാവ് (8:26)
6. വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്യണം (12:13)
7. തീയതിനെ വെറുക്കണം. നല്ലതിനോട് പറ്റിക്കൊള്ളണം (12:9)
8. അക്വിലാവും പ്രിസ്ക്കയും (16:3–5)
9. ത്രുഫൈനെ, ത്രൂഫോസെ, പെർസിസ് (16:12)
10. എപ്പൈനത്തൊസ് (16:5)
11. പെർസിസ് (16:12)
12. രൂഫൊസ്, പൗലോസിനും അമ്മയായ രൂഫൊസിന്റെ അമ്മ (16:13)
13. നീതിയും സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവും (14:17)
14. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത് പാപം. സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ, അവൻ കുറ്റക്കാരനായിരിക്കുന്നു. അതിന്റെ കാരണം അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത് കൊണ്ട് (14:23)
15. പട്ടണത്തിന്റെ ഭണ്ഡാരവിചാരകൻ (16:23).

★★★

# 66

## 1 കൊരിന്ത്യർ 1–7

1. പൗലോസ് നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവം ആണ് വളരുമാറാക്കുന്നത് (3:6).
2. കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയ മകനുമായ തിമൊഥെയോസ് (4:17).
3. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനത്തിന്മേൽ പണിയേണം. പൊന്ന്, വെള്ളി, വിലയേറിയ കല്ല് ഇവ കൊണ്ട് പണിയേണം. അങ്ങനെ പണിതാൽ പ്രതിഫലം കിട്ടും. മരം, പുല്ല്, വൈക്കോൽ ഇവ കൊണ്ട് പണിതാൽ ചേതം വരും. (3:10–15).
4. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് (2:9).
5. ദൈവത്തിന്റെ മന്ദിരം. ദൈവത്തിന്റെ ആത്മാവു. നമ്മുടെ ശരീരം വിശുദ്ധമായി സൂക്ഷിക്കണം (3:16).
6. പിണ്ഡത്തെ മുഴുവനും പുളിപ്പിക്കും. നാം പുളിപ്പില്ലാത്തവരായിരിക്കണം (5:6).
7. ഭക്ഷിക്കുവാൻ കഴിവില്ല. ഇപ്പോഴും ശിശുക്കളാണ്. ജഡികരാണ്, അവരുടെ ഇടയിൽ ഈർഷ്യയും പിണക്കവുമുണ്ട്. (3:1–3).
8. ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തേണം (6:20).
9. അപ്പോസ്തലനായ പൗലോസും, സോസ്തെനേസും ആണ് എഴുതിയത്. കൊരിന്ത്യയിലുള്ള ദൈവസഭയ്ക്കും ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരുമായ വിശുദ്ധന്മാർക്കാണ് എഴുതിയത് (1:1,2).
10. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വം ആകുന്നു. രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയും ആകുന്നു (1:18).

11. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വ മായത് തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ബലഹീനമായതിനെ തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടമായതും എതുമില്ലാത്തതും തിരഞ്ഞെടുത്തു (1:27–29).
12. ക്രിസ്പ്പോസിനെയും, ഗായോസിനെയും, സ്തെഫാനൊ സിന്റെ ഭവനക്കാരെയും (1:15,16).
13. യവനന്മാർ ജ്ഞാനം അന്വേഷിക്കുന്നു. യെഹൂദന്മാർ അട യാളം ചോദിക്കുന്നു. (1:22).
14. ദുഷ്കർമ്മം ചെയ്തവനെ ആത്മാവ് കർത്താവായ യേശു വിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് ജഡസംഹാരത്തി നായി സാത്താനെ ഏൽപ്പിക്കണം. (5:4,5).
15. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വ സ്തർ ആയിരിക്കേണം എന്നത്രേ (1 കൊരി. 4:2).

★★★

# 67
# 1 കൊരിന്ത്യർ 8–16

1. മരണത്തിന്റെ വിഷമുള്ള് പാപം (15:56).
2. ശ്രേഷ്ഠവരങ്ങളെ വാഞ്ചിക്കുവിൻ. അതിശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം (12:31).
3. വിഗ്രഹാരാധന വിട്ടോടുവിൻ (10:14).
4. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം. മനഃപൂർവ്വം നടത്തുന്നുവെങ്കിൽ എനിക്ക് പ്രതിഫലമുണ്ട് (9:16–17).
5. കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ട വൻ (16:22).

6. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും (15:51,52).

7. അന്യഭാഷയിൽ സംസാരിക്കുന്നുവെങ്കിൽ രണ്ടോ മൂന്നോ പേർക്കാവാം. അവർ ഓരോരുത്തരായി സംസാരിക്കുക. ഒരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ. വ്യാഖ്യാനി ഇല്ലാതിരുന്നാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ (14:27).

8. സ്തെഫനാസിന്റെ കുടുംബം അഖായയിലെ ആദ്യഫലം. അവർ വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നെ ഏല്പ്പിച്ചിരിക്കുന്നു(16:15).

9. ഉണർന്നിരിക്കുവിൻ; വിശ്വാസത്തിൽ നിലനിൽക്കുവിൻ. പുരുഷത്വം കാണിക്കുവിൻ. ശക്തിപ്പെടുവിൻ. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ (16:13,14).

10. സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണം പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കനുവാദമില്ല (14:34).

11. വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ (13:13).

12. നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ (10:31).

13. ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു (12:7).

14. ആത്മീകവരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് (12:1).

15. നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കുകയോ ചെയ്താൽ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു

കുറ്റക്കാരാകും. മനുഷ്യൻ തന്നെത്താൻ ശോധനചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുവാൻ. നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്രകൊള്ളുന്നു. (11:26,27,28,29,30,31).

★★★

## 68

## 2 കൊരിന്ത്യർ 1–6

1. പാപം അറിയാത്തവൻ ക്രിസ്തു. അവനെ നമുക്കു വേണ്ടി പാപം ആക്കി. നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് (5:21).
2. ഇണയല്ലാപ്പിണ കൂടരുത്. നാം ജീവനുള്ള ദൈവത്തിന്റെ ആലയമായതു കൊണ്ട് (6:14–16).
3. കൊരിന്ത്യരുടെ ഹൃദയത്തിൽ (6:11,12)
4. കൂടാരമാകുന്ന ഭൗമഭവനം. കൈപ്പണിയല്ലാത്ത നിത്യഭവനം സ്വർഗ്ഗത്തിൽ നമുക്കുണ്ട് (5:1).
5. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തിയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (5:10).
6. പഴയ സൃഷ്ടി പുതുതായി തീർന്നിരിക്കുന്നു. ഒരുത്തൻ ക്രിസ്തുവിലായപ്പോൾ പുതിയ സൃഷ്ടി ആയിത്തീർന്നു ( 5:17).
7. ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല ദൈവത്തിന്റെ ദാനമത്രേ. ഈ നിക്ഷേപം മൺപാത്രങ്ങളിലത്രേ ഉള്ളത് (4:7).
8. സ്വാതന്ത്ര്യം ഉണ്ട്. കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ

തേജസ്സ് പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. (3:17,18).

9. പൗലോസും, തിമൊഥെയോസും, കൊരിന്തിലെ ദൈവസഭയ്ക്കും സകല വിശുദ്ധന്മാർക്കും കൂടെ എഴുതി (1:1).

10. യാതൊരു കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിനു (1:4). ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നെ ക്രിസ്തുവിനാൽ ആശ്വാസവും പെരുകുന്നു (1:5).

11. ക്രിസ്തുവിൽ ഉറപ്പിക്കുന്നതും അഭിഷേകം ചെയ്യുന്നതും ദൈവമാണ്. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയത്തിൽ തന്നുമിരിക്കുന്നു (1:21,22).

12. ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ക്രിസ്തുവിൻ പത്രം (3:2).

13. ജയോത്സവമായി നടത്തി. തന്റെ പരിജ്ഞാനത്തിന്റെ വാസനയാണ് അവരിൽ നിന്നു പുറപ്പെട്ടത്. (2:14). രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും (2:15).

14. കഷ്ടം നൊടി നേരത്തേക്കുള്ളതാണ് (4:17) കാണുന്നത് താൽക്കാലികം. കാണാത്തതോ നിത്യം (4:18).

✶✶✶

## 69

## 2 കൊരിന്ത്യർ 7–13

1. സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചത് പോലെ വിശ്വാസികളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നാണ് പൗലോസ് ഭയപ്പെടുന്നത് (11:3).

2. പൗലോസ് ക്രിസ്തുവിനു വേണ്ടി. ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. (12:10).

3. തീർച്ചയ്ക്കു സന്തോഷിക്കുക, യഥാസ്ഥാനപ്പെടുക, ആശ്വസിച്ചുകൊൾക, ഏകമനസ്സുള്ളവരാകുക, സമാധാനത്തോടെ ഇരിക്കുക. എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നമ്മോട് കൂടെയിരിക്കും (13:11).

4. മക്കദോന്യയിൽ നിന്ന് വന്ന സഹോദരന്മാർ (11:9).

5. സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കാണ് പൗലോസിനുണ്ടായിരുന്നത് (11:28).

6. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കണം. സങ്കടത്തോടെ പാടില്ല. നിർബന്ധത്താലും പാടില്ല. സന്തോഷത്തോടെ കൊടുക്കണം(9:7). സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കും.

7. ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ച് കൊള്ളണം (7:11) വാഗ്ദത്തങ്ങൾ ഉള്ളതുകൊണ്ട്.

8. കർത്താവിൽ പ്രശംസിക്കേണം. കർത്താവ് പുകഴ്ത്തുന്നവൻ കൊള്ളാവുന്നവൻ (10:17).

9. ദമസ്ക്കൊസിലെ അരേതാരാജാവിന്റെ നാടുവാഴി. എന്നാൽ അവർ പൗലോസിനെ മതിലിൽ ഉള്ള ഒരു കിളിവാതിൽ വഴിയായി, ഒരു കൊട്ടയിൽ ഇറക്കിവിട്ട്, അവന്റെ കൈയ്യിൽ നിന്ന് തെറ്റി ഓടിപ്പോയി (11:32,33).

10. അവർ മുന്തിയിരിക്കുന്നത് വിശ്വാസം, വചനം, പരിജ്ഞാനം, പൂർണ്ണജാഗ്രത, ഞങ്ങളോട് (പൗലോസിനോടും മറ്റുള്ളവരോടും) ഉള്ള സ്നേഹം - ഇങ്ങനെ എല്ലാറ്റിലും. മുന്തിയിരിക്കേണ്ടത് : ധർമ്മകാര്യത്തിൽ (8:6.7).

11. ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും, ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും (9:6).

12. ലോകത്തിന്റെ ദുഃഖം മരണത്തെ ഉളവാക്കുന്നു (7:10).

13. യേശുക്രിസ്തു സമ്പന്നൻ ആയിരുന്നു. നാം നിമിത്തം ദരിദ്രനായിത്തീർന്നു, നാം സമ്പന്നർ ആകേണ്ടതിന് (8:9).

14. ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മല കന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു (11:2).

15. നാം വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നമ്മെത്തന്നെ പരീക്ഷിക്കേണം. നമ്മെത്തന്നെ ശോധന ചെയ്യേണം (13:5).

✶✶✶

## 70

## ഗലാത്യർ

1. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (6:14).

2. ആത്മാവിന്റെ ഫലം (5:22)

3. ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ ക്രൂശിച്ചിരിക്കുന്നു (5:24)

4. ബർന്നബാസ്, പത്രോസും ശേഷം യെഹൂദന്മാരും അവനോടു കൂടെ കപടം കാണിച്ചു. അന്ത്യോക്ക്യയിൽ (2:11,12,13)

5. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ. അതിൽ യെഹൂദനും യവനനും എന്നില്ല. ആണും പെണ്ണും എന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ (3:27,28).

6. പൗലോസ് (2:2)

7. മാനുഷമല്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത് (1:11,12)

8. ജഡത്തിന്റെ പ്രവൃത്തി (5:20).

9. എല്ലാ നന്മയിലും ഓഹരി കൊടുക്കണം (6:6)

10. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം എന്ന ഏക വാക്യത്തിൽ (5:14)

11. കേഫാവിനോടു കൂടെ യെരുശലേമിൽ. കർത്താവിന്റെ സഹോദരനായ യാക്കോബിനെ കണ്ടു (1:18,19)

12. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നും നിത്യജീവനെ കൊയ്യും. (6:7,8)

13. പൗലോസ് (6:17)

14. യാക്കോബും കേഫാവും യോഹന്നാനും (2:9)

15. ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു പൗലോസിൽ ജീവിക്കുന്നു. എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവ പുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് (2:20)

***

# 71

# എഫെസ്യർ

1. ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പോസ്തലൻ (1:1).

2. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് (1:4).

3. മുമ്പേ പ്രകൃതിയാൽ ജാതികളായിരുന്നു. ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ ആയിരുന്നു. ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും ആയിരുന്നു (2:11,12).

4. കൃപയാലത്രേ രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതു ദൈവത്തിന്റെ ദാനമാണ്. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (2:8).

5. സൽപ്രവൃത്തികൾക്കായിട്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (2:10).

6. ഉറങ്ങുന്നവർ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴു ന്നേൽക്കണം, എന്നാൽ ക്രിസ്തു നമ്മുടെ മേൽ പ്രകാ ശിക്കും (5:14).
7. ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവത്തെ അനുക രിക്കണം (5:1).
8. ക്രിസ്തു തന്നെ മൂലക്കല്ല്, അപ്പൊസ്തലന്മാരും പ്രവാചക ന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു (2:20).
9. പൗലോസിന് ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയ ധന ത്തെക്കുറിച്ചു പ്രസംഗിക്കാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മ ത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശി പ്പിപ്പാനുമായി കൃപ നൽകിയിരിക്കുന്നു (3:8,9).
10. ബദ്ധന്മാർക്കു വേണ്ടി ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങൾ കൊടുത്തു (4:8).
11. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതി കളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രി സ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്യണം (5:18,19).
12. കർത്താവിനു എന്നപോലെ ഭർത്താക്കന്മാർക്കു കീഴടങ്ങ ണം. സഭ ക്രിസ്തുവിനു കീഴടങ്ങിയിരക്കുന്നതുപോലെ ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണം (5:22,24).

    ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവു ഭാര്യയെ സ്നേഹിക്കണം (5:25).
13. ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗി ക്കണം (5:16).

14. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ച യല്ലാത്തവ ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത് (5:4)

15. ഭോഷ്ക്കു ഉപേക്ഷിച്ചു സത്യം സംസാരിക്കണം. നാം തമ്മിൽ അവയവങ്ങളല്ലോ. സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത് (4:25,26).

✶✶✶

# 72

# ഫിലിപ്പിയർ

1. നാം വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ. എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്യണം. ജീവന്റെ വചനം പ്രമാണിച്ച് ജ്യോതിസ്സുകളെ പോലെ പ്രകാശിക്കണം. (2:14,15).

2. എപ്പഫ്രൊദിത്തൊസ് (2:25–27).

   തിമൊഥെയോസ്. പൗലോസിനെ പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി ആരും ഇല്ല. മകൻ അപ്പനു ചെയ്യുന്നതു പോലെ സുവിശേഷഘോഷണത്തിൽ സേവ ചെയ്യുന്നവൻ (2:19–22).

3. നായ്ക്കളെ സൂക്ഷിക്കണം. ആകാത്ത വേലക്കാരെ സൂക്ഷിക്കണം. വിച്ഛേദനക്കാരെ സൂക്ഷിക്കണം (3:2).

4. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു. നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ ചിന്തിക്കണം (3:14,15).

5. എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ. യിസ്രായേൽ ജാതിക്കാരൻ. ബെന്യാമീൻ ഗോത്രക്കാരൻ. എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ. ന്യായപ്രമാണം സംബന്ധിച്ചു പരീശൻ. ശുഷ്ക്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ. ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ചു അനിന്ദ്യൻ. ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണി (3:5–8).

6. യുവൊദ്യയും സുന്തുകയും. നീ അവർക്ക് തുണ നിൽക്കണം. (4:2).
7. കർത്താവിൽ എപ്പോഴും സന്തോഷിക്കണം. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയണം (4:4,5).
8. സത്യമായതൊക്കെയും ഘനമായതൊക്കെയും നീതിയായ തൊക്കെയും നിർമ്മലമായതൊക്കെയും രമ്യമായതൊ ക്കെയും സല്ക്കീർത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയൊക്കെയും ചിന്തിക്കണം (4:8).
9. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥന യാലും അപേക്ഷയാലും നമ്മുടെ ആവശ്യങ്ങളെ സ്തോത്ര ത്തോട് കൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാ ധാനം നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും (4:6,7).
10. ക്രിസ്തു യേശുവിലുള്ള ഭാവമാണ് മനസ്സിലുണ്ടാകേണ്ടത്. ക്രിസ്തു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കേണം എന്ന് വിചാരിക്കാതെ ദാസ രൂപം എടുത്തു, മനുഷ്യ സാദൃശ്യത്തിലായി, വേഷത്തിൽ മനുഷ്യനായി, തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണ ത്തോളം അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി. (2:5-9).
11. ഫിലിപ്പിയർ (4:15).
12. നമ്മുടെ സ്നേഹം മേൽക്ക്മേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും, വർദ്ധിച്ചു വന്നിട്ട് നിങ്ങൾ ഭേദാഭേ ദങ്ങളെ വിവേചിക്കുമാറാകണം. ക്രിസ്തുവിന്റെ നാളി ലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ട് ക്രിസ്തുയേശുവി നാൽ നീതിഫലം നിറഞ്ഞവരായി തീരേണം (1:9,10,11).
13. ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകു ന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ വേലയ്ക്ക്

ഫലം വരുമെങ്കിൽ ഏത് (ജീവിക്കുന്നതോ, മരിക്കുന്നതോ) തിരഞ്ഞെടുക്കേണ്ടു എന്ന് അറിയുന്നില്ല. ഇവ രണ്ടിനാലും ഞെരുങ്ങുന്നു (1:21,22).

14. ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു. ചിലരോ, നല്ല മനസ്സോടെ പ്രസംഗിക്കുന്നു. (1:15).

15. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തുവാനാണ് വരുന്നത് (3:20,21).

★★★

# 73

# കൊലോസ്യർ

1. കൊലോസ്യ സഭയിലെ ഒരുത്തനായി ക്രിസ്തുയേശുവിന്റെ ദാസൻ. പൗലോസിന്റെ സഹഭൃത്യൻ (1:7) കൊലോസ്യയിലെ സഭയ്ക്ക് വേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും അവർക്ക് ആത്മാവിനാലുള്ള സ്നേഹം അവരോട് അറിയിച്ചവനും (1:8) കൊലോസ്യയിലെ വിശ്വാസികൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരായി നിൽക്കേണ്ടതിനു അവൻ പ്രാർത്ഥനയിൽ അവർക്ക് വേണ്ടി എപ്പോഴും പോരാടുന്നു. കൊലോസ്യയിലുള്ളവർക്കും ലവുദിക്യക്കാർക്കും ഹിയരപൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുകയും ചെയ്യുന്നു. പൗലോസ് അതിനു സാക്ഷി (4:12,13).

2. ലവോദിക്യ സഭയിലും കൂടി വായിക്കേണം. അർഹിപ്പൊസിനോട് കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം എന്നു പറഞ്ഞു (4:16,17).

3. വൃതന്മാരും വിശുദ്ധന്മാരും ധരിക്കേണ്ടതു; മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ; അന്യോന്യം പൊറുക്കണം; ഒരുവനോട് ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും വേണം. കർത്താവു നമ്മോട് ക്ഷമിച്ചത് പോലെ നമ്മളും ക്ഷമിക്കണം (3:12,13).

4. പൗലോസിന്റെ സഹബദ്ധൻ: അരിസ്തർഹൊസ്. സഹഭൃത്യൻ: തിഹിക്കൊസ്. പരിച്ഛേദനക്കാരിൽ പൗലോസിനു ആശ്വാസമായി തീർന്നവർ: അരിസ്തർഹൊസ്, മർക്കൊസ്, യൂസ്തൊസ് എന്നു പേർ പറയുന്ന യേശു (4:10,11)

5. യേശുക്രിസ്തുവിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ, സർവ്വസൃഷ്ടിക്കും ആദ്യജാതൻ; സർവ്വത്തിനും മുമ്പെ ഉള്ളവൻ; സകലത്തിനും ആധാരമായവൻ; സഭ എന്ന ശരീരത്തിന്റെ തല. (1:14,15,17,18).

6. നാം നമ്മെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു. അതിൽ യവനനും യെഹൂദനും എന്നില്ല; പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല. എല്ലാവരിലും എല്ലാം ക്രിസ്തു ആകുന്നു (3:10,11).

7. ഭാര്യമാർ, അവരുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങിയിരിക്കണം. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം. അവരോട് കൈപ്പായിരിക്കരുത്. മക്കൾ: അവരുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിക്കണം. പിതാക്കന്മാർ, അവരുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിനു അവരെ കോപിപ്പിക്കരുത് (3:18–21).

8. കൊലോസ്യർ പൂർണ്ണ പ്രസാദത്തിനായി കർത്താവിനു യോഗ്യമാം വണ്ണം നടക്കേണം.(1: 9,10) ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം. (1:10)

ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം (1:10) സകല സഹിഷ്ണുതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടണം. (1:11)

9. യൂസ്തോസ് (യേശു എന്നു മറുപേർ ഉള്ളവൻ). ബർന്നബാസിന്റെ മച്ചുനൻ-മർക്കൊസ് (4:10,11)

10. നാം ക്രിസ്തുവിനോട് കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നതുകൊണ്ട് ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിൽ ഉള്ളതു അന്വേഷിക്കണം. (3:1)

11. ക്രിസ്തുവിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു (2:3)

12. ക്രിസ്തുയേശുവിൽ വേരൂന്നേണം. ആത്മീക വർദ്ധന പ്രാപിച്ചും നമുക്ക് ഉപദേശിച്ചു തന്നതിനു ഒത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കേണം. (2:7)

13. സമയം തക്കത്തിൽ ഉപയോഗിക്കേണം. പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറണം (4:5)

14. നമ്മുടെ വാക്ക് എപ്പോഴും കൃപയോട് കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കേണം. (4:6)

15. ക്രിസ്തുയേശുവിൽ കൊലോസ്യരുടെ വിശ്വാസത്തെയും സകല വിശുദ്ധന്മാരോടും കൊലോസ്യർക്കുള്ള സ്നേഹത്തെയും കുറിച്ചാണ് കേട്ടത് (1:4).

★★★

# 74

# 1 തെസ്സലോനിക്യർ

1. പൗലോസ്, സില്വാനോസ്, തിമൊഥെയോസ് (1:1).
2. സാത്താൻ (2:18).
3. ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ആയിരുന്നു. പൗലോസും കൂടെയുള്ളവരും ആർദ്രത ഉള്ളവരായിരുന്നു (2:7).
4. സകലവും ശോധന ചെയ്ത് നല്ലതു മുറുകെ പിടിക്കണം (5:21).
5. കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ കാക്കപ്പെടേണ്ടതു നമ്മുടെ ആത്മാവ്, പ്രാണൻ, ദേഹം (5:23).
6. ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (4:16,17).
7. കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരും (4:16).
8. നാം എല്ലാവരും വെളിച്ചത്തിന്റെയും പകലിന്റെയും മക്കൾ ആണ്. നാം രാത്രിക്കും ഇരുളിനും ഉള്ളവരല്ല(5:5).
9. തെസ്സലോനിക്യ സഭ മക്കെദൊന്യയിലും അഖായയിലും വിശ്വസിക്കുന്നവർക്ക് മാതൃകയായി തീർന്നു (1:7,8).
10. എപ്പോഴും സന്തോഷിക്കണം. ഇടവിടാതെ പ്രാർത്ഥിക്കണം. എല്ലാറ്റിനും സ്തോത്രം ചെയ്യണം (5:17,18).
11. നമ്മുടെ ശുദ്ധീകരണം ആണ് ദൈവത്തിന്റെ ഇഷ്ടം. ദൈവം നമ്മെ വിളിച്ചിരിക്കുന്നതു അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനാണ്. അതുകൊണ്ട് തുച്ഛീകരിക്കുന്നവൻ മനുഷ്യനെ അല്ല പരിശുദ്ധാത്മാവിനെ നമുക്ക് തരുന്ന ദൈവത്തെയാണ് തുച്ഛീകരിക്കുന്നത് (4:3,7,8).

12. കഷ്ടങ്ങളിൽ ആരും കുലുങ്ങി പോകാതിരിക്കേണ്ടതിനു തെസ്സലോനീക്യയിലെ വിശ്വാസികളെ സ്ഥിരപ്പെടുത്തുവാനും അവരുടെ വിശ്വാസം സംബന്ധിച്ചു അവരെ പ്രബോധിപ്പിപ്പാനുമായിട്ടു ആണ് തിമൊഥെയോസിനെ അവരുടെ അടുത്തേക്കു അയച്ചത് (3:1,2).

13. പൗലോസിന്റെയും കൂട്ടരുടെയും സകല കഷ്ടത്തിലും സങ്കടത്തിലും തെസ്സലോനിക്യ സഭയുടെ വിശ്വാസം ഹേതുവായി പൗലോസും കൂട്ടരും അവരെക്കുറിച്ചു ആശ്വാസം പ്രാപിച്ചു. അവർ (തെസ്സലോനീക്യ സഭ) കർത്താവിൽ നില നിൽക്കുന്നു എന്നു അറിഞ്ഞു വീണ്ടും ജീവിക്കുന്നു (3:7,8).

14. ആത്മാവിനെ കെടുക്കരുത് (5:19).

15. തെസ്സലോനീക്യ സഭയിലെ വിശ്വാസികളെ സ്മരിച്ചു കൊണ്ട് അവരുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്താണ് അവർ എല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുന്നത്. (1:2-4).

✶✶✶

# 75

# 2 തെസസ്സലോനീക്യർ

1. തിന്നുകയുമരുത് (3:10).

2. നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ (2:3). അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാ വിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്നു (2:4).

3. വിശ്വാസ ത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം (2:3).

4. നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നമ്മളിലും നമ്മൾ അവനിലും മഹത്വപ്പെടേണ്ടതിനു നമ്മുടെ ദൈവം നമ്മെ തന്റെ വിളിക്ക് യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകല താല്പര്യവും വിശ്വാസത്തിന്റെ പ്രവർത്തിയും ശക്തിയോടെ പൂർണ്ണമായി തീരേണ്ടതിനും ആണ് പ്രാർത്ഥിക്കുന്നത് (1:12)

5. അവർ ഉറച്ചു നിന്നു അപ്പോസ്തലന്മാർ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചു കൊള്ളണം (2:15)

6. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്നു. അവൻ നമ്മുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവർത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുന്നു. (2:16,17)

7. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ (3:17).

8. നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത് (3:13)

9. അവരുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും ആളാം പ്രതി അവർക്ക് എല്ലാവർക്കും അന്യോന്യസ്നേഹം പെരുകിയും വരികയാലാണു അവരെക്കുറിച്ചു സ്തോത്രം ചെയ്വാൻ കടപ്പെട്ടിരിക്കുന്നത് (1:3)

10. കർത്താവായ യേശുക്രിസ്തു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും. അപ്പോൾ ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും. വിശ്വാസികളെ പീഢിപ്പിക്കുന്നവർക്ക് പീഢയും പീഢ അനുഭവിക്കുന്ന നമുക്ക് ആശ്വാസവും പകരം നൽകും (1:6–8).

11. എല്ലാവർക്കും ഇല്ലാത്തതു വിശ്വാസം. വിശ്വസ്തൻ കർത്താവ്. അവൻ നമ്മെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും (3:3)

12. തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോകുമ്പോൾ (2:7)
13. ദൈവം അവരെ ആദി മുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതു കൊണ്ട് അവർ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു (2:13)
14. അധർമ്മ മൂർത്തിയെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും (2:8)
15. കർത്താവിന്റെ വചനം അവരുടെ അടുക്കൽ എത്തിയതു പോലെ വേഗം വ്യാപിച്ചു മഹത്വപ്പെടുവാൻ. 2. വല്ലാത്തവരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽ നിന്നു അവർ വിടുവിക്കപ്പെടുവാനും (3:1,2)

★★★

# 76

# 1 തിമൊഥെയോസ്

1 ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു (1:15).
2. മദ്ധ്യസ്ഥൻ ഒരുവൻ മാത്രം. കർത്താവായ യേശുക്രിസ്തു. യോഗ്യത - എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്തു (2:5,6).
3. ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസയോഗ്യമാകുന്നു (3:1).
4. അവൻ (നമ്മുടെ കർത്താവായ യേശുക്രിസ്തു) ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിനാൽ നീതികരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി. ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാകും വണ്ണം വലിയതാകുന്നു(3:16).

5. ഹുമനയോസിന്റെയും അലക്സെന്തരുടെയും (1:19,20)

6. പുരുഷന്മാർ വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം. അവർ വിട്ടു കളയേണ്ടതു എല്ലാടത്തും കോപവും വാഗ്വാദവും (2:8).

7. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവർ. ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചു ചീർത്തിരിക്കുന്നു. (6:3,4).

8. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക (6:8).

9. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു. (6:9).

10. നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണേണം (5:17).

11. കാമുകിയായവൾ (5:6).

12. അലംഭാവത്തോട് കൂടിയ ദൈവഭക്തി വലുതായ ആദായം (6:6).

13. ശരീരാഭ്യാസം അല്പപ്രയോജനമുള്ളത് (4:8).

14. വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക (4:13). തിമൊഥെയോസിന്റെ യൗവനം ആരും തുച്ഛീകരിക്കരുതു എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത് (4:12).

15. ദ്രവ്യാഗ്രഹം (6:10).

★★★

# 77
# 2 തിമൊഥെയോസ്

1 ഒഴിഞ്ഞിരിക്കേണ്ടതു ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെ, അവർക്ക് അധികം മുതിർന്നുവരുന്നതു അഭക്തി, അവരുടെ വാക്ക് അർബ്ബുദവ്യാധി പോലെ തിന്നുകൊണ്ടിരിക്കുന്നു (2:16,17)

2. ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള വർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും (3:12).

3. ദുർഘട സമയങ്ങൾ വരും. മനുഷ്യർ (1) സ്വസ്നേഹികളും (2) ദ്രവ്യാഗ്രഹികളും (3) വമ്പു പറയുന്നവരം (4) അഹങ്കാ രികളും (5) ദൂഷകന്മാരും ആകും (3:1,2)

4. ബന്ധനമില്ലാത്തതു ദൈവവചനത്തിനു. ക്രിസ്തുയേശുവി ലുള്ള രക്ഷ നിത്യതേജസ്സോട് കൂടെ വൃതന്മാർക്ക് കിട്ടേണ്ട തിനു പൗലോസ് അവർക്കായി സകലവും സഹിക്കുന്നു. (2:9,10)

5. അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ (2:6)

6. നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്ത നായി പാർക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ല. ഈ വചനം വിശ്വാസയോഗ്യം (2:13).

7. അമ്മ യൂനിക്കേ, വലിയമ്മ, ലോവീസ്, തിമൊഥെയോസിനു ഉണ്ടായിരുന്ന നിർവ്യാജവിശ്വാസം. ആ വിശ്വാസം അവ രിലും ഉണ്ടായിരുന്നു. (1:4,5)

8. ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ യാണ് ദൈവം നമുക്ക് തന്നത് (1:7).

9. നല്ല പോർ പൊരുതിയതു പൗലോസ്. ഓട്ടം തികച്ചു. വിശ്വാസം കാത്തു. അതുകൊണ്ട് കിട്ടുന്നതു നീതിയുടെ കിരീടം . അതു തരുന്നതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് (4:7,8).

10. ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു പൗലോസിനെ വിട്ട് തെസ്സലോനിക്യയിലേക്ക് പോയി (4:10).
11. പൗലോസിന്റെ പുതപ്പും പുസ്തകങ്ങളും. അതു തിമൊഥെയോസ് വരുമ്പോൾ പൗലോസിനു കൊണ്ട് വന്നു കൊടുക്കണം (4:13)
12. മോശെയോട് എതിർത്തു നിന്നവർ യന്നേസും യംബ്രേസും, അവർ സത്യത്തോട് എതിർത്തു നിൽക്കുന്നു (3:8)
13. പൗലോസിന്റെ കൂടെയുള്ളതു ലൂക്കോസ് മാത്രം (4:11). പൗലോസിനെ തണുപ്പിച്ചവൻ ഒനേസിഫൊരൊസ് (1:16).
14. അവർ സത്യം വിട്ടു തെറ്റി. പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു ചിലരുടെ വിശ്വാസം മറിച്ചു കളയുന്നു (2:18)
15. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം, അതുകൊണ്ട് നാം സകല സൽപ്രവർത്തികൾക്കും വക പ്രാപിച്ചു തികഞ്ഞവർ ആകണം. അതു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനം ഉണ്ടാകേണ്ടതിനു തന്നിരിക്കുന്നു. (3:16,17)

★★★

# 78
# തീത്തോസ്

1. സർവ്വദാ അസത്യവാദികളും ദുഷ്ടജന്തുക്കളും മടിയന്മാരും പെരുവയറന്മാരും (1:12)
2. തീത്തോസ് (1:4)
3. അനിന്ദ്യനായിരിക്കേണം. കാരണം അവൻ ദൈവത്തിന്റെ ഗൃഹവിചാരകനാണ്. തന്നിഷ്ടക്കാരൻ, കോപി, മദ്യപ്രിയൻ, തല്ലുകാരൻ, ദുർല്ലാഭമോഹി എന്നിവ ആയിരിക്കരുത് (1:7).
4. വിരോധി ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിനു സകലത്തിലും സൽപ്രവർത്തികൾക്ക് മാതൃകയാക്കണം. (2:7)

5. നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണം (2:12,13).

6. മുമ്പെ നാം ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകക്കുന്നവരും ആയിരുന്നു (3:3)

7. നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത് (3:5).

8. മൗഢ്യ തർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും എന്നിവയിൽ നിന്നു ഒഴിഞ്ഞു നിൽക്കണം (3:9)

9. അർത്തെമാസിനെയോ, തിഹിക്കൊസിനെയോ (3:12)

10. സേനാസ്, അപ്പൊല്ലോസ്, അവർക്ക് ഒരു മുട്ടും വരാത വണ്ണം ഉത്സാഹിച്ചു വഴി യാത്ര അയക്കണം (3:13).

11. പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിന് (1:5).

12. വൃഥാ വാചാലന്മാരും മനോവഞ്ചകന്മാരുമായി വഴങ്ങാത്തവർ; വിശേഷാൽ പരിച്ഛേദനക്കാരുടെ വായാണ് അടക്കേണ്ടത്. കാരണം അവർ ദുരാദായം വിചാരിച്ചു അരുതാത്തത് ഉപദേശിച്ചുകൊണ്ട് കുടുംബങ്ങളെ മുഴുവൻ മറിച്ചു കളുയന്നു (1:10,11).

13. മലിനന്മാരുടെയും അവിശ്വാസികളുടെയും മനഃസാക്ഷി മലിനമായി തീർന്നിരിക്കുന്നു (1:15).

14. പത്ഥ്യോപദേശത്തിനു ചേരുന്നതു പ്രസ്താവിക്കണം (2:1).

15. വൃദ്ധമാർ നിർമ്മദവും ഗൗരവവും സുബോധവും ഉള്ളവരും വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണുത

യിലും ആരോഗ്യമുള്ളവരും ആയിരിക്കേണം. നടപ്പിൽ പവിത്രയോഗ്യമാരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെടാത്തവരും ആയിരിക്കേണം (2:2,3)

✶✶✶

## 79
## ഫിലേമോൻ

1. ഈ ലേഖനം എഴുതുന്നതു പൗലോസും, തിമൊഥെയോസും. ഫിലേമോനും തന്റെ സഹോദരി അപ്പിയെക്കും, സഹഭടനായ അർക്കിപ്പൊസിനും, ഫിലേമോന്റെ വീട്ടിലെ സഭയ്ക്കും വേണ്ടിയാണ് എഴുതുന്നത് (1,2).
2. എപ്പഫ്രാസ് (23).
3. അവരുടെ പ്രാർത്ഥനയാൽ പൗലോസ് അവർക്ക് നൽകപ്പെടും എന്നുള്ള പ്രത്യാശ. അതുകൊണ്ട് പൗലോസിനു പാർപ്പിടം ഒരുക്കിക്കൊള്ളണം (22).
4. ഒനേസിമൊസിനെ ചേർത്തുകൊള്ളണം. പൗലോസിനെ കൂട്ടാളി എന്നു കരുതുന്നതുപോലെ, പൗലോസിനെപ്പോലെ ചേർത്തു കൊള്ളണം (10,17).
5. ഇനി ദാസനല്ല. ദാസനു മീതെ പ്രിയ സഹോദരൻ ആണ്. (16)
6. മർക്കൊസ്, അരിസ്തർക്കൊസ്, ദേമാസ്, ലൂക്കോസ് (24)
7. വിശുദ്ധന്മാരുടെ ഹൃദയം, ഫിലേമോൻ തണുപ്പിച്ചു (7)
8. ഒനേസിമോസ് മുമ്പെ ഫിലേമോനു പ്രയോജനമില്ലാത്തവൻ; ഇപ്പോൾ പൗലോസിനും ഫിലേമോനും പ്രയോജനമുള്ളവൻ (11)
9. ഫിലേമോന്റെ ഗുണം നിർബന്ധത്താൽ അല്ല. അതു മനസ്സോടെ ആകേണ്ടതിനു ഫിലേമോന്റെ സമ്മതം കൂടാതെ ഒന്നും ചെയ്യുവാൻ പൗലോസിനു മനസ്സില്ലായിരുന്നു. അതുകൊണ്ടാണ് പൗലോസിനെ തടവിൽ ശുശ്രൂഷിക്കുന്നതിനു ഒനേസിമോസിനെ കൂടെ നിർത്താഞ്ഞതു (13,14).

10. ഫിലേമോനോടാണ് പൗലോസ് തന്റെ ഹൃദയം തണുപ്പിക്കുവാൻ ആവശ്യപ്പെടുന്നത് (20).

11. ഒനേസിമോസ് ചെയ്ത അന്യായം പൗലോസ് തന്നെ കൊടുത്തു തീർക്കുമെന്നാണ് പറഞ്ഞിരിക്കുന്നത് (18,19).

12. കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും ഫിലേമോനുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ആണ് പൗലോസ് കേട്ടിരിക്കുന്നത് (4)

13. പൗലോസ് ഇപ്പോൾ വയസ്സനായി, ക്രിസ്തുയേശുവിന്റെ ബദ്ധനായി തടവിൽ ആയിരിക്കുന്നു (9)

14. നമ്മിലുള്ള എല്ലാ നന്മയുടെയും പരിജ്ഞാനത്താൽ ഫിലേമോന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലമാകേണ്ടതിനു പൗലോസ് ഫിലേമോനെ പ്രാർത്ഥനയിൽ എപ്പോഴും ഓർത്തു സ്തോത്രം ചെയ്യുന്നു. (6)

15. പൗലോസ്. തടവിൽ വെച്ചു (9).

★★★

# 80

# എബ്രായർ 1–4

1. 7–ാം നാളിൽ ദൈവം തന്റെ സകല പ്രവൃത്തികളിൽ നിന്നും നിവൃത്തനായി എന്നാണ് പറഞ്ഞിരിക്കുന്നത് (4:4).

2. യേശു മോശെയേക്കാൾ അധികം മഹത്വത്തിന് യോഗ്യൻ. മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തൻ ആയിരുന്നു. എന്നാൽ ക്രിസ്തു തന്നെ നിയമിച്ചാക്കിയവന് വിശ്വസ്തൻ ആകുന്നു (3:2,3).

3. മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ വിടുവിപ്പാൻ, യേശു ജഡരക്തം സ്വീകരിച്ചു (2:14,15).

4. വിശുദ്ധീകരിക്കുന്നവനും, വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം പിതാവ് ഒരുവൻ. അത് കൊണ്ട് അവൻ അവരെ സഹോദരന്മാർ എന്ന് വിളിക്കുന്നു (2:11).

5. ജീവനുള്ള ദൈവത്തെ ത്യജിച്ച് കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കണം. ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പിടിക്കണം (3:12,14).

6. മിസ്രയീമിൽ നിന്നു മോശെ മുഖാന്തരം പുറപ്പെട്ട് വന്നവർ 40 ആണ്ട്. ദൈവം പാപം ചെയ്തവരോട് ക്രുദ്ധിച്ചു. അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീണു. (3:16).

7. "ഇന്ന് അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" എന്ന് ദാവീദ് പറഞ്ഞിരിക്കുന്നു. (4:7).

8. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധികളെയും വേർവിടുവിക്കും വരെ തുളച്ച് ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (4:12).

9. സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു (4:13).

10. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടവൻ-യേശു. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലണം (4:15,16).

11. ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം (1:6).

12. ദൈവം ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും നമ്മോട് പ്രവാചന്മാർ മുഖാന്തരം അരുളിച്ചെയ്തിരിക്കുന്നു. ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം അരുളിച്ചെയ്തിരിക്കുന്നു (1:1,2).

13. പുത്രൻ മുഖാന്തരം ദൈവം ലോകത്തെ ഉണ്ടാക്കി (1:2). അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട്, പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്ത് ഭാഗത്ത് ഇരിക്കുന്നു (1:3).
14. അവൻ ദൈവദൂതന്മാരേക്കാൾ ശ്രേഷ്ഠനാണ് (1:4).
15. നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളണം (2:1).

✶✶✶

## 81
## എബ്രായർ 5–9

1. മല്ക്കിസദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്ന നാമം യേശുക്രിസ്തുവിനു ലഭിച്ചത് ദൈവത്തിൽ നിന്ന് (5:10).
2. അടിസ്ഥാന ഉപദേശം: നിർജ്ജീവ പ്രവർത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി (6:1).
3. അബ്രഹാമിനെ എതിരേറ്റത് ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസേദെക്. ഈ മൽക്കീസേദെക് അബ്രഹാമിനെ അനുഗ്രഹിച്ചു (7:1,2).
4. മൽക്കിസേദെക്കിന്റെ ഗുണവിശേഷങ്ങൾ: അവന്റെ പേരിന് ആദ്യം നീതിയുടെ രാജാവ് എന്നും, പിന്നെ ശാലോം രാജാവ് എന്ന് വെച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നർത്ഥം. പിതാവില്ല, മാതാവില്ല, വംശാവലിയില്ല. ജീവാരംഭവും ജീവാവസാനവും ഇല്ല. ദൈവപുത്രന് തുല്യമായി എന്നേക്കും പുരോഹിതൻ (7:3).
5. നമുക്ക് വേണ്ട മഹാപുരോഹിതൻ: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ

ഉന്നതനായി തീർന്നവൻ (7:26). സ്വന്ത പാപങ്ങൾക്കായും ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ.

6. ദൈവം അവരെ മിസ്രയീം ദേശത്ത് നിന്ന് അവരുടെ പിതാക്കന്മാരെ കൈക്ക് പിടിച്ച് കനാനിലേക്ക് കൊണ്ടുവന്നു(8:9).

7. അതിവിശുദ്ധസ്ഥലത്തുള്ളത്: പൊന്നു കൊണ്ടുള്ള ധൂപകലശം, മുഴുവനും പൊന്ന് പൊതിഞ്ഞ നിയമപെട്ടകം, അതിനകത്ത് മന്ന ഇട്ട് വെച്ച പൊൻപാത്രം, അഹരോന്റെ തളിർത്ത വടി, നിയമത്തിന്റെ കല്പലകകൾ, അതിന് മീതെ കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകൾ (9:3-5).

8. ക്രിസ്തു വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നു. കൈപ്പണിയല്ലാത്ത, ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി, വലുപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി, ആട്ട് കൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു, എന്നേക്കുമുള്ള ഒരു വീണ്ടെടുപ്പ് സാധിപ്പിച്ചു (9:11,12).

9. ഒരിക്കൽ മരിച്ചാൽ പിന്നെ ന്യായവിധി മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു. അതു കൊണ്ട് ക്രിസ്തു അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. ഇനി തനിക്കായി കാത്ത് നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും. (9:27,28).

10. ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയ ദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്ത് പിന്മാറിപ്പോകുന്നവരാണ് ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവർ (6:4-6).

11. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ, ദൈവത്തിന്റെ അനുഗ്രഹം പാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാൽ അത് കൊള്ളരുതാത്തതും ശാപ

ത്തിന് അടുത്തതും ആകുന്നു. അതിന്റെ അവസാനം അത് ചുട്ടു കളക എന്നുള്ളതാണ്. (6:8)

12. കാലം നോക്കിയാൽ അവർ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടതാണ്. ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെത്തന്നെ ഉപദേശിച്ച് തരേണ്ടുന്ന അവസ്ഥ യാണ് അവർക്കുള്ളത്. അവർക്ക് കട്ടിയായുള്ള ആഹാര ത്തിന് പകരം പാൽ ആവശ്യമായി വന്നിരിക്കുന്നു (5:12,13).

13. നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവൻ പാൽ കുടി ക്കുന്നവൻ. അവൻ ശിശുവായിരിക്കുന്നു. (5:13)

14. മഹാപുരോഹിതൻ:
    - മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്നവൻ
    - പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്ക് വേണ്ടി നിയമിക്കപ്പെ ടുന്നു.
    - ബലഹീനത പൂണ്ടവൻ
    - അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവൻ
    - ബലഹീനത നിമിത്തം ജനത്തിന് വേണ്ടി എന്നപോലെ തനിക്ക് വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടവൻ.
    - അഹരോനെപ്പോലെ ദൈവം വിളിക്കുന്നവൻ (5:1–4).

15. നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങൾ ഉള്ളവരായി പ്രായം തികഞ്ഞവർക്കാണ് പറ്റു ന്നത് (5:14)

★★★

# 82

## എബ്രായർ 10–13

1. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നി, നാം പ്രാപിക്കുന്നത് ഇളകാത്ത രാജ്യം. അതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്യണം (12:28,29).
2. സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിനും മേഘ തമസ്സ്, കൂരിരുട്ട്, കൊടുങ്കാറ്റ്, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവയുടെ അടുക്കൽ അല്ല നാം വന്നിരിക്കു ന്നത്. ആ ശബ്ദം കേട്ടവർ ഇനി ഒരു വചനവും തങ്ങളോട് പറയരുതേ എന്ന് അപേക്ഷിച്ചു (12:18,19).
3. കർത്താവിന്റെ ശിക്ഷ ലഭിക്കുന്നത് താൻ സ്നേഹിക്കുന്ന വർക്ക്. ശിക്ഷ ലഭിക്കാത്തവർ കൗലടയന്മാർ. അവർ മക്ക ളുമല്ല (12:6,8).
4. വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാല ഭോഗത്തേക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു. (11:24).
5. ഒരു ഊണിന് വേണ്ടി ഏശാവ് തന്റെ ജ്യേഷ്ഠാവകാശം വിറ്റ് കളഞ്ഞു. അഭക്തനായി തീർന്നു. അവൻ പിന്നീട് അനുഗ്രഹം ലഭിക്കാൻ ആഗ്രഹിച്ച് കണ്ണുനീരോട് കൂടി അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു. മാനസാന്തരത്തിന് ഇട കണ്ടില്ല (12:16,17).
6. ആടുകളുടെ ഇടയൻ നമ്മുടെ കർത്താവായ യേശു ക്രിസ്തു (13:20).
7. ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ട് അവിശ്വാസിക ളോട് കൂടെ നശിക്കാതിരുന്നു (11:31).
8. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം (10:31).
9. ചിലർ ചെയ്യുന്നത് പോലെ സഭായോഗങ്ങളെ ഉപേക്ഷിക്ക രുത്. പകരം തമ്മിൽ പ്രബോധിപ്പിച്ച് കൊണ്ട് സ്നേഹ

ത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പാൻ അന്യോന്യം സൂക്ഷിച്ച് കൊൾക (10:24,25).

10. സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടെ സഹിച്ചു. കാരണം സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് നമുക്കുണ്ട് എന്നറിഞ്ഞ് (10:34).

11. നോഹ വിശ്വാസത്താൽ തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു. കാരണം അത് വരെ കാണാത്തവയെക്കുറിച്ച് അരുളപ്പാട് ഉണ്ടായത് കൊണ്ട് (11:7).

12. നാം വിടേണ്ടത്: സകല ഭാരവും മുറുകെ പറ്റുന്ന പാപവും. നാം നോക്കേണ്ടത് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ (12:2).

13. ഹാനോക് ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിന് മുൻപെ സാക്ഷ്യം ലഭിച്ചു (11:5).

14. ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലാണ്. കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ല. അതുകൊണ്ട് ആണ്ട് തോറും ഇടവിടാതെ കഴിച്ച് വരുന്ന യാഗങ്ങളാൽ സൽഗുണ പൂർത്തിവരുത്തുവാൻ ന്യായപ്രമാണത്തിന് കഴികയില്ല. എന്നാൽ സദാകാലത്തേയ്ക്കും സൽഗുണ പൂർത്തി വരുത്തിയിരിക്കുന്നത് ക്രിസ്തുയേശു ക്രൂശിൽ ചെയ്ത ഏകയാഗത്താൽ (10:14).

15. ഹാനോക് വിശ്വാസത്താൽ മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാലാണ് കാണാതെ പോയത്. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിന് മുൻപെ സാക്ഷ്യം പ്രാപിച്ചു (11:5).

★★★

# 83
# യാക്കോബ്

1. കൊയ്തവരുടെ മുറവിളിയാണ് കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നത്. നിങ്ങളുടെ നിലങ്ങളെ കൊയ്ത വേല ക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവെച്ചു എന്നതാണ് കാരണം (5:4).
2. ഏലിയാവു നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ. മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷി ച്ചു. മൂന്നു സംവൽസരവും ആറുമാസവും ദേശത്തു മഴപെ യ്തില്ല (5:17).
3. അവിശ്വാസം മൂലം. സംശയിക്കുന്നവൻ കർത്താവിൽ നിന്ന് വല്ലതും ലഭിക്കും എന്ന് നിരൂപിക്കരുത് (1:6,7).
4. ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗു ണപൂർത്തിയുള്ള പുരുഷൻ ആകുന്നു (3:2).
5. കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവി ക്കുന്നവൻ പാട്ടു പാടട്ടെ (5:13).
6. അബ്രഹാമിന്. അബ്രഹാം ദൈവത്തെ വിശ്വസിക്കുകയും അത് അവന് നീതിയായി കണക്കിടുകയും ചെയ്തു(2:23).
7. യാക്കോബ് ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കു (1:1).
8. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. (1:12).
9. ഒരുവൻ തന്റെ നാവിനെ കടിഞ്ഞാണിടാതെ തന്റെ ഹൃദ യത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപി ച്ചാൽ അവന്റെ ഭക്തി വ്യർത്ഥം (1:26).

10. വചനം കേൾക്കുന്നവനെങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു (1:23).

11. ധനവാൻ തന്റെ എളിമയിൽ പ്രശംസിക്കണം. എളിയ സഹോദരൻ തന്റെ ഉയർച്ചയിലും പ്രശംസിക്കണം (1:9).

12. നിങ്ങളുടെ ജീവൻ അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ. കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നിന്നതു ചെയ്യും എന്നാണ് പറയേണ്ടത് (4:14,15).

13. നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ (4:17).

14. കേൾക്കുവാൻ വേഗതയും പറയുവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ (1:19).

15. വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ (1:2,3).

***

## 84

## 1 പത്രോസ്

1. താഴ്മയുള്ളവർക്ക്, അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ (5:6).

2. ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽ (1:5).

3. സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണകളും നീക്കിക്കളയണം. ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ

വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (2:1).

4 നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻക്കൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാം വണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻക്കൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അധ്യക്ഷത ചെയ്വിൻ.

ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം ലഭിക്കും (5:2–4).

5. അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു, നോഹയുടെ കാലത്ത് (3:19).

6. എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ (4:7).

7. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ (4:13).

8. പിശാച്. വിഴുങ്ങുവാൻ. അലറുന്ന സിംഹം എന്നപോലെ (5:8).

9. ക്രിസ്ത്യാനിയായിട്ട്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്. (4:16).

10 അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി (2:24).

11. ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ (3:10).

12. നിങ്ങളുടെ അലങ്കാരം സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതായിരിക്കരുത് (3:3).

13. ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നു ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ (3:7).

14. സൽഗുണങ്ങളെ ഘോഷിപ്പാൻ, തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗവും വിശുദ്ധ വംശവും സ്വന്തജനവും ആക്കി (2:9).

* * *

## 85
## 2 പത്രോസ്

1. കർത്താവിന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു. (3:13).

2. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ (3:18).

3. നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്ര നാശം വരുത്തും (2:1).

4. പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കും (2:4).

5. നീതി പ്രസംഗിയായ നോഹ. വലഞ്ഞു പോയ നീതിമാനായ ലോത്ത് (2:5,8).

6. ബിലെയാമിന്റെ അകൃത്യത്തിന് ശാസനകിട്ടി. ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തു (2:16).

7. നേർവഴി വിട്ടു തെറ്റി. ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴിയിൽ നടന്നു (2:15).

8. ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും (3:10).

9. സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരും (3:4).

10. ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു (3:7).

11. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചതാണ്. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല (1:21).

12. കർത്താവിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത് (3:8).

13. കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു (3:9).

14. നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോട് പരിജ്ഞാനവും പരിജ്ഞാനത്തോട് ഇന്ദ്രിയ ജയവും ഇന്ദ്രിയ ജയത്തോട് സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നുവെങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തെ സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കുകയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ. ( 1:5,6,7,8,9).

15. നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ (1:10).

★★★

# 86
# 1 യോഹന്നാൻ

1. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു. നാം നമ്മുടെ സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അത് നമുക്ക് അറിയാം (3:14).
2. ദൈവം നമ്മെ സ്നേഹിച്ചത് പോലെ നാമും അന്യോന്യം സ്നേഹിക്കണം (4:11).
3. എന്ത് യാചിച്ചാലും കിട്ടുന്നത് അവന്റെ കൽപ്പന പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നവർക്ക്. അവന്റെ പുത്ര നായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസി ക്കയും അവൻ നമുക്ക് കല്പന തന്നത് പോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതാണ് അവന്റെ കൽപന(3:22,23).
4. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. മാത്രമല്ല, അവന്റെ അഭിഷേകം തന്നെ സകലതും ഉപദേ ശിച്ച് തരികയാലും , അത് ഭോഷ്കല്ല, സത്യം തന്നെ ആയി രിക്കുന്നത് കൊണ്ടും ആരും നമ്മെ ഉപദേശിപ്പാൻ ആവശ്യ മില്ല (2:27).
5. അപ്പോസ്തലൻ കണ്ടും കേട്ടുമുള്ളത് അവരോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നമ്മോട് അറിയിക്കുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാനാണ് ഇത് നമുക്ക് എഴുതുന്ന ത്. അവരുടെ കൂട്ടായ്മ, പിതാവിനോടും അവന്റെ പുത്ര നായ യേശുക്രിസ്തുവിനോടും ആകുന്നു (1:3).
6. അവന്റെ പുത്രനായ യേശുവിന്റെ രക്തം, സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1:7).
7. ഒരുത്തൻ പാപം ചെയ്താൽ (രക്ഷിക്കപ്പെട്ട ഒരുവൻ) നീതി മാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ പിതാവിന്റെ അടുക്കൽ ഉണ്ട്. (2:1). അവൻ പാപങ്ങളെ ഏറ്റ് പറയണം. (1:9). എങ്കിൽ ദൈവം പാപങ്ങളെ ക്ഷമിക്കും.

8. ദൈവത്തിൽ നിന്ന് ജനിച്ചവൻ പാപം ചെയ്യുന്നില്ല. അവൻ തന്നെത്താൻ സൂക്ഷിക്കുന്നു. (5:18).

9. സ്നേഹത്തിൽ ഭയം ഇല്ല. ഭയത്തിന് ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു (4:18).

10. സാക്ഷ്യം പറയുന്നവർ മൂവർ. അവർ: ആത്മാവ്, ജലം, രക്തം (5:8).

11. നാം അകന്ന് കൊള്ളേണ്ടത് വിഗ്രഹങ്ങളോട് (5:21).

12. ആദി മുതലുള്ളതും ഞങ്ങൾ കേട്ടതും, സ്വന്ത കണ്ണ് കൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം - ആ ജീവൻ പ്രത്യ ക്ഷമായി (1:1,2).

13. പാപം അധർമ്മം (3:4). ഏത് അനീതിയും പാപം (5:17). പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു (3:4) പാപങ്ങളെ നീക്കുവാൻ യേശു പ്രത്യക്ഷനായി (3:5) അവ നിൽ പാപം ഇല്ല. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല (3:6).

14. അവനെ അറിഞ്ഞിരിക്കുന്നു എന്ന് പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു (2:4). യേശുവിനെ ക്രിസ്തുവല്ല എന്ന് നിഷേധിക്കുന്നവനാണ് കള്ളൻ. (2:22). ആദ്യം സ്നേഹി ച്ചത് നമ്മുടെ കർത്താവ് (4:19).

    നമുക്ക് അവനിൽ നിന്ന് ലഭിച്ച കൽപ്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വ സിക്കയും അവൻ നമുക്ക് കല്പന തന്നത് പോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതാണ് (3:23).

15. കള്ളപ്രാവചകന്മാർ പുറപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവ ത്തിൽ നിന്ന് ഉള്ളവയോ എന്ന് ശോധന ചെയ്യണം (4:1).

✶✶✶

# 87
# 2,3 യോഹന്നാൻ, യൂദാ

1. സത്യത്തെ അറിഞ്ഞിരിക്കുന്നവർ എല്ലാവരും സത്യത്തിൽ സ്നേഹിക്കുന്ന മാന്യനായികയാർക്കും മക്കൾക്കും (2 യോഹ. 2).
2. യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ. വഞ്ചകനും എതിർക്രിസ്തുവും (2 യോഹ. 7).
3. ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. (2 യോഹ. 9).
4. ദെമേത്രിയോസ് (3 യോഹ.12).
5. ദിയൊത്രെഫേസ്, ഞങ്ങളെ കൂട്ടാക്കുന്നില്ല, അതുകൊണ്ട് യോഹന്നാൻ വന്നാൽ അവൻ ദുർവാക്കുപറഞ്ഞ് ശകാരിച്ചുകൊണ്ട് ചെയ്യുന്ന പ്രവൃത്തി അവന് ഓർമ്മ വരുത്തും (3 യോഹ. 9,10).
6. ഗായൊസിനെ, അവൻ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിന് സാക്ഷ്യം പറഞ്ഞിരിക്കുന്നു (3 യോഹ. 6).
7. നമുക്കു പിതാവിങ്കൽ നിന്ന് കല്പന ലഭിച്ചതുപോലെ അവിടുത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു ഞാൻ കണ്ടു അത്യന്തം സന്തോഷിച്ചു (2 യോഹ. 4).
8. ഗായൊസിന് (3 യോഹ.1).
9. ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തി കെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തം ഭക്തികെട്ടവരെയൊക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു എന്ന് പ്രവചിച്ചു ( യൂദാ. 15).
10. പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ചു വാദിച്ചു (യൂദ. 9).

11. അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും (യൂദ. 18).

12. കൂലി കൊതിച്ചത് ബിലെയാം, കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും കയിന്റെ വഴിയിൽ നടക്കുകയും ചെയ്തു. (യൂദ. 11).

13. വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ച് കർത്താവിന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ (യൂദ. 24) നിർത്തും.

14. ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞുവന്നിരിക്കുന്നു (യൂദ-4).

15. ദൂതന്മാരെ, തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയതിനാൽ അന്ധകാരത്തിൻ കീഴിൽ ചങ്ങലയിട്ടു സൂക്ഷിച്ചിരിക്കുന്നു (യൂദ. 6).

★★★

# 88
# വെളിപ്പാട് 1-3

1. സർദ്ദിസിലെ സഭയോട് പറയുന്നു. ജീവനുള്ളവൻ എന്ന് പേരുണ്ടെങ്കിലും മരിച്ചവൻ. അതുകൊണ്ട് അവൻ ഉണർന്ന് കൊള്ളണം. ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കണം. പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർത്ത് അത് കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്യണം (3:1-3).

2. ജയിക്കുന്നവന് ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും (2:7).

3. ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ച് കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ (1:3).

4. അവൻ മേഘാരൂഢനായി വരുന്നു. ഏത് കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെചൊല്ലി വിലപിക്കും (1:7).

5. യോഹന്നാൻ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും കർത്താവിന്റെ വലങ്കൈയിൽ കണ്ട 7 നക്ഷത്രത്തിന്റെ മർമ്മവും 7 പൊൻവിളക്കിന്റെ വിവരവും ആണ് എഴുതേണ്ടത്. അതിന്റെ പൊരുൾ 7 നക്ഷത്രം 7 സകളുടെ ദൂതന്മാർ, 7 നിലവിളക്കുകൾ 7 സഭകൾ ആകുന്നു (1:19,20).

6. മരണപര്യന്തം വിശ്വസ്തരായിരിക്കുന്നവർക്ക് ജീവകിരീടം ലഭിക്കും. (സ്മുർന്ന സഭയോട് പറയുന്നു) (2:10).

7. യിസ്രായേൽ മക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ടതിനും അവരുടെ മുമ്പിൽ ഇടർച്ച വെപ്പാൻ ബാലാക്കിന് ഉപദേശിച്ച് കൊടുക്കുന്ന ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ ആ സഭയിൽ ഉണ്ട്. ചിലർ നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നു (2:14,15).

8. ലവോദിക്യ സഭ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാണ്. അതുകൊണ്ട് കർത്താവിന്റെ വായിൽ നിന്ന് ഉമീണ്ണ് കളയും (3:15,16).

9. ജയിക്കയും കർത്താവ് കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം ചെയ്യുകയും ചെയ്യുന്നവന് ഉദയനക്ഷത്രം കൊടുക്കും. തുയഥൈര സഭയോട് പറയുന്നു (2:26-28).

10. അൽപ്പം മാത്രം ശക്തിയുള്ള സഭ, ഫിലെദെൽഫ്യ സഭ. എങ്കിലും കർത്താവിന്റെ വചനം കാത്തു. കർത്താവിന്റെ നാമം നിഷേധിച്ചില്ല (3:8,11,12). പുതിയ നാമം ലഭിക്കും.

11. ആദ്യസ്നേഹം വിട്ടുകളഞ്ഞു (2:4).

12. 7 പൊൻ നിലവിളക്കുകളെയും, നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവൻ - തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലയ്ക്കു ഒത്തതും ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോല, വലങ്കൈയ്യിൽ 7 നക്ഷത്രം.

വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. അവന്റെ മുഖം സൂര്യനെപ്പോലെ ശക്തിയോട് പ്രകാശിക്കുന്നു (1:12-16).

13. ജയിക്കുന്നവന് കൊടുക്കുന്നത് മറഞ്ഞിരിക്കുന്ന മന്ന. അവന് വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും (2:17).

14. ഏതിൽ നിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യണം. ചെയ്തില്ലെങ്കിൽ, കർത്താവു വരികയും, മാനസാന്തരപ്പെടാഞ്ഞാൽ അവന്റെ നിലവിളക്ക്, അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും (2:5).

15. യോഹന്നാൻ പത്മൊസ് ദ്വീപിൽ ആയിരുന്നു (ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം). അവൻ കർത്തൃദിവസത്തിൽ ആത്മവിവശനായി (1:9,10).

✶✶✶

## 89

## വെളിപ്പാട് 4-6

1. ഒരു വലിയ വാൾ (6:4).
2. പുസ്തകം തുറന്ന് വായിപ്പാനെങ്കിലും അത് നോക്കുവാൻ എങ്കിലും യോഗ്യനായി ആരെയും യോഹന്നാൻ കാണായ്ക കൊണ്ടാണ് ഏറ്റവും കരഞ്ഞത്. (5:4).
3. പളുങ്കിനൊത്ത കണ്ണാടിക്കടൽ (4:6).
4. സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ആണ് കുഞ്ഞാട് അറുക്കപ്പെട്ടത് പോലെ നിൽക്കുന്നതായി യോഹന്നാൻ കണ്ടത് (5:6).
5. അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു (5:11,12).

6. ഒരു തുലാസ് (6:5).

7. സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു. അവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ ആയിരുന്നു (4:2,3).

8. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും, ബലവാന്മാരും, സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും പറഞ്ഞത്. ഞങ്ങളുടെ മേൽ വീഴുവിൻ, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതെ വണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ, അവരുടെ മഹാകോപ ദിവസം വന്നു; ആർക്ക് നിൽപ്പാൻ കഴിയും എന്ന് പറഞ്ഞു (6:15-17).

9. ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യോഹന്നാൻ യാഗപീഠത്തിന്റെ കീഴിൽ കണ്ടു. അവർ ഉറക്കെ നിലവിളിച്ചത് "വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെ കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന് (6:9,10). അപ്പോൾ അവർക്ക് ഓരോരുത്തനും വെള്ള നിലയങ്കി കൊടുത്തു (6:9-11).

10. വെള്ളക്കുതിരപ്പുറത്ത് ഇരിക്കുന്നവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു. അവന്റെ കൈയ്യിൽ ഉള്ളത് വില്ല്. അവന് ലഭിച്ചത് കിരീടം (6:1,2).

11. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ 4 ജീവികളുടെ നടുവിൽ നിന്ന് കേട്ടത്. ഒരു പണത്തിന് ഒരിടങ്ങഴി ഗോതമ്പ്, ഒരു പണത്തിന് മൂന്നിടങ്ങഴി യവം. എന്നാൽ എണ്ണയ്ക്കും വീഞ്ഞിനും കേട് വരുത്തരുത് (6:6).

12. മൂപ്പന്മാരിൽ ഒരുത്തൻ യോഹന്നാനോട് പറഞ്ഞത്. കരയേണ്ട, യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ

വേരുമായവൻ, പുസ്തകവും അതിന്റെ 7 മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന് പറഞ്ഞു (5:5).

13. യോഹന്നാൻ ദർശനത്തിൽ കണ്ട മൂപ്പന്മാർ:24 (4:4). അവരുടെ തലയിൽ പൊൻ കിരീടം (4:4). അവർ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു. എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ചു പറഞ്ഞത് "കർത്താവേ നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളാൻ യോഗ്യൻ എന്ന് പറഞ്ഞുകൊണ്ട്, തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന് മുൻപിൽ ഇടും (4:10,11).

14. 6-ാം മുദ്ര പൊട്ടിച്ചപ്പോൾ ഉണ്ടായത്.

-വലിയൊരു ഭൂകമ്പമുണ്ടായി.

- സൂര്യൻ കരിമ്പടം പോലെ കറുത്തു.

- ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു (6:12)

15. 4 ജീവികൾ (4:6).

★★★

# 90
# വെളിപ്പാട് 7-9

1. ഭൂമിയിൽ മൂന്നിലൊന്നും, വൃക്ഷങ്ങളിൽ മൂന്നിലൊന്നും വെന്തുപോയി. എല്ലാ പച്ചപ്പുല്ലും വെന്തുപോയി. (8:7).
2. കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു. വാൽ സർപ്പത്തെപ്പോലെയും തലയുള്ളതും ആയിരുന്നു (9:19).
3. ഏഴു കാഹളമുള്ള ദൂതന്മാർ, ഏഴുപേരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു (8:6)

4. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യരെ കൊല്ലുവാനല്ല, 5 മാസം ദണ്ഡിപ്പിക്കാനത്രെ വെട്ടുകിളിക്ക് അധികാരം ലഭിച്ചത് (9:4,5).

5. 7-ാം മുദ്ര പൊട്ടിച്ചപ്പോഴാണ് സ്വർഗ്ഗത്തിൽ മൗനത ഉണ്ടായത് (8:1).

6. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ചു ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയുകയും ചെയ്യും (7:17).

7. നാലാമത്തെ ദൂതൻ ഊതിയപ്പോൾ സൂര്യനിൽ മൂന്നിൽ ഒന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിനും നക്ഷത്രങ്ങളിൽ മൂന്നിൽ ഒന്നിനും ബാധ തട്ടി. അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി. രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി (8:12).

8. യൂഫ്രാത്തോസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരുന്ന നാലു ദൂതന്മാരെയാണ് അഴിച്ചു വിട്ടത് (9:14).

9. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കാണ് കേട് വരുത്തേണ്ടത്. പുകയിൽ നിന്ന് ഭൂമിയിലേക്ക് പുറപ്പെട്ട വെട്ടുക്കിളിയോടാണ് ഇതു പറഞ്ഞത്. (9:1-3)

10. മൂന്നാമത്തെ ദൂതൻ ഊതിയപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തു നിന്നു നദികളിൽ മൂന്നിലൊന്നിൻമേലും നീരുറവകളിന്മേലും വീണു. ആ നക്ഷത്രത്തിനു കാഞ്ഞിരം എന്നു പേർ. വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെയായി. അങ്ങനെയാണ് വെള്ളം കയ്പായത് (8:10,11).

11. കഴുകൻ ഉറക്കെ വിളിച്ചുപറഞ്ഞത്; ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി. ഭൂവാസികൾക്കു കഷ്ടം, കഷ്ടം, എന്നു പറഞ്ഞു (8:13).

12. സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു

മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി കുഞ്ഞാടിന്റെ മുമ്പാകെ നിൽക്കുന്നതു കണ്ടു (7:9).

13. നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുത് എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. മുദ്രയേറ്റവർ 1,44,000 പേർ (7:2,3,4).

14. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ നിന്നു ദൈവസന്നിധിയിലേക്ക് കയറി (8:4).

15. അഗാധദൂതന്റെ എബ്രായ ഭാഷയിലുള്ള പേര് അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നുമാണ് (9:11).

★★★

## 91
## വെളിപ്പാട് 10–12

1. ഭൂതലത്തെ മുഴുവനും തെറ്റിച്ചു കളയുന്നതു മഹാസർപ്പമായ പഴയ പാമ്പ്. അവന്റെ പേരുകൾ; പിശാചു, സാത്താൻ, അവനെ (അവന്റെ ദൂതന്മാരോട് കൂടെ) ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു (12:9).

2. ബലവാനായ ദൂതൻ; ഉടുപ്പ് മേഘം; തലയിൽ ആകാശവില്ല് ധരിച്ചവൻ; മുഖം സൂര്യനെപ്പോലെയുള്ളവൻ; കാൽ തീത്തൂണു പോലെ, അവന്റെ കൈയ്യിൽ ഉണ്ടായിരുന്നതു തുറന്നൊരു ചെറു പുസ്തകം (10:1,2).

3. മഹാസർപ്പത്തോട് പട വെട്ടിയതു; മിഖായേലും അവന്റെ ദൂതന്മാരും, (12:7).

4. അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് ഒലിവ് വൃക്ഷവും രണ്ട് നിലവിളക്കും ആകുന്നു(11:4).

5. ഏഴു ഇടിനാദം മുഴക്കിയപ്പോൾ യോഹന്നാൻ എഴുതുവാൻ ഭാവിച്ചു. അപ്പോൾ ഏഴു ഇടി മുഴക്കിയതു എഴുതാതെ മുദ്ര യിട്ടേക്കു എന്നു സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദം കേട്ടു (10:4).

6. ദൂതന്റെ കൈയ്യിലെ ചെറുപുസ്തകം വാങ്ങിത്തിന്നുവാൻ പറഞ്ഞു. അങ്ങനെ വാങ്ങി തിന്നപ്പോൾ അതു യോഹ ന്നാന്റെ വായിൽ തേൻ പോലെ മധുരം ആയിരുന്നു. തിന്നു കഴിഞ്ഞപ്പോൾ അവന്റെ വയറു കയ്ച്ചു പോയി. (10:10).

7. 2 സാക്ഷികളോടു പട വെട്ടി അവരെ കൊന്നതു ആഴത്തിൽ നിന്നു കയറി വരുന്ന മൃഗം (11:7).

8. 2 സാക്ഷികളുടെ ശവം, ആത്മീകമായി സൊദോം എന്നും മിസ്രയീം എന്നും പേരുള്ള മഹാനഗരത്തിന്റെ വീഥിയിൽ കിടക്കും (11:8).

9. ബലവാനായ ദൂതൻ സിംഹം അലറും പോലെ അത്യുച്ച ത്തിൽ ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി (10:3).

10. 2 സാക്ഷികൾ രട്ട് ഉടുത്തും കൊണ്ട് 1260 ദിവസം പ്രവ ചിക്കും (11:3).

11. ജാതികൾ വിശുദ്ധ നഗരത്തെ 42 മാസം ചവിട്ടും (11:2).

12. സകല വംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതി ക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും. മൂന്നര ദിവസം കഴിഞ്ഞ ശേഷം ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നി നിന്നു (അവരെ കണ്ട വർ ഭയപരവശരായി തീർന്നു) അവർ മേഘത്തിൽ സ്വർഗ്ഗ ത്തിലേക്ക് കയറി (11:9,11,12).

13. സ്വർഗ്ഗത്തിൽ കണ്ട കാര്യങ്ങൾ: ദൈവാലയം തുറന്നു, അവന്റെ നിയമപെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷ മായി (11:19). കൂടാതെ സ്വർഗ്ഗത്തിൽ കണ്ട രണ്ട് അടയാള ങ്ങൾ ഒന്നു; സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ, അവളുടെ കാൽക്കീഴു ചന്ദ്രനും അവളുടെ തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടവും. മറ്റൊന്നു 7 തലയും 10 കൊമ്പും

തലയിൽ 7 രാജ മുടിയുമായി തീ നിറമുള്ളൊരു മഹാ സർപ്പം (12:1-3).

14. യോഹന്നാന്റെ കയ്യിൽ കിട്ടിയതു ദണ്ഡുപോലെയുള്ള ഒരു കോൽ. അതുകൊണ്ട് യോഹന്നാൻ എഴുന്നേറ്റ് ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്ക്കരിക്കുന്നവരെയും അളക്കണം. ആലയത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിടണം. അതു ജാതികൾക്ക് കൊടുത്തിട്ടുള്ളതാണ് (11:1,2).

15. ബലവാനായ ദൂതൻ (സമുദ്രത്തിന്മേലും ഭൂമി മേലും നിൽക്കുന്ന ദൂതൻ) യോഹന്നാനോട് പറഞ്ഞ വാക്കുകൾ (10:1,2,9).

★★★

# 92

# വെളിപ്പാട് 13-16

1. ജയിച്ചവർ പളുങ്ക് കടലിന്നരികെ നിൽക്കുന്നതു കണ്ടു. അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി. അവർ പാടിയ പാട്ട്, സർവ്വ ശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവർത്തികൾ വലുതും അത്ഭുതവുമായവ. സർവ്വജാതിയുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏകപരിശുദ്ധൻ; നിന്റെ ന്യായാവിധികൾ വിളങ്ങിവന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്ക്കരിക്കും (15:2-4).

2. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏൽക്കുന്നവർക്കും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല (14:11).

3. സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടി

ച്ചേർത്തതു എബ്രായ ഭാഷയിൽ ഹർമ്മഗെദ്ദോൻ എന്ന് പേരുള്ള സ്ഥലത്ത്, തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. (16:14-16).

4. കള്ള പ്രവാചകന്റെ വായിൽ നിന്നു പുറപ്പെടുന്നതു തവള യെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ (16:13).

5. 666 മൃഗത്തിന്റെയും മനുഷ്യന്റെയും സംഖ്യ (13:18).

6. കഷ്ടത ഉണ്ടായപ്പോൾ അവർ നാവു കടിച്ചു കൊണ്ട് കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചു. തങ്ങളുടെ പ്രവർത്തികളെ വിട്ടു മാന സാന്തരപ്പെട്ടില്ല (16:11).

7. മഹാസർപ്പം (13:1,2).

8. ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോ വേ, നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ട് നീതിമാൻ ആകുന്നു. വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ട് നീ അവർക്ക് രക്തം കുടി പ്പാൻ കൊടുത്തു. അതിനു അവർ യോഗ്യർ തന്നെ (15:5,6).

9. മുദ്ര ഏറ്റില്ലെങ്കിൽ ആർക്കും വാങ്ങുകയോ, വിൽക്കയോ ചെയ്യാൻ വഹിയാതെയും ആക്കുന്നു (13:17).

10. ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം (13:17).

11. ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി 200 നാഴിക ദൂരത്തോളം ഒഴുകി (14:20).

12. മഹാസർപ്പം (13:1,2).

13. ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാ ന്മാർ. അവരുടെ പ്രവർത്തി അവരെ പിന്തുടരുന്നു. (14:13).

14. കുഞ്ഞാടും അവനോട് കൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന 144000 പേരും സീയോന്മലയിൽ നിൽക്കുന്നതു കണ്ടു. അവർ സിംഹാസ നത്തിനും 4 ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു

പുതിയ പാട്ട് പാടി. കുഞ്ഞാട് പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു (14:3,4).

15. നിത്യസുവിശേഷം. ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് ഈ നിത്യസു വിശേഷം അറിയിപ്പാൻ (14:6).

✶✶✶

# 93

## വെളിപ്പാട് 17–19

1. ദൂതൻ യോഹന്നാനോട് (19:10).
2. മർമ്മം; മഹതിയാം ബാബിലോൺ, വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു പേർ യോഹന്നാൻ കണ്ട മൃഗത്തിന്മേലിരുന്ന സ്ത്രീയുടെ നെറ്റിയിൽ എഴുതി യിരുന്നു. (17:5).
3. വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നു (17:6).
4. ലോകസ്ഥാപനം മുതൽ ജീവ പുസ്തകത്തിൽ പേര് എഴു താതിരിക്കുന്ന ഭൂവാസികൾ ആണ് മൃഗത്തെ കണ്ട് അതിശ യിക്കുന്നുത് (17:8).
5. ഹല്ലേലുയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈ വത്തിനുള്ളത്. വേശ്യാവൃത്തി കൊണ്ട് ഭൂമിയെ വഷളാ ക്കിയ മഹാ വേശ്യക്ക് അവൻ ശിക്ഷ വിധിച്ചു. തന്റെ ദാസ ന്മാരുടെ രക്തം അവളുടെ കൈയ്യിൽ നിന്ന് ചോദിച്ചു. പ്രതി കാരം ചെയ്ക കൊണ്ട് അവന്റെ ന്യായവിധികൾ സത്യവും നീതിയും ഉള്ളവ എന്ന് പുരുഷാരത്തിന്റെ മഹാഘോഷം കേട്ടു (19:1,2).
6. അവളുടെ പുക എന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു. ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും ആമേൻ ഹല്ലേലുയ്യാ എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്ക്കരിച്ചു – (19:3,4).

7. ഒരു വെള്ളക്കുതിര സ്വർഗ്ഗത്തിൽ പ്രത്യക്ഷമായി അതി ന്മേൽ ഇരിക്കുന്നവനു വിശ്വസ്തനും സത്യവാനും എന്ന് പേര് (9:11).

8. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായി വിശേഷ വസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു (രക്തം തളിച്ച ഉടുപ്പു ധരിച്ചവനെ അനുഗമിച്ചു) (19:13,14).

9. കുഞ്ഞാടിന്റെ കല്ല്യാണ സദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യ വാന്മാർ (19:9).

10. സ്വർഗ്ഗത്തോടും, വിശുദ്ധന്മാരും, അപ്പോസ്തലന്മാരും പ്രവാചകന്മാരും ആയുള്ളവരോട്, ദൈവം അവളോട് അവർക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ട് അവളെ ചൊല്ലി ആനന്ദിപ്പാൻ പറഞ്ഞിരിക്കുന്നു (18:20).

11. ഹല്ലേലുയ്യാ സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു (19:6).

12. ആകാശ മദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും, രാജാക്ക ന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീര ന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരി ക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാ ദൈവത്തിന്റെ അത്താഴത്തിനു വന്നു കൂടു വിൻ എന്നാണ് ദൂതൻ പറഞ്ഞത് (19:17,18).

13. കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ ധൈര്യത്തോടും യുദ്ധം ചെയ്‌വാൻ വന്ന ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും (ശേഷിച്ചവരെ) കുതിരപ്പുറത്തിരിക്കുന്ന വന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾ കൊണ്ടു കൊന്നു അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു (19:19,21).

14. രാജാധി രാജാവും കർത്താധി കർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു (19:16).

15. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാള ങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏൽപ്പി ക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും ജീവനോടെ തീപ്പൊയ്കയിൽ തള്ളി ക്കളഞ്ഞു (19:20).

✶✶✶

## 94

## വെളിപ്പാട് 20–22

1. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ (22:21)
2. “അതേ, ഞാൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു. ആമേൻ, കർത്താവായ യേശുവേ, വരേണമേ” (22:20).
3. ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. ഓരോരു ത്തനു അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലവുമായി കർത്താവു വേഗം വരുന്നു. വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കേണം (22:10–12).
4. പ്രവചനത്തോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തക ത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെ ങ്കിലും വല്ലതും നീക്കി കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗര ത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും (22:18,19).
5. “ഇതാ മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോട് കൂടെ വസിക്കും; അവർ അവന്റെ ജനമായി രിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോട് കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണു നീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. സിംഹാസനത്തിൽ ഇരിക്കുന്നവൻ, ഇതാ, ഞാൻ സക

ലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കൽപ്പിച്ചു (21:3-5).

6. പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാ സർപ്പത്തെ ആയിരം ആണ്ടേക്ക് ചങ്ങലയിട്ടു, അഗാധ ത്തിൽ തള്ളിയിട്ട് അടച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. (20:2,3).

7. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളാണ് ജീവിച്ചു ആയിരമാണ്ട് ക്രിസ്തുവിനോടു കൂടെ വാണതു (20:4).

8. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവനാണ് ഭാഗ്യ വാൻ (വിശുദ്ധനും) (20:6).

9. 1000 ആണ്ട് കഴിയുമ്പോൾ സാത്താനെ തടവിൽ നിന്നു അഴിച്ചു വിടും. അവൻ ഭൂമിയുടെ 4 ദിക്കിലുള്ള ജാതിക ളായി സംഖ്യയിൽ കടപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേ ണ്ടതിനു വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും (20:7-9).

10. അവരെ വഞ്ചിച്ച പിശാചിനെ, മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപൊയ്കയിലേക്ക് തള്ളിയിടും(20:10).

11. വെള്ള സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്നതു മരിച്ച വർ അബാലവൃദ്ധം. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകം തുറന്നു. പുസ്തങ്ങ ളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്ക് അവ രുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏൽപ്പിച്ചുകൊടുത്തു. മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏൽപ്പിച്ചുകൊടുത്തു.

ഓരോരുത്തനു അവനവന്റെ പ്രവർത്തികൾക്കടുത്ത വിധി ഉണ്ടായി (20:13).

12. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിടുന്നു. ജീവ പുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (20:14,15).

13. ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്ക, അതു രണ്ടാമത്തെ മരണം (21:8).

14. പുതിയ യെരുശലേം എന്ന വിശുദ്ധനഗരമാണ് ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നതു (21:2).

15. വിശുദ്ധ നഗരത്തിൽ കടക്കുന്നതു കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവർ മാത്രം. അതിൽ കടക്കയില്ലാത്തവർ; അശുദ്ധമായതു യാതൊന്നും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല; (21:27).

★★★